2011 July-September

GEORGIAN MIRROR



bt l mh bpsS
{] kmZhÀ j w

ജോർജിയൻ മിറർ

മലങ്കരയുടെ സത്യദർശനം

പു.3 ലക്കം 3 ▪ 2011 ജൂലൈ – സെപ്തംബർ



Georgian Mirror is published trimonthly by St. George Orthodox Valiyapally, Palarivattom, Kochi-25.

Printed and Published by:
Mathew Alexander for St. George Orthodox Valiyapally, Palarivattom, Kochi-682 025


Editor : P.A. Alexander, Responsible for selection of news under the PRB Act

Editorial Office:
Georgian Mirror, St. George Orthodox Valiyapally
Palarivattom, Kochi-682 025. Phone: 0484-2346096
Email: gmirror2009@yahoo.com
Chief Editor: 94470 85545 Email: frchackoky@gmail.com
Editor: 98475 44046
Church Website: www.sgovp.com
Church Office Email: sgovpp@gmail.com

Printed at Viani Printings, Lisie Hospital Road, Kochi-682 018. Phone: 0484-2401635

MISSION STATEMENT

To fight for the MOST HOLY FAITH that God has once for all entrusted to His Saints
(St. Jude 3,20)



വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപിച്ചിരിക്കുന്ന അതിവിശുദ്ധ വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിന്
(വി. യൂദാ 3,20)

ഉള്ളടക്കം

4 എഡിറ്റോറിയൽ

കവർസ്റ്റോറി: യോവേൽ വർഷം

5 **ജൂബിലിക്കാലം**



- കാതോലിക്കേറ്റ് ശതാബ്ദി
- ചെങ്ങന്നൂർ സുന്നഹദോസിന് 325
- കണ്ടനാടു പടിയോലയ്ക്ക് 200
- മുദ്രിത മലയാളം ഏവൻഗേലിയോന് 200
- മാവേലിക്കര പടിയോലയ്ക്ക് 175
- പാമ്പാക്കുട നമസ്കാരത്തിന് ശതാബ്ദി
- മലങ്കരസഭാ ഭരണഘടനയ്ക്ക് 75

• ഡോ. എം. കുര്യൻ തോമസ്

13 **Malankara Sabha: Between Mysticism and Reality**

14 **Proclaim the Year of the Lord's Favour**
• Fr. Ninan K. George

17 **സഭാഐക്യം**
പുലിക്കോട്ടിൽ തിരുമേനിയും *പുനരൈക്യവും*
• ഡോ. സിബി തരകൻ

അറിയിപ്പ്

ജോർജിയൻ മിററിന്റെ വാർഷിക വരിസംഖ്യയിൽ വർദ്ധനവ് വരുത്താൻ നിർബന്ധിതരായിരിക്കുന്നു. മാന്യവരിക്കാരുടെ സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

വരിസംഖ്യ (പോസ്റ്റേജ് ഉൾപ്പെടെ)
Rs. 200/- 1 Year
Rs. 500/- 3 Years

വൈദീകർക്ക്: **Rs. 130/- 1 Year**
(Rs. 80 + Rs. 50 പോസ്റ്റേജ്)

വരിസംഖ്യ സംബന്ധിച്ച വിവരങ്ങൾക്ക്
Circulation Manager: 94478 19048

പബ്ലിഷർ, ജോർജിയൻ മിറർ

20 **വിശ്വാസ സത്യങ്ങൾ**
• പ്രൊഫ. തോമസ് പി. വർഗ്ഗീസ്

24 **Spiritual Life Deification**
• Fr.Dr.Bijesh Philip

29 **ആത്മീയം**
ദേവാലയത്തിന്റെ മുഖഛായ
• ഫാ. വർഗ്ഗീസ് ഫിലിപ്പ് ഇടിച്ചാണ്ടി

30 **സുവിശേഷം**
മക്കൾ അപ്പം ചോദിച്ചാൽ...
• ഫാ. വിത്സൻ മാത്യു


32 **അൽമായവേദി**
സോഫയേ ബ്രദർഹുഡ്
• ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത

35 **സോയേ സഹോദരസമൂഹം: ഓർത്തഡോക്സ് സഭക്ക് ചില ഗുണപാഠങ്ങൾ**
• ഡോ. മാത്യു വൈദ്യൻ കോർ എപ്പിസ്കോപ്പാ

36 **വേദവിചാരം**
• ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്

39 **ഇരുളും വെളിച്ചവും**
• ഫാ. ഡോ. ഓ. തോമസ്

40 **പ്രതികരണം**



ദേശീയ ക്രൈസ്തവ സഭയുടെ രാഷ്ട്രീയ സാംഗത്യം
• ഡോ. റ്റി. എസ്. ഗിരീഷ് കുമാർ

42 **സമകാലീന ചിന്തകൾ – നിയമസഭാ തെരഞ്ഞെടുപ്പ്**
• ഫാ. ജോൺസൺ പുഞ്ചക്കോണം

43 **മാധ്യമ അവലോകനങ്ങൾ**
45 **ജാലകം** • പോൾ മണലിൽ
46 **സഭാ വാർത്തകൾ**
47 **ഇടവക വാർത്തകൾ**



പരിശുദ്ധ ബാവ തിരുമേനിയ്ക്കു സ്വീകരണം

50 **Letters**

കവർ: ബദ്ധൻമാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയയ്ക്കാനും **കർത്താവിന്റെ പ്രസാദവർഷം** പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു. ലൂക്കോ. 4:18, 19; യെശ. 61:1–3

കവർച്ചിത്രം : മലങ്കരസഭയുടെ സ്ഥാപകൻ പ. തോമാശ്ലീഹാ © പഴയസെമിനാരി, കോട്ടയം



ജൂബിലിനിറവിൽ ദൈവഭവനത്തിലേക്ക്

ജോർജിയൻ മിററിന്റെ ചീഫ് എഡിറ്റർ എന്ന നിലയിൽ ഇതെന്റെ ആദ്യത്തെ എഡിറ്റോറിയലാണ്.

വായനക്കാരാണ് മാധ്യമത്തിന്റെ പിൻബലം. ജോർജിയൻ മിററിന് മാന്യവായനക്കാർ നൽകിവരുന്ന സഹകരണങ്ങൾക്ക് ഞങ്ങൾ എന്നും കൃതജ്ഞതയുണ്ട്.

2012 ലെ കാതോലിക്കേറ്റ് ആഘോഷങ്ങളിലേക്ക് നാം അടുത്തുകൊണ്ടിരിക്കുമ്പോൾ തന്നെ, ഭാരതസഭയുടെ സ്വാതന്ത്ര്യത്തിന്റെ ഉയിർപ്പായ ആ മഹാസംഭവത്തിലേക്ക് നയിച്ച, ദൈവനിയോഗങ്ങളായ ഒട്ടനവധി ചരിത്രസംഭവങ്ങളുടെയും വാർഷികോൽസവം ഇപ്പോഴാണെന്നത് സന്തോഷമുളവാക്കുന്നു.

ഈ ലക്കം കവർ സ്റ്റോറിയിൽ, മലങ്കരസഭയുടെ വളർച്ചയിലെ സുപ്രധാന നാഴികക്കല്ലുകളായ ഈ ചരിത്രനിമിഷങ്ങളിലൂടെ ഒരു തിരിഞ്ഞുനോട്ടം നടത്തുകയാണ് സഭാചരിത്രകാരനായ ഡോ. കുര്യൻ തോമസ്.



Blowing Jubilee Trumpets

പ്രബലരായ വിദേശരാജ്യങ്ങളുടെ പിൻബലത്തോടെ നടന്ന ആക്രമണങ്ങളെ ധീരതയോടെ നേരിട്ട്, **മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും** കാത്തുസൂക്ഷിച്ചവരാണ് നമ്മുടെ പൂർവ്വപിതാക്കന്മാർ. സത്യവിശ്വാസവും സഭയുടെ സ്വത്വവും അവർക്ക് അമൂല്യമായിരുന്നു. എന്നാൽ തങ്ങളുടെ വിശ്വാസസംഹിതകൾക്കും ഭാരതസംസ്കാരത്തിനും യോജിച്ചവ ഉൾക്കൊള്ളാൻ അവർ ഹൃദയവിശാലതയും കാണിച്ചു.

ചെങ്ങന്നൂർ സുന്നഹദോസ്, കണ്ടനാട് പടിയോല, മാവേലിക്കര പടിയോല എന്നിവ മലങ്കരസഭയിൽ ദുരുപദേശം അടിച്ചേൽപ്പിക്കുന്നതിന് എതിരായുള്ള ധീരമായ നിലപാടായിരുന്നു. നാലു സുവിശേഷങ്ങളും മലയാളത്തിലേക്ക് വിവർത്തനം ചെയ്ത കായംകുളം പീലിപ്പോസ് റമ്പാനും പാമ്പാക്കുട നമസ്കാരത്തിന്റെ കർത്താവായ കോനാട്ട് മാത്തൻ മൽപാനും സഭയുടെ ആത്മീയ പോഷണത്തിനുവേണ്ടി വഹിച്ച പങ്ക് നിസ്സീമമാണ്. സഭയുടെ സ്വാതന്ത്ര്യപ്രതീകമായ കാതോലിക്കേറ്റിലേക്ക് നയിച്ച ഈ സംഭവപരമ്പരകളുടെ പ്രാധാന്യം നമുക്ക് *ജൂബിലിക്കാലത്തിൽ* ലഭിക്കുന്നു. ഡോ. സിബി തരകന്റെ പഠനം, പുലിക്കോട്ടിൽ തിരുമേനിയുടെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്നു. *ദേശീയ ക്രൈസ്തവസഭയുടെ രാഷ്ട്രീയ സാംഗത്യം* മലങ്കരസഭയുടെ ദേശീയതയ്ക്ക് അടിവരയിടുന്നു. ഡോ. ഗിരീഷ് കുമാറിന്റെ *പ്രതികരണം* മലങ്കരസഭ നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടങ്ങൾക്ക് കരുത്തുപകരുന്നു.

രാഷ്ട്രീയപാർട്ടികളുടെ തത്വദീക്ഷയില്ലായ്മയ്ക്കെതിരെ ദേശസ്നേഹികളായ മലങ്കരമക്കൾ നിയമസഭാ തെരഞ്ഞെടുപ്പിൽ പ്രതികരിച്ചതായി പുഞ്ചക്കോണം അച്ചന്റെ സമകാലീനചിന്തയിൽ വിലയിരുത്തുന്നു. ഇതിൽ ചേർത്തിരിക്കുന്ന മാധ്യമറിപ്പോർട്ടുകൾ സഭാംഗങ്ങൾക്ക് സ്വയം വിലയിരുത്തലിന് സഹായകമാകും.

സത്യത്തിനുവേണ്ടി പോരാടിയ നമ്മുടെ പൂർവ്വപിതാക്കന്മാരുടെ സ്മരണയ്ക്ക് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ഈ ലക്കം നിങ്ങൾക്കായി സമർപ്പിക്കുന്നു.


ദൈവം അനുഗ്രഹിക്കട്ടെ.

കർത്താവിൽ നിങ്ങളുടെ

കെ.വൈ. ചാക്കോ അച്ചൻ

ജന്മദിനാശംസകൾ

ആഗസ്റ്റ് 30



പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവ

ജൂലൈ 4




അഭി. യൂഹാനോൻ മാർ മിലിത്തോസ്
(തൃശൂർ ഭദ്രാസനം)

ജൂലൈ 19




അഭി. സഖറിയ മാർ അന്തോണിയോസ്
(കൊല്ലം ഭദ്രാസനം)

ജൂലൈ 26




അഭി. കുര്യാക്കോസ് മാർ ക്ലീമ്മീസ്
(തുമ്പമൺ ഭദ്രാസനം)

ആഗസ്റ്റ് 9




അഭി. മാത്യൂസ് മാർ ബർണബാസ്
(സീനിയർ മെത്രാപൊലീത്ത)

ആഗസ്റ്റ് 13




അഭി. സഖറിയാ മാർ നിക്കോളാവോസ്
(നോർത്ത് ഈസ്റ്റ് അമേരിക്ക)

ആഗസ്റ്റ് 15




അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ്
(കൊച്ചി ഭദ്രാസനം)

ആഗസ്റ്റ് 17




അഭി. സഖറിയാ മാർ തെയോഫിലോസ്
(മലബാർ ഭദ്രാസനം)

സെപ്തംബർ 5




അഭി. അലക്സിയോസ് മാർ യൗസേബിയോസ്
(സൗത്ത് വെസ്റ്റ് അമേരിക്ക)

സെപ്തംബർ 15



അഭി. മാത്യൂസ് മാർ തേവോദോസ്യോസ്
(ഇടുക്കി ഭദ്രാസനം)

സെപ്തംബർ 17



അഭി. എബ്രഹാം മാർ എപ്പിഫാനിയോസ്
(സുൽത്താൻ ബത്തേരി ഭദ്രാസനം)



ജൂബിലിക്കാലം

■ ഡോ. എം. കുര്യൻ തോമസ്

മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതിന്റെ ശതാബ്ദി 2012-ൽ ആഘോഷിക്കുകയാണ്. 1912-ലെ കാതോലിക്കേറ്റ് സ്ഥാപനം ഒരു മഹാ സംഭവം തന്നെയാണ് എന്നതിൽ രണ്ടു പക്ഷമില്ല. പക്ഷേ അത് ഒന്നിന്റെയും ആരംഭമോ, അവസാനമോ ആയി കണക്കാക്കുന്നത് തെറ്റായ പ്രവണതയാണ്. നസ്രാണികളുടെ സ്വയം നിർണയത്തിന്റെയും, സ്വയം ഭരണത്തിന്റെയും സുദീർഘമായ പാതയിലെ ഒരു പ്രധാനനാഴികക്കല്ല് എന്ന രീതിയിൽ വേണം 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തെ കണക്കാക്കാൻ.

ഇസഡ്. എം. പാറേട്ടിന്റെ ഭാഷയിൽ, നസ്രാണിയുടെ വ്യക്തിത്വം, നിലനിൽപ്പിനായുള്ള നിരന്തര സമരങ്ങളുടെ ചരിത്രമാണ്. ഈ സമര പരമ്പരയിലെ നിർണായകമായ ഒരു വിജയമാണ് 1912-ലെ കാതോലിക്കേററ് സ്ഥാപനം.

പലരും കരുതുന്നതുപോലെ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായെ, അന്ത്യോഖ്യായുടെ അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് നിയമരഹിതമായി മുടക്കിയതിനെതുടർന്ന് പെട്ടെന്നുണ്ടായ ചേതോവികാരമല്ല കാതോലിക്കേറ്റ് സ്ഥാപനത്തിനു പ്രേരിപ്പിച്ചത്. 1653-ലെ കൂനൻ കുരിശു സത്യം, മാർ അഹത്തള്ളാ എന്ന സുറിയാനി മേല്പട്ടക്കാരനെ റോമൻ കത്തോലിക്കർ വധിച്ചു എന്ന കേട്ടുകേഴ്വിയുടെ മാത്രം അടിസ്ഥാനത്തിൽ പെട്ടന്നുണ്ടായ ഒരു വികാരപ്രകടനമായിരുന്നു എന്ന പ്രചരണം പോലെ തെറ്റായൊരു ധാരണയാണ് ഇത്. ഈ സംഭവങ്ങൾക്ക് ഇവ രണ്ടും യഥാക്രമം ത്വരകങ്ങളായി എന്നതു വാസ്തവമാണ്. എന്നാൽ അവയല്ല യഥാർത്ഥ കാരണങ്ങൾ

കൂനൻ കുരിശു സത്യവും, കാതോലിക്കേറ്റ് സ്ഥാപനവും ദീർഘകാലത്തെ ആലോചനകളുടെ ഫലമായി യാഥാർത്ഥ്യമായ മഹൽ സംഭവങ്ങളാണ്. 1889-ലും 1900-ലും അസോസിയേഷൻ മാനേജിംഗ് കമ്മറ്റി, മലങ്കരയിൽ ഒരു *മപ്രിയാനാ* സ്ഥാനം രൂപീകരിക്കുന്നതിനെപ്പറ്റി ആലോചിച്ചതായി രേഖകളുണ്ട്. കോനാട്ടു മല്പാൻ, ഇലഞ്ഞിക്കൽ ജോൺ വക്കീൽ മുതലായവർ ഇതിനായി പരിശ്രമിച്ചിരുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായുടെ പൗരോഹിത്യ കനകജൂബിലിയോടനുബന്ധിച്ച് അദ്ദേഹത്തിനു മപ്രിയാനാസ്ഥാനം നൽകി ഇതിന് ആരംഭമിടാമെന്ന കണക്കുകൂട്ടലായിരുന്നു അവർക്കുണ്ടായിരുന്നത്. എന്നാൽ അത് യാഥാർത്ഥ്യമായില്ല. ഈ ആലോചനയുടെ തുടർനടപടികളാണ് 1912-ൽ കാതോലിക്കേറ്റ് സ്ഥാപനത്തിലേയ്ക്കു വഴിതെളിച്ചത്.

മേല്പട്ട സ്ഥാനത്തിനു അന്ത്യോഖ്യായെ ആശ്രയിക്കേണ്ട പരാധീനത ഒഴിവാക്കാനാണ് കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിച്ചത്. കാനോൻ നിയമമനുസരിച്ച്, രണ്ടോ അതിലധികമോ മേല്പട്ടക്കാർക്ക് - കൂടുതൽ വ്യക്തമാക്കിയാൽ ഒരു സംസ്ഥാനഇടവകയിലെ ഭൂരിപക്ഷ മെത്രാന്മാർക്ക് - മേല്പ്പട്ട വാഴ്ച നടത്താം. എന്നാൽ അന്നു മലങ്കരയിൽ നിലവിലിരുന്ന സഭാശാസ്ത്രവിജ്ഞാനമനുസരിച്ച് പാത്രിയർക്കീസിനും കാതോലിക്കാ (മപ്രിയാന)യ്ക്കും മാത്രമാണ് മേല്പട്ട വാഴ്ച നടത്താൻ അവകാശമുണ്ടായിരുന്നത്. ഈ പിൽക്കാല അന്ത്യോഖ്യൻ സഭാശാസ്ത്രം ഇവിടെ പ്രാബല്യത്തിലാക്കിയത് പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസിന്റെ മേല്പട്ട വാഴ്ചയാണ്.

പാലക്കുന്നത്ത് മാത്യൂസ് ശെമ്മാശൻ സ്വന്തം നിലയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിനെ സമീപിക്കുകയും, അദ്ദേഹത്തിൽനിന്നും മാർ മാത്യൂസ് അത്താനാസ്യോസ് എന്ന പേരിൽ മേല്പട്ടസ്ഥാനം സ്വീകരിക്കുകയും ചെയ്തു. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും നേരിട്ടു മേല്പട്ടസ്ഥാനം നേടിയ ആദ്യ മലങ്കര നസ്രാണി ആയിരുന്നു അദ്ദേഹം. ചില അടിയന്തിര സാഹചര്യത്തിൽ, അപ്പോൾ കേരളത്തിലുള്ള സുറിയാനി മെത്രാന്മാരിൽ നിന്നും മേല്പട്ടം സ്വീകരിച്ചിട്ടുള്ളതൊഴിച്ചാൽ തദ്ദേശിയ മെത്രാന്മാരാണ് 1665 മുതൽ പിൻഗാമികളെ വാഴിച്ചിരുന്നത്. ഈ പതിവാണ് മാർ മാത്യൂസ് അത്താനാസ്യോസ് തെറ്റിച്ചത്.

*മലങ്കര പള്ളിയോഗ*ത്തിന്റെ അംഗീകാരമില്ലാതെ മേല്പട്ടസ്ഥാനം സ്വീകരിച്ച മാർ അത്താനാസ്യോസിന് മലങ്കര സിംഹാസനത്തിന്, അവകാശവാദം ഉന്നയിക്കാൻ യാതൊരു പിൻബലവും ഇല്ലായിരുന്നു. ഈ സാഹചര്യത്തിൽ, തനിക്കുള്ള *പാത്രിയർക്കീസിന്റെ കൈവെപ്പ്* മലങ്കര സിംഹാസനത്തിനുള്ള തന്റെ അവകാശവാദത്തിന് അത്യന്താപേക്ഷിതമായ ഘടകമായി മാർ അത്താനാസ്യോസ് ഉയർത്തിക്കാട്ടി. 1852-ലെ കൊല്ലം പഞ്ചായത്തു വിധി മാർ അത്താനാസ്യോസിന് അനുകൂലമായതോടെ ഈ സഭാശാസ്ത്രം മലങ്കരയിൽ ഉറച്ചു.

പിൽക്കാലത്ത് മാർ അത്താനാസ്യോസ് ഈ നിലപാടിൽ നിന്നും പിന്മാറിയെങ്കിലും വികലമായ ഈ സഭാവിജ്ഞാനിയത്തിൽ നിന്നും തലയൂരുവാൻ നസ്രാണികൾക്കു കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ എതിരാളിയായി രംഗപ്രവേശനം ചെയ്ത പരദേശി മെത്രാൻ മാർ യുയാക്കീം കൂറിലോസിന്റെ നടപടികൾ ഈ നിലപാടിന് ആക്കം കൂട്ടി. അധികാരമൊന്നുമില്ലെങ്കിലും *മുക്കാൽ പാത്രിയർക്കീസായി* കഴിഞ്ഞിരുന്ന അദ്ദേഹം നസ്രാണികളിൽ ആർക്കും മേല്പട്ടസ്ഥാനം ലഭിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു.

ഈ സാഹചര്യത്തിലാണ് പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർക്ക് മേല്പട്ടത്തിനായി പാത്രിയർക്കസിനെ സമീപിക്കേണ്ടിവന്നത്. അദ്ദേഹത്തിന്റെ മേല്പട്ടസ്ഥാനാരോഹണത്തോടെ *മേല്പട്ടം നല്കാനുള്ള അവകാശം പാത്രിയർക്കീസിന്* എന്ന സഭാശാസ്ത്രം മലങ്കരയിൽ ഉറച്ചു. അതിനാലാണ് പിൽക്കാലത്ത് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന് പിൻഗാമിയായ മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാനെ മേല്പട്ടസ്ഥാനം പ്രാപിക്കാൻ പാത്രിയർക്കീസിന്റെ അടുക്കൽ അയക്കേണ്ടിവന്നത്.

1889-ലെ റോയൽ കോടതി വിധിയും ഇതിനൊരു കാരണമായി എന്നതും വസ്തുതയാണ്. മലങ്കര മെത്രാൻ സ്ഥാനത്തിന് *ജനത്തിന്റെ അംഗീകാരവും പാത്രിയർക്കീസിന്റെ കൈവെപ്പും* അനിവാര്യമാണ് എന്ന മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ നിലപാടാണ് കോടതി അംഗീകരിച്ചത്. അതിനാൽ പാത്രിയർക്കീസിന്റെ കൈവെപ്പ് മേല്പട്ടസ്ഥാനത്തിന് മലങ്കരയിൽ അത്യന്താപേക്ഷിതമായി.

ഈ സാഹചര്യം മറികടക്കാനുള്ള ഏകമാർഗ്ഗം പാത്രിയർക്കീസിന്റെ സമ്മതത്തോടെ മലങ്കരയിൽ ഒരു മപ്രിയാനേറ്റ് (കാതോലിക്കേറ്റ്) രൂപീകരിക്കുക എന്നതായിരുന്നു. അതിനുള്ള ശ്രമമാണ് 1889-1900-ൽ നടന്നത്. അതാണ് 1912-ൽ വിജയം കണ്ടതും. 1912-ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് പ. ഇഗ്നാത്തിയോസ് അബ്ദൽ മ്ശീഹാ ദ്വിതീയൻ നൽകിയ കല്പനകളിലൂടെ, മലങ്കരയിൽ, പ. മൂറോൻ കൂദാശ ചെയ്യുവാനും, മേല്പട്ടം നൽകുവാനും പാത്രിയർക്കീസിനു 19-ാം നൂറ്റാണ്ടിൽ ലഭ്യമായ അധികാരം, മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷനായ മലങ്കര അസോസിയേഷൻ തിരെഞ്ഞെടുക്കുന്ന കാതോലിക്കായ്ക്ക് നിരുപാധികം പിൻതുടർച്ചാവകാശത്തോടെ കൈമാറി. അതിനാലാണ് പിൽക്കാലത്ത് ബഹു. സുപ്രീം കോടതി, കാതോലിക്കേറ്റിന്റെ സ്ഥാപനത്തോടെ പാത്രിയർക്കീസിന്റെ *അധികാരം മാഞ്ഞുപോകുന്ന നിലയിലെത്തി* എന്നു നിരീക്ഷിച്ചത്.

മുകളിൽ പറഞ്ഞ വസ്തുതകളുടെ പശ്ചാത്തലത്തിലാണ് 1912-ലെ കാതോലിക്കേറ്റ് സ്ഥാപനം ഒന്നിന്റെയും ആരംഭമോ അവസാനമോ അല്ലാ എന്നു പ്രസ്താവിച്ചത്. **1947-ൽ ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചു എന്നതുകൊണ്ട്, ഇന്ത്യ എന്നും പാരതന്ത്ര്യത്തിലായിരുന്നു എന്നർത്ഥമില്ല. നൂറ്റാണ്ടുകളിലൂടെ ഇന്ത്യയ്ക്കു നഷ്ടപ്പെട്ട സ്വാതന്ത്ര്യവും, സ്വയം നിർണായകാവകാശവും തിരികെ ലഭിച്ചു എന്നതാണ് 1947-ലെ സ്വാതന്ത്യത്തിന്റെ അർത്ഥം. അതുപോലെ തന്നെയാണ് 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റ പ്രസക്തിയും.**

ആയിരത്തിലധികം നാട്ടുരാജ്യങ്ങളിൽ ചിതറിക്കിടന്ന *സ്വാതന്ത്യമാണ്* ഏതാനും നൂറ്റാണ്ടുകളിലൂടെ ഇന്ത്യയ്ക്കു നഷ്ടമായത്. പക്ഷേ 1947-ൽ തിരികെ ലഭിച്ചത് ഒരൊറ്റ സ്വാതന്ത്ര പരമാധികാര രാഷ്ട്രവും. ഇതേപോലെ മലങ്കര മെത്രാനും, മലങ്കര മെത്രാപ്പോലീത്തായും കൈയ്യാളിയിരുന്ന മേല്പട്ടസ്ഥാനാരോഹണാവകാശം 19-ാം നൂറ്റാണ്ടിൽ നഷ്ടമായ ശേഷം 1912-ൽ തിരികെ ലഭിച്ചത് സ്വതന്ത്ര കതോലിക്കേറ്റായാണ്.

ഇന്ത്യയുടെ സ്വാതന്ത്ര്യ സമരചരിത്രംപോലെ ഐതിഹാസികമായ പല സംഭവപരമ്പരകൾ കാതോലിക്കേറ്റ് സ്ഥാപനവുമായി ബന്ധപ്പെട്ടിട്ടുണ്ട്. 1653-ലെ ഐതിഹാസികമായ *കൂനൻ കുരിശു സത്യം* മുതലുള്ള ചരിത്രം മാത്രമെടുത്താൽപോലും ഈ സമരപരമ്പരയിലെ പല നാഴികക്കല്ലുകളുടെയും ജൂബിലികൾ കാതോലിക്കേറ്റ് ശതാബ്ദിക്കാലമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ (2009-12) വരുന്നുണ്ട്.

ചെങ്ങന്നൂർ സുന്നഹദോസിന് 325 (1686)

സ്തുതിചൊവ്വാകപ്പെട്ട വിശ്വാസത്തെ മൂന്ന് പൊതു സുന്നഹദോസുകളിൽ അധിഷ്ഠിതമായ സത്യവിശ്വാസം എന്നാണ് പുരാതനസഭകൾ വ്യവഹരിച്ചു വരുന്നത്. നിഖ്യാ, കുസ്തന്തീനോസ്പോലീസ്, എഫേസൂസ് എന്നീ മൂന്ന് സാർവ്വത്രിക സുന്നഹദോസുകളിൽ വ്യാഖ്യാനിച്ച് നിർണയിച്ച വിശ്വാസമാണ് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾക്കുള്ളത്. അവ ഭേദപ്പെടുത്താനോ, കൂട്ടിച്ചേർക്കാനോ ആർക്കും അധികാരമില്ല.

യഥാർത്ഥത്തിൽ ഈ സുന്നഹദോസുകൾ പുതിയ വിശ്വാസസംഹിതയൊന്നും രൂപപ്പെടുത്തിയിട്ടില്ല. വേദാധിഷ്ഠിതമായ വിശ്വാസം *ഇന്നത്* എന്നു നിർവചിക്കുക മാത്രമാണ് ചെയ്തത്. ഇതേരീതിയിൽ മലങ്കരസഭയുടെ വിശ്വാസസംഹിത മൂന്നു പൊതു സുന്നഹദോസുകളിൽ അധിഷ്ഠിതമായ സത്യവിശ്വാസമാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ച സുപ്രധാന (ഏക) *മലങ്കര പള്ളിയോഗ*മാണ് 1686-ലെ ചെങ്ങന്നൂർ സുന്നഹദോസ്.

ക്രിസ്തു ഒന്നാം സഹസ്രാബ്ദത്തിൽ എന്നോമുതൽ 1599 വരെ നസ്രാണികൾ സെലൂഷ്യായിലെ കാതോലിക്കായുടെ ആത്മിയ അധികാരത്തിനു കീഴിലായിരുന്നു. സ്വാഭാവികമായും നസ്രാണികളുടെ വിശ്വാസവും നെസ്തോറിയൻ ആയിരുന്നു. ലഭ്യമായ രേഖകൾ വ്യക്തമാക്കുന്നത് ഇതാണ്. 1599-ലെ കുപ്രസിദ്ധമായ ഉദയംപേരൂർ സുന്നഹദോസ് നസ്രാണികളെ റോമൻ കത്തോലിക്കാ വിശ്വാസത്തിനു വിധേയരാക്കി. 1653-ലെ കൂനൻകുരിശു വിപ്ലവംവരെ ഈ നില തുടർന്നു.

1653-ൽ നസ്രണികൾ റോമൻ കത്തോലിക്കാ വിശ്വാസം ത്യജിക്കുകയും, ജാതിക്കു തലവൻ തോമ്മോ അർക്കദ്യാക്കോനെ മാർത്തോമ്മാ ഒന്നാമൻ എപ്പിസ്ക്കോപ്പായായി ഉയർത്തി സഭാദ്ധ്യക്ഷനാക്കുകയും ചെയ്തു. ഇതൊഴികെ പ്രത്യേക വേദശാസ്ത്ര നിലപാടുകളൊന്നും നസ്രാണികൾ അന്ന് സ്വീകരിച്ചില്ല.

എന്നാൽ ഈ നില അധികകാലം തുടരാനാവുമായിരുന്നില്ല. തങ്ങൾക്കു വിധേയരാവാത്ത നസ്രാണികൾ *പട്ടവും പാരമ്പര്യവും പിൻതുടർച്ചയുമില്ലാത്ത ഒരു നൂതനവിഭാഗമാണെന്ന്* റോമൻ കത്തോലിക്കർ ആരോപിച്ചു. ഈ കാഴ്ചപ്പാടോടെ അവരെ പള്ളികളിൽനിന്നും ബഹിഷ്ക്കരിക്കാൻ ശ്രമിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ വേദശാസ്ത്ര-സഭാശാസ്ത്രപരമായി വ്യക്തമായ ഒരു നിലപാടെടുക്കേണ്ടത് നസ്രാണികൾക്ക് അത്യന്താപേക്ഷിതമായി മാറി. 1665-ൽ യേറുശലേമിലെ സുറിയാനി പാത്രിയർക്കീസ് മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീൽ, മാർത്തോമ്മാ ഒന്നാമന്റെ മേല്പട്ട സ്ഥാനം ക്രമപ്പെടുത്തിയതോടെ ഒരു കടമ്പ കടന്നുകിട്ടി. എങ്കിലും വേദശാസ്ത്ര-സഭാവിജ്ഞാനീയ രംഗത്ത് ഒരു ശൂന്യത നിലനിന്നു.

ഈ ദശാസന്ധിയിലാണ് മാർ ബസേലിയോസ് യൽദോ മഫ്രിയാനയും സംഘവും 1685-ൽ കേരളത്തിലെത്തിയത്. പതിമൂന്നാം ദിവസം ഒക്ടോബർ 2-ന് അദ്ദേഹം കാലം ചെയ്തു. 1686-ൽ മാർത്തോമ്മാ രണ്ടാമൻ ആകസ്മികമായി കാലം ചെയ്തതോടെ ഒരു ഭരണപ്രതിസന്ധിയും ഉടലെടുത്തു. ഭാഗ്യവശാൽ മാർ ബസേലിയോസ് യൽദോ മഫ്രിയാനയുടെ സഹയാത്രികൻ, ഉജ്ജ്വല പണ്ഡിതനായ മാർ ഈവാനിയോസ് ഹദിയള്ള, ഈ സമയം കേരളത്തിലുണ്ടായിരുന്നു. അദ്ദേഹം 1686-ൽ ചെങ്ങന്നൂരിൽ ഒരു *മലങ്കര പള്ളിയോഗം* വിളിച്ചുകൂട്ടി. കൃത്യമായ തീയതി കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ലെങ്കിലും പിൽക്കാല പാരമ്പര്യമനുസരിച്ചു കണക്കാക്കിയാൽ മാർത്തോമ്മാ രണ്ടാമന്റെ നാല്പതടിയന്തിരത്തോടനുബന്ധിച്ച് (1686 മെയ് 30/31) തിയതിയിലാവണം ഈ യോഗം നടന്നത്.

1686-ലെ ചെങ്ങന്നൂർ സുന്നഹദോസ് പ്രധാനമായും അഞ്ച് അടിസ്ഥാനവിശ്വാസ പ്രമാണങ്ങൾ അംഗീകരിച്ചു. അവ, (1) കാതോലിക സഭയുടെ നിർവചനം.(2) പുത്രൻ തമ്പുരാന്റ ആളത്വം. (3) വി. കുർബാനയ്ക്ക് പുളിപ്പുള്ള അപ്പം ഉപയോഗിക്കണം.(4) പ. റൂഹായുടെ പുറപ്പാട്. (5) നൊയമ്പിന്റെ അടിസ്ഥാനപ്രമാണങ്ങൾ. മാർ ഈവാനിയോസ് ഹദിയള്ളയുടെ പിൽക്കാല രചനകളിൽ കാണുന്ന ബസ്പുർക്കാനായുടെ നിരസനം, ദിവസ പകർച്ച, വധുവിനെ വലത്തുവശത്തു നിർത്തുന്നത്, സ്വരൂപ വന്ദനയുടെ നിരോധനം മുതലായവ ഈ സുന്നഹദോസ് തീരുമാനങ്ങളാണോയെന്ന് വ്യക്തമല്ല. എങ്കിലും ഇവ അവയ്ക്ക് പൂരകങ്ങളാണ്.

പോർട്ടുഗീസ്പൂർവകാലംമുതൽ നസ്രാണികളുടെ ആത്മീയവും ലൗകീകവുമായ സർവ കാര്യങ്ങളിലേയും അന്തിമ തീരുമാനത്തിന് അധികാരികളായ അത്യുന്നത സമതി - *മലങ്കര പള്ളിയോഗം*-ആണ് ചെങ്ങന്നൂരിൽ ഈ വിശ്വാസ പ്രഖ്യാപനം നടത്തിയത് എന്ന വസ്തുത അതീവ ഗൗരവത്തോടെ കണക്കാക്കണം. റോമൻ കത്തോലിക്കാ സഭയുടെ കാനോനാകൾക്ക് വിരുദ്ധമായി അൽമായർ പങ്കെടുക്കുന്ന ഒരു യോഗം - ഉദയംപേരൂർ സുന്നഹദോസ്-വിളിച്ചുകൂട്ടുവാൻ *സർവശക്തനായ* ആർച്ച്ബിഷപ്പ് മെനേസീസിനെ നിർബന്ധിതനാക്കിയത് *മലങ്കര പള്ളിയോഗ*ത്തിന്റെ ഈ അപ്രമാദിത്വമായിരുന്നു.

1686-ലെ ചെങ്ങന്നൂർ സുന്നഹദോസാണ് ഔദ്യോഗികമായി ഓർത്തഡോക്സ് വിശ്വാസവും അലക്സാൻഡ്രിയൻ വേദശാസ്ത്രവും മലങ്കര സഭയുടേതായി അംഗീകരിച്ചത്. നാളിതുവരെ മറ്റൊരു വിശ്വാസ പ്രഖ്യാപനവും നസ്രാണികൾ നടത്തിയിട്ടില്ല. 1686-ലെ ചെങ്ങന്നൂർ സുന്നഹദോസിന്റെ നിശ്ചയങ്ങൾ ഭേദപ്പെടുത്തിയിട്ടുമില്ല. മൂന്നു സാർവത്രിക സുന്നഹദോസുകൾ ക്ളിപ്തപ്പെടുത്തിയ വിശ്വാസസംഹിത നസ്രാണികൾ ഔദ്യോഗികമായി അംഗീകരിച്ച 1686-ലെ ചെങ്ങന്നൂർ സുന്നഹദോസിനെ അവയ്ക്കു തുല്യമായ പ്രാധാന്യത്തോടെ വേണം മലങ്കര സഭ പരിഗണിക്കാൻ. (1686-ലെ ചെങ്ങന്നൂർ സുന്നഹദോസിനെപ്പറ്റിയുള്ള വിശദമായ പഠനങ്ങൾക്ക് 2011 നവംബറിൽ എം. ഒ. സി. പബ്ളിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന *1686-ലെ ചെങ്ങന്നൂർ സുന്നഹദോസ് - പാഠവും പഠനവും* എന്ന കൃതി കാണുക)

കണ്ടനാടു പടിയോലയ്ക്ക് 200 (1809)

എട്ടാം മാർത്തോമ്മാ മെത്രാന്റെ മേല്പട്ടസ്ഥാനാരോഹണത്തേക്കുറിച്ചുള്ള തർക്കം ചർച്ച ചെയ്യാനാണ് ഏഴാം മാർത്തോമ്മായുടെ നാല്പതടിയന്തിരത്തിന് 1809 ചിങ്ങം 1-ന് കണ്ട

നാടു പള്ളിയിൽ *മലങ്കര പള്ളിയോഗം* ചേർന്നത്. എട്ടാം മാർത്തോമ്മായുടെ മേല്പട്ടസ്ഥാനം അംഗീകരിച്ചു എന്ന തിലുപരിയായി മലങ്കരസഭയ്ക്ക് ലഭ്യമായ ആദ്യ ലിഖിത ഭരണഘടനയും കണ്ടനാടു യോഗം പ്രദാനം ചെയ്തു. 1809-ലെ *കണ്ടനാടു പടിയോല* എന്നറിയപ്പെടുന്ന ഈ ലിഖിത ഭരണഘടനയിൽ പ്രധാനമായും മൂന്നു ഘടകങ്ങളാണുള്ളത്.

1. ആരാധനക്രമങ്ങളുടെ ഏകീകരണം – ഇതിനായി പ്രധാനമായും മൂന്നു നടപടികളാണ് *കണ്ടനാടു പടിയോലയിൽ* ദൃശ്യമാകുന്നത്. അവ,

1. പാശ്ചാത്യ സുറിയാനി ആരാധന ക്രമങ്ങളുടെ പൂർണ്ണ അംഗീകരണവും മറ്റു ക്രമങ്ങളുടെ നിരോധനവും.

2) പാശ്ചാത്യ സുറിയാനി ആണ്ടുതക്സയുടെ പകർപ്പെഴുത്തും, പ്രചരണവും.

3) കേന്ദ്രീകൃത വൈദിക വിദ്യാഭാസത്തിനായി തെക്കും വടക്കും രണ്ടു *പഠിത്ത വീടുകൾ* സ്ഥാപിക്കുക.

1686-ലെ ചെങ്ങന്നൂർ സുന്നഹദോസ് ഓർത്തഡോക്സ് വിശ്വാസം അംഗീകരിച്ചെങ്കിലും ആരാധനാ ക്രമങ്ങളുടെ കാര്യത്തിൽ വ്യക്തമായ തീരുമാനങ്ങളൊന്നും എടുത്തില്ല. തുടർന്നുള്ള നൂറ്റാണ്ടിൽ സങ്കീർണ്ണവും വൈവിദ്ധ്യമാർന്നതുമായ ആരാധനാ പാരമ്പര്യമാണ് നസ്രാണികൾ പിന്തുടർന്നുപോന്നത്. റോമൻ കത്തോലിക്കർ ഭേദപ്പെടുത്തിയ പൗരസ്ത്യ സുറിയാനി ക്രമങ്ങളും, അവർ പ്രചരിപ്പിച്ച ചില ലത്തീൻ ക്രമങ്ങളും മലങ്കരയിൽ ഉപയോഗത്തിലിരുന്നു. അതേസമയം തന്നെ, പാശ്ചാത്യ സുറിയാനി വിശ്വാസത്തിനനുസൃതമായി ഇവയിൽ തിരുത്തലുകൾ വരുത്താനുള്ള ശ്രമവും ഇതിനിടയിൽ നടന്നിട്ടുണ്ട്.

18-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കേരളത്തിലെത്തിയ പാശ്ചാത്യ സുറിയാനി മേല്പട്ടക്കാർ പാശ്ചാത്യ സുറിയാനി തക്സാ പ്രചരിപ്പിക്കാൻ തീവ്യശ്രമം നടത്തി. അവരുടെ ശിഷ്യൻമാർ ഈ രീതിയിലേയ്ക്ക് പരിവർത്തനം ചെയ്തതോടെ നസ്രാണികളുടെ ആരാധനാ പാരമ്പര്യം കൂടുതൽ സങ്കീർണ്ണമായി. കേവലം ഒരു ആരാധനാ പാരമ്പര്യ പ്രശ്നം എന്നതിലുപരി ഇതൊരു ഭരണപ്രശ്നമായി മാറുന്ന കാഴ്ചയാണ് 18-ാം നൂറ്റാണ്ടിന്റെ അന്ത്യപാദങ്ങളിൽ കാണുന്നത്.

ഈ സാഹചര്യത്താലാണ് 1789-ൽ വലിയ മാർ ദീവന്നാസ്യോസും മാർ ഈവാനിയോസ് യൂഹാനോനും തമ്മിൽ മാവേലിക്കര പുതിയകാവു പള്ളിയിൽവെച്ച് ഒരു സന്ധിയിൽ ഏർപ്പെടുന്നത്. ഇതനുസരിച്ച് *പുത്തൻ ക്രമം കാപ്പയിട്ടു കുർബ്ബാന ചൊല്ലുവാനും പെൺകെട്ടും മാമോദീസായും പഴയക്രമം നടക്കുവാനും* തീരുമാനമായി.

പക്ഷേ ഇതിനുശേഷവും ഈ പ്രശ്നത്തിനു ശ്വാശത പരിഹാരമായില്ല. പാശ്ചാത്യ സുറിയാനി സഭാവിജ്ഞാനിയത്തിന്റെ പശ്ചാത്തലത്തിൽ പാശ്ചാത്യ സുറിയാനിയൊഴിച്ചുള്ള ക്രമങ്ങളെ വിശദീകരിക്കുന്നതും ബുദ്ധിമുട്ടായി. ഈ പ്രശ്നങ്ങൾക്കുള്ള ശ്വാശത പരിഹാരം എന്ന നിലയിലാണ് മുകളിൽ പറഞ്ഞ മൂന്നു തീരുമാനങ്ങൾ കണ്ടനാടു യോഗം കൈക്കൊണ്ടത്.

2. ആചാരങ്ങളുടെ നിരോധനവും പരിഷ്ക്കരണവും – മലങ്കര നസ്രാണികളുമായി ബന്ധപ്പെട്ട എല്ലാ വിദേശസഭകളുടെയും പൊതുവായ സ്വഭാവം നസ്രാണികളുടെ ദേശിയ സംസ്കൃതിയോടുള്ള അസഹിഷ്ണുതയാണ്. റോമൻ കത്തോലിക്കരും, പാശ്ചാത്യ സുറിയാനിക്കാരും, പിന്നീട് ആംഗ്ളിക്കൻ പ്രൊട്ടസ്റ്റന്റുകളും മലങ്കര സഭയിൽ തങ്ങളുടേതായ മാനദണ്ഡങ്ങൾക്കനുസരിച്ച് നവീകരണം ഉണ്ടാക്കുവാനാണ് ശ്രമിച്ചത്. മുകളിൽ പറഞ്ഞ പാശ്ചാത്യ സുറിയാനിക്കാരുടെ സ്വാധീനം മൂലം 18-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ അവർ മുമ്പോട്ടു വെച്ച നവീകരണത്തെ അനുകൂലിക്കുന്ന ഒരു കക്ഷി മലങ്കരയിലുണ്ടായി. സ്വാഭാവികമായി അതിനെ എതിർക്കുന്ന ഒരു യാഥാസ്ഥിതിക കക്ഷിയും ഉലെടുത്തു. കായംകുളം പീലിപ്പോസ് റമ്പാൻ, പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ എന്നിവരായിരുന്നു നവീകരണ കക്ഷിയുടെ നേതാക്കൾ. ഇവരുടെ വർദ്ധിച്ചുവന്ന സ്വാധീനമാണ് 1809-ലെ *കണ്ടനാടു പടിയോല* പുലകുളി, പുളികുടി മുതലായ ചില സാമൂഹിക ആചാരങ്ങളെ നിഷ്ക്കാസനം ചെയ്യാനും, മറ്റു ചിലവയെ ലഘൂകരിക്കാനും തീരുമാനമെടുത്തത്.

എന്നാൽ ഈ ആചാര പരിഷ്കാരണത്തിനു പിമ്പിൽ ചില സ്വാർത്ഥ-പ്രാദേശിക താൽപര്യങ്ങളുണ്ടായിരുന്നതായി പിൽക്കാല സൂചനകളുണ്ട്. നവീകരണകക്ഷി കൊണ്ടുവന്ന ചില നിർദ്ദേശങ്ങൾ 1809-ലെ *മലങ്കര പള്ളിയോഗം* നിരാകരിച്ചതായും സൂചനകളുണ്ട്.

3. ഇടവകകളുടെ ഭരണക്രമീകരണം – ലിഖിത ഭരണഘടനകളുടെ അഭാവത്തിലും പാരമ്പര്യത്തിൽ അധിഷ്ഠിതമായ ഒരു നിയത ഭരണക്രമം നസ്രാണി പള്ളികളിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്നു. *ഇടവക പള്ളിയോഗവും*, ദേശത്തു കത്തനാർമാരും, കൈക്കാരന്മാരും ചേർന്നതായിരുന്നു ഈ വ്യവസ്ഥ. എന്നാൽ 18-ാം നൂറ്റാണ്ടിലെ വിഭാഗിയത ഈ സംവിധാനത്തിനു കോട്ടം വരുത്തി. സ്വാർത്ഥ താൽപ്പര്യങ്ങളും അധികാരപ്രമത്തതയും *അങ്ങുമിങ്ങും രണ്ടെജമാനന്മാരുള്ള* സാഹചര്യത്തെ മുതലെടുത്തു എന്നു പറയുന്നതാകും കൂടുതൽ ശരി. *ഇടവക പള്ളിയോഗത്തിന്റെ* ജനാധിപത്യ അവകാശങ്ങൾ ഏതാനും പ്രമാണിമാരുടെ കൈകളിലൊതുങ്ങി.

ദേവസ്വങ്ങൾ ബ്രഹ്മസ്വങ്ങളായതുപോലെ പല പള്ളകളിലും കത്തനാരന്മാരുടെ ഏകാധിപത്യഭരണമായി. ചുരുക്കത്തിൽ ഇടവകപള്ളികളുടെ ഭരണസംവിധാനത്തിൽ യാതൊരു ഏകീകൃത സ്വഭാവവും ഇല്ലാതായി.

ഈ സാഹചര്യത്തിലാണ് *കണ്ടനാടു പടിയോല* ഇടവകപള്ളികളുടെ ലൗകീക ഭരണം ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചത്. പള്ളിയോഗത്തിന്റെ ജനാധിപത്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം തന്നെ, മലങ്കര മെത്രാനിൽ കേന്ദ്രീകരിച്ച *പൊതുസഭയുടെ ഭാഗം* എന്ന ബന്ധം നിലനിർത്തത്തക്കവിധമാണ് ഈ വ്യവസ്ഥകൾ ക്രോഡീകരിച്ചത്. പാരമ്പര്യങ്ങളിൽ മാത്രം അധിഷ്ഠിതമായ ഭരണക്രമത്തെ നിയതമായ ലിഖിതരൂപത്തിലാക്കാനുള്ള ശ്രമത്തിന്റെ ആദ്യപടിയായിവേണം *കണ്ടനാടു പടിയോലയെ* കാണുവാൻ

കണ്ടനാടു പടിയോലയുടെ ഈ മൂന്നു ഘടകങ്ങളുടെ ആത്യന്തിക ഫലം താഴെപറയും പ്രകാരം ക്രോഡീകരിക്കാം.

1. ആരാധനാക്രമങ്ങൾ പാശ്ചാത്യ സുറിയാനി പാരമ്പര്യപ്രകാരം ഏകീകരിക്കപ്പെടുവാൻ ഒരു നൂറ്റാണ്ടുകൂടി വേണ്ടി വന്നു.

2. സാമൂഹിക ആചാരങ്ങളിൽ വരുത്തിയ നവീകരണങ്ങൾ ഒരു ഫലവും കണ്ടില്ല. ദേശിയ സംസ്കൃതിയുടെ ഭാഗമായ ഇവയിൽ പലതും പിൽക്കാലത്ത് അപ്രത്യക്ഷമായി. പക്ഷേ അത് കേരളത്തിലെ പൊതുസമൂഹത്തിലുണ്ടായ മാറ്റങ്ങൾക്ക് അനുസൃതമായിരുന്നു.

3. ഇടവകപ്പള്ളികളുടെ ഭരണക്രമീകരണത്തിനുള്ള വ്യവസ്ഥകൾ പുരോഗമനപരമായിരുന്നെങ്കിലും അവ എത്രമാത്രം ഫലപ്രദമായി എന്നത് സംശയാസ്പദമാണ്. മലങ്കര മെത്രാന്മാരായിരുന്ന പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസിന്റെയും, പിന്നീട് പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമന്റെയും കർശനനടപടികൾക്കുപോലും ഇവയെ ഏകീകൃത സ്വഭാവത്തിലെത്തിക്കാൻ സാധിച്ചില്ല. 1934-ൽ മലങ്കരാസഭാ ഭരണഘടനപാസാക്കിയിട്ടും, അതു കോടതി വിധിപ്രകാരം പ്രാബല്യത്തിൽ വന്നിട്ടും, *അർത്ഥം കിടുകിടുക്കുന്ന* ചില ഇടവകകൾ അവയ്ക്കു വിധേയമാകാതെയും പൊതുസഭയുടെ ഭാഗമാകാതെയും ജനാധിപത്യവകാശം നിഷേധിക്കുന്ന വകുപ്പുകളടങ്ങുന്ന സ്വന്തം ഭരണഘടനകളുമായി മുമ്പോട്ടു നീങ്ങുകയാണ്.

ഇവയൊന്നും 1809-ലെ *കണ്ടനാടു പടിയോലയുടെ* പ്രാധാന്യം ശൂന്യമാക്കുന്നില്ല. യാതൊരു പാശ്ചാത്യ സ്വാധീനവുമില്ലാത്ത ഒരു സമൂഹം സ്വയം നവീകരണത്തിനായി – അതിന്റെ മാനദണ്ഡങ്ങൾ എന്തായാലും – മുന്നിട്ടിറ

ങ്ങുന്നതിന്റെ രേഖയാണ് *കണ്ടനാടു പടിയോല.* മലങ്കരയിൽ പിന്നീടുണ്ടായ ലിഖിത ഭരണഘടനകളുടെയെല്ലാം മാതാവ് എന്ന് 1809-ലെ *കണ്ടനാടു പടിയോലയെ* വിശേഷിപ്പിക്കാം.


മുദ്രിത മലയാളം ഏവൻഗേലിയോന് 200 (1811)

നസ്രാണി ചരിത്രത്തിലെ നിർണായകമായ ഒരു കാൽവയ്പാണ് 1811-ൽ ബോംബെ കൂറിയർ പ്രസിൽ അച്ചടിച്ച നാലു സുവിശേഷങ്ങളുടെ പ്രകാശനം. നസ്രാണികളുടെ പരിഭാഷ വിപ്ളവം ആരംഭിക്കുന്നത് ഈ ഗ്രന്ഥത്തിന്റെ മുദ്രണത്തിലൂടെയാണ്.

നസ്രാണികളുടെ ഇടയിൽ സവിശേഷ വ്യക്തിത്വമുള്ള ഒരാൾ എന്നു തോമസ് വൈറ്റ്ഹൗസ് വിശേഷിപ്പിച്ച കായംകുളം പിലിപ്പോസ് റമ്പാൻ എന്ന ബഹുഭാഷാ പണ്ഡിതനാണ് ഈ പരിഭാഷാ നിർവ്വഹിച്ചത്. മാവേലിക്കര വെല്യപെരുമ്പിഴ കൊച്ചിട്ടി തരകൻ, തിമ്മയ്യാപിള്ള എന്ന തമിഴൻ എന്നിവർ അദ്ദേഹത്തെ സഹായിച്ചു. കണ്ടനാട്ടു വെച്ച് അന്നത്തെ മലങ്കര മെത്രാൻ വലിയ മാർ ദീവന്നാസ്യോസിന്റെ മേൽനോട്ടത്തിൽ നടന്ന ഈ പരിഭാഷയിൽ ഒരു കത്തനാർകൂടി സഹായിച്ചതായി ചില സൂചനകളുമുണ്ട്. ഇത് വലിയ മാർ ദീവന്നാസ്യോസിന്റെ സഹചാരികളായ അങ്കമാലി ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാരോ, കാട്ടുമങ്ങാട്ട് ഇട്ടിയവിരാ കത്തനാരോ ആകാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

1806-ൽ കൽക്കട്ടായിലെ ഫോർട്ടു വില്യം കോളേജ് പ്രിൻസിപ്പാൾ റവ. ക്ലോഡിയസ് ബുക്കാനനാണ് വേദപുസ്തകം മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തണമെന്ന ആശയം മുന്നോട്ടുവച്ചത്. നസ്രാണികളെ ആംഗ്ലിക്കൻ ബാന്ധവത്തിൽ കൊണ്ടുവരണമെന്ന് അതിയായി ആഗ്രഹിച്ച ബുക്കാനൻ, ഈ ആഗ്രഹം തന്റെ കേരള സന്ദർശന വേളയിൽ വലിയ മാർ ദീവന്നാസ്യോസിനെ അറിയിച്ചു. അതോടൊപ്പം വേദപുസ്തകം മലയാളത്തിൽ പരിഭാഷപ്പെടുത്തി അച്ചടിച്ചു തരാമെന്ന വാഗ്ദാനവും നൽകി. സഭാബാന്ധവ നിർദ്ദേശത്തിൽനിന്നു തന്ത്രപൂർവ്വം ഒഴിഞ്ഞുമാറിയ മാർ ദീവന്നാസ്യോസ്, വേദപുസ്തകം മലയാളത്തിൽ അച്ചടിച്ചു തരാമെന്ന വാഗ്ദാനം സ്വീകരിച്ചു. പക്ഷേ, പരിഭാഷയ്ക്കുള്ള സഹായം നിരസിച്ചു. ആംഗ്ളിക്കൻ വിശ്വാസവുമായി നസ്രാണി സംസ്കൃതിക്കുള്ള അന്തരം മനസ്സിലാക്കിയതാലാവാം അദ്ദേഹം പരിഭാഷ സഹായം നിഷേധിച്ചത്. എങ്കിലും പിന്നീട് ബുക്കാനൻ നിയമിച്ച തിമ്മയ്യാപിള്ള എന്ന തമിഴന്റെ സഹായം സ്വീകരിക്കാൻ മാർ ദീവന്നാസ്യോസ് സമ്മതിച്ചു. തന്റെ മേൽനോട്ടത്തിൽ പരിഭാഷ നടത്താമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു..

തന്റെ വാക്കു പാലിച്ച മാർ ദീവന്നാസ്യോസ് ഉടൻതന്നെ പരിഭാഷയ്ക്കുള്ള ഏർപ്പാടുകൾ ചെയ്തു. അതനുസരിച്ച്.... *റമ്പാൻ പൊരുൾ തിരിച്ചെഴുതുവാനായിട്ട്* (1807) *കുംഭ മാസം 18-ന് മുതൽക്ക് എഴുതിത്തുടങ്ങി. ഏവൻഗേലിയോൻ പുസ്തകം മത്തായി ശ്ലീഹായുടെ അറിയിപ്പ് പൊരുൾ തിരിച്ച് എഴുതിയതിൽ പിന്നെയത്ര തമിഴ് പുസ്തകവും ആളും വന്നൊള്ളു. റമ്പാനത്രെ കടുദാസിൽ എഴുതുന്നത്. തിമ്മപ്പൻപിള്ള ഓലയിലെഴുതുകയും, തമിഴ് കൊച്ചിട്ടി നോക്കുകയും. എട്ടുനാളൊരിക്കൽ ഇത്രയെഴുതി എന്ന് കൊച്ചിയിൽ എഴുത്തു ചെല്ലത്തക്കവണ്ണം ചട്ടം കെട്ടിട്ടത്രെ ബുക്കാനാൻ പോയത്. ഏവൻഗേലിയോൻ പ്രെക്കുസെസും പൊരുൾ തിരിച്ചതിന്റെ ശേഷം, ആയതു വങ്കാളത്തു കൊണ്ടുചെല്ലത്തക്കവണ്ണം എഴുതിവരികകൊണ്ടു തിമ്മപ്പൻപിള്ള കൊണ്ടുപോയി...* (നിരണം ഗ്രന്ഥവരി)



മലയാള വിവർത്തനസാഹിത്യത്തിന്റെ തേരാളിയായ കായംകുളം പീലിപ്പോസ് റമ്പാൻ

ഈ ഏവൻഗേലിയോൻ ബോംബെ കൂറിയർ പ്രസിൽ അച്ചടിച്ചു പൂർത്തിയാക്കിയത് 1811-ലാണ്. 1811-ൽ പീലിപ്പോസ് റമ്പാൻ മരിക്കുന്നതിനുമുമ്പ് അച്ചടിച്ച കോപ്പി അദ്ദേഹത്തിനു ലഭിച്ചു. നസ്രാണികൾക്കു ലഭിച്ച നൂറു കോപ്പികൾ പള്ളികൾക്കു വിതരണം ചെയ്യുകയും ചെയ്തു.

1816-ൽ സി. എം. എസ്. മിഷനറിയായ റവ. തോമസ് നോർട്ടൻ ഈ മലയാള പരിഭാഷ പള്ളികളിൽ ഉപയോഗിക്കുന്നതായി കണ്ട് അത്ഭുതപ്പെട്ടതായി രേഖകളുണ്ട്. അതിനർത്ഥം നസ്രാണികൾ ഇതിനെ സർവ്വാത്മനാ സ്വീകരിച്ചു എന്നുതന്നെയാണ്.

ഭൂരിപക്ഷം ചരിത്രകാരന്മാരും ആരാധനാക്രമങ്ങൾ മലയാളത്തിലാക്കിയതിന്റെ മികവ് പ്രൊട്ടസ്റ്റന്റ് മിഷനറിമാർക്കും, *പാശ്ചാത്യ പ്രബുദ്ധതയ്ക്കും* നൽകുന്നു. എന്നാൽ പൗരസ്ത്യ പാരമ്പര്യപ്രകാരം ആരാധനക്രമങ്ങളുടെ അടിസ്ഥാനം വി. വേദപുസ്തകമാണ്. അതിനാൽ ആരാധനാക്രമ പരിഭാഷയുടെ ആരംഭം വി. ഗ്രന്ഥത്തിന്റെ പരിഭാഷതന്നെയാണ്. 1811-ൽ റവ. ക്ലോഡിയസ് ബുക്കാനൻ പ്രസിദ്ധീകരിച്ചു എന്നതൊഴിച്ചാൽ ഈ പരിഭാഷ നസ്രാണിയുടെ സ്വന്തമാണ്. അതുകൊണ്ട് ആരാധനാക്രമ പരിഭാഷ ആരംഭിച്ചത് നസ്രാണികൾ തന്നെയാണ്. ബുക്കാനൻ തന്നെ ഈ പരിഭാഷയ്ക്ക് മുമ്പ്, വേദപുസ്തകത്തിന്റെ ഭാഗിക പരിഭാഷകൾ നസ്രാണികൾക്കിടയിൽ കൈയ്യെഴുത്തായി പ്രചരിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

പിന്നീടങ്ങോട്ട് പത്തൊമ്പതാം നൂറ്റാണ്ടുമുഴുവൻ പരിഭാഷയുഗമായിരുന്നു. 1820-ൽ മലങ്കര മല്പൻ കോനാട്ട് അബ്രഹാം മല്പാൻ ഒന്നാമൻ, നിത്യനമസ്ക്കാരവും കുർബ്ബാന ക്രമവും പരിഭാഷപ്പെടുത്തി. 1859-ൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ (പിന്നീട് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്താ) നിത്യനമസ്ക്കാരവും കുർബ്ബാനക്രമവും അച്ചടിച്ചു പ്രസിദ്ധീകരിച്ചു. അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ ആയതിനേ തുടർന്ന് പരിഭാഷാ വിപ്ലവം ഊർജ്ജ്വസ്വലമായി.

ഇന്ന് മലങ്കരസഭയ്ക്ക് വ്യാഴവട്ടത്തിലൊരിക്കൽ മാത്രം ഉപയോഗിക്കുന്ന വി. മൂറോൻ കൂദാശക്രമമടക്കം മലയാളത്തിൽ ലഭ്യമാണ്. ഇതിനെല്ലാം വഴിമരുന്നിട്ടത് വലിയ മാർ ദീവന്നാസ്യോസിന്റെ മേൽനോട്ടത്തിൽ കായംകുളം പിലിപ്പോസ് റമ്പാൻ നടത്തിയ സുവിശേഷ പരിഭാഷയാണെന്നു നിസംശയം പറയാം.

മാവേലിക്കര പടിയോലയ്ക്ക് 175 (1836)

വളരെയേറെ വിവാദമാവുകയും, വളരെയേറെ ചർച്ച ചെയ്യപ്പെടുകയും ചെയ്ത ഒന്നാണ് *മാവേലിക്കര പടിയോല.* കൽക്കട്ടായിലെ ആഗ്ലിക്കൻ ബിഷപ്പ് ഡാനിയേൽ വിൽസൺ, മലങ്കരസഭയിൽ ഏർപ്പെടുത്താനായി മുന്നോട്ടുവച്ച നിർദ്ദേശങ്ങളെ 1836 ജനുവരി 16-ന് മാവേലിക്കരയിൽ കൂടിയ *മലങ്കര പള്ളിയോഗം* നിരാകരിച്ച് എഴുതിയ രേഖയാണ് *മാവേലിക്കര പടിയോല.* വളരെ പ്രതിലോമമെന്ന് പ്രൊട്ടസ്റ്റന്റ് അനുകൂല ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്ന ഒന്നാണ് *മാവേലിക്കര പടിയോല.* യഥാർത്ഥത്തിൽ മലങ്കര നസ്രാണികളുടെ സ്വയം നിർണയാവകാശം സംരക്ഷിക്കാനുള്ള വ്യക്തമായ ശ്രമമമാണ് *മാവേലിക്കര പടിയോല.*

1816-ൽ പഴയ സെമിനാരിയിൽ അദ്ധ്യാപകരായാണ് ബ്രിട്ടീഷ് മിഷനറിമാർ നസ്രാണികളുമായി സംസർഗം ആരംഭിക്കുന്നത്. നസ്രാണികളെ ആഗ്ലിക്കൻ വിശ്വാസ-ആചാരങ്ങൾക്ക് അനുരൂപരായി മാറ്റുക എന്ന ആത്യന്തിക ലക്ഷ്യം ആദിമുതൽതന്നെ മിഷനറിമാർക്കുണ്ടായിരുന്നു. അതിനേക്കാൾ

ഉപരി, ഒരു *പ്രൊട്ടസ്റ്റന്റ് ബ്രിട്ടീഷ് ഇന്ത്യ*യുടെ ചവിട്ടുപടിയായാണ് കുലീനരും ഉയർന്ന സാമൂഹിക നിലവാരമുള്ളവരുമായ നസ്രാണികളെ അവർ കണ്ടത്. പഴയ സെമിനാരിയിൽ പഠിച്ചിറങ്ങുന്ന നസ്രാണി *പാതിരിമാരും ഉപദേശിമാരും*വഴി പ്രചരിപ്പിക്കുന്ന പ്രൊട്ടസ്റ്റന്റ് മതം, ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന് ശക്തമായ അടിത്തറയിടുമെന്ന് അവർ വ്യാമോഹിച്ചു.

എന്നാൽ ഇരുപതു വർഷത്തെ ഭഗീരഥ പ്രയത്നത്തിനുശേഷവും ഒരു പ്രൊട്ടസ്റ്റന്റു പാദ്രിയേയോ ഉപദേശിയേയോ നസ്രാണികളുടെ ഇടയിൽ നിന്നും സൃഷ്ടിക്കാൻ മിഷനറിമാർക്ക് സാധിച്ചില്ല. ആരാധനക്രമങ്ങൾ ആംഗ്ലിക്കൻ രീതിയിൽ പരിഷ്കരിക്കാനുള്ള അവരുടെ ശ്രമം 1818-ൽ തന്നെ മാവേലിക്കര കൂടിയ *മലങ്കര പള്ളിയോഗം* തള്ളിയിരുന്നു. പട്ടം കൊടുക്കാനുള്ള അധികാരം മലങ്കര മെത്രാനിൽ നിക്ഷിപ്തമായിരുന്നതിനാൽ തങ്ങൾക്ക് അനഭിമിതരായവരെ വൈദികവൃത്തിയിൽനിന്ന് ഒഴിച്ചു നിർത്തുക എന്നത് മിഷനറിമാർക്ക് അസാദ്ധ്യമായിരുന്നു.

ഈ സാഹചര്യത്തിലാണ് നസ്രാണികളുടെമേൽ സമ്പൂർണ്ണ നിയന്ത്രണം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ റവ. ഡാനിയേൽ വിത്സൻ ഏതാനും നിർദ്ദേശങ്ങൾ മുമ്പോട്ടു വച്ചത്. പ്രൊട്ടസ്റ്റന്റു വിശ്വാസത്തോടുള്ള നസ്രാണികളുടെ ശക്തമായ എതിർപ്പ് കണക്കിലെടുത്ത്, പ്രകടമായ പ്രൊട്ടസ്റ്റന്റു പരിഷ്കാരങ്ങൾ ഒന്നും കൂടാതെയാണ് ഈ നിർദ്ദേശങ്ങൾ അവതരിപ്പിച്ചത്.

വിൽസന്റെ നിർദ്ദേശങ്ങളെ താഴെ പറയും വിധം സംഗ്രഹിക്കാം. അതോടൊപ്പം തന്നെ അവ എന്തുകൊണ്ട് നസ്രാണികൾക്ക് സ്വീകാര്യമായിരുന്നില്ല എന്നതും പരിശോധിക്കാം.

- സെമിനാരി പ്രിൻസിപ്പാളിന്റെ സർട്ടിഫിക്കറ്റ് കൂടാതെ മെത്രാൻ ആർക്കും പട്ടം കൊടുക്കരുത്.

രണ്ടു കാരണങ്ങളാൽ ഇത് നസ്രാണികൾക്ക് അസ്വീകാര്യങ്ങളായിരുന്നു. ഒന്നാമതായി, പട്ടത്തിനുള്ള തെരെഞ്ഞെടുപ്പ് മലങ്കര മെത്രാന്റെ അംഗീകാരപരിധിയിൽ വരുന്നതാണ്. ഈ നിർദ്ദേശംമൂലം മെത്രാൻ കേവലം *പട്ടം കൊടുക്കാനുള്ള ഒരു യന്ത്രം* മാത്രമായി മാറും. ഇത് നസ്രാണികൾക്ക് സ്വീകാര്യമല്ലായിരുന്നു.

രണ്ടാമതായി, സെമിനാരി ഭരണം അക്കാലമായപ്പോഴേക്കും ബ്രിട്ടീഷ് മിഷനറിമാരുടെ കൈയ്യിലായിരുന്നു. സ്വാഭാവികമായും അവരുടെ വിശ്വാസസംഹിത അംഗീകരിച്ചവർക്കു മാത്രമാവും സർട്ടിഫിക്കറ്റ് ലഭിക്കുക. ആത്യന്തികമായി നസ്രാണികൾ പ്രൊട്ടസ്റ്റന്റാവുക എന്നതാവും ഫലം. ഇതിന്റെ അപകടം നസ്രാണികൾ തിരിച്ചറിഞ്ഞു എന്ന് *മാവേലിക്കര പടിയോല* തെളിയിക്കുന്നു

- പള്ളിക്കണക്കുകൾ ബ്രിട്ടീഷ് റസിഡന്റിന്റെ ഓഡിറ്റിനയയ്ക്കണം.

ഈ നിർദ്ദേശവും രണ്ടു കാരണങ്ങളാൽ അസ്വീകാര്യമായിരുന്നു. ഒന്നാമതായി, പള്ളിക്കണക്കുകളെ സംബന്ധിച്ചടുത്തോളം നസ്രാണികൾക്ക് വ്യക്തമായ ഒരു കർമ്മപദ്ധതി തലമുറകളായി ഉണ്ടായിരുന്നു. അതനുസരിച്ച് ഇടവക പള്ളിക്കണക്കുകൾ അതാത് *പള്ളിയോഗം* കേട്ടുതീർക്കുക, അതിനു സാധിക്കാതെ വന്നാൽ മെത്രാൻ കേട്ടുതീർക്കുക എന്നതായിരുന്നു കീഴ്നടപ്പ്. 1809-ലെ *കണ്ടനാട് പടിയോല* ഇതിനു കൂടുതൽ വ്യക്തതയും ലിഖിത രൂപവും നൽകി. ഒരിക്കലും കേരളത്തിലെ ലൗകീക ഭരണാധികാരികൾ നസ്രാണികളുടെ ഈ അവകാശത്തിൽ കൈകടത്തിയിരുന്നില്ല. ഈ ജനാധിപത്യ അവകാശം കൈവെടിയാൻ നസ്രാണികൾ വിസമ്മതിച്ചത് സ്വാഭാവികം.

രണ്ടാമതായി, പ്രൊട്ടസ്റ്റന്റുകാരനായ ബ്രിട്ടീഷ് റസിഡന്റിനോ, അവർക്കുവേണ്ടി കണക്കു പരിശോധിക്കുന്ന മിഷനറിമാർക്കോ, തങ്ങൾക്ക് താൽപ്പര്യമില്ലാത്ത പെരുന്നാൾ, ഓർമ്മ മുതലായവയ്ക്ക് പണം ചിലവാക്കുന്നത് ഈ നിർദ്ദേശം അംഗീകരിച്ചാൽ ഫലപ്രദമായി തടയാനാവുമായിരുന്നു. എതിർക്കുന്ന കൈക്കാരന്മാരെ പീഡിപ്പിക്കാനും സാധിക്കുമായിരുന്നു. അത്യന്തികമായി ഈ നിർദ്ദേശം അപകടകരവും, പ്രൊട്ടസ്റ്റന്റ് വിശ്വാസം അടിച്ചേൽപ്പിക്കാനുള്ള മാർഗ്ഗവുമാമെന്ന് നസ്രാണികൾ തിരിച്ചറിഞ്ഞു.

- ചാത്തം മുതലായ ക്ലിപ്തതയില്ലാത്ത വരുമാനങ്ങൾക്കു പകരം കത്തനാർമാർക്ക് നിശ്ചിത ശമ്പളം ഏർപ്പെടുത്തണം.

കത്തനാരന്മാരുടെ വരുമാനത്തിലെ ഒരു പ്രധാനഭാഗം മരണാനന്തര ക്രിയകളുടെ കർമ്മ ഫീസ് ആയിരുന്നു എങ്കിലും, അന്നും ഇന്നും അവർക്ക് മറ്റ് കർമ്മങ്ങൾക്കും - ഒരു പക്ഷെ ചാത്തപ്പണത്തേക്കാൾ അധികം - ദക്ഷിണ ലഭിച്ചിരുന്നു.

ഈ സാഹചര്യത്തിൽ തങ്ങൾ എതിർക്കുന്ന മരണാനന്തര കർമ്മങ്ങളെ മാത്രം മിഷിനറിമാർ സൂചിപ്പിച്ചതിൽ നസ്രാണികൾ ദുരുദ്ദേശം മണത്തതിൽ അസ്വഭാവികതയില്ല.

മാത്രവുമല്ല, കത്തനാർമാർ ശമ്പളക്കാരാവുന്നതോടെ അവരുടെ വിധേയത്വം ശമ്പളദാതാക്കളോടാവും. അതോടെ അവരുടെ നയപരിപാടികൾ നടപ്പിലാക്കാൻ അവർ നിർബന്ധിതരാവും. ഫലത്തിൽ. അതും പ്രൊട്ടസ്റ്റന്റെ് വിശ്വാസം അടിച്ചേൽപ്പിക്കാനുള്ള ഫലപ്രദമായ ഒരു ഉപാധിയാണന്ന് മാവേലിക്കരയിൽ കൂടിയ *മലങ്കര പള്ളിയോഗ*ത്തിന് - വിശിഷ്യാ കത്തനാരന്മാർക്ക് - തിരിച്ചറിവുണ്ടായി എന്നത് വ്യക്തമാണ്.

ഇവ കൂടാതെ മറ്റു ഏതാനും നിർദ്ദേശങ്ങൾ കൂടി റവ. ദാനിയേൽ വിൽസൺ മുമ്പോട്ടുവച്ചിരുന്നു. അവയേയും *മാവേലിക്കര പടിയോല* നിരാകരിക്കുകയാണ് ചെയ്തത്. അവയിൽ പലതും പിൽക്കാല ചിന്തയിൽ നിർദോഷങ്ങളായിരുന്നെങ്കിലും, അവയിലൊക്കെയിലും അധിനിവേശത്തിന്റെ ഗന്ധം അന്ന് നസ്രാണിക്ക് അനുഭവവേദ്യമായെങ്കിൽ അത്ഭുതത്തിനവകാശമില്ല.

ഡോ. ഡാനിയേൽ വിൽസന്റെ നിർദ്ദേശങ്ങൾ എല്ലാംതന്നെ പിൽക്കാലത്ത് നസ്രാണികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിയതായി ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് വിശദീകരിക്കുന്നുണ്ട്. 1934-ലെ ഭരണഘടന, സെമിനാരി പ്രിൻസിപ്പാളിന്റെ സർട്ടിഫിക്കറ്റ് വൈദീകസ്ഥാനത്തിന് അനിവാര്യമാ



ക്കി, വൈദികശമ്പള പദ്ധതി നടപ്പാക്കി. ആരാധനാക്രമങ്ങൾ മാതൃഭാഷയിലാക്കി. പള്ളികണക്കുകൾ കൂടുതൽ സുതാര്യവും, ദേശത്തിലെ നിയമത്തിനു വിധേയവുമാക്കി. അങ്ങനെ ഏതാണ്ട് എല്ലാംതന്നെ നടപ്പിലാക്കി എന്നു പറയാം.

പിന്നെ എന്തുകൊണ്ടാണ് 1836-ൽ റവ. ദാനിയേൽ വിൽസന്റെ നിർദ്ദേശങ്ങൾ നസ്രാണികൾ പൂർണമായി നിരാകരിച്ചത്? വ്യക്തമായും രണ്ടു കാരണങ്ങൾ ഇതിനു ചൂണ്ടിക്കാട്ടാം.

1. ഈ നിർദ്ദേശങ്ങൾ ആത്യന്തികമായി നസ്രാണികളുടെ സ്വയംനിർണയാവകാശത്തെ ചോദ്യം ചെയ്യുന്നവയായിരുന്നു. ആത്മിയവും ലൗകീകവുമായ സമസ്തസംഗതികളിലും തീരുമാനമെടുക്കാനുള്ള *മലങ്കര പള്ളിയോഗ*ത്തിന്റെ അധികാരം ആർക്കും അടിയറവയ്ക്കാൻ നസ്രാണി തയ്യാറായില്ല.

2. പിൽക്കാലത്ത് വിൽസൻ നിർദ്ദേശങ്ങൾ നസ്രാണി നടപ്പിലാക്കിയത് തങ്ങളുടേതായ രീതിയിലാണ്. ഒരിക്കൽ പാടേ നിരാകരിച്ച നിർദ്ദേശങ്ങൾ, പിന്നീട് ബാഹ്യസമ്മർദ്ദം കൂടാതെ നടപ്പിലാക്കിയതിൽ ദേശിയ പ്രബുദ്ധത ദർശിക്കാം. ഏതു നല്ല ആശയവും തങ്ങൾ സ്വീകരിക്കും. പക്ഷേ അതു

തങ്ങളുടേതായ രീതിയിൽ, തങ്ങൾക്കു യുക്തമെന്നു തോന്നുന്ന സമയത്താവും നടപ്പാക്കുക. ഇതീയികരുനിനു നസിരാണിയുടെ നിലപാട്. *സായിപ്പ് പറയുന്നത് കേട്ടെന്നും* അതേപടി അംഗീകരിക്കാൻ നസ്രാണിയുടെ സ്വയം നിർണയബോധം - ഇസഡ്. എം. പാറേട്ടിന്റെ ഭാഷയിൽ ജാത്യാഭിമാനം - അവരെ അനുവദിച്ചിരുന്നില്ല.

ആരെയും അറിയിക്കാതെ ഒതുക്കത്തിൽ പാസാക്കിയ ഒന്നല്ല *മാവേലിക്കര പടിയോല*. ഓരോ നിർദ്ദേശമായി അവതരിപ്പിച്ച്, ചർച്ച ചെയ്താണ് തീരുമാനമെടുത്തതെന്ന് റിപ്പോർട്ടു ചെയ്തത് മിഷനറി സഹചാരിയായ പാലക്കുന്നത്ത് അബ്രഹാം മല്പാനാണ്.

1836-ലെ *മാവേലിക്കര പടിയോല*യെക്കുറിച്ചുള്ള വിശകലനത്തിൽ ഉരുത്തിരിയുന്ന മൂന്നു പ്രധാനഘടകങ്ങളുണ്ട്.

1. *മലങ്കര പള്ളിയോഗം* നസ്രാണികളുടെ ആത്മികവും ലൗകീകവും വിശ്വാസപരവുമായ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള തങ്ങളുടെ പരമാധികാരം നിലനിർത്തി.

2. സർവ്വശക്തമായ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അത്യുന്നത പ്രതിനിധികളുടെ സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നിട്ടും, അവരുടെ നിർദ്ദേശങ്ങളെ പൂർണ്ണമായി തള്ളി രേഖ ചമച്ച പ്രക്രിയ അന്നത്തെ ഇന്ത്യൻ രാഷ്ട്രിയ മണ്ഡലത്തിൽ അചിന്ത്യമായിരുന്നു. അതു പരാജയപ്പെടുത്താൻ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനു ഒരിക്കലും സാധിച്ചില്ല. **ഭരണാധികാരമുള്ള രാജാക്കന്മാർക്കുപോലും ചിന്തിക്കാനാവാത്ത ചങ്കൂറ്റം. രണ്ടു പതിറ്റാണ്ടുകൂടി കഴിഞ്ഞാണ് *ശിപായി ലഹള* എന്നറിയപ്പെട്ട ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യസമരം ഉണ്ടായത് എന്നുകൂടി മനസിലാക്കണം.**

3. ആരും ശ്രദ്ധിക്കാത്ത മറ്റൊരു പ്രാധാന്യവും *മാവേലിക്കര പടിയോല*യ്ക്കുണ്ട്. 1686-ലെ ചെങ്ങന്നൂർ സുന്നഹദോസിനു ശേഷം വിശ്വാസപ്രഖ്യാപനം നടത്തിയ ഏക *മലങ്കര പള്ളിയോഗ*മാണ് 1836-ൽ മാവേലിക്കരയിൽ നടന്നത്. *മാവേലിക്കര പടിയോല*, തമ്പുരാനെ പെറ്റമ്മയോടും, പരിശുദ്ധന്മാരോടുമുള്ള മദ്ധ്യസ്ഥതയിൽ നസ്രാണികൾക്കുള്ള ഉറച്ച വിശ്വാസം രേഖപ്പെടുത്തിയിട്ടുണ്ട്. 1686-ൽ മലങ്കര നസ്രാണികൾക്ക് പരിത്യജിക്കേണ്ടിയിരുന്ന രണ്ടു വേദവിപരീതങ്ങളും - റോമൻ കത്തോലിക്കാ, നെസ്തോറിയൻ - ദൈവമാതാവിനോടും പരിശുദ്ധന്മാരോടുമുള്ള മദ്ധ്യസ്ഥത അംഗീകരിച്ചിരുന്നു. അതിനാൽ ഈ വിഷയത്തെപ്പറ്റി ഒരു തീരുമാനം അവിടെ അപ്രസക്തമായിരുന്നു. ആഗ്ളിക്കൻ പ്രൊട്ടസ്റ്റന്റുകൾ ഇവ അംഗീകരിക്കാത്തതിനാൽ ആ വിഷയത്തിൽ *മാവേലിക്കര പടിയോല*യിൽകൂടി നസ്രാണികൾ തങ്ങളുടെ നയം വ്യക്തമാക്കി. (*കൂടുതൽ വിവരങ്ങൾക്ക്. മാർ അത്താനാസ്യോസ്, തോമസ്, മാവേലിക്കര പടിയോല, 2011, കോട്ടയം, എം. ഒ. സി, പബ്ലിക്കേഷൻസ്.*)

പാമ്പാക്കുട നമസ്ക്കാരത്തിന് ശതാബ്ദി (1910)

1811-ൽ *റമ്പാൻ ബൈബിൾ* അച്ചടിച്ചു പ്രസിദ്ധീകരിച്ചതോടെ ആരംഭിച്ച പരിഭാഷാ വിപ്ലവം മിതമായ തോതിൽ പത്തൊമ്പതാം നൂറ്റാണ്ടു മുഴുവൻ തുടർന്നുവന്നു. പഴയ സെമിനാരി നടത്തി എടുക്കുകയും, *മാർത്തോമ്മസ് പ്രസ്* അവിടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തതോടെ ആരാധനാക്രമങ്ങളുടെ പരിഭാഷയും മുദ്രണവും ഊർജ്ജിതമായി.

പ. പരുമല തിരുമേനി ആരംഭമിട്ട്, മലങ്കര മല്പാന്മാരായ വട്ടശ്ശേരിൽ ഗീവറുഗീസു കത്തനാരെയും, കോനാട്ടു മാത്തൻ കത്തനാരെയും പൂർത്തീകരണത്തിനായി ഏൽപ്പിച്ച ക്യംതാ നമസ്ക്കാരത്തിന്റെയും, വി. കുർബ്ബാനക്രമത്തിന്റെയും പരിഭാഷ 1902-ൽ പ്രസിദ്ധീകരിച്ചതോടെ ഈ പരിഭാഷ വിപ്ലവം അത്യുച്ചനില പ്രാപിച്ചു എന്നു പറയാം. കണ്ടത്തിൽ വർഗീസ് മാപ്പിള, കൊട്ടാരത്തിൽ ശങ്കുണ്ണി മുതലായ ഭാഷാ പ്രവീണരുടെ സഹായത്തോടെ പൂർത്തിയാക്കിയ ശബ്ദസുന്ദരമായ ഈ പരിഭാഷ ഇന്നും മാറ്റമില്ലാതെ ഉപയോഗത്തിലിരിക്കുന്നു എന്നതു തന്നെ അതിന്റെ വൈശിഷ്ട്യത്തിനു തെളിവാണ്.



കോനാട്ടു മാത്തൻ കത്തനാർ

നിത്യനമസ്ക്കാരം 1895-നു മുമ്പു തന്നെ മാർതോമ്മസ് പ്രസിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു. എങ്കിലും സാധാരണക്കാരന്റെ ഉപയോഗത്തിനു സമഗ്രമായ ഒരു നമസ്ക്കാരക്രമം മലയാളത്തിൽ ലഭ്യമല്ലായിരുന്നു. ഈ സാഹചര്യത്തിലാണ് *പാമ്പാക്കുട നമസ്ക്കാരം* എന്ന പേരിൽ പ്രസിദ്ധമായ നിത്യനമസ്ക്കാരം 1910-ൽ കോനാട്ടു മാത്തൻ മല്പാൻ പ്രസിദ്ധീകരിക്കുന്നത്. പാമ്പാക്കുട മാർ യൂലിയോസ് പ്രസിൽനിന്നും പ്രസിദ്ധീകരിച്ചതിനാലാണ് *പാമ്പാക്കുട നമസ്ക്കാരം* എന്ന പേർ ലഭിച്ചത്.

ഈ കൃതിക്ക് അതീവ പ്രാധാന്യമുണ്ട്. ഒന്നാമതായി അവൈദികർക്ക് ഉപയുക്തമാംവിധം നിത്യപ്രാർത്ഥനക്കുപരിയായി, നോമ്പിലെ നമസ്ക്കാരം, പെരുന്നാളുകളുടെ പ്രത്യേക പ്രാർത്ഥന, ഒരു മനുഷ്യജീവിതചക്രത്തിലെ ചെറുതും വലുതുമായ ഏതാണ്ടെല്ലാ സന്ദർഭങ്ങൾക്കും വേണ്ടിയ പ്രത്യേക പ്രാർത്ഥനകൾ മുതലായവ എല്ലാം അടങ്ങിയ ഒരു സമ്പൂർണ്ണ ആരാധനാക്രമമാണ് *പാമ്പാക്കുട നമസ്ക്കാരം*.

പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ ദയറാക്കാർക്കുവേണ്ടി ക്രമീകരിച്ച സാധാരണ നമസ്ക്കാരം അതേപടി പരിഭാഷപ്പെടുത്തിയല്ല മാത്തൻ മല്പാൻ *പാമ്പാക്കുട നമസ്ക്കാരം* പ്രസിദ്ധീകരിച്ചത്. ദീർഘമായ അത്തരം പ്രാർത്ഥനകൾ സാധാരണക്കാരിൽ വിരസത ഉളവാക്കുമെന്നും, അത് അവരാൽ പരിത്യജിക്കപ്പെടുമെന്നും പ്രായോഗീക ബുദ്ധിയായ മാത്തൻ മല്പാൻ മനസ്സിലാക്കി. അതിനാൽ മൂലകൃതിയുടെ ഹൃസ്വമായ ഒരു ഭാഷ്യത്തിനാണ് അദ്ദേഹം രൂപം കൊടുത്തത്.

എന്നാൽ പാശ്ചാത്യ സുറിയാനി ആരാധനാക്രമത്തിന്റെ ഘടന അതേപടി നിലനിർത്താനും അദ്ദേഹം ശ്രദ്ധിച്ചു. ദീർഘമായ വർണ്ണനകൾ ഒഴിവാക്കി, പ്രാർത്ഥനാ ഘടനയിലെ എല്ലാ വിഷയങ്ങളും അതത് സ്ഥാനങ്ങളിൽ നിലനിർത്തി, ലളിതവും ഹൃസ്വവുമായ ഒരു പ്രാർത്ഥനാക്രമമാണ് മാത്തൻ മല്പാൻ രൂപകൽപ്പന ചെയ്തത്. ഈ ലളിത- ഹൃസ്വ ശൈലിയാണ് *പാമ്പാക്കുട നമസ്ക്കാരത്തെ* ജനകീയമാക്കിയത്.

1910-ൽ പുറത്തിറങ്ങിയ ആദ്യപതിപ്പ് രണ്ടു പ്രാവശ്യം രൂപമാറ്റം വന്നാണ് ഇന്നു കാണുന്ന രൂപത്തിലെത്തിയത്. രണ്ടാം പതിപ്പിൽ വി. കുർബ്ബാനക്രമവും മറ്റുചില പ്രാർത്ഥനകളും ചേർത്ത് വിപുലീകരിച്ചു. പിന്നീട് കുർബ്ബാനക്രമം ഒഴിവാക്കി. മൊത്തത്തിൽ 1820-ൽ കോനാട്ട് അബ്രഹാം മല്പാൻ ഒന്നാമൻ ക്രമീകരിച്ച നിത്യനമസ്ക്കാരത്തിന്റെ രൂപഘടനവിപുലമാക്കിയതാണ് 1910-ലെ പാമ്പാക്കുട നമസ്ക്കാരത്തിനുള്ളത്.

ഭാഷാപരമായി കാലികമായി ചില വാക്കുകൾക്ക് ഉണ്ടാകാവുന്ന മാറ്റങ്ങളൊഴികെ ഇതിന്റെ ഘടനയ്ക്കോ ശൈലിക്കോ വരും പതിപ്പുകളിൽ യാതൊരു മാറ്റവും വരുത്തുകയില്ലാ എന്നു ഒന്നാം പതിപ്പിന്റെ മുഖവരയിൽ മാത്തൻ മല്പാൻ ഉറപ്പു നല്കിയിരുന്നു. ഈ ഉറപ്പ് പാലിക്കപ്പെട്ടതിനാൽ ഒരിക്കൽ ഈ ഗ്രന്ഥം ഉപയോഗിച്ചു പഠിച്ചവർക്ക് അതേ ഗ്രന്ഥത്തിന്റെ മറ്റു പതിപ്പുകൾ ഉപയോഗിക്കുന്നതിനോ, മറ്റു പതിപ്പുകൾ പഠിച്ചവരുമായി *കൂടി നമസ്ക്കരിക്കുന്നതിനോ* യാതൊരു ബുദ്ധിമുട്ടുമുണ്ടായില്ല. ഇതാണ് *പാമ്പാക്കുട നമസ്ക്കാരത്തിന്റെ* ഇന്നും നിലനിൽക്കുന്ന ജനപ്രീതിയുടെ മുഖ്യകാരണം.


ഔദ്യോഗികവും അനധികൃതവുമായ അനേക പതിപ്പുകളിലൂടെ *പാമ്പാക്കുട നമസ്ക്കാരം* പതിനായിരക്കണക്കിനു കോപ്പികൾ പ്രചരിച്ചിട്ടുണ്ട്. ഇന്നും ഇതിന്റെ ആവശ്യകത കുറഞ്ഞിട്ടില്ലായെന്നത് പാമ്പാക്കുട നമസ്ക്കാരത്തിന്റെ അംഗീകാരത്തിന്റെ ഏറ്റവും വലിയ തെളിവാണ്.

ഇതോടൊപ്പം 2010-ൽ ശതാബ്ദി ആഘോഷിക്കേണ്ട മറ്റൊരു സുപ്രധാനകൃതിയാണ് *നടപടിക്രമം.* മാർ യൂലിയോസ് പ്രസിൽനിന്നും 1910-ൽ മാത്തൻ മല്പാൻ തന്നെയാണ് ഇതും പ്രസിദ്ധീകരിച്ചത്. ഇതിന്റെ രൂപീകരണത്തെപ്പറ്റി ആമുഖത്തിലെ പരാമർശനം...*ഞങ്ങൾ തൽക്കാല നടപടികളേയും, പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ കൽപ്പനകളേയും നടത്തിപ്പുകളേയും, മറ്റു ചില പുസ്തകങ്ങളേയും പരിശോധിച്ച്, ദനഹാ മുതൽ പെന്തികൊസ്തിവരെ ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന ക്രമങ്ങളെക്കുറിച്ച് ഒരു ബിൽ എഴുതിയുണ്ടാക്കി, വന്ദ്യ പിതാവായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ* (പിന്നീട് ഒന്നാം കാതോലിക്കാ) *അദ്ധ്യക്ഷതയിൽ പിറവം സിമ്മനാരിയിൽ രണ്ടാമതു കൂടിയ വൈദിക യോഗത്തിൽ വായിച്ചു കേൾപ്പിച്ചു പാസാക്കി എങ്കിലും, മറ്റു തിരുമേനികളോടും, അന്നു മൽപ്പാനായിരുന്ന ഇപ്പോഴത്തെ കൊച്ചു തിരുമേനിയോടും* (പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്) *ആലോചിച്ചു തീരുമാനിക്കേണ്ട ചില സംഗതികൾ ഉണ്ടായിരുന്നതു കൊണ്ട്, അച്ചടിപ്പാനുള്ള അനുവാദം ആ യോഗത്തിൽ നിന്നു ലഭിച്ചില്ല. പിന്നീട് യോഗത്തിന്റെ ആജ്ഞാനുസരണം കോട്ടയത്തു സിമ്മനാരിയിൽവച്ച് ഇപ്പോഴത്തെ കൊച്ചു തിരുമേനി, അന്നു റമ്പാനായിരുന്ന ഇപ്പോഴത്തെ മാർ കൂറിലോസ് തിരുമേനി, മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ, ഇലവിനാമണ്ണിൽ സ്ക്കറിയാ കത്തനാർ മുതൽപേരെ വായിച്ചു കേൾപ്പിച്ചു അവരുടെ അഭിപ്രായവും, കുന്നംകുളങ്ങരവച്ചു വലിയ തിരുമേനിയെ* (പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ) *വായിച്ചു കേൾപ്പിച്ചു ആ അഭിപ്രായവും അറിഞ്ഞ് രേഖപ്പെടുത്തി, കടമറ്റത്തു പള്ളിയിൽവച്ച് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മൂന്നാമതു കൂടിയ വൈദികയോഗത്തിൽ ഹാജരാക്കുകയും, അഭിപ്രായങ്ങൾ തമ്മിൽ യോജിപ്പിച്ചു പാസാക്കുകയും, അച്ചടിപ്പിപ്പാൻ അനുവദിക്കുകയും ചെയ്തു. മുൻയോഗനിശ്ചയപ്രകാരം നമസ്ക്കാരങ്ങളെക്കുറിച്ച് എഴുതി ഉണ്ടാക്കിയ ഒരു ബിൽകൂടെ കടമറ്റം യോഗത്തിൽ വായിച്ചു കേൾപ്പിച്ച് ഭിന്നാഭിപ്രായം കൂടാതെ പാസ്സാക്കിയിട്ടുണ്ട്. ദനഹാ മുതൽ പെന്തിക്കൊസ്തിവരെയുള്ള ആദ്യ നിശ്ചയം അച്ചടിപ്പിക്കാമെന്നു വെച്ചിരിക്കുന്നു. ഇത്ര പ്രയാസപ്പെട്ടും യോഗനിശ്ചയത്തോടുകൂടിയും ദീർഘലോചനയോടുകൂടിയും പള്ളിക്രമങ്ങൾ നടത്തുന്നതിനു അദ്ധിതീയൻ എന്നു എല്ലാവരാലും സമ്മതിക്കപ്പെട്ടിരിക്കുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രത്യേക ആലോചനയോടുകൂടിയും അച്ചടിപ്പിക്കപ്പെട്ടിരിക്കുന്ന ഈ പള്ളിക്രമ നടപടി പുസ്തകവും*...എന്നപ്രകാരമാണ്.

1876-ൽ പത്രോസ് പാത്രിയർക്കീസ്, ആരാധനക്രമങ്ങളും രീതികളും ഏകീകരിച്ച് വിശദമായ കല്പനനൽകിയെങ്കിലും അത് ഭാഗീകമായി മാത്രമാണ് നടപ്പിലായത്. എന്നാൽ 1910-ൽ *നടപടിക്രമ*ത്തിന്റെ പ്രസിദ്ധീകരണത്തോടെ ഏകീകരണം യാഥാർത്ഥ്യമായി.

മലങ്കരസഭാ ഭരണഘടനയ്ക്ക് – 75 (1934)

മലങ്കര നസ്രാണികളുടെ ചരിത്രത്തിലെ ഒരു സുപ്രധാനനാഴികക്കല്ലാണ് 1934-ൽ ഒരു ലിഖിത ഭരണഘടനപാസാക്കി നടപ്പിലാക്കിയെന്നത്. 1809-ലെ *കണ്ടനാട് പടിയോല*യും 1853-ലെ *ചട്ടവര്യോല*യും, 1873-ലെ *പരുമല സുന്നഹദോസിന്റെ കാനോനാകളും*, 1876-ലെ *മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകളും* ലിഖിത ഭരണഘടനകളുടെ ഗണത്തിൽപെടുത്താവുന്നവയാണെങ്കിലും അവയൊന്നും സമഗ്രമായിരുന്നില്ല. ഉദാഹരണത്തിന് *മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനകൾ* പൊതുസഭയുടെ ഭരണത്തെ മാത്രമാണ് പരാമർശിക്കുന്നതെങ്കിൽ, 1809-ലെ *കണ്ടനാടു പടിയോല* ഇടവക പള്ളികളുടെ ഭരണത്തെ മാത്രമാണ് പരാമർശിക്കുന്നത്. സഭാഭരണത്തിന്റെ ഏതാണ്ട് എല്ലാവശങ്ങളെയും സ്പർശിക്കുന്ന സമഗ്രമായ ഭരണഘടനയാണ് 1934-ലെ എം.ഡി. സെമിനാരി അസോസിയേഷൻ പാസാക്കിയ *മലങ്കരസഭാ ഭരണഘടന.*



മലങ്കരസഭാ ഭരണഘടന ഒരുദിവസം കൊണ്ടുണ്ടായ ഒന്നല്ല. അതിന്റെ രൂപീകരണം സുഗമവും ആയിരുന്നില്ല. വർഷങ്ങൾക്കുമുമ്പുതന്നെ ഒരു ഭരണഘടനനിർമാണസമതി രൂപം കൊണ്ടിരുന്നു. അതിന്റെ പ്രവർത്തനം മുമ്പോട്ടു നീങ്ങിയെങ്കിലും എപ്പിസ്ക്കോപ്പസിയും ജനാധിപത്യവും തമ്മിലുള്ള അധികാരവിഭജനപ്രശ്നത്തിൽ തട്ടി ഭരണഘടനാ നിർമ്മാണ സമതി രണ്ടായി പിളർന്നു.

ഇത് അതീവ ഗൗരവമായ ഒരു വിഷയം തന്നെയായിരുന്നു. ശതാബ്ദങ്ങളായി വൈദിക സ്ഥാനികളുടെ മേൽക്കൈ വകവച്ചുകൊടുക്കുന്ന, എന്നാൽ തികച്ചും ജനാധിപത്യപരമായ, ഒരു ഭരണസംവിധാനമാണ് നസ്രാണികൾക്കുണ്ടായിരുന്നത്. *ജാതിക്കു തലവനായ* അർക്കദ്യാക്കോനും, പിന്നീട് മാർത്തോമ്മാ മെത്രാന്മാർക്കും, തുടർന്ന് മലങ്കര മെത്രാപ്പോലീത്താമാർക്കും സഭാഭരണത്തിൽ മേൽക്കൈ ഉണ്ടായിരുന്നു. അതേപോലെ ഇടവക പള്ളികളുടെ ഭരണത്തിൽ *മൂപ്പൻ കത്തനാർക്ക്* (പാശ്ചാത്യ സംജ്ഞയിൽ വികാരിക്ക്) പ്രഥമ സ്ഥാനം ഉണ്ടായിരുന്നു. എങ്കിലും, മലങ്കര നസ്രാണികളുടെ ആത്മിയവും ലൗകീകവും വിശ്വാസപരവുമായ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള പരമാധികാരം ഇടവക പള്ളികളിൽനിന്നുള്ള കത്തനാർമാരുടെയും അവൈദികരുടെയും പ്രതിനിധികൾ അടങ്ങുന്ന *മലങ്കര പള്ളിയോഗ*ത്തിനായിരുന്നു. അവരുടെ അംഗീകാരമില്ലാത്ത യാതൊരു തീരുമാനവും മലങ്കര നസ്രാണികൾക്ക് ബാധകമല്ലായിരുന്നു.

ഇടവക പള്ളികളിലാകട്ടെ, *മൂപ്പൻ കത്തനാരെ* കൂട്ടുകൈക്കാരിൽ ഒരാളായി അംഗീകരിച്ചിരുന്നു എങ്കിലും, ഇടവകകളുടെ ദൈനംദിനലൗകീക ഭരണം *ഇടവക പള്ളിയോഗ*ത്തിന്റെ നിയന്ത്രണത്തിലായിരുന്നു. *മലങ്കര പള്ളിയോഗത്തിൽ* ഇടവകയെ പ്രതിനിധീകരിക്കുന്ന കത്തനാർമാർക്കും അവൈദികർക്കും *ഇടവക പള്ളിയോഗ*ങ്ങളുടെ *യോഗ സാധനം* – സമ്മതപത്രം – ആവശ്യമായിരുന്നു. ചുരുക്കത്തിൽ മലങ്കര നസ്രാണികളുടെ യഥാർത്ഥ അധികാരം നിർദ്ധാരണം ചെയ്യപ്പെടുന്നത് *ഇടവക പള്ളിയോഗ*ങ്ങളിലായിരുന്നു.

റോമൻ ഭരണരീതി പിന്തുടരുന്ന റോമൻ കത്തോലിക്കർക്കും, അതേരീതി പിൻതുടരുന്ന പാശ്ചാത്യ സുറിയാനിക്കാർക്കും ഒട്ടും ഉൾക്കൊള്ളാനാവാത്ത ഒന്നായിരുന്നു ഈ അധികാരസ്രോതസ്. അവരെ സംബന്ധിച്ചടത്തോളം സീസറിൽനിന്നും അധികാരം നിർദ്ധാരണം ചെയ്യപ്പെടുന്ന റോമൻ

ഭരണസംവിധാനമായിരുന്നു യഥാർത്ഥ ഭരണരീതി. റോമാപാപ്പാ/പാത്രിയർക്കീസ് ആയിരുന്നു അവരുടെ നിയാമക അധികാരകേന്ദ്രം. അവർ, അവരാൽ നിയമിക്കപ്പെടുന്ന മെത്രാപ്പോലീത്താമാർക്കും, മെത്രാപ്പോലീത്താമാർ അവരാൽ നിയമിക്കപ്പെടുന്ന വികാരിമാർക്കും വിതരണം ചെയ്യുന്നതായാണ് സഭയിലെ അധികാര കേന്ദ്രീകരണ/വികേന്ദ്രീകരണത്തെ കണക്കാക്കിയത്. എന്നാൽ വേദപുസ്തകപരമായി, തീരുമാനമെടുക്കാനുള്ള അധികാരം സഭയ്ക്കായിരുന്നു. യേറുശലേം സുന്നഹദോസ് തന്നെ ഉദാഹരണം.


ഈ റോമൻ ഭരണ സംവിധാനമാണ് പത്തൊമ്പതാം നൂറ്റാണ്ടിൽ മാർ യുയാക്കീം കൂറിലോസും, തുടർന്ന് പ. പത്രോസ് ത്രിതീയൻ പാത്രിയർക്കീസും പ്രചരിപ്പിച്ചത്. ഭരണഘടനാ നിർമാണ സമതിയിലെ എപ്പിസ്കോപ്പൽ പക്ഷപാതികൾ ഈ വികലമായ സഭാശാസ്ത്ര വിജ്ഞാനിയത്തിന്റെ തടവറയിലായിരുന്നു. അധികാരം എപ്പിസ്കോപ്പായിൽ കേന്ദ്രീകരിച്ച ഒരു ഭരണസംവിധാനമായിരുന്നു അവർ മുമ്പോട്ടുവച്ചത്. 1912-ൽ രൂപംകൊണ്ട മലങ്കരയിലെ കാതോലിക്കേറ്റ് ആയിരുന്നു എപ്പിസ്കോപ്പൽ പക്ഷപാതികളുടെ അധികാര പ്രാഭവകേന്ദ്രം. *മലങ്കര മെത്രാപ്പോലീത്താ* എന്ന പൂർവ്വിക *വേദതലവൻ* സ്ഥാനം നിർത്തൽ ചെയ്യണമെന്നായിരുന്നു അവരുടെ ആവശ്യം.

ജനാധിപത്യവാദികളാകട്ടെ ഇതംഗീകരിക്കാൻ തയ്യാറായില്ല. *ജാതിക്കു തലവനായ* മലങ്കര മെത്രാനിലും, *മലങ്കര പള്ളിയോഗ*ത്തിലും കേന്ദ്രീകരിച്ചുള്ള പൂർവ്വിക ഭരണസംവിധാനമായിരുന്നു അവർക്കു മുമ്പിലുണ്ടായിരുന്നത്.

ഈ ചരിത്രഗതിക്കിടയിൽ ഒരു നാണംകെട്ട ശതാബ്ദിയും ആരുമറിയാതെ കടന്നുപോയി. അത് 1911 മെയ് 31-ന് മലങ്കര മെത്രാപ്പോലീത്താ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമനെ, അബ്ദുള്ളാ ദ്വിതീയൻ അന്ത്യോഖ്യാ പാത്രിയർക്കീസ് നിയമവിരുദ്ധമായി മുടക്കിയതിന്റേതാണ്. താനും, മുൻഗാമി പത്രോസ് തൃതീയൻ പാത്രിയർക്കീസും ആഗ്രഹിച്ചതും, 1889-ലെ റോയൽ കോർട്ടുവിധി തട്ടിത്തെറിപ്പിച്ചതുമായ മലങ്കരയുടെ ലൗകീകാധികാരം പാത്രിയർക്കീസിനുണ്ടെന്ന് അംഗീകരിച്ച് രജിസ്റ്റർ ഉടമ്പടി നല്കാതിരുന്നതു മാത്രമായിരുന്നു ഈ മുടക്കിനു കാരണം. പിന്നീടുണ്ടായ വ്യവഹാരങ്ങളിൽ അമ്പേ പരാജയപ്പെട്ട ഈ നാണംകെട്ട മുടക്കിനേക്കുറിച്ച് ഓർക്കാൻ അതിന്റെ പ്രയോക്താക്കളുടെ പിൻഗാമിത്വം അവകാശപ്പെടുന്നവർപോലും ആഗ്രഹിക്കുന്നില്ലെന്നതാണ് സത്യം.

പൂർവ്വികമായ തങ്ങളുടെ ജനാധിപത്യാവകാശങ്ങളുടെ പ്രതീകമായിരുന്നു മലങ്കര മെത്രാൻ അവർക്ക്. 1912-ലെ കതോലിക്കേറ്റ് സ്ഥാപനത്തിനു മുഖ്യകാർമികത്വം വഹിച്ച അന്ത്യോഖ്യാ പാത്രിയർക്കീസ് തങ്ങളുടെ അവകാശവാദം അംഗീകരിച്ചിരുന്നു എന്നത് ഒരു പക്ഷേ ജനാധിപത്യവാദികളെ സ്വാധിനിച്ചിരിക്കാം. ഒന്നാം കാതോലിക്കായ്ക്ക് അദ്ദേഹം നൽകിയ സ്ഥാത്തിക്കോനിൽ, കാതോലിയ്ക്കായ്ക്കടുത്ത അധികാരങ്ങൾ പ്രയോഗിക്കുന്നത് - വി. മൂറോൻ കൂദാശ ചെയ്യാനും, മേല്പട്ടക്കാരെ വാഴിക്കുവാനും - *മലങ്കരമെത്രാൻ അധ്യക്ഷനായിരിക്കുന്ന സുന്നഹദോസിന്റെ നിർദ്ദേശപ്രകാരം* എന്നു പരിമിതപ്പെടുത്തിയിരുന്നു. മലങ്കര മെത്രാൻ അധ്യക്ഷനായ സുന്നഹദോസ്, അസോസിയേഷൻ മാനേജിംഗ് കമ്മറ്റി ആയിരുന്നു. ഇരുകൂട്ടരും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാതിരുന്നതിനെ തുടർന്ന് ഭരണഘടനാനിർമ്മാണസമതി രണ്ടായി പിളർന്നു.

ഈ സാഹചര്യത്തിൽ ഒരു സമവായം അനിവാര്യമായിരുന്നു. അതാണ് റാവുസാഹിബ് ഒ.എം.ചെറിയാന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയത്. ഇതനു



റാവുസാഹിബ് ഒ.എം.ചെറിയാൻ

സരിച്ച്, വിശ്വാസം, പട്ടത്വം, അച്ചടക്കം എന്നീ വിഷയങ്ങളിലുള്ള അധികാരം *മലങ്കര പള്ളിയോഗം* എപ്പിസ്കോപ്പൽ സുന്നഹദോസിനു വിട്ടുകൊടുത്തു. മറുവശത്ത്, പരമ്പരാഗതമായ മലങ്കര മെത്രാൻ സ്ഥാനം നിലനിർത്തി. പക്ഷേ കാതോലിക്കാ-മലങ്കര മെത്രാൻ സ്ഥാനങ്ങൾ ഒരേ വ്യക്തിയിൽ സംയോജിപ്പിച്ചു.

1934-ലെ ഭരണഘടന, ജനാധിപത്യം എപ്പിസ്ക്കോപ്പസിക്കു കീഴടങ്ങിയതാണെന്നും, അന്ന് എപ്പിസ്കോപ്പൽ വാദികൾ മുമ്പോട്ടുവച്ച നിർദ്ദേശങ്ങളായിരുന്നു മെച്ചമെന്നും മറ്റുമുള്ള ചർച്ചകൾ ഇന്നും സജീവമാണ്. പക്ഷേ മനസിലാക്കേണ്ട വസ്തുത, നിലവിലുള്ള

സഭാഭരണത്തിന്റെ ഏതാണ്ട് എല്ലാവശങ്ങളെയും സ്പർശിക്കുന്ന സമഗ്രമായ ഭരണഘടനയാണ് 1934-ലെ എം.ഡി. സെമിനാരി അസോസിയേഷൻ പാസാക്കിയ *മലങ്കര സഭാ ഭരണഘടന.*

സാഹചര്യങ്ങൾക്കും, നിയമവ്യവസ്ഥയ്ക്കും ഉള്ളിൽനിന്നു മാത്രമേ അന്ന് ഭരണഘടന പാസാക്കാനാവുമായിരുന്നുള്ളു. 1934-ൽ ഭരണഘടന പാസാക്കിയതുപോലും 1876-ലെ മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകളുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടായിരുന്നു. അതിൽ പാളിച്ചകളോ നോട്ടക്കുറവുകളോ ഉണ്ടാവുക സ്വാഭാവികം. 1950-ൽ പാസാക്കിയ ഇന്ത്യൻ ഭരണഘടനയിൽ - സമഗ്രവും ലോകത്തിലെ ഏറ്റവും മികച്ചവയിൽ ഒന്ന് എന്നു വിശേഷിക്കപ്പെടുന്നതുമായ - എത്ര ഭേദഗതികൾ ഇതുവരെ വന്നു എന്നുകൂടി ചിന്തിക്കണം. അതേപോലെ സഭാ ഭരണഘടന നടപ്പാക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും പാളിച്ചകൾ പറ്റിയിട്ടുണ്ട്. എന്നതും യാഥാർത്ഥ്യമാണ്. പ്രയോഗത്തിൽ മാത്രമേ അത്തരം ഭ്രംശനങ്ങൾ കണ്ടെത്താനും തിരുത്താനുമാവു.

എന്നാൽ 1934-ലെ ഭരണഘടന സമ്പൂർണ്ണമോ പഴുതുകൾ ഇല്ലാത്തതോ ആണെന്ന് ആരും അവകാശപ്പെടുന്നില്ല. ഉദാഹരണത്തിന്, *മെത്രാന്മാരുടെ ഏകനായകത്വത്തിന് എതിർശക്തിയായി* രൂപംകൊണ്ട മലങ്കര അസോസിയേഷൻ - 1653-ലും 1809-ലും മെത്രാന് കാര്യവിചാരകരെ നിയമിച്ച *മലങ്കര പള്ളിയോഗം* - പരാതികളും വിധികളും എങ്ങനെ കൈകാര്യം ചെയ്യണമെന്നു വ്യക്തമായി നിർദ്ദേശിച്ചില്ല. ഇക്കാര്യത്തിൽ വ്യക്തമായ ഒരു മാർഗ്ഗനിർദ്ദേശം കൊണ്ടുവന്ന 1853-ലെ *ചട്ടവരിയോല*യേക്കാൾ 1934-ലെ മലങ്കര സഭാ ഭരണഘടന പിന്നോക്കം പോയി എന്നു പറയേണ്ടിയിരിക്കുന്നു. 1876-1909 കാലത്തെ മാനേജിംഗ് കമ്മറ്റി തീരുമാനങ്ങളും ഈ വിഷയത്തിൽ പരിഗണിക്കപ്പെട്ടില്ല.

ഇതൊന്നും 1934-ലെ ഭരണഘടനയെ ദുർബലമാക്കുന്നില്ല. കാലാനുസ്രതമായ ഭേദഗതികളിലൂടെ, അടിസ്ഥാനതത്വങ്ങൾക്ക് വിരുദ്ധമാകാതെ, ഭേദഗതിവരുത്താൻ ഇന്നും *മലങ്കര പള്ളിയോഗ*ത്തിന് അവകാശമുണ്ട്. അത് ക്രിയാത്മകമായി യാഥാർത്ഥ്യ ബോധത്തോടെ ഉപയോഗിക്കണമെന്നുമാത്രം.

കാതോലിക്കേറ്റിലേക്കുള്ള പാത

മുകളിൽ പറഞ്ഞ ജൂബിലികളെല്ലാം കാതോലിക്കേറ്റിലേക്കുള്ള നസ്രാണികളുടെ പ്രയാണത്തിലെ ചുവടുവെയ്പ്പുകളാണ്. നസ്രാണികളുടെ സ്വയം നിർണയ പ്രക്രിയയിലെ ഒരു സുപ്രധാനവഴിത്തിരിവാണ് 1912-ലെ കാതോലിക്കേറ്റ് സ്ഥാപനം എന്ന കാഴ്ചപ്പാടോടെയാണ് ഇവയെ കണക്കാക്കേണ്ടത്.

സഭ, വിശ്വാസം മുതലായ പദപ്രയോഗങ്ങൾ ഒഴിവാക്കി, *ഒരു പ്രസ്ഥാനം* എന്ന നിലയിൽ കണ്ടാൽപ്പോലും മുക

ളിൽ പറഞ്ഞ ജൂബിലികൾ കാതോലിക്കേറ്റിലേക്കുള്ള പ്രയാണത്തിൽ സുപ്രധാന ഘടകങ്ങളാണ്. എങ്ങിനെയെന്നാൽ,

– ഏതു പ്രസ്ഥാനത്തിനും വ്യക്തമായ ഒരു അടിസ്ഥാന വിശ്വാസപ്രമാണം വേണം – അതാണ് 1686–ലെ ചെങ്ങന്നൂർ സുന്നഹദോസ് നൽകിയത്.

– ഏതു പ്രസ്ഥാനത്തിനും ഏകീകൃതമായ ഒരു ക്രിയാസംഹിത വേണം – അതിനാണ് 1809–ലെ *കണ്ടനാടു പടിയോല* ലക്ഷ്യമിട്ടത്.

– ഏതു പ്രസ്ഥാനത്തിനും തങ്ങളുടെ വ്യക്തിത്വം പ്രഖ്യാപിക്കേണ്ട ആവശ്യമുണ്ട്. – 1836–ലെ *മാവേലിക്കര പടിയോല* ചെയ്തത് ഈ വ്യക്തിത്വ-സ്വയംഭരണ-പ്രഖ്യാപനമാണ്.

– ഏതു പ്രസ്ഥാനത്തിനും തങ്ങളുടെ തത്വസംഹിത ജനങ്ങളിലെത്തിക്കേണ്ട ബാദ്ധ്യതയുണ്ട്. – 1811–ലെ വേദപുസ്തക പരിഭാഷയും, 1910–ലെ *പാമ്പാക്കുട നമസ്ക്കാരവും*, *നടപടിക്രമവും* ചെയ്തതും അതാണ്.

– ഏതു പ്രസ്ഥാനത്തിനും തങ്ങളുടേതായ ഒരു ഭരണസംവിധാനം അത്യന്താപേക്ഷിതമാണ് – 1912–ലെ കാതോലിക്കേറ്റ് സ്ഥാപനവും, 1934–ലെ ഭരണഘടനയും ചെയ്തതും അതാണ്.

മുകളിൽ പറഞ്ഞ ജൂബിലികളെല്ലാം കാതോലിക്കേറ്റിലേക്കുള്ള നസ്രാണികളുടെ പ്രയാണത്തിലെ ചുവടുവെയ്പ്പുകളാണ്.

ഇവിടെ ന്യായമായ ഒരു സംശയം ഉയരാം. 1934–ൽ പാസാക്കിയ സഭാഭരണഘടന എങ്ങിനെ 1912–ൽ സ്ഥാപിതമായ മലങ്കരയിലെ കാതോലിക്കേറ്റിലേയ്ക്കുള്ള ചവിട്ടുപടിയാകും. ഉത്തരം വളരെ ലളിതമാണ്. 1947–ൽ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചു എന്നത് കേവലം ബ്രിട്ടീഷ് സാമ്രാജ്യത്വം പിൻവാങ്ങി എന്നു മാത്രമാണ്. ബ്രിട്ടീഷുകാർ ഭരണം കയ്യടക്കുമ്പോൾ രണ്ടായിരത്തോളം നാട്ടുരാജ്യങ്ങളായരുന്നു ഇന്ത്യ. അത് അറുനൂറിൽ ചില്വാനം നാട്ടുരാജ്യങ്ങളും ഏതാനും ബ്രിട്ടീഷ് പ്രവിശ്യകളുമായി ചുരുങ്ങി എന്നതു മാത്രമായിരുന്നു വിത്യാസം. എന്നാൽ 1950–ൽ ഇന്ത്യൻ ഭരണഘടനപാസാക്കിയതോടെയാണ് ഇന്ത്യ എന്ന രാജ്യത്തിന് ക്ലിപ്തമായ ഒരു വ്യക്തിത്വം ലഭിച്ചത്.


അതേപോലെ, 1912–ൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചെങ്കിലും അതിനു നിയതമായ ഒരു രൂപം ലഭിക്കുന്നത് 1934–ലെ സഭാ ഭരണഘടനപ്രകാരമാണ്. അതുവരെ പ. അബ്ദൽ മ്ശീഹാ ദ്വിതീയൻ പാത്രിയർക്കീസിന്റെ സ്ഥാത്തിക്കോൻ മാത്രമായിരുന്നു കാതോലിക്കേറ്റിന്റെ വ്യക്തിത്വത്തിന്റെ ആധാരം.

Malankara Sabha: Between Mysticism and Reality

Some things cannot be understood through reason. Goethe the thinker and author, wrote that the mystical realm is beyond the secrets of nature and reason. Philosopher Albert Schweitzer said, "All deep thinking ends in the mystical."

In 2008, when Israel celebrated its 60th anniversary as a state, Israel Today reported: **"It is a modern-day miracle".** A people who lived 2,000 years in the dispersion returned to their original homeland.

On May 14th, 1948, Israel's first Prime Minister David Ben-Gurion declared independence. The fact that he was a pragmatist did not keep Ben-Gurion from believing in miracles. "He who does not believe in miracles is not a realist!" he quipped. For him, belief in miracles and a sense of reality were not a contradiction.




Israel's first Prime Minister **Ben-Gurion:**

"He who does not believe in miracles is not a realist!"

Israel observes its Independence Day on the 5th day of the Jewish month of Iyar every year. This year, the day fell on May 9th, calculated according to the ancient Jewish calendar.

St Thomas founded Malankara Church in AD 52. Our forefathers were vested with the authority under Christ for self-governance. During the course of history, the Church in India fell into oblivion. Our forefathers faced a miserable situation at the hands of Church leaders abroad who treated us like foreigners. Generations passed through tribulation before they could once again cherish spiritual liberty.




HH Baselios Marthoma Paulose I
The first Catholicos

Our pristine freedom was restored only on September 12, 1912 when the throne of Catholicose was erected in Malankara with full ecclesiastical powers. The enthronement was presided over by HH Patriarch Ignatius Abdul Messiah II. **This is indeed a miracle!** A people with almost 2000 years of history regained their Apostolic Rights!

- ***Team GM***



ജോർജിയൻ മിറർ ചീഫ് എഡിറ്റർ സ്ഥാനത്തുനിന്ന് വിരമിച്ച റവ. ഫാ. **ബിജു എബി മാത്യൂസിന്** ആശംസകൾ.



ജോർജിയൻ മിറർ ചീഫ് എഡിറ്ററായി ചുമതലയേറ്റ **റവ. ഫാ. കെ. വൈ. ചാക്കോയ്ക്ക്** ആശംസകൾ.

Proclaim the Year of the Lord's Favour

■ **Fr. Ninan K. George**

The Jubilee (Hebrew Yov-el) year is the year at the end of seven cycles of Sabbatical years (Hebrew *Shmita*), and according to Biblical regulations had a special impact on the ownership and management of land in the territory of the Kingdoms of Israel and of Judah; there is some debate whether it was the 49th year (the last year of seven sabbatical cycles, referred to as the Sabbath's Sabbath), or whether it was the following 50th year. The English term *Jubilee* derives from the Hebrew term *yobel* (via Latin *Jubilaeus*), which in turn derives from *yobhel*, meaning *ram*;[1] the Jubilee year was announced by a blast on an instrument made from a ram's horn called a shofar, during that year's Yom Kippur.[2]

J.P.Mallory and D.Q. Adams proposed an alternative etymology of the Latin jubilo (meaning *shout*, as well as Middle Irish ilach *victory cry*, New English yowl, Greek iuzo *shout*), being derived from the Proto-Indo-European root yu- *shout for joy*,[3] effectively making the Hebrew term a mere borrowing from neighboring Indo-European languages. The biblical rules concerning Sabbatical years (shmita) are still observed by many religious Jews in the state of Israel, but the regulations for the Jubilee year have not been observed for many centuries.

Jubilee (or "jubile," in the King James Bible) deals largely with land, property, and property rights. As with most cultures, the property rights regarding land, slaves and indentured servants was less absolute than for other property rights such as for tools and personal artifacts. As examples, in Leviticus, God is speaking to Moses:

Consecrate the fiftieth year and proclaim liberty throughout the land unto all the inhabitants thereof: it shall be a jubilee unto you - and you shall return every man unto his own clan, you shall return every man to his family. (Leviticus 25:10)

The land must not be sold permanently, for the land belongs to me. You are only foreigners, my tenant farmers. (Leviticus 25:23)

When the field reverts in the Jubilee year it shall become holy unto the LORD, as a field set apart; and it shall become owned by the priests." (Leviticus 27:21)

8 "Count off seven sabbaths of years—seven times seven years—so that the seven sabbaths of years amount to a period of forty-nine years.

9 Then have the trumpet sounded everywhere on the tenth day of the seventh month; on the Day of Atonement sound the trumpet throughout your land.

10 Consecrate the fiftieth year and proclaim liberty throughout the land to all its inhabitants. It shall be a jubilee for you; each one of you is to return to his family property and each to his own clan.

11 The fiftieth year shall be a jubilee for you; do not sow and do not reap what grows of itself or harvest the untended vines.

12 For it is a jubilee and is to be holy for you; eat only what is taken directly from the fields.

Leviticus 25:8-12 (NIV)

The biblical requirement is that the Jubilee year was to be treated like a Sabbatical year, with the land lying fallow, but also required the compulsory return of all property to its original owners or their heirs, except the houses of laymen within walled cities, in addition to the manumission of all Israelite indentured servants.

Biblical scholars argue that the Jubilee is an obvious development of the Sabbatical year. Rather than waiting for the 50th or 49th year, the Deuteronomic code requires that slaves be liberated during their 7th year of service, as does the Covenant Code, which some textual scholars regard as pre-dating the Holiness Code; the Book of Ezekiel, which some textual scholars also regard as earlier than the Holiness Code, refers to a *year of liberty*, during which property is returned to the original owner (or their heirs). Scholars suspect that the transfer of these regulations to 49th or 50th year was a deliberate attempt to parallel the fact that Shavuot is 50 days after Passover, and follows seven weeks of harvest.

> Man is not the sole owner of the soil, and he does not hold property in perpetuity but only under Almighty's trust.

According to the theories of Julius Wellhausen and others who have followed his approach, the Biblical chapters that contain the Jubilee and Sabbatical-year legislation (chapters 25 and 27 of Leviticus) were part of the so-called "P" or Priestly Code that represented the last stage in the development of Israel's religion. If Wellhausen's theories of the formation of the Biblical canon were to be accepted, it would mean that these chapters necessarily were written in a late exilic or post-exilic period.

Wellhausen's theory that the Jubilee and Sabbatical-year legislation was written in the exilic or post-exilic period, specifically after the time of Ezekiel, has always been challenged by scholars who have maintained the traditional position of Judaism and Christianity for the Mosaic authorship of Leviticus. Recently, however, the theories of Wellhausen and others who date the Jubilee and Sabbatical-year legislation to the exilic period or later have also been challenged by scholars who generally do not have a conservative view of the Scripture. Yehezekel Kaufmann has argued that the book of Ezekiel quotes from the Sabbatical and Jubilee legislation of the book of Leviticus, which must have been in existence before Ezekiel's writings.

The Bible says that the Jubilee existed because the land was the possession of Yahweh, and its current occupiers were merely aliens or tenants, and therefore the land shouldn't be sold *forever*; however, Midrashic sources argue that the jubilee was created to preserve the original division of land between the Israelites tribes, as evidenced by the rabbinical tradition that the Jubilee should not be imposed until the Israelites were in control of Canaan. The Bible also states that the Israelites were the servants of Yahweh, which classical rabbis took as justification for the manumission of indentured Israelite servants at the Jubilee, using the argument that no man should have two masters, and thus as the servants of Yahweh, the Israelites shouldn't also be the servants of men.

---

1. Peake's Commentary on the Bible
2. Leviticus 25: 9
3. Malory, J.P and Adams, D.Q (2006). The Oxford Introduction to Proto- Indo- European and the Proto-Indo-European world. New York: Oxford University Press, p. 363



പുലിക്കോട്ടിൽ തിരുമേനി കത്തോലിക്കാ *പുനരൈക്യം* ആഗ്രഹിച്ചിരുന്നുവോ?

■ ഡോ. സിബി തരകൻ


മലങ്കര ഓർത്തഡോക്സ് സഭയെ ആധുനിക കാലഘട്ടത്തിലേക്കു നയിക്കുകയും തന്റെ ദീർഘവീക്ഷണംകൊണ്ട് സഭയ്ക്ക് ആത്മീയവും ഭൗതികവുമായ കെട്ടുറപ്പും മൂലധനവും ഉണ്ടാക്കുകയും ചെയ്ത മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനി കാലംചെയ്തിട്ട് നൂറു വർഷം കഴിഞ്ഞിരിക്കുന്നു. 1909 ജൂലൈ 11 നാണു തിരുമേനി കാലം ചെയ്തത്. തിരുമേനിയുടെ ചരമശതാബ്ദി കഴിഞ്ഞ ഒരു വർഷമായി സഭ ആചരിക്കുകയായിരുന്നു.

രാജകീയ വിളംബരത്തിന്റെ പിന്തുണയോടെ മലങ്കര മെത്രാപ്പോലീത്തായായി മാത്യൂസ് മാർ അത്താനാസ്യോസ് സഭാ ഭരണം നടത്തിക്കൊണ്ടിരുന്ന കാലഘട്ടത്തിൽത്തന്നെ മെത്രാഭിഷിക്തനായ പുലിക്കോട്ടിൽ തിരുമേനിയുടെ ജീവിതം സംഭവബഹുലമായിരുന്നു. ഓർത്തഡോക്സ് സഭയിൽത്തന്നെ പ്രൊട്ടസ്റ്റന്റ് നവീകരണ ആശയങ്ങൾ സ്വീകരിച്ചിരുന്ന ഒരു വിഭാഗം, സഭയുടെ ആത്മീയവും ഭൗതികവുമായ അധികാരങ്ങൾ പിടിച്ചടക്കാൻ തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരുന്നപ്പോൾ, അവയ്ക്കെതിരെ ദൈവാശ്രയത്തോടെ പൊരുതി തിരുമേനി സഭയുടെ പാരമ്പര്യവും സ്വാതന്ത്ര്യവും കാത്തു പരിപാലിച്ചു.

പ്രൊട്ടസ്റ്റന്റ് നവീകരണ വിഭാഗവുമായി പല വിധത്തിലും മല്ലിട്ടുകൊണ്ടിരുന്ന കാലഘട്ടത്തിൽത്തന്നെ കത്തോലിക്കാ സഭയിലെ സുറിയാനി പാരമ്പര്യം പിന്തുടരുന്ന വിഭാഗവുമായി തിരുമേനി സഭൈക്യ സംബന്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. പുലിക്കോട്ടിൽ തിരുമേനിയും സുറിയാനി കത്തോലിക്കരുടെ വികാരി ജനറാളായിരുന്ന നിധീരിക്കൽ മാണിക്കത്തനാരും ചേർന്ന് സമാരംഭിച്ച 'നസ്രാണി ജാത്യൈക്യസംഘം' അതിന്റെ പ്രത്യക്ഷദൃഷ്ടാന്തമാണ്. എന്നാൽ 'സഭ ഐക്യ'മാണോ കത്തോലിക്കരുമായുള്ള '*പുനരൈക്യ*'മാണോ തിരുമേനി ലക്ഷ്യമിട്ടിരുന്നത് എന്നതിനെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്.

തിരുമേനി കത്തോലിക്കാ സഭയുമായി *പുനരൈക്യ*പ്പെടാൻ ആഗ്രഹിച്ചു എന്നു വാദിക്കുന്ന കത്തോലിക്കാ ചരിത്രകാരന്മാരെ അന്നും ഇന്നും കാണുവാൻ കഴിയും. എന്നാൽ എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചത് എന്നതിനെക്കുറിച്ച് വസ്തുനിഷ്ഠമായ ഒരന്വേഷണം തിരുമേനിയുടെ ചരമശതാബ്ദി വർഷത്തിലെങ്കിലും നടത്തേണ്ടതാണെന്നു തോന്നുന്നു.

പുലിക്കോട്ടിൽ തിരുമേനിയും നിധീരിക്കൽ മാണിക്കത്തനാരും സമുദായ പ്രമാണികളായിരുന്ന അക്കര കുര്യൻ റൈട്ടറും കണ്ടത്തിൽ വറുഗീസ് മാപ്പിളയും ചേർന്നു രൂപം നൽകിയ 'ജാത്യൈക്യസംഘം' ലോക സഭൈക്യ പ്രസ്ഥാനങ്ങൾക്കു തന്നെ മാതൃകയാക്കാവുന്ന ഒരു ഉദ്യമമായിരുന്നു. **പരസ്പരം സമ്പർക്കം പോലുമില്ലാതെ നൂറ്റാണ്ടുകളോളം അകന്നു കഴിഞ്ഞിരുന്ന പഴയകൂറ്റു സുറിയാനി ക്രിസ്ത്യാനികളെയും പുതിയ കൂറ്റു ക്രിസ്ത്യാനികളെയും ഒരു സംഘടനയുടെ തണലിൽ കൊണ്ടുവരുന്നതിനും തങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ സ്വത്വം നിലനിർത്തുന്നതിനുമുള്ള സംരംഭമായിരുന്നു 'ജാത്യൈക്യ സംഘം'.**



ഇരുവിഭാഗം സുറിയാനിക്കാരുടെയും സംയുക്ത ഉടമസ്ഥതയിൽ കോട്ടയത്ത് ഒരു മഹാ പാഠശാല (കോളജ്) ഉണ്ടാക്കണമെന്നുള്ളതും ജാത്യൈക്യ സംഘത്തിന്റെ പ്രധാന തീരുമാനങ്ങളിൽ ഒന്നായിരുന്നു. ഇതിനുവേണ്ടി 1889 ൽ സംഘത്തിന്റെ പേരിൽ 22 ഏക്കർ സ്ഥലം കോട്ടയത്ത് വാങ്ങി. ഇരുവിഭാഗവും അംഗീകരിച്ച ഒരു നിയമാവലിയും സംഘത്തിന് ഉണ്ടായി. എന്നാൽ കത്തോലിക്കാ സഭാനേതൃത്വത്തിന്റെ എതിർപ്പുകൊണ്ട് സംഘം പ്രവർത്തനരഹിതമായിത്തീർന്നു. എന്നാൽ 'ജാത്യൈക്യസംഘ' ത്തിനുവേണ്ടി വാങ്ങിയ 'വുഡ് ലാൻഡ് പ്രോപ്പർട്ടിയും' അതിലെ കെട്ടിടവും സഭയ്ക്കു ലഭിച്ചു. അവിടെയാണ് എം. ഡി. സെമിനാരി ഹൈസ്കൂളും ബസേലിയോസ് കോളജും മാർ ഏലിയാ കത്തീഡ്രലും എം.ഡി. കൊമേഴ്സ്യൽ സെന്ററും കോട്ടയം ഭദ്രാസന കേന്ദ്രവും ഇപ്പോൾ നിലകൊള്ളുന്നത്.

ലോക സഭൈക്യ പ്രസ്ഥാനങ്ങൾക്കു തന്നെ മാതൃകയാക്കാവുന്ന ഒരു ഉദ്യമമായിരുന്നു 'ജാത്യൈക്യസംഘം'

ജാത്യൈക്യസംഘ ത്തിന് പുലിക്കോട്ടിൽ തിരുമേനി നേതൃത്വം കൊടുത്തത് കത്തോലിക്കാ സഭയുമായി *പുനരൈക്യപ്പെടാൻ* വേണ്ടിയായിരുന്നു എന്ന മട്ടിലുള്ള വ്യാഖ്യാനങ്ങൾ ചില കത്തോലിക്കാ സഭാചരിത്രകാരന്മാർ നടത്തിയിട്ടുണ്ട്. മാണിക്കത്തനാരുടെ ഒരു ജീവചരിത്രം എഴുതിയ ഷെവ. വി.സി. ജോർജും കേരള കത്തോലിക്കാ കോൺഗ്രസിന്റെ നേതാവായ ജോൺ കച്ചിറമറ്റവും നടത്തിയിട്ടുള്ള പ്രസ്താവനകൾ ഇതിന് ഉദാഹരണമാണ്.

ജോൺ കച്ചിറമറ്റം ഇങ്ങനെ എഴുതുന്നു: "മാർത്തോമാ - യാക്കോബായ സഭകൾ തമ്മിലുള്ള കേസിൽ മാർ ദീവന്നാസ്യോസ് ജയിച്ചു. കേസിൽ തോറ്റാൽ തന്റെ പക്ഷത്തിന് സകലതും നഷ്ടപ്പെടുമെന്നും അപ്പോൾ കത്തോലിക്കാ സഭ ഒരു സങ്കേതമായിരിക്കട്ടെയെന്നും ദീവന്നാസ്യോസ് കണക്കുകൂട്ടിയാണ് ഈ ജാത്യൈക്യ സംഘത്തിൽ പ്രവർത്തിച്ചത്." *(നിധീരിക്കലച്ചനും ജാതൈക സംഘവും ധലേഖനം, കുറവിലങ്ങാട് മാർത്തമറിയം പള്ളിയുടെ ക്രൈസ്തവ പാരമ്പര്യം, 2009)* ജോൺ കച്ചിറമറ്റം ഇത്തരത്തിലൊരു നിഗമനത്തിൽ എത്തിച്ചേർന്നതിൽ അത്ഭുതമില്ല. കാരണം, ഈ ലേഖനം എഴുതുന്നതിന് അദ്ദേഹം വായിച്ച ഗ്രന്ഥം മാണിക്കത്തനാരെക്കുറിച്ച് 1950ൽ അന്നത്തെ കത്തോലിക്കാ കോൺഗ്രസിന്റെ ഒരു നേതാവായിരുന്ന ഷെവ. വി.സി. ജോർജ്

എഴുതിയ 'നിധീരി മാണിക്കത്തനാർ' എന്ന ജീവചരിത്രമാണ്. റോമൻ കത്തോലിക്കാ സഭയുടെ കേരളത്തിലെ പ്രതിനിധികളായി പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന കാലത്ത് ഉണ്ടായിരുന്ന വിദേശ മെത്രാൻമാരുടെ ചില കത്തുകളിലെ സൂചനകൾ മുൻനിർത്തിയാണ് ഷെവ. വി.സി. ജോർജ് *പുനരൈക്യവാദം* ഉയർത്തിയിട്ടുള്ളത്. ഒരു ജീവചരിത്രത്തിന്റെയോ ചരിത്രഗ്രന്ഥത്തിന്റെയോ ശാസ്ത്രീയത തീർത്തും പ്രകടിപ്പിക്കാത്ത പ്രസ്തുത ഗ്രന്ഥം ചില മുൻവിധികളാൽ നയിക്കപ്പെട്ട് എഴുതിയിട്ടുള്ളതാണ്. ഒരു സഭാ നേതാവിനെ സമൂഹമധ്യത്തിൽ താഴ്ത്തിക്കെട്ടി മറ്റൊരു

കത്തോലിക്കാ സഭയുമായുള്ള *പുനരൈക്യപ്പെടാനുള്ള* യാതൊരു സാധ്യതകളും 'ജാത്യൈക്യസംഘം' രൂപം കൊണ്ട 1882 – 1889 കാലഘട്ടത്തിൽ സഭയിലോ സമുദായത്തിലോ ഉണ്ടായിരുന്നില്ല

സഭാനേതാവിനെ ഉയർത്തിക്കാട്ടാനുള്ള അപഹാസ്യമായ ശ്രമമായേ വായനക്കാർക്ക് ഇത് അനുഭവപ്പെടുകയുള്ളൂ.

ഗോവയിലെ കത്തോലിക്കാ വിഭാഗത്തിൽ നിന്ന് ഓർത്തഡോക്സ് സഭയിൽ ചേർന്ന ഫാ. അൽവാറീസ് യൂലിയോസിന് മെത്രാൻ പട്ടം കൊടുത്തതിനെക്കുറിച്ചു പരാമർശിച്ചുകൊണ്ട് വി. സി. ജോർജ്ജ് ഇങ്ങനെ എഴുതുന്നു: "മലങ്കരയിലെ യാക്കോബായ മെത്രാപ്പോലീത്താ എന്ന നിലയിൽ അൽവാറിസ്, മാർ ദീവന്നാസ്യോസിനെയാണ് ആദ്യം സമീപിച്ചത്. ജാത്യൈക്യം, *പുനരൈക്യം* എന്ന വിവിധ പ്രസ്ഥാനങ്ങളിൽ ബദ്ധശ്രദ്ധനായിരുന്ന മാർ ദീവന്നാസ്യോസ് കത്തോലിക്കരായ തന്റെ മിത്രങ്ങളുടെ അപ്രീതി ഭയന്നായിരിക്കാം അൽവാറസിനു മെത്രാൻ പട്ടം കൊടുക്കാൻ വിസമ്മതിച്ചത്" (പുറം. 449). ഇവിടെ, പുലിക്കോട്ടിൽ തിരുമേനിയുടെ നേതൃത്വത്തിൽ ആരംഭിച്ച 'ജാത്യൈക്യസംഘ'ത്തെ, കത്തോലിക്കാ സഭയുമായി *പുനരൈക്യ*ത്തിനുള്ള ഉപാധിയെന്ന നിലയിലാണ് കാണുന്നത്. എന്നാൽ കത്തോലിക്കാ സഭയുമായുള്ള *പുനരൈക്യ*പ്പെടാനുള്ള യാതൊരു സാധ്യതകളും 'ജാത്യൈക്യസംഘം' രൂപംകൊണ്ട 1882–1889 കാലഘട്ടത്തിൽ സഭയിലോ സമുദായത്തിലോ ഉണ്ടായിരുന്നില്ല എന്നു ചരിത്രം പഠിച്ചാൽ മനസ്സിലാക്കാൻ സാധിക്കും.

നവീകരണ സുറിയാനിക്കാരുമായി പുലിക്കോട്ടിൽ തിരുമേനി വ്യവഹാരങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്ന കാലത്താണ് (1879–1889) ജാത്യൈക്യസംഘം ആരംഭിച്ചത് എന്നത് ഒരു ചരിത്ര യാഥാർത്ഥ്യമാണ്. എന്നാൽ ഈ കാലഘട്ടത്തിൽ തന്നെയാണ് പഴയ സെമിനാരി കേസിൽ സഭയ്ക്ക് അനുകൂലമായ കോടതി വിധികൾ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്നത്. 1054 (1879) കുംഭമാസത്തിൽ ആലപ്പുഴ സിവിൽ കോടതിയിൽ ഫയൽ ചെയ്ത കേസിന് 1059 (1884) മിഥുനം 16 ന് അനുകൂല വിധിയുണ്ടായതായി ഇ.എം.ഫിലിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് (മലങ്കര സഭയുടെ രഹസ്യപേടകം, 1955). പിന്നീട് ഹൈക്കോടതിയിൽ ആരംഭിച്ച അപ്പീൽ കേസിന് 1061 (1886) തുലാം 20 ന് അനുകൂല വിധി ലഭിച്ചു. ഹൈക്കോർട്ട് വിധിയിൻമേൽ നവീകരണ വിഭാഗം റോയൽ കോർട്ടിൽ അപ്പീൽ ചെയ്തെങ്കിലും 1064 (1889) മിഥുനം 30 ന് കീഴ്ക്കോടതി വിധി സ്ഥിരപ്പെടുത്തിക്കൊണ്ട് അനുകൂല വിധി ലഭിച്ചു. ഇത്തരത്തിൽ



നിധിരി മാണികത്തനാർ

സഭയ്ക്ക് അനുകൂലമായ വിധികൾ തുടരെ ഉണ്ടായിക്കൊണ്ടിരുന്ന ഒരു കാലഘട്ടത്തിൽ കത്തോലിക്കാ സഭയിൽ ചേർന്നുകളയാം എന്നു പുലിക്കോട്ടിൽ തിരുമേനി ആലോചിച്ചു എന്നു കരുതുന്നത് മൗഢ്യമാണ്.

എന്നാൽ പുലിക്കോട്ടിൽ തിരുമേനി നേതൃത്വം നൽകിയ മലങ്കര ഓർത്തഡോക്സ് സഭയെ കത്തോലിക്കാ സഭയുടെ ഭാഗമാക്കണം എന്നുള്ള ഗൂഢമായ ഉദ്ദേശം കത്തോലിക്കാസഭാ നേതൃത്വത്തിന് ഉണ്ടായിരുന്നു എന്നതിൽ സംശയമില്ല. ജാത്യൈക്യസംഘത്തിലൂടെയുള്ള പ്രവർത്തനങ്ങൾ അതിനു മുഖാന്തിരമായിത്തീരും എന്നു മാണികത്തനാരും കരുതിയിരുന്നു എന്നതിന് തെളിവുകളുണ്ട്. എന്നാൽ പുലിക്കോട്ടിൽ തിരുമേനി ആ 'കുഴിയിൽ' വീണില്ല എന്നതാണ് സത്യം.




മാർ ഏലിയാ കതീഡ്രൽ

1888 ജനുവരി 14 ന് പൂർവ്വേന്ത്യയുടെ ദലഗാദ് അപ്പസ്തോലിക്കാ അന്ത്രെയാ അക്രീദാ മെത്രാപ്പോലീത്താ ഊട്ടിയിൽ നിന്ന് മാണികത്തനാർക്ക് അയച്ച ഒരു കത്തിൽ ഇങ്ങനെ പറയുന്നു: "......മലയാളത്തിലേക്കു വരുമ്പോൾ തീർച്ചയായും മാർ ദീവന്നാസ്യോസിനെ കാണുന്നതിൽ എനിക്കു സന്തോഷമുണ്ട്. നിങ്ങൾ പറയുന്നതുപോലെ അദ്ദേഹം എന്നെ സന്ദർശിക്കുവാൻ കാത്തിരിക്കയാണല്ലോ. ആ സന്ദർശനം തീർച്ചയായും എനിക്ക് അത്യധികം ആനന്ദപ്രദമായിരിക്കും. പരിശുദ്ധമാതാവായ സഭയുടെ മടിയിലേക്ക് യാക്കോബായക്കാർ കൂടെ തിരിച്ചുവരുന്നതിന് സംഗതിയായാലുള്ള അവസ്ഥ എത്ര ആഹ്ലാദകരമായിരിക്കും! ഏതുകാര്യത്തിനാവശ്യമായ സകല അധികാരങ്ങളും പരിശുദ്ധ സിംഹാസനത്തിൽ നിന്ന് എനിക്കു ദത്തമായിട്ടുണ്ടെന്നു താങ്കൾ അനുസ്മരിക്കുന്നത് അധികം നന്നായിരിക്കുമല്ലോ" (വി.സി. ജോർജ്, പുറം. 402). ഈ കത്തിൽ പരാമർശിച്ചതു പോലെ പുലിക്കോട്ടിൽ തിരുമേനിയും ദലഗാദ് അപ്പസ്തോലിക്കയും തമ്മിലുള്ള കൂടിക്കാഴ്ച ഊട്ടിയിൽ വച്ച് നടന്നു എന്നാണ് 1888 മെയ് 21 നു മാണി കത്തനാർക്കു ലഭിച്ച ഒരു കത്തിൽ നിന്നു മനസ്സിലാവുന്നത്. ആ സന്ദർശനത്തിൽ മാണികത്തനാരും അദ്ദേഹത്തെ അനുഗമിച്ചിരുന്നു എന്നതിന് സൂചനകളുണ്ട്. എന്നാൽ അവർ അവിടെ ചർച്ച ചെയ്തത് കത്തോലിക്കാ സഭയുമായുള്ള *പുനരൈക്യ*മായിരുന്നു എന്നത് വെറും ഊഹാപോഹം മാത്രമാണ്. അത് എന്തായിരുന്നു എന്നു കൃത്യമായി പറയാൻ രേഖകളില്ല. എന്നാൽ മെയ് 21 ലെ കത്തിൽ, സന്ദർശനം

കഴിഞ്ഞ് തിരികെ പോന്നതിനു ശേഷം മാർപാപ്പയ്ക്ക് പുലിക്കോട്ടിൽ തിരുമേനി ഒരു സന്ദേശം അയയ്ക്കാമെന്നു വാഗ്ദാനം ചെയ്തിരുന്നതായി പറയുന്നുണ്ട്. ദലഗാദപ്പോസ്തോലിക്കാ ഇങ്ങനെ എഴുതുന്നു: "ഊട്ടക്കമണ്ടിൽ നിന്നു മടങ്ങിപ്പോകുന്നതിനു മുമ്പ് മാർ ദീവന്നാസ്യോസ് അദ്ദേഹത്തിന്റെ ഒരു സന്ദേശം ഞാൻ പരിശുദ്ധ പിതാവിനയച്ചുകൊടുക്കണമെന്ന് എന്നോട് അപേക്ഷിക്കുകയും താൻ കേരളത്തിൽ തിരിച്ചെത്തിയാലുടൻ തന്നെ അപ്രകാരമുള്ള ഒരു ലേഖനം ഇങ്ങോട്ടയയ്ക്കുമെന്ന് ഉറപ്പുപറകയും ചെയ്തുവല്ലോ. എന്നാൽ ഇതുവരെ യാതൊരു സന്ദേശവും എനിക്കു കിട്ടിയിട്ടില്ല. ആസന്നമായ ഈ എഴുത്തിന്റെ കാര്യം ഞാൻ പരിശുദ്ധ പിതാവിനെ അറിയിച്ചു കഴിഞ്ഞിരിക്കയാൽ ഇനിയും താമസം കൂടാതെ മാർ ദീവന്നാസ്യോസ് അത് എന്റെ പേർക്ക് അയച്ചുതരുന്നത് സൗകര്യപ്രദമായിരിക്കും (പുറം. 405). ജൂലൈ 25 ന് അദ്ദേഹം മാണികത്തനാർക്ക് എഴുതിയ കത്തിലും ഇക്കാര്യം ആവർത്തിക്കുന്നുണ്ട്. "........പരിശുദ്ധ പിതാവിന് സന്ദേശം അയയ്ക്കുന്നതു സംബന്ധിച്ച് അദ്ദേഹത്തിന് വല്ല ഭയവുമുണ്ടോ? അദ്ദേഹം എന്തിന് അമാന്തിക്കുന്നു? പ്രസ്തുത സന്ദേശം പരിശുദ്ധ പിതാവിന് ഏറ്റവും ആനന്ദപ്രദമായിരിക്കുമെന്നുള്ളത് ഒരുപക്ഷേ അദ്ദേഹം അറിയുന്നില്ലെന്നു വരുമോ?

പുലിക്കോട്ടിൽ തിരുമേനി മാർ പാപ്പായ്ക്ക് അയച്ച കത്തിൽ *പുനരൈക്യ*ത്തെക്കുറിച്ചു യാതൊന്നും പറയുന്നില്ല എന്നു മാത്രമല്ല ഇരുസഭകളും സഹകരിച്ച് ഐക്യത്തോടെ പ്രവർത്തിക്കേണ്ട ഏതാനും മേഖലകളെക്കുറിച്ചു വ്യക്തമായി പറയുകയും ചെയ്യുന്നു.



കണ്ടത്തിൽ വർഗീസ് മാപ്പിള



അക്കര കുര്യൻ റൈട്ടർ

പ്രസ്തുത സന്ദേശത്തിൽ എത്രമാത്രം ഭക്തിയും വിശ്വാസവും പുത്രസ്നേഹവും സ്ഫുരിക്കുമോ അത്രമാത്രം അത് പരിശുദ്ധ പിതാവിന് ആനന്ദപ്രദവും സ്വീകാര്യവും ആയിരിക്കുമെന്നു മാർ ദീവന്നാസ്യോസിന് ഉറപ്പുനൽകുക. അദ്ദേഹത്തിന് ആഗ്രഹമുള്ളതെല്ലാം ചോദിക്കട്ടെ. അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ കഴിയുന്നത്ര സാധിച്ചുകൊടുക്കുന്നതിനു ഞാൻ വീണ്ടും അത്യുൽസാഹവും ചെയ്തു കൊള്ളാം. ആകയാൽ അദ്ദേഹത്തെ ഉത്സാഹിപ്പിക്കുകയും അദ്ദേഹത്തിന് ധൈര്യം നൽകുകയും ചെയ്യുക". (പുറം. 404).

ഈ കത്തുകളിലെ സൂചനകൾ ലക്ഷ്യമാക്കിക്കൊണ്ട് വി.സി. ജോർജ് ഇങ്ങനെഎഴുതുന്നു:"കേരളത്തിലെ യാക്കോബായ സുറിയാനിക്കാരെ പരിശുദ്ധ സിംഹാസനവുമായി രഞ്ജിപ്പിക്കുന്നതിലേക്ക് ആവശ്യമായ ചില പദ്ധതികൾ മോൺ സിഞ്ഞോർ അകുത്തിയും നീധീരിക്കൽ മാണിയച്ചനും ആലോചിക്കുമായിരുന്നു എന്നും മാർ ദീവന്നാസ്യോസിനും ഈ ആലോചനകളിൽ അനുഭാവമുണ്ടായിരുന്നുവെന്നും മേലുദ്ധരിച്ച കത്തിലെ വരികൾക്കിടയിൽ കൂടി ആർക്കും വായിച്ചു ഗ്രഹിക്കാൻ സാധിക്കുന്നതാണ്" (പുറം.406). എന്നാൽ പുലിക്കോട്ടിൽ തിരുമേനിക്ക് ഈ ആലോചനകളിൽ എന്തെങ്കിലും അനുഭാവമുണ്ടായിരുന്നു എന്നതിന് യാതൊരു തെളിവും ഹാജരാക്കാൻ അദ്ദേഹത്തിനു സാധിക്കുന്നില്ല. 1888 ആഗസ്റ്റ് 11ന് പുലിക്കോട്ടിൽ തിരുമേനി ലിയോ പതിമൂന്നാമൻ മാർപാപ്പായ്ക്ക് ഒരു കത്ത് എഴുതിയതായി അദ്ദേഹം സമ്മതിക്കുന്നുണ്ട്. എന്നാൽ അപ്രധാനങ്ങളായ പല കത്തുകളും പൂർണ്ണരൂപത്തിൽ തന്റെ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുള്ള വി.സി. ജോർജ് പുലിക്കോട്ടിൽ തിരുമേനി മാർപാപ്പയ്ക്ക് എഴുതിയ കത്ത് പൂർണ്ണമായി ഉദ്ധരിക്കാൻ കൂട്ടാക്കിയിട്ടില്ല. ആ കത്ത് മല പ്രസവിച്ച എലിയായിട്ടാണ് മാർ ദീവന്നാസ്യോസിന്റെ കത്തോലിക്കാ സഭാ പ്രവേശനം പ്രതീക്ഷിച്ചിരുന്ന സുഹൃത്തുക്കൾക്ക് അനുഭവപ്പെട്ടത്"എന്ന് വളരെ ദുഃഖത്തോടെ അദ്ദേഹം എഴുതുന്നു.


ഈ സംഭവവികാസങ്ങളൊക്കെ നടക്കുമ്പോൾ പഴയസെമിനാരി കേസ് അതിന്റെ മൂർദ്ധന്യത്തിലായിരുന്നു എന്ന് ഓർക്കേണ്ടതുണ്ട്. 1889 മിഥുനം 30 നു മാത്രമാണ് ഇതിന്മേൽ അന്തിമ വിധി ഉണ്ടാകുന്നതും നവീകരണ സുറിയാനിക്കാർ ഒരു പ്രത്യേക സഭയായി മാറിപ്പോകുന്നതും. അതുകൊണ്ട് കേസിൽ തോറ്റാൽ ഒരു പിടിവള്ളിയായിട്ടാണ് 'ജാത്യൈക്യസംഘ' ത്തെ തിരുമേനി കണ്ടിരുന്നത് എന്ന ജോൺ കച്ചിറമറ്റത്തിന്റെ പ്രസ്താവന ചരിത്രപരമായി അടിസ്ഥാനരഹിതമാണ് എന്നു തെളിയുന്നു.

പുലിക്കോട്ടിൽ തിരുമേനി മാർ പാപ്പായ്ക്ക് അയച്ച കത്തിൽ *പുനരൈക്യ*ത്തെക്കുറിച്ചു യാതൊന്നും പറയുന്നില്ല എന്നു മാത്രമല്ല ഇരുസഭകളും സഹകരിച്ച് ഐക്യത്തോടെ പ്രവർത്തിക്കേണ്ട ഏതാനും മേഖലകളെക്കുറിച്ചു വ്യക്തമായി പറയുകയും ചെയ്യുന്നു. സഭയിൽ ഉണ്ടായ വ്യവഹാരങ്ങളുടെ കാര്യകാരണങ്ങളെപ്പറ്റിയും തിരുമേനിയും മാണിക്കത്തനാരും ചേർന്ന 'പൂർവ്വിക വിശ്വാസത്തിന്റെ പരിരക്ഷണ'ത്തിനായി സ്ഥാപിച്ച 'ജാത്യൈക്യസംഘ'ത്തെക്കുറിച്ചും അതിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ച മഹാപാഠശാലയെക്കുറിച്ചും കത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇരുവിഭാഗങ്ങളും ചേർന്ന് കോട്ടയത്ത് സ്ഥാപിക്കാൻ ആഗ്രഹിച്ച മഹാപാഠശാലയോടു കോട്ടയം വികാരി അപ്പസ്തോലിക്കയായി ആയിടെ നിയമിതനായ ഡോ. ചാൾസ് ലവീഞ്ഞ് അനുകൂലമല്ല എന്നും കത്തിൽ സൂചിപ്പിച്ചിരിക്കുന്നു.

ഇതെല്ലാംകൂടി ചേർത്തുവായിച്ചാൽ പുലിക്കോട്ടിൽ തിരുമേനി ആഗ്രഹിച്ചത് കത്തോലിക്കാ സഭയുമായുള്ള *പുനരൈക്യം* അല്ലെന്നും വ്യക്തമായ അതിർവരമ്പുകൾ ഇട്ടുകൊണ്ടുതന്നെ കേരളത്തിലെ സുറിയാനി കത്തോലിക്കാ സഹോദരങ്ങളുമായുള്ള സഹകരണവും ഐക്യമനോഭാവത്തോടെയുള്ള പ്രവർത്തനങ്ങളുമായിരുന്നു എന്നു മനസ്സിലാക്കാം.

വിശ്വാസത്തിൽ സ്ഥിതഃപ്രജ്ഞനായിരുന്ന പുലിക്കോട്ടിൽ തിരുമേനി *പുനരൈക്യ*ത്തിന്റെയല്ല സഭൈക്യത്തിന്റെ ശക്തനായ വക്താവായിരുന്നു.

(ലേഖകൻ റൂറൽ ഡെവലപ്മെന്റ് വകുപ്പ് ഉദ്യോഗസ്ഥനാണ്. ബാംഗ്ലൂർ എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്ററിന്റെ അസി. ഡയറക്ടറായിരുന്നു)



വി. കുർബാന ഒരുപഠനം

■ പ്രൊഫ. തോമസ് പി. വർഗ്ഗീസ്

അഞ്ചാം തുബ്ദേനിൽ ഓർത്ത് പ്രാർത്ഥിക്കുന്ന സഭാ പിതാക്കന്മാരെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം


അഞ്ചാം തുബ്ദേന്റെ ആദ്യഭാഗത്ത് ഓർത്തഡോക്സ് സത്യവിശ്വാസത്തിന് അടിസ്ഥാനമിട്ട മൂന്നു സാർവ്വത്രിക സുന്നഹദോസുകളെക്കുറിച്ചുള്ള പഠനം കഴിഞ്ഞ ലക്കത്തിൽ (Ref. April - June 2011) നടത്തിയിരുന്നു. രണ്ടാം ഭാഗത്ത് സഭയുടെ സത്യവിശ്വാസത്തെ അഭംഗുരം കാത്തുസൂക്ഷിക്കുവാൻ അനവരതം യത്നിച്ച ഏതാണ്ട് ഇരുപത്തിയാറ് പരിശുദ്ധ പിതാക്കന്മാരെ ഓർത്ത് പ്രാർത്ഥിച്ചു മദ്ധ്യസ്ഥത അപേക്ഷിക്കുന്നു. വി. കുർബാനയിൽ സംബന്ധിക്കുന്ന വിശ്വാസികൾ ഈ സഭാപിതാക്കന്മാരുടെ പേരുകൾ വർഷങ്ങളായി കേൾക്കുന്നതാണ്. എന്നാൽ ഇവിടെ ഓർക്കുന്ന പിതാക്കന്മാരുടെ അതേ പേരിൽ തന്നെ പല പിതാക്കന്മാരും ഈ സഭയിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് അഞ്ചാം തുബ്ദേനിൽ ഓർക്കുന്ന പിതാക്കന്മാർ ആരൊക്കെ? അവർ ഏതു കാലഘട്ടത്തിൽ ജീവിച്ചിരുന്നു? അവരുടെ സംഭാവന എന്ത് എന്നിവയെക്കുറിച്ചുള്ള ഒരു ചെറിയ വിവരണം ആവശ്യമെന്നു തോന്നുന്നു.

(1) മാർ യാക്കോബ് (എ.ഡി. 62)



കർത്താവിന്റെ സഹോദരനും യെരുശലേം സഭയുടെ അദ്ധ്യക്ഷനുമായിരുന്ന മാർ യാക്കോബ് യഹൂദാ ക്രിസ്ത്യാനികൾ ഉയർത്തിയ പരിച്ഛേദന വാദത്തിനു പരിഹാരം കാണാൻ യരുശലേമിൽ സമ്മേളിച്ച പ്രഥമയോഗത്തിന്റെ അദ്ധ്യക്ഷനായിരുന്നു. ഈ യാ ക്കോബ് ശ്ലീഹായാണു ആദ്യത്തെ വി. കുർബാനതക്സാ രൂപീകരിച്ചതും സെഹിയോൻ മാളികയിൽ വച്ച് ആദ്യമായി വി. കുർബാന അർപ്പിച്ചതും. പ്രാർത്ഥനയിലെ കുമ്പിടീലിന്റെ ആധിക്യം കാരണം അദ്ദേഹത്തിന്റെ കാൽമുട്ടുകളിൽ ഒട്ടകത്തിന്റെ ജീനിപോലെ തഴമ്പുണ്ടായിരുന്നു. അപ്പോസ്തോലന്മാരിൽ ആദ്യത്തെ രക്തസാക്ഷി യാക്കോബ് (62) ആയിരുന്നു.

(2) മാർ ഇഗ്നാത്തിയോസ്സ് (എ.ഡി. 110)



അന്ത്യോക്യയിലെ മെത്രാപ്പോലീത്ത ആയിരുന്ന ഇദ്ദേഹം ശ്ലീഹന്മാരുടെ കൈകളിൽ നിന്നു കൈവയ്പ് ലഭിച്ച പിതാവാണ്. റോമാ ചക്രവർത്തിയായ ഡോമീഷ്യന്റെ അതിക്രൂരമായ പീഡനകാലത്ത് വിശ്വാസികളെ രക്ഷിക്കുവാൻ പ്രാർത്ഥന, ഉപവാസം, എന്നിവയിലൂടെ ശ്രമിച്ചു. വി. മാമോദീസാ, വിവാഹം, മാതാവിന്റെ കന്യാത്വം, സഭയുടെ ഘടന എന്നിവയെക്കുറിച്ച് ലേഖനങ്ങൾ രചിച്ചിട്ടുണ്ട്. അവസാനം ക്രിസ്തുവിനു വേണ്ടി രക്തസാക്ഷിയായി.

(3) റോമിലെ ക്ലീമീസ് (എ.ഡി. 101)

വി. ക്ലീമ്മീസ് വി. പത്രോസിന്റെ മൂന്നാമത്തെ പിൻഗാമിയും റോമിലെ നാലാമത്തെ മെത്രാപ്പോലീത്തായും ആയിരുന്നു. ആചാര്യത്വം, കൂദാശകൾ എന്നിവയെക്കുറിച്ച് ലേഖനം വഴിയായി വിശ്വാസികളെ പഠിപ്പിച്ചു, എ.ഡി. 101 ൽ ചക്രവർത്തി ട്രാജന്റെ മത പീഡനത്തിൽ രക്തസാക്ഷിയായി മരണം വരിച്ചു.


(4) മാർ ദിവന്നാസിയോസ് (എ.ഡി. 264)

ഇവിടെ രണ്ടു പിതാക്കന്മാരെയാണ് സ്മരിക്കുന്നത്. ഒന്ന്, മഹാനായ ദിവന്നാസ്യോസ് എന്നറിയപ്പെടുന്ന ഇദ്ദേഹം ഓറിഗന്റെ ശിഷ്യനും അലക്സാണ്ട്രിയയിലെ വിദ്യാപീഠത്തിലെ പ്രധാനഗുരുവും മെത്രാനുമായിരുന്നു. സമ്പന്നമായ ആ ക്രൈസ്തവ കുടുംബത്തിൽ ജനിച്ച ഇദ്ദേഹം ഓറിഗന്റെ പ്രേരണയാലാണ് ക്രൈസ്തവനായത്. റോമിൽ സമാന്തര ബിഷപ്പായി പ്രവർത്തിച്ച നൊവേഷ്യനെ അതിൽ നിന്നു പിന്തിരിപ്പിക്കാൻ ദിവന്നാസ്യോസ് ശ്രമിച്ചു. വി. ത്രിത്വവിശ്വാസം വിശകലനം ചെയ്തപ്പോൾ, പുത്രൻ നിത്യനായി പിതാവിനോടുകൂടെ ഉള്ളവനാണ് എന്നു സ്ഥാപിക്കുവാൻ ദിവന്നാസോസ് തന്റെ തൂലിക ഉപയോഗിച്ചു. ഡീഷ്യസിന്റെയും വലെറിയാന്റെയും പീഡനകാലത്ത് ഈജിപ്തിലെ സഭയെ ഇദ്ദേഹം സമർത്ഥമായി നയിച്ചു. ദിവന്നാസ്യോസിന്റെ കൃതികളിൽ രണ്ടു കത്തുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

രണ്ട്, ദിവന്ന്യസോസ് അപയോപഗെറ്റ് (500) എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന ഈ വേദശാസ്ത്രജ്ഞൻ ആറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്നു. ഇദ്ദേഹം കൽക്കദോന്യ വിരുദ്ധനായ ഒരു പിതാവായിരിക്കാനാണ് സാധ്യത. ആതൻസിലെ അരയോപഗ സ്ഥാനിയായ ദിവന്നാസ്യോസിന്റെ പേരാണ് ഇദ്ദേഹം സ്വീകരിച്ചത്. ഇദ്ദേഹത്തിന്റെ കൃതികളിൽ മിസ്റ്റിക്കൽ വേദശാസ്ത്രം ശ്രദ്ധേയമാണ്. നാലുഗ്രന്ഥങ്ങളും പത്തോളം ലേഖനങ്ങളും ഇന്നു ലഭ്യമാണ്. ഇദ്ദേഹത്തിന്റെ എക്ളിസിയാസ്റ്റിക്കൽ ഹയറാക്കി കൂദാശകളുടെ വേദശാസ്ത്രത്തേപ്പറ്റിയുള്ളതാണ്. വി. കുർബാനയെ കൂദാശകളുടെ കൂദാശ (Pefection of the perfections) എന്നാണദ്ദേഹം വിളിച്ചത്

(5) മാർ അത്താനാസ്യോസ് (എ.ഡി. 373)

ഒരു ശെമ്മാശനായിരിക്കുമ്പോൾ തന്നെ എ.ഡി. 325 ൽ കൂടിയ നിഖ്യസുന്നഹദോസിൽ അറിയൂസിന്റെ വേദവിപരീതത്തിനെതിരെ ആഞ്ഞടിച്ചത് അത്താനാസ്യോസ് ആണ്. "സഭയുടെ തൂണ്" Pillar of the Church എന്നാണ് നാൻസിയാൻസിലെ മാർ ഗ്രീഗോറിയോസ് ഇദ്ദേഹത്തെ വിശേഷിപ്പിച്ചത്. പിന്നീട് അദ്ദേഹം അലക്സാണ്ട്രിയായിലെ ബിഷപ്പായി. ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അന്തോണിയോസിന്റെ ജീവചരിത്രം, ആത്മാവ്, ശരീരം, പിശാച്, പരിശുദ്ധാത്മാവ് എന്നിവ ലേഖനങ്ങളിൽ ചിലതു മാത്രമാണ്.



(6) മാർ യൂലിയോസ് (എ.ഡി. 352)

എ.ഡി. 333 ൽ റോമാ സഭയുടെ മേലദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട റോമിലെ മേൽപ്പട്ടക്കാരനായിരുന്നു. നിഖ്യാ വിശ്വാസപ്രമാണങ്ങൾ മുറുകെപ്പിടിച്ച ഒരു പണ്ഡിതനായിരുന്നു. ഒരു കുർബാനതക്സായും വിലയേറിയ രണ്ടു ലേഖനങ്ങളും എഴുതിയിട്ടുണ്ട്.

(7) വലിയ മാർ ബസ്സേലിയോസ് (എ.ഡി. 375)

കപ്പദോക്യൻ പിതാക്കന്മാരിൽ കാരണവരും സന്യാസപ്രസ്ഥാനത്തോടൊപ്പം സാമൂഹ്യ പ്രവർത്തനം നടത്തിയിട്ടുള്ള നിസ്സായിലെ വി. ബസ്സോലിയോസ്, പൗരസ്ത്യ ഗ്രീക്ക് സഭാ പാരമ്പര്യത്തിന്റെ ആദ്യത്തെ സന്യാസ പിതാവാണ്. കൈസറിയായിലെ മേൽപ്പട്ടക്കാരൻ ആയിരുന്നു. കപ്പദ്യോക്യ മുഴുവൻ വ്യാപിച്ച ഒരു സേവനശൃംഖല അദ്ദേഹം സ്ഥാപി ച്ചു. അതിന്റെ ആഭിമുഖ്യത്തിൽ, ആശുപത്രികൾ, വഴിയമ്പലങ്ങൾ, ധർമ്മശാലകൾ, തൊഴിൽ ശാലകൾ എന്നിവ ആരംഭിച്ചു. അറിയൂസിന്റെ വേദവിപരീതത്തിനെതിരായി സധൈര്യം പോരാടിയ വീരനായിരുന്നു വി. ബസേലിയോസ്. നിസ്സായിലെ മാർ ഗ്രീഗോറിയോസ് സഹോദരനും വി. മക്രീനാ സഹോദരിയുമായിരുന്നു.

(8) ഗ്രീഗോറിയോസ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന രണ്ടു പിതാക്കന്മാർ ഉണ്ടായിരുന്നു. ഒന്ന്, നിസ്സായിലെ വലിയ ബസേലിയോസ്സിന്റെ സഹോദരനായ നിസ്സായിലെ മാർ ഗ്രീഗോറിയോസും (എ.ഡി.395), രണ്ട്, നാസിയാൻസിലെ മാർ ഗ്രീഗോറിയോസും (എ.ഡി. 389) ആണ്. ഇവർ രണ്ടു പേരാണ് വലിയ മാർ ബസേലിയോസ് കഴിഞ്ഞാലുള്ള കപ്പദ്യോക്യൻ പിതാക്കന്മാർ. നിസ്സായിലെ ഗ്രീഗോറിയോസിന്റെ കൃതികൾ വേദവ്യാഖ്യാനപരം, വിശ്വാസ സമർത്ഥനപരം, ആദ്ധ്യാത്മികവും സന്യാസപരവും ആയ എഴുത്തുകൾ, പ്രഭാഷണങ്ങൾ എന്നീ ഗണത്തിൽപെടുന്നു. നാസിയാൻസിലെ ഗ്രീഗോറിയോസിനെ ദൈവശാസ്ത്രജ്ഞൻ എന്നാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ കൃതികൾ പ്രധാനമായും ദൈവശാസ്ത്രപരം, കത്തുകൾ, കവിതകൾ, അറിയൂസിനെതിരായ ദൈവശാസ്ത്ര പ്രഭാഷണങ്ങൾ എന്നിവയാണ്.



കപ്പദോക്യൻ പിതാക്കന്മാർ

(9) അലക്സാണ്ട്രിയായിലെ മാർ ദിയസ്ക്കോറോസ് (എ.ഡി. 454)

അലക്സാണ്ട്രിയായിലെ സഭാപിതാവായിരുന്നു. എഫേസോസിലെ രണ്ടാം സാർവ്വത്രിക സുന്നഹദോസിലും, എ.ഡി. 451 ലെ കല്ക്കദോന്യാ സുന്നഹദോസിലും വിശ്വാസത്തിനു വേണ്ടി പോരാടിയിട്ടുണ്ട്.

(10 അലക്സാണ്ട്രിയായിലെ മാർ തീമോത്തിയോസ് (എ.ഡി. 497)

അലക്സാണ്ട്രിയായിലെ ബിഷപ്പായിരുന്നു. സത്യവിശ്വാസത്തിനു വേണ്ടി വളരെയധികം ത്യാഗങ്ങൾ സഹിച്ചു. നോമ്പ്, ഉപവാസം, പ്രാർത്ഥന എന്നിവയിൽ വളരെ തൽപരനും ഒരു യോഗിവര്യനുമായിരുന്നു. പണ്ഡിതനായ അദ്ദേഹം പല കൃതികളും രചിച്ചിട്ടുണ്ട്.

(11) മാബൂഗിലെ മാർ പീലക്സിനോസ് (എ.ഡി. 523)

485 ൽ പത്രോസ് ദ്വിതീയൻ പാത്രിയർക്കീസിനൊപ്പം അന്ത്യോഖ്യൻ സുന്നഹദോസിൽ പങ്കുകൊണ്ടു. ആ വർഷം തന്നെ മാബൂഗിലെ മെത്രാപ്പോലീത്തയായി. സത്യവിശ്വാസത്തിനായി പോരാടിയ ഇദ്ദേഹം തത്വശാസ്ത്രജ്ഞനും വേദശാസ്ത്ര പണ്ഡിതനും നിയമജ്ഞനുമായിരുന്നു. വി. മത്തായിയുടെയും വി. ലൂക്കോസിന്റെയും വി. യോഹന്നാന്റെയും സുവിശേഷങ്ങ ൾക്ക് വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്.

(12) മാർ അന്തീമോസ് (എ.ഡി. 458)

ഒരു തികഞ്ഞ സന്യാസിവര്യനായിരുന്ന ഇദ്ദേഹം കുസ്തന്തീനോസ് പോലീസിലെ പാത്രിയർക്കീസ് ആയിരുന്നു. സഭയെ സത്യവിശ്വാസത്തിൽ നടത്തിയ പിതാവായിരുന്നു. സഭയിലെ ആരാധനകളിലെ എക്ബോകൾ പലതും രചിച്ചിട്ടുണ്ട്.

(13) മാർ ഈവാനിയോസ്സ് (എ.ഡി. 407)

അനിതരസാധാരണമായ പ്രസംഗചാതുരി ഉണ്ടായിരുന്നതിനാൽ ഇദ്ദേഹത്തെ 'സ്വർണ്ണനാവുകാരനായ ഈവാനിയോസ്' എന്നറിയപ്പെട്ടിരുന്നു. കുസ്തന്തീനോസ് പോലീസിലെ പാത്രിയർക്കീസായിരുന്നു (എ.ഡി.398.) വേദപണ്ഡിതനായ ഇദ്ദേഹം വി. മത്തായിയുടെയും യോഹന്നാന്റെയും, സുവിശേഷങ്ങൾക്കും വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾക്കും വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്.

(14) അലക്സാണ്ട്രിയായിലെ വി. കൂറിലോസ് (എ.ഡി. 444)

എ.ഡി. 429 ൽ അലക്സാണ്ട്രിയയിലെ പാത്രിയർക്കീസായിരുന്ന ഈ പിതാവ്. എഫേസ്സൂസ് സുന്നഹദോസിന്റെ അദ്ധ്യക്ഷനായിരുന്നു. നെസ്തോറിയന്റെ ഉപദേശത്തെ എതിർക്കുകയും കന്യമ



റിയം ദൈവമാതാവ് എന്ന വിശ്വാസം പഠിപ്പിക്കുകയും അത് വിശ്വാസപ്രമാണത്തിൽ ചേർക്കുകയും ചെയ്തു.

(15) അന്ത്യോക്യായുടെ മാർ സേവേറിയോസ് (എ.ഡി. 538)

എ.ഡി. 512 ൽ അന്ത്യോക്യാ സിംഹാസനത്തിൽ പാത്രിയർക്കീസ്സായി. സുറിയാനി സഭയുടെ കിരീടവും ദിവ്യജ്ഞാനത്തിന്റെ ഭണ്ഡാരവും ആയിരുന്നു. ഇദ്ദേഹത്തിന്റെ വ്രതാനുഷ്ഠാനവും പ്രസംഗവും ലളിതജീവിതവും അനേകരെ ദൈവത്തിങ്കലേക്ക് ആകർഷിച്ചു. ദൈവത്തിന്റെ വിശുദ്ധ സഭ മുഴുന്റെയും, വിവേകമുള്ള വായും തൂണും, മല്പാനും പുഷ്പങ്ങൾ കൊണ്ട് നിറഞ്ഞ മേച്ചിൽസ്ഥലവും മറിവാം ദൈവമാതാവ് എന്നു സംശയം കൂടാതെ പ്രസംഗിച്ചവനും എന്നാണ് അദ്ദേഹത്തെക്കുറിച്ച് പിതാക്കന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്.

(16) മാർ യാക്കോബ് ബുർദാന (എ.ഡി. 578)

മാർ യാക്കോബ് ബുർദാന ചെറുപ്പത്തിലെ ദൈവിക കാര്യങ്ങളിലും, സഭാകാര്യങ്ങളിലും താൽപര്യമുള്ളവനായിരുന്നു. നിർമ്മലമായ ജീവിതം നയിച്ച ഇദ്ദേഹം കീറത്തുണി തുന്നിച്ചേർത്ത



കട്ടിയുള്ള വസ്ത്രമാണു ധരിച്ചിരുന്നത്. അതുകൊണ്ട് "കീറത്തുണി ഉടുത്തവൻ" എന്നർത്ഥമുള്ള "ബുർദാന" എന്ന പേർ ലഭിച്ചു. എഡോസായിലെ ബിഷപ്പായിരുന്ന ഇദ്ദേഹം, ഈജിപ്റ്റിലും, മദ്ധ്യപൂർവ്വദേശങ്ങളിലും സഞ്ചരിച്ച് പീഡനകാലത്തു വിശ്വാസികളെ സഭയിൽ ഉറപ്പിക്കുകയും, അനേകം പട്ടക്കാരെയും മേൽപ്പട്ടക്കാരെയും വാഴിക്കുകയും ചെയ്തു. നമ്മുടെ സഭയുടെ പുനഃസ്ഥാപകനായ അദ്ദേഹത്തെ ബന്ധപ്പെടുത്തി ഗ്രീക്കുകാരും കത്തോലിക്കരും നമ്മുടെ സഭക്കാരെ "യാക്കോയക്കാർ" എന്നു വിളിക്കാറുണ്ട്.

(17) മാർ അപ്രേം (എ.ഡി. 373)

"സുറിയാനിക്കാരുടെ സൂര്യൻ", "സഭയുടെ സ്തംഭം", "പരിശുദ്ധാത്മാവിന്റെ വീണ", "സുറിയാനിക്കാരുടെ പ്രവാചകൻ"എന്നീ നാമങ്ങളിൽ അറിയപ്പെടുന്ന ഇദ്ദേഹം സുറിയാനി പാരമ്പര്യത്തിലും, വേദശാസ്ത്രത്തിലും നിപുണനായിരുന്നു.



ആരാധനാക്രമത്തിൽ ഗാനങ്ങൾ ഉപയോഗിക്കാമെന്നു കാണിച്ചുതന്നത് മാർ അപ്രേമാണ്. "വിശുദ്ധ റൂഹായുടെ കിന്നരം" എന്നു വിളിക്കപ്പെട്ട മഹാകവിയും, ധാരാളം ഗാനങ്ങളുടെ കർത്താവുമാണ് മാർ അപ്രേം. സഭയുടെ യാമപ്രാർത്ഥനകളുടെ മിക്കഭാഗവും എഴുതിയതും ഇദ്ദേഹമാണ്. സുറിയാനി ഭാഷയുടെ യഥാർത്ഥ ശില്പി മാർ അപ്രേമാണ്.

(18) മാർ യാക്കോബ്

അതിപ്രശസ്തരായ രണ്ടു സുറിയാനി പിതാക്കന്മാരെ ഇവിടെ ഓർക്കുന്നു (1) സെറൂഗിലെ മാർ യാക്കോബ് (എ.ഡി. 521) നമ്മുടെ ആരാധനാ ഗീതങ്ങൾ നല്ലപങ്കും അദ്ദേഹം രചിച്ചതാണ്. പഴയ പുതിയ നിയമ വ്യാഖ്യാനങ്ങളും പരിശുദ്ധാത്മാവിന്റെ 'മുരളി' എന്ന അപരനാമത്തിലുള്ള അദ്ദേഹത്തിന്റെ ബോവൂസാകളും വളരെ പ്രസിദ്ധമാണ്. (2) എഡേസ്സായിലെ യാക്കോബ് (എ.ഡി. 703) വി. കുർബാനതക്സായും മാമോദീസാ ക്രമവും ഗ്രീക്കിൽ നിന്ന് സുറിയാനിയിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. സഭയുടെ കൂദാശക്രമങ്ങൾ പലതും അദ്ദേഹത്തിന്റെതാണ്.

(19) മാർ ഇസഹാക്ക് (എ.ഡി. 461)

മാർ അപ്രേമിന്റെ അടുക്കൽ വിദ്യ അഭ്യസിക്കാനുള്ള ഭാഗ്യം ലഭിച്ച അദ്ദേഹം, സുറിയാനിലെ പ്രസിദ്ധ കവിയും അന്ത്യോഖ്യായിലെ മേൽപ്പട്ടക്കാരനുമായിരുന്നു.

(20) മാർ ബാലായി (എ.ഡി. 450)

ഇദ്ദേഹവും മാർ അപ്രേമിന്റെ ശിഷ്യനായിരുന്നു. പിന്നീട് എപ്പിസ്കോപ്പയായി ഉയർത്തപ്പെട്ടു.. പ്രസിദ്ധ കവിയായിരുന്ന അദ്ദേഹത്തിന്റെ സുറിയാനി കീർത്തനങ്ങൾ അന്ത്യോഖ്യൻ ആരാധനയിൽ ധാരാളം ഉണ്ട്. കവിതയിലൂടെയാണു അദ്ദേഹം തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചത്. "മോശയും അഹറോനും വിട" അദ്ദേഹത്തിന്റെ പ്രസിദ്ധ കൃതിയാണ്.

(21) മാർ ബർസൗമ (എ.ഡി. 458) "നൊയമ്പിന്റെ പുത്രൻ"

മാർ അപ്രേമിന്റെ ശിഷ്യനായ ഇദ്ദേഹം ഒരു സന്യാസിയായിരുന്നു. നോമ്പ് വീരനുമായിരുന്നു. നോമ്പിന്റെ ആധിക്യത്താൽ ബർസൗമ എന്ന പേരിന് അർഹനായി. രാവും പകലും നിന്നുകൊണ്ട് പ്രാർത്ഥന നടത്തുന്ന പിതാവായിരുന്നു. മല്പാനും ദീർഘദർശിയുമായ ഇദ്ദേഹം വിശ്വാസികളെ സത്യവിശ്വാസത്തിൽ നടത്തിയ പിതാവായിരുന്നു.

(22) മാർ ശെമവൂൻ ദെസ്തുനി (എ.ഡി. 459)

സുറിയാനി സഭയിലെ ഒരു സന്യാസിവീരനായിരുന്നു. ഉപവാസം, പ്രാർത്ഥന, വ്രതാനുഷ്ഠാനം എന്നിവയിൽ വ്യാപൃതനായിരുന്നു. ഒരു തൂണ് പണിത് അതിന്മേൽ തപസ്സ് ചെയ്ത് ജീവിച്ചതിനാൽ "ദെസ്തുന്നി" എന്ന പേരിന് അർഹനായി.

(23) മാർ അബഹായി (5–ാം നൂറ്റാണ്ട്)

നിഖ്യായിലെ ഒരു മേൽപ്പട്ടക്കാരൻ ആയിരുന്നു. തന്റെ സ്വത്തുക്കൾ മുഴുവൻ ദരിദ്രർക്കായി ഭാഗിച്ചുകൊടുത്തതിനു ശേഷം മർദ്ദീന്നടുത്തുള്ള ദയറായിൽ ജീവിച്ചു. അദ്ദേഹത്തിന്റെ അദ്ഭുത പ്രവർത്തികളാൽ അനേകം ആളുകൾ സൗഖ്യം പ്രാപിച്ചു. അദ്ദേഹം നിഖ്യായിലെ മെത്രാപ്പോലീത്തയായി സഭയെ സത്യവിശ്വാസത്തിൽ 32 വർഷം നടത്തി. 110–ാം വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു.

ഇതുവരെ നമ്മൾ പഠിച്ച ഇരുപത്തിമൂന്നു പിതാക്കന്മാരും എട്ടാം നൂറ്റാണ്ടിനു മുൻപ് ജീവിച്ചിരുന്നവരാണ്. എന്നാൽ ഇനി പ്രതിപാദിക്കുന്ന മൂന്നു സഭാ പിതാക്കന്മാർ മലങ്കരസഭയിൽ ജീവിച്ചിരുന്നവരാണ്.

(24) പ: യൽദോ മാർ ബസ്സേലിയോസ്സ് (1685)

1685 ൽ മലങ്കരയിൽ എത്തിയ ഒരു വിദേശ മേൽപ്പട്ടക്കാരൻ ആയിരുന്നു. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെ തടസപ്പെടുത്തുവാൻ പോർട്ടുഗീസുകാർ വിദേശ മെത്രാന്മാരുടെ ആഗമനത്തെ തടഞ്ഞതിനാൽ എൽദോ മാർ ബസ്സേലിയോസ്, മാർ ഇവാനിയോസ് ഹിദായത്തുള്ള എന്നീ മെത്രാന്മാരും, രണ്ട് പട്ടക്കാരും സൂററ്റിൽ ഇറങ്ങി കരമാർഗ്ഗം മലങ്കരയിൽ എത്തുകയായിരുന്നു. മാർ ബസ്സേലിയോസ് ആദ്യം പള്ളിവാസലിലും പിന്നീട് കോതമംഗലത്തും എത്തിച്ചേർന്നു. വന്നതിന്റെ പതിമൂന്നാം ദിവസം 1685 സെപ്റ്റംബർ 29–ാം തീയതി കാലം ചെയ്തു. അദ്ദേഹത്തെ കോതമംഗലം മാർത്തോമ്മൻ ചെറിയ പള്ളിയിൽ കബറടക്കി. ഈ പിതാവ് ചുരുങ്ങിയ ദിവസങ്ങൾ മാത്രമേ മലങ്കരയിൽ ജീവിച്ചിരുന്നുള്ളു എങ്കിലും ഇദ്ദേഹത്തെ ഒരു പരിശുദ്ധനായി വിശ്വാസികൾ കരുതിയിരുന്നു. 1947 നവംബർ 24–ാം തീയതി മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് പരുമല തിരുമേനിയോടൊപ്പം ഇദ്ദേഹത്തെയും പരിശുദ്ധനായി പ്രഖ്യാപിച്ചു.

(25) പ:ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് (പരുമല കൊച്ചുതിരുമേനി) (1848 – 1902)

നാം പഠിച്ചുകഴിഞ്ഞ എല്ലാ പിതാക്കന്മാരും വിദേശീയരും എട്ടാം നൂറ്റാണ്ടിനു മുൻപു (പ: യൽദോ മാർ ബസ്സേലിയോസ് ഒഴികെ) ജീവിച്ചിരുന്നവരാണ്. ഇനി പ്രതിപാദിക്കുവാൻ പോകുന്ന രണ്ടു പിതാക്കന്മാരും ഈ മലങ്കരയിൽ ജീവിച്ചിരുന്നവരും 20–ാം നൂറ്റാണ്ടിൽ കാലം ചെയ്തവരും, മലങ്കര ഓർത്തഡോക്സ് സഭയുടെ പ: സുന്നഹദോസ് പരിശുദ്ധാന്മാരായി പ്രഖ്യാപിച്ചവരും ആണ്

(എ) പരുമല തിരുമേനി

മലങ്കരയുടെ ഈ മണ്ണിൽ തന്നെ ജനിച്ചുവളർന്ന് പരിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ട ആദ്യത്തെ പരിശുദ്ധനാണ് ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്. 1848 ജൂൺ 15–ാം തീയതി മുളന്തുരുത്തിയിൽ കൊച്ചുമത്തായിയുടെയും കൊച്ചുമറിയാമ്മയുടെയും മകനായി ജനിച്ചു. കൊച്ചയ്പ്പോര എന്ന പേരിൽ അറിയപ്പെട്ട ഗ്രീഗോറിയോസ് ചെറുകാലം മുതലെ ദൈവീക കാര്യങ്ങളിൽ താൽപര്യം കാണിച്ച് തന്റെ ജീവിതം ദൈവത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു. പുരോഹിതവൃത്തിയിലേക്കുള്ള ജീവിതത്തിന് ബാലന് വഴികാട്ടിയും ഗുരുവും ആയത് അദ്ദേഹത്തിന്റെ പിതൃസഹോദരനായ ചാത്തുരുത്തി കുടുംബത്തിലെ ഗീവറുഗീസ് മല്പാൻ ആണ്. ദൈവീക കാര്യങ്ങളിലുള്ള താൽപര്യം, ഭയഭക്തി, താഴ്മ, അനുസരണം, സർവ്വോപരി സുറിയാനി ഗീതങ്ങൾ മധുരമായി ചൊല്ലുവാനുള്ള പാടവം ഇവയെല്ലാം നേരിട്ടു മനസ്സിലാക്കിയ ഗീവറുഗീസ് മല്പാൻ പ്രിയശിഷ്യനെ വൈദിക സ്ഥാനത്തേക്ക് ഉയർത്തുവാൻ ആഗ്രഹിച്ചു, പരിശ്രമിച്ചു. അതിൻപ്രകാരം 1857 സെപ്റ്റംബർ 26–ാം

തീയതി വൈദികസ്ഥാനത്തിന്റെ ആദ്യ പടിയായ കോറൂയോസ്ഥാനം കരിങ്ങാച്ചിറ പള്ളിയിൽ വച്ചു പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് നൽകി. തുടർന്നുള്ള ഇദ്ദേഹത്തിന്റെ ആത്മീയ വളർച്ചയും വിവിധ ഘട്ടങ്ങളും സൺഡേസ്കൂൾ ക്ലാസ് മുതൽ നാം പഠിച്ചിട്ടുള്ളവരായതിനാൽ കൂടുതൽ വിവരിക്കുന്നില്ല. അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ മാത്രം കുറിക്കുന്നു.

ജനനം : 1848 ജൂൺ 15

കോറൂയോ പട്ടം : 1857 സെപ്റ്റംബർ 26

– പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ്

കശ്ശീശ്ശാ പട്ടം : 1804 നവംബർ യൂയാക്കിം മാർ കൂറിലോസ്

റമ്പാൻ സ്ഥാനം : 1872 ഏപ്രിൽ 7

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ്

മെത്രാൻ സ്ഥാനം: 1876 ഡിസംബർ 10 – വടക്കൻ പറവൂർ പള്ളിയിൽ വച്ച് പത്രോസ് തൃതീയൻ ബാവ – നിരണം ഭദ്രാസനമെത്രാപ്പോലീത്തയായി വാഴിച്ചു. അന്ന് തിരുമേനിക്ക് പ്രായം വെറും ഇരുപത്തിയെട്ട് വയസ്സ്. അതിനാൽ എല്ലാവരും അദ്ദേഹത്തെ "കൊച്ചുതിരുമേനി"യെന്ന് വിളിച്ചുതുടങ്ങി. മെത്രാപ്പോലീത്താ എന്ന നിലയിൽ തിരുമേനിയുടെ സേവനവും, സംഭാവനകളും മലങ്കരസഭയ്ക്ക് ഒരുകാലത്തും മറക്കാൻ പറ്റുകയില്ലയെന്നു മാത്രം ഓർമ്മിച്ചു നിർത്തുന്നു.

അന്ത്യകാലം

1902 നവംബർ 2 ഞായർ – കന്തീലാ ശുശ്രൂഷ സ്വീകരിക്കുകയും, വി. കുർബാന അനുഭവിക്കുകയും ചെയ്തു.


1902 നവംബർ 3 തിങ്കൾ – പുലർകാലേ ഒരു മണിക്ക് കാലം ചെയ്തു.

1902 നവംബർ 4 ചൊവ്വ – മുറിമറ്റത്ത് പൗലോസ് മാർ ഈവാനിയോസിന്റെ കാർമ്മികത്വത്തിൽ ഭൗതികശരീരം പരുമലയിൽ കബറടക്കി.

1947 നവംബർ 2 – പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയെ മലങ്കര സഭയിലെ ആദ്യത്തെ പരിശുദ്ധനായി പ:ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ പ്രഖ്യാപിച്ചു.

(26) പ: വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് VI 1858 –1934

'മലങ്കരസഭാ ഭാസുരൻ' എന്ന നാമത്തിൽ പ്രസിദ്ധനായ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് മലങ്കരസഭയുടെ സ്വാതന്ത്ര്യശിൽപിയും, കർമ്മനിഷ്ഠനും, വേദശാസ്ത്രപണ്ഡിതനും, ധീരനുമായ ഒരു ഭരണാധികാരിയായിരുന്നു. മലങ്കരസഭയെ വൈദേശീയാധിപത്യത്തിൽനിന്നു മോചിപ്പിച്ച് ഭാരതത്തിന്റെ സ്വതന്ത്ര സഭയാക്കി തീർക്കുകയായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. അതിനുവേണ്ടി തന്റെ ജീവൻ തന്നെ ഹോമിക്കാൻ തയ്യാറായ സഭാ സ്നേഹിയായിരുന്നു വട്ടശ്ശേരിൽ തിരുമേനി. അദ്ദേഹത്തെ വധിക്കുവാൻ വരെ ശ്രമം ഉണ്ടായിട്ടും സഭയിൽനിന്ന് മുടക്കിയിട്ടും ദൈവത്തിൽ ആശ്രയം വച്ച് ജീവിച്ച ആ പുണ്യാത്മാവിന്, തന്റെ



ലക്ഷ്യം കൈ വരിക്കാൻ സാധിച്ചു. '**1912 ൽ അബ്ദുൽ മ്ശിഹാ പാത്രിയർക്കീസ് മലങ്കരയിൽ വരുവാൻ വഴിയൊരുക്കി, സഭയുടെ സ്വയം ശീർഷകത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രതീകമായ "കാതോലിക്കേറ്റ്" ഇവിടെ സ്ഥാപിച്ചു മാർത്തോമ്മാ സിംഹാസനത്തിൽ കിഴക്കിന്റെ പൂർണ്ണ അധികാരമുള്ള കാതോലിക്കയായി കണ്ടനാടിന്റെ മുറിമറ്റത്തിൽ മാർ ഈവാനിയോസിനെഅവരോധിച്ചു (1912 സെപ്റ്റംബർ 15).** ജീവിതകാല ഘട്ടത്തിൽ മലങ്കരസഭയ്ക്കു വേണ്ടി ഇത്രയേറെ വ്യവഹാരങ്ങളെ നേരിട്ട് ഒരു മെത്രാപ്പോലീത്ത സഭയിൽ ഇല്ല. എന്നാൽ ദൈവത്തിൽ പരിപൂർണ്ണമായി സമർപ്പിച്ച് എല്ലാ നിയമയുദ്ധത്തിലും വിജയം കൈവരിച്ച് മലങ്കരസഭയുടെ സ്വാതന്ത്ര്യവും, മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും നിയമപരമായി തന്നെ വട്ടശ്ശേരിൽ തിരുമേനി വീണ്ടെടുത്തു – സംശയമില്ല അദ്ദേഹം മലങ്കരസഭാ ഭാസുരൻ തന്നെ. ഒരു സ്ഥാനമാനത്തിനും, പദവിക്കും അദ്ദേഹം ആഗ്രഹിച്ചുമില്ല, ശ്രമിച്ചിട്ടുമില്ല. സഭയായിരുന്നു അദ്ദേഹത്തിന് ഏറ്റവും വിലപ്പെട്ടത്. മലങ്കര സഭയെ ഇത്രയേറെ സ്നേഹിച്ച ആ വലിയ പിതാവ് 1934 ഫെബ്രുവരി 23-ാം തീയതി പഴയ സെമിനാരിയിൽ നാല്പതാം വെള്ളിയാഴ്ച കാലം ചെയ്തു. സംഭവബഹുലമായ ജീവിതത്തി ലെ ചില നാഴികക്കല്ലുകൾ:

ജനനം : 1858 ഒക്ടോബർ 31 മല്ലപ്പള്ളി വട്ടശ്ശേരിൽ കുടുംബത്തിൽ – പേര് ഗീവറുഗീസ്

പൂർണ്ണശെമ്മാശൻ : 1876 ഒക്ടോബർ 12 – പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ

മലങ്കര മല്പാൻ: 1981ൽ മല്പാൻ എന്ന മഹനീയ സ്ഥാനം നൽകി. തുടർന്ന് 30 വർഷം പരുമല സെമിനാരി മാനേജർ സ്ഥാനം വഹിച്ചു.

റമ്പാൻ : 1903 മേയ് 1 യെരുശലേമിൽ വച്ച് – അന്ത്യോക്യായുടെ മാർ അബ്ദുള്ള ദ്വിതീയൻ പാത്രിയർക്കീസ്

മലങ്കര മെത്രാപ്പോലീത്ത : 1909 ജൂലൈ 11 മലങ്കര മെത്രാപ്പോലീത്ത ജോസഫ് മാർ ദിവന്നാസ്യോസ് V കാലം ചെയ്തതിനെ തുടർന്ന്

സഭയിൽനിന്നുള്ള മുടക്ക് 1911 ജൂൺ 8. റോയൽ കോടതി വിധിക്കു (1889) വിരുദ്ധമായി ഉടമ്പടി നൽകാൻ വിസമ്മതിച്ചതിന് മാർ അബ്ദുള്ള പാത്രിയർക്കീസിന്റെ മുടക്കു കല്പന.

സഭയിൽനിന്നുള്ള മുടക്ക് നീക്കം ചെയ്യുന്നു 1911 ആഗസ്റ്റ് അന്ത്യോക്യാ പാത്രിയർക്കീസ് മാർ അബ്ദുൾ മ്ശിഹാ, അബ്ദുള്ള പാത്രിയർക്കീസി ന്റെ മുടക്ക് നിലനിൽക്കുകയില്ലെന്നും മാർ ദിവന്നിയാസ്യോസും കൂട്ടരും അനുഗ്രഹിക്കപ്പെട്ടവരെന്നും പ്രഖ്യാപിച്ചു.

കാതോലിക്കേറ്റ് സ്ഥാപനം: 1912 സെപ്റ്റംബർ 15 – കാതോലിക്കാ സിംഹാസനം മലങ്കരസഭയിൽ പുനഃസ്ഥാപിച്ച്, ആദ്യ കാതോലിക്കയായി മാർ ബസേലിയോസ് പൗലോസ് I (മുറിമറ്റത്തിൽ മാർ ഈവാനിയോസ്) സ്ഥാനമേറ്റു.

1923 ഒക്ടോബർ സഭാ ഭാസുരൻ: മുടക്ക് തീർന്ന് ദിവന്നിയാസ്യോസ് VI മലങ്കരയിൽ മടങ്ങിയെത്തി. മഹാകവി വള്ളത്തോൾ "സഭാ ഭാസുരൻ" എന്നു വട്ടശ്ശേരിൽ തിരുമേനിയെ നാമകരണം ചെയ്തു.

1930 ജനുവരി 23 : "മലങ്കര മെത്രാപ്പോലീത്ത" എന്ന സ്ഥാനം എല്ലാ നിയമയുദ്ധങ്ങളും ജയിച്ച്, നിയമപരമായി വട്ടശ്ശേരിൽ തിരുമേനി വീണ്ടെടുത്തു :

1934 ഫെബ്രുവരി 23 : വട്ടശ്ശേരിൽ തിരുമേനി പഴയ സെമിനാരിയിൽ വച്ച് നാല്പതാം വെള്ളിയാഴ്ച കാലം ചെയ്തു.

2003 ഫെബ്രുവരി 24: "പ: ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ പഴയ സെമിനാരിയിൽ വെച്ച് വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയോസ് VI നെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

DEIFICATION



▪ Fr.Dr.Bijesh Philip

What is the ultimate goal of human life? What is the main objective of spirituality? In Orthodox Christian perspective, the one word answer to this decisive question is **Deification**. Let us have a brief reflection on this very significant insight in the Orthodox Christian tradition.

What is the ultimate goal of human life?

The English word of deification, the Greek equivalent 'theosis' refers to the process of becoming like God. Becoming like God means to be like Christ, the perfect presence of God in History. Deification points to the fulfillment of human being. The world famous Orthodox Christian theologian H.G. Dr. Paulos Mar Gregorios has defined deification as 'humanization' because it is a process of becoming fully human.

Jesus exhorts us to be perfect (St. Matthew 5:48). This is an advice to become like God. Christ's first audience in Palestine had limited goals in life like getting more fish in fishing, abundant crop from their vineyards, liberation from the Roman Empire, social security of their generations etc. But Jesus broadens their thinking to have a higher vision of life that is to become virtuous like God whom they worshiped.

Can we become really like God? We can never become like God who is powerful and present everywhere simultaneously. Humans cannot inherit His qualities like eternity, omniscience, omnipresence etc. But there are many attributes of God which humans can also inherit and develop. We can have compassion, forgiveness, open mindedness, self emptying and sacrificial attitude of God. Deification means to grow in these qualities. The advice "to be divine partakers of divine nature" as mentioned in II Peter 1:4 refers to this process of divinization /deification.

It is through Christ, we know the nature of God. Jesus Christ is the best manifestation of the invisible God. He is not only a revelation of divine qualities, but also the source of empowerment for acquiring these qualities. Many of the ancient Christian fathers have described deification in relation to Christ. For example St. Athanasius wrote in 4 th century in his famous treatise On Incarnation that "the Son of God became man so that we might become divine". We remind ourselves the calling to be like Christ. The ultimate example or model for the fulfillment of our life is not only any priest, bishop or any member of the church, but it is none other than Jesus Christ. When St. Paul teaches in Philippians 2:5 "Let this mind be in you which was also in Christ Jesus" he points out the importance of Christification or becoming like Christ.

In childhood the tendency is to imitate parents, teachers and later on friends or those who have secured glorious achievements. The media today glorifies the stars in sports, films, beauty contests, politics etc. In most of those cases, their special talents and their commitment to develop them are the secrets of their glory. To be like Sachin, Aishwarya Rai or Dr. Manmohan Singh is not a call to all humans. But to be loving and holy like God or Christ is a divine call to all.

The church glorifies the lives of those who have progressed in deification to a considerable extend. They are saints today. In saints' life we can experience Christ's spirit and presence. Saints are icons of Christ and they manifest Christ like sacrificial love, humility and holiness. Their commitment to the well being of the people around them is note worthy. Their lives prove the fact that deification is a possible and realistic goal for humans in history.

We are initiated into Christ and His body, the Church, through baptism. Once we are in Christ, our duty is to grow towards the perfection of Christ. This progress is through communion with God. It is by being with God that we become like God. All spiritual exercises are meant to facilitate this spiritual growth or deification. Spiritual exercise like prayer, worship, fasting, silent meditation, Scripture reading, association with the Saints, use of sacraments etc are helping us to grow in communion with God.



The spiritual exercises can be compared to stretching out of human hands to receive grace from God to progress in theosis or deification. It is the grace of God i.e. the Holy Spirit who facilitates the spiritual progress in deification. In the beginning of the book of Genesis and also in Holy Qurbana the work of the Holy Spirit is depicted in terms of a Hen hovering over its eggs. When an egg receives heat from the mother Hen, the liquid inside gets transformed to become chicken. In all Human Beings Christ is potentially hidden. With the heat of the Holy Spirit, the potential Christ is blossomed in each one. As the hovering of the Holy Spirit over the offered bread and wine in Qurbana make them the Holy Body and Blood of Christ, the work of this Holy Spirit helps us to become Christ like.

So deification is a result of cooperation of spiritual exercises and divine grace. God helps humans to progress in salvation like a mother monkey who carries its kid who grabs on to the belly of its mother. A beautiful cooperation of mother and its kid in that progressive movement is notable. This is an apt image to explain the synergy of God and Man. This is different from how cat carries its kid while moving forward.

Movement towards perfection is integral part of life. The life which starts with a cell in mother's womb progresses through embryo to a child and further advances to mature stages. Likewise a seed grows to be a full-fledged tree. In the field of education, finance, transportation, housing etc, a progressive evolution is evident. In spiritual life also a corresponding blooming and growth is expected from all. Being created in the image and likeness of God as described in the book of Genesis (1:26), all humans have this potential to be like God in love, freedom and creativity. The church as a loving and caring mother is very much concerned about the progress in deification of its each child. So let us make use of the help of the Church, our mother, in the life long process of deification, the progress towards the perfection of God. Becoming like God means to be fully human like Jesus Christ.

This deification can be equated to salvation and highlighted as the ultimate aim of Christian spiritual life in the Orthodox tradition. To be free from evil, to ensure the material well being, to enjoy healing, to have peace of mind and satisfaction, to have heavenly experience in the life after life etc are important. But the most important goal of worship and spiritual life is Deification or becoming like Christ. Those who are divinized will encourage the deification of the people around them. So human presence is to be a transforming presence of God in our homes, schools, workplaces and neighborhood to lead many to the fullness of life.

The writer is Principal St. Thomas Orthodox Theological Seminary, Nagpur.



ദേവാലയത്തിന്റെ മുഖഛായ

■ ഫാ. വർഗ്ഗീസ് ഫിലിപ്പ് ഇടിച്ചാണ്ടി

സഭാ മക്കളെ വിശുദ്ധ ദേവാലയത്തിൽ കൂട്ടിവരുത്തി ഭൗതികമായ സംതൃപ്തിക്കു കടിഞ്ഞാണിട്ട് ദൈവസ്നേഹം പകർന്നു നൽകുമ്പോഴാണ് ദേവാലയത്തിന്റെ മുഖഛായ മനോഹരമാകുന്നത്

ഒരു പുരോഹിതൻ ഇടവകയിൽ കടന്നുചെല്ലുമ്പോൾ അവിടെയുള്ള എല്ലാവരും തന്റെ മക്കളായി മാറണം, അവിടെ നാളുകളായിട്ടുള്ളവർ ഉണ്ടാകാം, പുതുതായി വന്നിട്ടുള്ളവരും. എന്നാൽ അർഹമായി ഏവരെയും സ്നേഹിക്കുവാൻ പുരോഹിതന് സാധിക്കണം. അതിർവരമ്പുകളിൽ വന്ന് എത്തിനോക്കുന്ന ഒരു സഹോദരന് ഈ ദേവാലയം തന്നെ അന്വേഷിക്കുമെന്ന ഉറപ്പ് പ്രവർത്തനത്തിലൂടെ ലഭിക്കണം.

കെട്ടിടങ്ങളും സമുച്ചയങ്ങളുമാണോ ഒരു ദേവാലയത്തിന്റെ യഥാർത്ഥ മുഖഛായ?

ഇടവകയുടെ ആത്മീക വളർച്ചയ്ക്ക് പ്രഥമമായി വേണ്ടത്, ആടുകളെ തിരിച്ചറിയുക, വീടുകൾ സന്ദർശിക്കുക സന്ധ്യാപ്രാർത്ഥനായോഗങ്ങൾ ക്രമീകരിക്കുക, അവരുടെ ആവശ്യങ്ങളെ അന്വേഷിക്കുക എന്നിവയാണ്. ദേവാലയത്തിലെ ആരാധയ്ക്കു വന്നവരെ തിരിച്ചറിയണമെങ്കിൽ അവരുടെ ഭവനം നാം സന്ദർശിക്കണം. അവരുടെ പേരുകൾ മുഴുവൻ നമ്മുടെ കൈയിൽ ഉണ്ടാകണം. വിവിധ സമയങ്ങളിൽ ആ ദേവാലയത്തിലെ മക്കളെ ഓർക്കണം. വി. കുർബാനയ്ക്ക് മുമ്പ് ധ്യാനമായിരുന്ന് അവരുടെ പേരുകൾ ഓർക്കുക, പിന്നീട് രഹസ്യപ്രാർത്ഥനയിൽ അതുപോലെ വി. കുർബാനയിൽ പേരുകൾ ഓർക്കുന്ന സന്ദർഭങ്ങളിൽ അത് ഇടവക മക്കളെ കൂടുതൽ അറിയുവാനുള്ള ഒരു മാർഗ്ഗമാണ്. അന്നത്തെ ദിവസം വരാത്തവരെ കാണുമ്പോൾ നിങ്ങളുടെ സാന്നിദ്ധ്യം ഈ ആഴ്ചയിൽ ഉണ്ടായിരുന്നില്ല, എവിടെയായിരുന്നു എന്ന അന്വേഷണം ബന്ധത്തെ ദൃഢപ്പെടുത്തുന്നു.

ഇടവക ജനങ്ങളെ എല്ലാം തിരിച്ചറിഞ്ഞാൽ ഒരു അറ്റൻഡൻസ് പുരോഹിതൻ അവർ കാൺകെ മാർക്ക് ചെയ്യുന്നതു വളരെ പ്രയോജനപ്പെടും. കുർബാനാനന്തരം താഴേക്കിറങ്ങിച്ചെന്ന് ഇടവക മക്കളോട് സംസാരിക്കണം. അവരുടെ കാര്യങ്ങൾ തുറന്നുപറയുവാനുള്ള അവസരം അവർക്കായി നൽകണം.

ആത്മീയസംഘടനകൾ എല്ലാം ഏറ്റവും ഭംഗിയായും, ചിട്ടയായും പുരോഹിതൻ ക്രമീകരിക്കണം. എല്ലാവരേയും ഏതിന്റെയെങ്കിലും ഒരു ഭാഗമാക്കി മാറ്റുവാൻ നാം ശ്രമിക്കണം. ഇടവകയിൽ വന്നാൽ മുഴുവൻ സമയവും അവർക്ക് പ്രയോജനപ്പെട്ടു എന്ന് അറിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഓരോ സംഘടനയിലും ഉണ്ടാകണം. കുർബാനയ്ക്കു ശേഷം എല്ലാവർക്കും സംസാരിക്കുവാൻ ഒരവസരം എന്ന നിലയിൽ ഒരു ഭക്ഷണം നൽകുവാൻ ഇടവക ജനങ്ങളെ പഠിപ്പിക്കണം. വർഷത്തിലോ അതിനു ശേഷമോ നിങ്ങൾ ഇവർക്കെല്ലാം ഒരു പ്രാവശ്യം ഭക്ഷണം നൽകണം എന്ന് ഇടവക മക്കളോട് ആവശ്യപ്പെടണം. ഇത് സൗഹൃദം വർദ്ധിപ്പിക്കും. സന്തോഷങ്ങൾക്കു വേണ്ടി പലതിലും ഓടിപ്പോകുന്ന യുവജനങ്ങൾ ഇവിടെത്തന്നെ അത് കണ്ടെത്തുവാൻ ഇടയാകും. ആത്മീയ സംഘടനകളിലെല്ലാം പുരോഹിതന്റെ സാന്നിദ്ധ്യമുണ്ടാകണം. എല്ലാ ആഴ്ചയും പ്രാർത്ഥനാ യോഗങ്ങൾ ഉണ്ടായിരിക്കണം. പ്രത്യേക സാഹചര്യത്തിൽ അല്ലാതെ അത് കൂദാശകളുടെ പേരിൽ മാറ്റിവയ്ക്കുന്നതാകരുത്. വാർഡുകളായി തിരിച്ച് പ്രാർത്ഥനാ യോഗങ്ങൾ നടത്തണം. ഇടവകയിലെ എല്ലാവരും ഏതെങ്കിലും ഒരു പ്രാർത്ഥനയിൽ കർശനമായും സംബന്ധിച്ചിരിക്കണം. അതിന് ആ വാർഡിലുള്ള വീട്ടുകാരെ സന്ദർശിച്ചിട്ടായിരിക്കണം പ്രാർത്ഥനാ ഭവനത്തിൽ പുരോഹിതൻ എത്തേണ്ടത്.

ശനിയാഴ്ച ഉച്ചമുതൽ ഞായറാഴ്ച സന്ധ്യവരെയുള്ള സമയങ്ങളിൽ പരിപൂർണ്ണമായും ആ ദേവാലയകാര്യം വിട്ട് മറ്റൊന്നിലും സംബന്ധിക്കുവാൻ പുരോഹിതൻ ആഗ്രഹിക്കരുത്. അപ്രകാരം പ്രവർത്തിച്ചാൽ ജനങ്ങൾക്കു കുറ്റമാരോപിക്കുവാനുള്ള താൽപര്യം ഇല്ലാതാകും. അതുപോലെ നമ്മെക്കാൾ ശ്രേഷ്ഠരായവർ നമ്മുടെ വാക്കുകൾ കേൾക്കുവാൻ ദേവാലയത്തിലുണ്ടെന്ന ബോധ്യം ഉണ്ടാവണം. ഏതെങ്കിലും പ്രയാസങ്ങൾ അവർക്കുണ്ടായാൽ അത് എഴുതിയിടുവാൻ ഒരു സജഷൻ ബോക്സ് ക്രമീകരിക്കണം. അത് ആത്മീയ പ്രവർത്തനങ്ങ ളെ ശക്തിപ്പെടു ത്തും.

ദേവാലയത്തിന്റെ മുഖഛായ മാറ്റുന്ന പുരോഹിതന്റെ ഇങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് മാനേജിങ് കമ്മിറ്റിയും പൊതുയോഗവും പിന്തുണ നൽകുമോ?

അർഹമായ സഹായങ്ങൾ ദേവാലയത്തിന്റെ ധനത്തിൽനിന്ന് ഇടവക ജനങ്ങളിൽ അർഹരായവർക്കു നൽകണം. അതിനു ധനം കണ്ടെത്തേണ്ടത്, ഇടവകയുടെ ആദ്യഫലത്തിന്റെ പത്തു ശതമാനം, വിവാഹ, ജന്മദിനദിവസങ്ങളിൽ വ്യക്തികൾ നൽകുന്ന സംഭാവന, സാധിക്കുമെങ്കിൽ പുരോഹിതൻ കൂദാശകൾ ചെയ്യുമ്പോൾ ജനങ്ങൾ നൽകുന്ന സന്തോഷത്തിന്റെ ധനം ഇവയെല്ലാം ഇതിനായി ഉപയോഗിക്കണം. നമ്മുടെ എല്ലാ ധനത്തിന്റെയും ദശാംശം നന്മയ്ക്കു വേണ്ടി ചെയ്ത് പുരോഹിതൻ കാണിച്ചുകൊടുക്കണം. ക്രിസ്തുമസ്, പുതുവർഷം, പെരുന്നാൾദിനം എന്നീ ദിവസങ്ങളിൽ ഇടവകയിൽനിന്ന് എന്തെങ്കിലും പാരിതോഷികം ഇടവക മക്കൾക്ക് നൽകണം. അതുപോലെ ജന്മദിനവിവാഹവാർഷിക ദിനങ്ങൾ വരുമ്പോൾ കുർബാനയ്ക്കു ശേഷം അവരെ മുമ്പോട്ടു വരുത്തി ഒരു പ്രകാശം നൽകി അവർക്കായി പ്രാർത്ഥിക്കണം. അതുപോലെ ആ ദിവസം ആ കുടുംബം മുഴുവൻ വി. കുർബാന അനുഭവിക്കാൻ പഠിപ്പിക്കണം.


വാർഡുകളിലെ ബന്ധം വർദ്ധിപ്പിക്കുവാൻ പ്രാർത്ഥനാ യോഗങ്ങൾ കൂടാതെ ക്രിസ്തുമസ് ദിനങ്ങളിൽ ആ ഭവനത്തിലേക്ക് കരോൾ ഗാനങ്ങളുമായി പോവുക, ആ വാർഡിലെ ആളുകൾ മുഴുവനായും ഗാനങ്ങൾ പഠിച്ചിട്ടാകണം യാത്ര. സമാപനദിവസം ഇടവകയിൽ എല്ലാ വാർഡുകളും ഒരുമിച്ചുകൂടി അവർ ആലപിച്ച ഗാനങ്ങൾകൊണ്ട് മറ്റുള്ളവർക്കു മുമ്പിൽ ഒരു സംഗീതവിരുന്നു നൽകണം.

ഇടവകയിൽ ധനം വർദ്ധിപ്പിക്കുന്ന വഴികളിൽ ജനങ്ങൾക്കു പ്രയാസം ഉണ്ടാകാതിരിക്കാൻ അങ്ങേയറ്റം പരിശ്രമിക്കണം. അംഗസംഖ്യ വർദ്ധിക്കുമ്പോൾ ഓരോ നിശ്ചിത സമയത്ത് ഇടവക മക്കളുടെ പേരുകൾ പ്രാർത്ഥനയ്ക്കായി ഏവർക്കും നൽകണം. ഇടവകയിലെ മക്കൾ ചെയ്തുതന്ന കാര്യങ്ങൾക്ക് ഇടവകയിൽ നിന്ന് പാരിതോഷികം നൽകണം. അതവരെ ശ്ലാഘിക്കുന്നതിനു തുല്യമാണ്.

ഇടവകജനങ്ങളുടെ കഴിവുകൾ പൂന്തോട്ടത്തിൽ, ആതുരസേവനത്തിൽ, സംഗീതത്തിൽ, ഛായാഗ്രഹണത്തിൽ, ചിന്തകളിൽ, കലകളിൽ എഴുത്തുകളിൽ, ഭക്ഷണ പാചകത്തിൽ എന്തിലായാലും ആ കഴിവുകളെ ഇടവകയിൽ പ്രയോജനപ്പെടുത്തണം. തങ്ങളോടൊപ്പം തങ്ങൾക്കു സഹോദരങ്ങളായി ഈ പുരോഹിതനും ഇടവകജനങ്ങളും ഉണ്ടെന്ന വിശ്വാസം അവരിൽ ഉണ്ടാക്കണം. സാംസ്കാരികപരമായ ആഘോഷങ്ങൾ ഇടവകയിൽ നടത്തണം. അതുപോലെ സാമൂഹിക സേവനത്തിൽ അവരെ ഉയർത്തിക്കൊണ്ടുവരണം. നാല് മാസത്തിലൊരിക്കൽ ഇടവകജനങ്ങൾ ഒരുമിച്ചുകൂടി ഒരു സ്നേഹവിരുന്നും എല്ലാവർക്കുമായുള്ള ഒരു മദ്ധ്യസ്ഥപ്രാർത്ഥനയും ഉണ്ടാകണം. ഇങ്ങനെ ഒരു പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ച് ക്രിസ്തുനാഥനെ നമുക്കും അനുഗമിക്കാം.

കടപ്പാട്: മലങ്കര സഭാപത്രിക

നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതാം
gmirror2009@yahoo.com




മക്കൾ അപ്പം ചോദിച്ചാൽ...

■ ഫാ. വിത്സൻ മാത്യു, ബേസിൽ ദയറ

അപ്പം ചോദിച്ചാൽ കല്ലുകൊടുക്കുമോ? മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ? (വി. ലൂക്കോസ് 11:11, 12). യേശുവിന്റെ ഈ മൂന്നുചോദ്യങ്ങൾ ഒരു വിശ്വാസിയുടെ മനസ്സിന്റെ അഗാധതലങ്ങളെ സ്പർശിച്ചുകൊണ്ടുള്ളതാണ്. യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും, അന്വേഷിപ്പിൻ കണ്ടെത്തും, മുട്ടുവിൻ തുറക്കപ്പെടും എന്ന ഉപദേശത്തിനു ശേഷമാണ് ഈ ഉപദേശം തമ്പുരാൻ നൽകുന്നത്. യാചിക്കേണ്ടവ മാത്രമേ യാചിക്കാവൂ, അന്വേഷിക്കുവാൻ അർഹതയും, യോഗ്യതയും ആവശ്യവും ഉള്ളതുമാത്രമേ അന്വേഷിക്കാവൂ, മുട്ടേണ്ടിടത്തു മാത്രമേ മുട്ടുവാൻ ശ്രമിക്കാവൂ എന്ന യാഥാർത്ഥ്യം വ്യക്തമാക്കുവാനാണ് യേശുതമ്പുരാൻ മേൽ ഉദ്ധരിച്ച വാക്യം ഉപയോഗിച്ചിട്ടുള്ളത്. അനർഹമായ യാചനയും, അന്വേഷണവും, വേവലാതിയും മനുഷ്യനെ നിരാശയിലെത്തിയ്ക്കുമെന്നത് അവിതർക്കിതമായ സംഗതിയാണ്.

അപ്പം ചോദിച്ചാൽ കല്ലു കൊടുക്കുമോ?

മക്കൾ അപ്പം ചോദിക്കുമ്പോൾ കല്ലുകൊടുക്കുന്നവൻ നിങ്ങളിൽ ആരുള്ളു എന്ന അന്വേഷണം അസാദ്ധ്യമായ ഒരു സംഗതിയെ തേടിയുള്ളതാണ്. മക്കൾ ചോദിക്കുന്നത് അപ്പവും, അച്ഛൻ കൊടുക്കുന്നത് കല്ലും എന്ന അന്വേഷണം തന്നെ വിപരീതാർത്ഥത്തിലുള്ളതാണ്. യേശുതമ്പുരാന്റെ അന്വേഷണം ശ്രേഷ്ഠമായ ഒരു വസ്തുതയെ തുറന്നുകാട്ടുന്നതാണ്.



അപ്പം രുചികരമായ ഭക്ഷണമാണ്. അപ്പം ചവച്ചരച്ചു കഴിയ്ക്കുമ്പോൾ അതിന്റെ പോഷകങ്ങൾ രക്തത്തിലലിഞ്ഞ് ശരീരത്തിന്റെ വളർച്ചയെ സഹായിക്കുന്നു. എന്നാൽ കല്ലാകട്ടെ, ദഹനശേഷി ഇല്ലാത്തതാണ്. ഏതെങ്കിലും കാരണത്താൽ കല്ലോ, അതിന്റെ അംശങ്ങളോ ശരീരത്തിനുള്ളിൽ അകപ്പെട്ടാൽ ദഹനവ്യവസ്ഥയെ അത് തടസ്സപ്പെടുത്തും. ആന്തരിക അവയവങ്ങൾക്ക് പ്രശ്നം സൃഷ്ടിക്കുകയും, രുചിമുകുളങ്ങളിൽ അസ്വസ്ഥത ജനിപ്പിക്കുകയും ചെയ്യും. ഇവിടെ 'അപ്പം' (Bread) 'കല്ല്' (Stone) ഇവ രണ്ട് ഉപമാനങ്ങളാണ്. ഈ ഉപാമനങ്ങളിലൂടെ മനുഷ്യജീവിതത്തിന്റെ ഒരു തലത്തെയാണ് തമ്പുരാൻ അനാവരണം ചെയ്യുന്നത്.

'അപ്പം ചോദിച്ചാൽ കല്ലുകൊടുക്കുമോ? എന്നതിനെ, ദഹിക്കുന്ന ആഹാരം ചോദിക്കുന്ന മകന് ദഹിക്കാത്ത ആഹാരം കൊടുക്കുമോ?' എന്ന് നമുക്ക് വിശകലനം ചെയ്യാം. ദഹിക്കുന്ന ആഹാരവും ദഹിക്കാത്ത ആഹാരവും ചോദ്യചിഹ്നങ്ങളാണ്. ഇവ തമ്മിൽ തിരിച്ചറിയുക എന്നതാണ് ഏറ്റവും പ്രധാനം. ദഹിക്കാത്ത ആഹാരത്തിനായി കടുംപിടിത്തം നടത്തുന്ന കുസൃതിയായ മകന്റെ ദുർവാശിക്ക് വിധേയപ്പെടുന്നവനല്ല ദൈവമെന്ന് നാം മനസ്സിലാക്കണം.

നമ്മുടെ യാചനയിൽ പലതും കടന്നുവരാറുണ്ട്. ഭോഗേച്ഛകൾക്കു വിധേയപ്പെട്ട് നാം യാചിക്കുന്നവ പലതുണ്ട്. സമ്പത്ത്, പ്രതാപം, ലൗകികമോദം, അത്യാസക്തി, ആദിയായവ നമ്മിൽ സൃഷ്ടിക്കുന്ന ജഢീകമോഹങ്ങൾ നമ്മെക്കൊണ്ട് പലതും യാചിപ്പിച്ചിട്ടുണ്ട്. എന്നാൽ അവയ്ക്കൊന്നും ദൈവം മറുപടി നൽകാറില്ല. അത്തരം അഭിനിവേശങ്ങൾ ഗുണത്തെക്കാൾ ദോഷം ചെയ്യും എന്ന് ദൈവത്തിനറിയാവുന്നതിനാൽ അവയ്ക്കുനേരെ അവൻ കണ്ണടക്കും. അവയ്ക്ക് നമ്മളിൽ സ്വാധീനം ചെലുത്തുവാൻ സാധിക്കില്ല. ഓരോ പ്രായത്തിലുമുള്ള കുട്ടികൾക്ക് കഴിക്കാവുന്ന ഭക്ഷണപദാർത്ഥങ്ങൾ ഉണ്ട്. വാശിപിടിക്കുന്ന പിഞ്ചുകുഞ്ഞിന്, അതാഗ്രഹിക്കുന്നതെല്ലാം നൽകാത്ത പിതാവ് സ്നേഹമില്ലാത്തവനല്ല. അവ തന്റെ കുഞ്ഞിന് ദോഷം ചെയ്യുമെന്നറിഞ്ഞ്, കുഞ്ഞിന് ഇഷ്ടമില്ലെങ്കിലും ബലപ്രയോഗത്തിലൂടെ അത്തരം സാഹചര്യത്തിൽ നിന്ന് നീക്കം ചെയ്യുന്ന ഒരു നല്ല പിതാവിന്റെ തലത്തിൽ നമ്മുടെ ദൈവം വർത്തിക്കുന്നു. നമുക്കാവശ്യമുള്ളത് അവൻ നൽകും. ആവശ്യമില്ലാത്തതും പ്രശ്നപൂർണ്ണവുമായവയ്ക്കുവേണ്ടി നാം നടത്തുന്ന ബലപ്രയോഗങ്ങൾ ദൈവമുമ്പിൽ അർത്ഥരഹിതവുമായിരിക്കും.

സ്നേഹവാനായ പിതാവ് നിഷേധിച്ചവ മറ്റു മാർഗ്ഗങ്ങളിലൂടെ നേടുവാനുള്ള നെട്ടോട്ടം എവിടെയും ദർശിക്കാം. ആധുനികകാലത്ത് ഉയർന്നുവരുന്ന സമൃദ്ധിയുടെ ആദ്ധ്യാത്മികതയും കൂണുപോലെ പെരുകുന്ന അത്ഭുതശുശ്രൂഷകളുമൊക്കെ ഇതിന്റെ ഭാഗമാണ്. ദൈവം നിഷേധിച്ചത് നൽകുവാൻ ആരെക്കൊണ്ടും സാദ്ധ്യമല്ലെന്ന് നാം ചിന്തിക്കണം. ഇനിയും, ചില സംഗതികൾ നമ്മുടെ ദൃഷ്ടിയിൽ നിഷ്പ്രയോജനമാണെന്ന് നാം വിലയിരുത്തി ഉപേക്ഷിക്കുവാൻ തീരുമാനിച്ചാലും, നമുക്കു പ്രയോജനകരമാണെന്നു കണ്ടാൽ ചോദിക്കാതെ തന്നെ ദൈവം അവ നമുക്കു നൽകും.

അപ്പവും കല്ലും വിവേചിക്കുവാനുള്ള ശക്തിയാണ് നമുക്കാവശ്യം. അപ്പം തരുന്ന അപ്പനെ മറന്ന്, അപ്പത്തിന്റെ മറവിൽ കല്ലു നൽകുന്ന സാത്താനെ പിൻപറ്റുവാൻ നാം അറിയാതെയെങ്കിലും താൽപര്യപ്പെട്ടു പോകുന്നില്ലേ? നമ്മുടെ വ്യർത്ഥയാചനകളിലെ തരികൾ, കണ്ണിനുള്ളിൽ പതിവ് കാഴ്ചയ്ക്കു സൃഷ്ടിക്കുന്ന പ്രശ്നങ്ങളാണ് വിവേചന ബുദ്ധിയെ തടസ്സപ്പെടുത്തുന്നത്.

പാറപൊടിഞ്ഞാൽ മണൽ ഉണ്ടാകും, പൊടിച്ചാൽ ലഭിയ്ക്കുന്നത് പാറപ്പൊടിയാണ്. നിർമ്മാണ മേഖലയിൽ മണലിനും പാറപ്പൊടിക്കും ഗുണമേന്മയിൽ വലിയ വ്യത്യാസമുണ്ട്. അനുഭവങ്ങളുടെ മൂശയിൽ, ദൈവഹിതാനുസൃതമായി ലഭിക്കുന്നവയ്ക്കൊക്കെ ഈ ഗുണമുണ്ട്. അതിവേഗതയിൽ, അലക്ഷ്യമായി നാം ആഗ്രഹിക്കുന്നതൊക്കെ നൽകിയാൽ അവയുടെ കാഠിന്യത്തിനു മുമ്പിൽ നമുക്ക് പിടിച്ചു നിൽക്കുവാൻ സാധിക്കാതെ വരും.

അനാവശ്യമായവയുടെ പിന്നാലെയുള്ള പരാക്രമം പിൻവലിച്ച്, മൃദുലമായ ദൈവകൃപയെ, മൃദുലമായ ദൈവീക ശബ്ദത്തെ തിരിച്ചറിഞ്ഞ് ഗമിക്കുവാനുള്ള ദൈവികകൃപയ്ക്കായി നമുക്ക് യാചിക്കാം.

നമ്മുടെ യാചന അപ്പത്തിനു വേണ്ടിയാകട്ടെ. ജീവന്റെ അപ്പമായി അവതരിച്ചവൻ അതു നമുക്കു നൽകും. നോമ്പുമൂലം വിശന്ന തമ്പുരാനെ കല്ലു കാട്ടി അപ്പമാക്കുവാൻ പ്രേരിപ്പിച്ചവന്റെ ദുഷ്പ്രേരണകളെ അതിജീവിക്കുവാൻ നമുക്ക് സാധിക്കട്ടെ. കല്ലിന്റെ മറവിലെ അപ്പത്തെ കാട്ടിയ സാത്താൻ, അപ്പത്തിന്റെ മറവിലെ കല്ലിനെ മറച്ചു പിടിക്കുന്നത് ആത്മനയനത്താൽ ദർശിയ്ക്കുവാൻ ദൈവകൃപയ്ക്കായി നമുക്ക് യാചിയ്ക്കാം. ഓരോ അപ്പത്തിനു മറവിലും ഒരു കല്ലുണ്ട്. ഈ ഒരു ചിന്ത സുഖാനുഭൂതിയിൽ നമുക്ക് ദർശനമാകണം. ഓരോ കല്ലിനു മറവിലും ഒരു അപ്പമുണ്ട്. ഇത് വേദനയിൽ നമുക്ക് പ്രതീക്ഷ നൽകണം.

ഭവനങ്ങളിൽ പ്രാർത്ഥനാനുഭവം നഷ്ടപ്പെടുന്നതും, ഞായറാഴ്ചകളിൽ സൺഡേസ്കൂളിനു വിടാതെ മറ്റു പരിപാടികൾക്കു വിടുന്നതും, സുഖസൗകര്യങ്ങളിൽ രമിച്ച് ദൈവികാനുഭവം നഷ്ടപ്പെടുന്നതും കാണുമ്പോൾ ദൈവത്തെ മറന്ന് പൈശാചിക ശക്തിയെ കുടിയിരുത്തുകയല്ലെ എന്ന് തോന്നിപ്പോകുന്നു.

മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ?

ക്രൈസ്തവ സഭാ ചരിത്രത്തിൽ മീനിന് വലിയ പ്രാധാന്യമുണ്ട്. ആദിമ നൂറ്റാണ്ടുകളിൽ പീഡകളുടെ നടുവിൽ ക്രിസ്ത്യാനികൾ രഹസ്യമായി ആരാധന നടത്തിയിരുന്നു. ഈ സന്ദർഭങ്ങളിൽ ക്രിസ്തുവിനെ സൂചിപ്പിക്കുവാൻ പല പ്രതീകങ്ങൾ ഉപയോഗിച്ചിരുന്നു. കുഞ്ഞാട്, മുന്തിരിവള്ളി, പ്രാവ്, മത്സ്യം ആദിയായവ അവയിൽ ചിലതായിരുന്നു. ആദിമസഭ മത്സ്യത്തെ ക്രിസ്തുവിന്റെ പ്രധാന പ്രതീകമായി കണക്കാക്കിയിരുന്നു. പാമ്പിനെ സാത്താന്റെ പ്രതിബിംബമായി പലരും കരുതി. മത്സ്യം ക്രിസ്തുവിന്റെയും, പാമ്പ് സാത്താന്റെയും പ്രതീകങ്ങളായിരുന്നു. 'മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ?' എന്ന ചോദ്യത്തിൽ, നിങ്ങളുടെ മക്കൾ ജീവനുള്ള ദൈവത്തെപ്പറ്റി നിങ്ങളോടു ചോദിച്ചാൽ നിങ്ങളവർക്ക് സാത്താന്റെ അനുഭവം പകർന്നു നൽകുമോ? എന്നൊരു അർത്ഥം കൂടി നമുക്ക് ദർശിക്കാം. ദൈവത്തെപ്പറ്റി ചോദിക്കുന്ന മക്കൾക്ക് സാത്താനെ നൽകുവാൻ ആരും തയ്യാറാകില്ലായിരിക്കും. എന്നാൽ, നമ്മുടെ ജീവിതചര്യകളിൽ വരുന്ന മാറ്റം അത്തരമൊരു തലത്തിലേയ്ക്ക് നയിക്കുന്നില്ലേ? ഭവനങ്ങളിൽ പ്രാർത്ഥനാനുഭവം നഷ്ടപ്പെടുന്നതും, ഞായറാഴ്ചകളിൽ സൺഡേസ്കൂളിനു വിടാതെ മറ്റു പരിപാടികൾക്കു വിടുന്നതും, സുഖസൗകര്യങ്ങളിൽ രമിച്ച് ദൈവികാനുഭവം നഷ്ടപ്പെടുന്നതും കാണുമ്പോൾ ദൈവത്തെ മറന്ന് പൈശാചിക ശക്തിയെ കുടിയിരുത്തുകയല്ലെ എന്ന് തോന്നിപ്പോകുന്നു. നമ്മുടെ സമൂഹത്തിൽ നാം പകർന്നു നൽകുന്ന സാക്ഷ്യം ഏതാണെന്ന് ഒരു സ്വയ വിലയിരുത്തലിന് നാം തയ്യാറാകണം. ഭിന്നതയും സ്വാർത്ഥതയും കാപട്യവും വളർത്തി, സമൂഹത്തെ തളർത്തുന്ന എല്ലാ പ്രവർത്തനങ്ങളും സാത്താന്റെ സ്വാധീനത്തിൽ നിന്നും ഉളവാകുന്നതാണ്.



വിഷം വമിക്കുന്ന പാമ്പും രുചികരമായ ഭക്ഷണമായിത്തീരേണ്ട മത്സ്യവും ധ്യാനവിഷയങ്ങളാണ്. വിഷം വമിക്കുന്ന പാമ്പിനെ ഭയക്കുന്ന മനുഷ്യൻ, സാധു മത്സ്യത്തെ വലയിലാക്കുവാൻ ബദ്ധപ്പെടുന്നു. വലയിലകപ്പെടുന്ന പാമ്പ് ഭീതിയും, മത്സ്യം സന്തോഷവും വലക്കാരന് നൽകുന്നു. ചുട്ട മത്സ്യം (യോഹ. 21:9) കരുതിവെച്ച് കൊടും ശൈത്യത്തിൽ വലവീശിവരുന്ന ശിഷ്യരെ സ്വീകരിച്ച 'വലിയ മത്സ്യം' നമുക്കൊരു പ്രചോദനമാകട്ടെ. മത്സ്യം കൊടുക്കുവാൻ സാധിച്ചില്ലെങ്കിലും, പാമ്പിന്റെ ദുഃസ്വാധീനം ഒഴിവാക്കുവാനെങ്കിലും നമുക്കു സാധിക്കില്ലെ?

മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ?

പ്രസവിക്കാത്ത ജീവജാലങ്ങൾക്ക് പ്രകൃതി കനിഞ്ഞനുവദിച്ച അനുകൂലനമാണ് മുട്ടയിലൂടെ വംശവർദ്ധന നടത്തുവാനുള്ള സാഹചര്യം. മുട്ടയെ പോഷകസമ്പൂർണ്ണമായ ആഹാരമായി നാം കരുതുമ്പോഴും അതിനു പിന്നിലെ പ്രകൃതിനിയമം നാം വിസ്മരിക്കുവാൻ പാടില്ല. മുട്ടവിരിഞ്ഞാൽ ഒരു പുതിയ സൃഷ്ടി ഉടലെടുക്കുന്നു. ഒരേ സമയം മുട്ട പലതിന്റെയും പ്രതീകമാണ്. പുനഃസൃഷ്ടി, സ്വാതന്ത്ര്യം, ആദ്ധ്യാത്മികാനുഭവം, പുതുശക്തി ആദിയായവയെ 'മുട്ട' എന്ന ഉപമാനം പ്രതിനിധികരിക്കുന്നു.


നമ്മുടെ സമൂഹത്തിൽ നാം പകർന്നുനൽകുന്ന സാക്ഷ്യം ഏതാണെന്ന് ഒരു സ്വയവിലയിരുത്തലിന് തയ്യാറാകണം. ഭിന്നതയും, സ്വാർത്ഥതയും, കാപട്യവും വളർത്തി, സമൂഹത്തെ തളർത്തുന്ന എല്ലാ പ്രവർത്തനങ്ങളും സാത്താന്റെ സ്വാധീനത്തിൽ നിന്നും ഉളവാകുന്നതാണ്.

എന്നാൽ, 'തേൾ' ഉപദ്രവകാരിയായ ജീവിയാണ്. തേളിന്റെ കുത്ത് കഠിനമായ വേദനസൃഷ്ടിക്കും. ചിലപ്പോൾ മരണംവരെ സൃഷ്ടിക്കുവാൻ തേളിന്റെ കുത്തിന് സാധിക്കും. മറ്റുള്ളവരെ വേദനിപ്പിക്കുന്ന, സ്വാർത്ഥതയുടെ, കാപട്യത്തിന്റെ, പാരതന്ത്ര്യത്തിന്റെ, ആസക്തികളുടെ പ്രതീകമാണ് തേൾ.

'മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ?'എന്ന ചോദ്യത്തിൽ, നമ്മുടെ സമൂഹം നമ്മിൽ നിന്ന് സംതൃപ്തിയും, പുതുജീവനും ആഗ്രഹിക്കുമ്പോൾ നാമവരെ വേദനിപ്പിക്കുവാനും, നശിപ്പിക്കുവാനും തയ്യാറാകുമോ? എന്ന ഒരു അന്വേഷണവും ഒളിഞ്ഞിരിപ്പുണ്ട്. അങ്ങനെ ചെയ്യും എന്നല്ല ആരെങ്കിലും അങ്ങനെ ചെയ്യുമോ? എന്ന് വിപരീതാർത്ഥത്തിലാണ് തമ്പുരാൻ അന്വേഷിക്കുന്നത്. ഭാരം ഇറക്കിവെയ്ക്കുവാൻ ഇടം തേടുന്നവന്റെ ചുമലിലേക്ക് ഇരട്ടിഭാരം നിക്ഷേപിക്കുന്ന തലത്തിലേയ്ക്ക് നാം ആയിക്കഴിഞ്ഞില്ലേ? ദുഃഖം പങ്കുവെയ്ക്കുന്നവനെ പരിഹസിക്കുകയും കുത്തിനോവിക്കുകയും ചെയ്യുന്ന തേളുകളായി മാറ്റപ്പെടുന്നവരല്ലെ പലപ്പോഴും നമ്മൾ?

ഒരു താങ്ങായും തണലായും നിഴലായും വെളിച്ചമായും നാം മാറണം. വിശക്കുന്നവന് ഭക്ഷണമായും, ദരിദ്രന് അത്താണിയായും, നിരീശ്വരന് വിശ്വാസമായും അനുവർത്തിക്കുവാൻ നമുക്ക് കടപ്പാടുണ്ട്. 'തേളു'കളുടെ യുഗത്തിൽ 'മുട്ട'കളായി പുനർജനിക്കുന്നത് പ്രയാസമാണ്. എന്നാൽ, ഉള്ളിലുള്ള വിത്തിന് കാവലാളായി, വിരിയാനുള്ള ആവരണമായി, സമാധിയായി ഇരിയ്ക്കുക എന്നത് ഒരു സപര്യയാണ്. ഈ സമാധി അനുഭവം, ചില നല്ല ഗുണങ്ങളെ, നന്മകളെ സംവേദിപ്പിക്കുവാനുള്ള ചാലകശക്തിയാകട്ടെ. കാലാന്തരത്തിൽ കാലത്തികവിൽ വിരിഞ്ഞ 'ദിവ്യ മുട്ട' നമുക്ക് പ്രചോദനമാണ്. അകാലത്തിൽ വിരിയുന്ന, വിരിയിക്കുന്ന, വിരിയുവാൻ വെമ്പുന്ന മാനസികാവസ്ഥയിൽ നിന്നും, 'കാലത്തികവിൽ വിരിഞ്ഞ മുട്ട'യുടെ ആത്മചോദന നമുക്കൊരു വഴിത്താരയാകട്ടെ.

നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതാം
gmirror2009@yahoo.com



സോയേ ബ്രദർഹുഡ്


▪ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത

ഗ്രീസിന്റെ തലസ്ഥാനമായ ആതൻസിൽ ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ആദ്ധ്യാത്മികവും വിദ്യാഭ്യാസപരവും സാംസ്കാരികവും ആയുള്ള പുനരുദ്ധാരണത്തെ ലാക്കാക്കിയും സഭാ മക്കളിൽ ആദ്ധ്യാത്മിക നവചൈതന്യം പകർന്നുകൊടുത്തു ക്രിസ്തീയ ജീവിതത്തിൽ അതിനെ നിലനിർത്തിക്കൊണ്ടുപോകുന്നതിനു വേണ്ടിയും അക്ഷീണയത്നം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സംഘടനയാണ് സോയേ ബ്രദർഹുഡ്. **Zoe (സോയേ) എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം ജീവൻ എന്നാണ്. ജീവൻ എന്നു പറയുമ്പോൾ ചൈതന്യാത്മകവും ചലനാത്മകവുമായി ഒരു മനുഷ്യനിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശക്തിവിശേഷമാണെന്നിരുന്നാലും അതിലുപരിയായ അർത്ഥപുഷ്ടിയോടുകൂടിയതാണ് ആ വാക്ക്.** വി.യോഹന്നാന്റെ സുവിശേഷത്തിൽ ജീവനെപ്പറ്റി പ്രതിപാദിക്കുന്നിടത്തെല്ലാം ഈ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് Zoe (സോയേ) എന്ന പദംകൊണ്ട് അർത്ഥമാക്കുന്ന ജീവൻ, പൊതുവേ ജീവജാലങ്ങളിൽ കാണുന്ന മേൽപറയപ്പെട്ടതുപോലുള്ള ജീവനല്ല. പ്രത്യുത, നിത്യനായി ജീവിക്കുന്ന ദൈവം മനുഷ്യാവതാരം ചെയ്ത് തന്റെ തിരുകുമാരൻവഴിയായി ലോകത്തിന് സമൃദ്ധിയായി ദാനം ചെയ്യുമെന്നു വാഗ്ദത്തം ചെയ്ത ക്രിസ്തീയ ജീവനാണ്. നിത്യനായി ജീവിക്കുന്ന ദൈവം തന്റെ സന്നിധിയിലേക്കു കടന്നുചെല്ലുന്ന ഏവനും പ്രദാനം ചെയ്യുന്നതു താൻ ജീവിക്കുന്ന ജീവനാണ്, തന്നോടുകൂടെയുള്ള ജീവിതമാണ്. അതാണ് ക്രിസ്തീയ ജീവൻ എന്നു പറയുമ്പോൾ മനസ്സിലാക്കേണ്ടത്. അല്ലാതെ ഈ ലോകത്തിലുള്ള നമ്മുടെ നിലനിൽപ്പിനെ (Existence) മാത്രം ലാക്കാക്കിക്കൊണ്ടുള്ള ജീവനല്ല.

മനുഷ്യാവതാരം വഴിയായി ദൈവം നമുക്കു പ്രദാനം ചെയ്തിട്ടുള്ള നിത്യജീവൻ, സഭാ മക്കളിൽ നിലനിർത്തിക്കൊണ്ടുപോവുകയും അതിനെ പരിപുഷ്ടിപ്പെടുത്തുകയും ചെയ്യുക എന്നുള്ളതാണ് ഈ സംഘടനയുടെ മൗലിക പ്രമാണം.സേവനനിരതരായ കുറെ അവിവാഹിത പട്ടക്കാരും അയ്മേനികളും ഈ സംഘടനയിൽ അംഗങ്ങളാണ്. അവരുടെ ജീവിതം ഏകദേശം ഒരു ആശ്രമജീവിതത്തോട് അനുരൂപമാണ്. എന്നാലും ആശ്രമസ്ഥരെപ്പോലെ സന്യാസവസ്ത്രങ്ങൾ അണിഞ്ഞ് ഈ ലോകത്തിലെ ബഹളങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി വല്ല വനാന്തരങ്ങളിലോ ദയറാകളിലോ താമസിക്കുന്നവരല്ല. അവർ ജീവിതത്തിന്റെ ബഹളങ്ങളുടെയും ആരവാരങ്ങളുടെയും മദ്ധ്യത്തിൽ ശാന്തമായ ഒരു ജീവിതം നയിച്ചു കർത്താവിനും തന്റെ സഭയ്ക്കും വേണ്ടി സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഈ സംഘടനയിലെ ആത്മായ അംഗങ്ങളിൽ നല്ല വേദശാസ്ത്രപണ്ഡിതൻമാരുമുണ്ട്. ഗ്രീക്ക് സഭയുടെയും റഷ്യൻ സഭയുടെയും ഒരു പ്രത്യേകത അവർക്ക് ആത്മായ വേദശാസ്ത്രജ്ഞൻമാരുണ്ട് എന്നുള്ളതാണ്. വേദശാസ്ത്രം പഠിച്ചവരെല്ലാം പട്ടക്കാരായിക്കൊള്ളണമെന്നില്ല.

ഈ സംഘടനയ്ക്കു സ്വന്തമായി സ്ഥാപനങ്ങളും വസ്തുവകകളും ഉണ്ട്. ആതൻസ് പട്ടണത്തിന്റെ കേന്ദ്ര സ്ഥാനത്ത് ഒരു കേന്ദ്ര ആപ്പീസും ഉണ്ട്. കൂടാതെ Heppocratous Street ൽ ഒരു പ്രസ്സും പ്രസിദ്ധീകരണ കേന്ദ്രവും പട്ടണത്തിൽ നിന്നും കുറെ ദൂരെ നാട്ടിമ്പുറത്തു വിവിധ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ള സാമാന്യം വലിയ ഒരു തോട്ടവും അതിൽ മനോഹരമായ ഒരു ദേവാലയവും ഒരു കമ്യൂണിറ്റി ഹൗസും (Community House) ഉണ്ട്.



മൗണ്ട് ആതോസ്

ഈ സംഘടനയുടെ പ്രവർത്തനങ്ങളിൽ ചിലതിനെപ്പറ്റി അറിയുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ഈ സംഘടന ചെയ്യുന്ന ഒരു കൃത്യം സഭയുടെ സാഹിത്യ ഭണ്ഡാരത്തിലേക്കു മുതൽകൂട്ടുകയെന്നുള്ളതാണ്. ആദിമ സഭയിലെ പിതാക്കന്മാരുടെ എഴുത്തുകളും പ്രബന്ധങ്ങളും നല്ലവണ്ണം പഠിച്ച് അതിൽനിന്നും സഭയുടെ വിശ്വാസ സംഗതികളെ കടഞ്ഞെടുത്ത് ചെറിയ ചെറിയ പ്രബന്ധങ്ങളാക്കി മുദ്രണം ചെയ്തു പ്രചരിപ്പിക്കുകയാണവർ. ഈ ഗ്രന്ഥങ്ങളെ ഗ്രീക്ക് ഭാഷയിലാണ് പ്രസിദ്ധപ്പെടുത്തുന്നത്. ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ വഴി പിതാക്കന്മാരാൽ പഠിപ്പിക്കപ്പെട്ടിട്ടുള്ള വിശ്വാസത്തെപ്പറ്റി വായിച്ചറിയുന്നതിനും പഠിക്കുന്നതിനും സഭാമക്കൾക്കു സാധിക്കുന്നു. അതു വിശ്വാസത്തിന്റെ നിലനിൽപ്പിന് വളരെ സഹായിക്കുന്നു എന്നുള്ളത് തർക്കമറ്റ സംഗതിയാണ്. മലങ്കരസഭയ്ക്കും ഇത് ഒരു നല്ല മാതൃകയായിരുന്നെങ്കിൽ എന്ന് ഓർത്തുപോയി. നമ്മുടെ പിതാക്കന്മാരുടെ കൃതികളെ ശരിയായി പഠിച്ച് അതിലുള്ള മൂല്യങ്ങളെ എടുത്തു ചെറുപ്രബന്ധങ്ങളാക്കിയാൽ സഭാ മക്കൾക്കു വായിച്ചു മനസ്സിലാക്കാനും തന്മൂലം സത്യവിശ്വാസം സഭാമക്കളിൽ രൂഢമൂലമാകാനും കാരണമാകും. പാമ്പാക്കുട ഗ്രന്ഥശാലയിലും അതുപോലെ മറ്റു ഗ്രന്ഥശാലകളിലും ഉള്ള പുസ്തകങ്ങൾ വായിച്ചു പഠനം നടത്താൻ പണ്ഡിതന്മാരായ വേദശാസ്ത്രജ്ഞന്മാർ ഉൾക്കൊള്ളുന്ന ഒരു പ്രസിദ്ധീകരണ വകുപ്പു രൂപവൽക്കരിച്ച് ഈദൃശകാര്യങ്ങൾ ചെയ്യുവാൻ സഭാനേതൃത്വം മുൻകൈയെടുത്തു പ്രവർത്തിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. നമ്മുടെ സഭയുടെ സത്യവിശ്വാസങ്ങളടങ്ങുന്ന പുസ്തകങ്ങൾ വായിക്കുവാൻ മലയാള ഭാഷയിൽ അത്രയ്ക്ക് അധികമൊന്നും കിട്ടാറില്ല. തന്നെയുമല്ല ആ വകയൊന്നും വായിക്കുവാൻ അധികമാരും മിനക്കെടാറുമില്ല! സുറിയാനി സഭയുടെ സത്യവിശ്വാസങ്ങളും വേദശാസ്ത്രവും (Theology) നമ്മുടെ ആരാധനകളിലും പ്രാർത്ഥനകളിലും അതുപോലെ ക്രിസ്ത്വബ്ദത്തിന്റെ ആദിമനൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന പിതാക്കന്മാരുടെ എഴുത്തുകളിലും ഉണ്ട്. നമ്മുടെ വി. കുർബാനതന്നെ വേദശാസ്ത്രത്തിന്റെ ഒരു സമാഹാരമാണ്. അതിലെ ഓരോ പ്രാർത്ഥനയും വേദശാസ്ത്രദൃഷ്ട്യാ വലിയ വലിയ അർത്ഥം ഉൾക്കൊള്ളുന്നവയാണ്. പക്ഷേ ആ അർത്ഥങ്ങളും സത്യങ്ങളും മനസ്സിലാക്കിക്കൊണ്ടല്ല അനേകരും അതിൽ സംബന്ധിക്കുന്നത്. സാധാരണക്കാരെപ്പറ്റി പറയുമ്പോൾ അവരുടെ പരമാർത്ഥതയിലും കണ്ണടച്ചുകൊണ്ടുള്ള വിശ്വാസത്തിലും വലിയ ശക്തിയുണ്ട്. നല്ലതുപോലെ അർത്ഥം മനസ്സിലാക്കിക്കൊണ്ട് അതിൽ സംബന്ധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നവരില്ലാതില്ല. എന്നാൽ ഇതിനു രണ്ടിനും ഇടയ്ക്കുള്ള ഒരു കൂട്ടം ആളുകളുണ്ട്. അവർക്കു പല സംഗതികളും ദുർഗ്രഹ

ങ്ങളാണ്. ബുദ്ധിജീവികളായ അവർക്കു പല കാര്യങ്ങളെപ്പറ്റിയും അറിയാനുള്ള ജിജ്ഞാസ മുമ്പിട്ടുനിൽക്കുന്നു. ആ ആഗ്രഹം നടത്തിക്കൊടുക്കുകയും അവരുടെ സംശയങ്ങൾ തീർത്തു കൊടുക്കുകയും ചെയ്തുകൊണ്ട് അവരെ സത്യവിശ്വാസത്തിൽനിന്നു വ്യതിചലിച്ചുപോകാതെ കാത്തുകൊള്ളേണ്ടതു സഭയുടെ ചുമതലയാണ്. പല കാര്യങ്ങളെ സംബന്ധിച്ചും വലിയ ജ്ഞാനമൊന്നുമില്ലാതെയാണ് പലരും പങ്കുകൊള്ളുന്നത്. പിന്നെ 'പിതാക്കന്മാരായി നടത്തിക്കൊണ്ടിരുന്ന ഒരു പാരമ്പര്യാചാരം ഞാനായിട്ടെന്തിനു മുടക്കുന്നു' എന്നുള്ള ധാരണയിൽ കഴിഞ്ഞുകൂടുകയാണെന്നു വേണം പറയാൻ. ഇതിനെല്ലാം പരിഹാരം നല്ല പ്രസിദ്ധീകരണവകുപ്പുകൊണ്ടല്ലാതെ സാധിക്കുകയില്ല. ഇളംതലമുറയ്ക്കു വേണ്ടി സഭയ്ക്കു സമ്പാദിക്കാവുന്ന വലിയ സ്വത്ത് ഇതുപോലെയുള്ള പുസ്തകസമ്പത്താണ്. ഓരോ പള്ളിയിലും നമ്മുടെ സഭയുടെ കാതലായതും കറയറ്റതുമായ വിശ്വാസസത്യങ്ങൾ അടങ്ങിയിരിക്കുന്ന പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഓരോ ഗ്രന്ഥശാലയെങ്കിലും ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ഇന്നു കേരളത്തിലും വെളിയിലും പല കോളജുകളിലും നമ്മുടെ സഭാംഗങ്ങളായ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അവരിൽ പലർക്കും താമസസൗകര്യം കിട്ടാതെ വിഷമിക്കുകയും അലഞ്ഞുതിരിഞ്ഞു വല്ല ഹോട്ടലുകളിലോ ലോഡ്ജുകളിലോ പറ്റിക്കൂടി അവിടെയുള്ള ദുഷിച്ച രീതികളുമായി ഇടപഴകി വഷളായിത്തീരുകയും ചെയ്യുന്ന പരിതസ്ഥിതി ഒട്ടും കുറവല്ല.

സോയേ ബ്രദർഹുഡിന്റെ ആഭിമുഖ്യത്തിൽ പല മാസികകളും കൊച്ചുകുട്ടികൾക്കായിട്ടുള്ള വാരികകളും പ്രസിദ്ധീകരിച്ചുകൊണ്ടാണിരിക്കുന്നത്. ഈ സംഘടനയുടെ നടത്തിപ്പിനുള്ള ഒരു സ്ഥിരം വരുമാനമാർഗ്ഗം ഈ പ്രസിദ്ധീകരണങ്ങളിൽ നിന്നുള്ള ആദായമാണ്. ഇതിലെ പ്രവർത്തകർ സ്വമേധയാ വേല ചെയ്യുന്നവരാണ്. ഈ സംഘടനയിലെ അംഗങ്ങളുടെ ആവശ്യങ്ങളെല്ലാം സംഘടനയുടെ പൊതുസ്വത്തിൽനിന്നു നിറവേറ്റുന്നു. ആർക്കെങ്കിലും സ്വന്തമായി വല്ല വരുമാനമാർഗ്ഗവുമുണ്ടെങ്കിൽ (ശമ്പളമായോ മറ്റോ) അതു സംഘടനയിൽ ഏൽപ്പിച്ചിട്ട് അവിടെനിന്ന് അവരുടെ ആവശ്യങ്ങൾക്കുള്ള പണം വാങ്ങുന്നു.

ഈ സംഘടന നടത്തുന്ന വേറൊരു സംഗതി വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഇവർ സ്റ്റുഡന്റ് സെന്ററും ഹോസ്റ്റലുകളും നടത്തുന്നു. ഗ്രീക്ക് ഓർത്തഡോക്സ് സഭ ആതൻസിലെ രാഷ്ട്രീയ മതമാണ്. സഭയ്ക്കു വലിയ സ്വാധീനം ഉണ്ട്. ആതൻസിൽ ഞാൻ താമസിച്ചിരുന്ന സെന്റ് പോൾസ് ഹോസ്റ്റലിൽ 250–ഓളം വിദ്യാർത്ഥികൾ താമസിക്കുന്നുണ്ട്. ഇവർ ആതൻസിലെ വിവിധ സ്കൂളുകളിലും കോളജുകളിലും അധ്യയനം നടത്തുന്നവരാണ്. സൈപ്രസ്സിൽ നിന്നും മറ്റും വിദ്യാർത്ഥികൾ വന്ന് അവിടെ താമസിച്ചു പഠിക്കുന്നു. അവർക്ക് അവിടെ ക്രമമായ ഒരു ജീവിതചര്യയും ചിട്ടയും ഉണ്ട്. അച്ചടക്കം പാലിക്കുന്നതിനും പ്രാർത്ഥനാജീവിതം കെട്ടിപ്പടുക്കുന്നതിനും അതു സഹായിക്കുന്നു. ഭക്ഷണശാലയിലും അവർ വളരെ ചിട്ടയും ക്രമവും പാലിക്കുന്നു. അവരുടെ ഭക്ഷണശാലയിൽ വിഭവസംബന്ധമായ ഉച്ചനീചത്വങ്ങളില്ല. വിദ്യാർത്ഥികളിൽ തികഞ്ഞ ശിക്ഷണബോധവും തങ്ങളുടെ ചുമതലകളെപ്പറ്റിയുള്ള ഉത്തരവാദിത്തബോധവും കാണാൻ കഴിഞ്ഞു. പ്രയോജനരഹിതമായി സമയം നഷ്ടപ്പെടുത്തുന്ന ഒരു കുട്ടിയെപ്പോലും ആ ഹോസ്റ്റലിൽ കാണാൻ കഴിഞ്ഞില്ല. തങ്ങൾ താമസിക്കുന്ന മുറിയും ജീവിക്കുന്ന പരിസരങ്ങളും വളരെ വൃത്തിയായി സൂക്ഷിക്കുന്നതിൽ വളരെ നിഷ്കർഷ പാലിക്കുന്നു. നമ്മുടെ അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾ നമ്മുടെ നാട്ടിലെ ചില ഹോസ്റ്റലുകളുടെ ഭിത്തികളിലും മറ്റും എഴുതിവച്ചിരിക്കുന്ന സംസ്കാരരഹിതമായ പദങ്ങളും ചിത്രങ്ങളും കാണുമ്പോൾ ലജ്ജ തോന്നുന്നു. അവിടെയുള്ള പരിശീലനത്തിന്റെ ഫലമായി തികഞ്ഞ ഉത്തരവാദിത്തബോധവും ജീവിതനിഷ്ഠയും ശിക്ഷണബോധവുമുള്ള ചെറുപ്പക്കാരെ സഭയ്ക്കു വേണ്ടി വേലചെയ്യാൻ ലഭിക്കുന്നതാണ്.

ഇന്നു കേരളത്തിലും വെളിയിലും പല കോളജുകളിലും നമ്മുടെ സഭാംഗങ്ങളായ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അവരിൽ പലർക്കും താമസസൗകര്യം കിട്ടാതെ വിഷമിക്കുകയും അലഞ്ഞുതിരിഞ്ഞു വല്ല ഹോട്ടലുകളിലോ ലോഡ്ജുകളിലോ പറ്റിക്കൂടി അവിടെയുള്ള ദുഷിച്ച രീതികളുമായി ഇടപഴകി വഷളായിത്തീരുകയും ചെയ്യുന്ന പരിതസ്ഥിതി ഒട്ടും കുറവല്ല. സഭയുടെ യാതൊരുവിധമായ ശ്രദ്ധയും ഇങ്ങനെയുള്ള വിദ്യാർത്ഥികളുടെമേൽ ഇല്ലാതെ അവർ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ ആവശ്യത്തിനു തക്ക ശമ്പളമൊന്നുമില്ലാതെ കിട്ടുന്നതുകൊണ്ട് അരിഷ്ടിച്ചു കഴിഞ്ഞുകൂടുന്ന ചെറുപ്പക്കാരും നമ്മുടെ പട്ടണങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. അവരും ഇന്ന് ഒരു താമസസൗകര്യം കണ്ടുപിടിച്ച് ചെറിയ വരുമാനത്തിൽ ഒതുങ്ങി ജീവിക്കുവാൻ വളരെയേറെ കഷ്ടപ്പെടുന്നുണ്ട്. അവർക്കും നമ്മുടെ വിദ്യാർത്ഥികൾക്കു നേരിടേണ്ടിയ ഗതികേടുതന്നെയാണുള്ളത്. ഈ വിദ്യാർത്ഥികളെയും യുവജനങ്ങളെയും താമസിപ്പിക്കുവാൻ പറ്റിയ യൂത്ത് സെന്ററുകളും ഹോസ്റ്റലുകളും (Youth Centres and Hostels) ആരംഭിച്ചു നടത്തുന്നത് അഭിലഷണീയമായിരിക്കും. സഭയുടെ മേൽനോട്ടത്തിലും നല്ല ഒരു അന്തരീക്ഷത്തിലും ജീവിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കികൊടുക്കുവാനുള്ള ദീർഘവീക്ഷണം നമുക്കുണ്ടാകണം. ഭൗതികത്വത്തിന്റെ വേലിയേറ്റത്തിൽ യാതൊരന്വേഷണവും സംരക്ഷണവും കിട്ടാതെ ഭാവിതലമുറയുടെ വിലതീരാത്ത മാണിക്യരത്നങ്ങൾ നഷ്ടപ്രായമായിക്കൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികളെയും ചെറുപ്പക്കാരെയും, നഷ്ടപ്പെടാതെ വീണ്ടുകൊള്ളുവാൻ സഭയുടെ നേതൃത്വത്തിലും പരിചരണത്തിലുമുള്ള (Youth Centres) യുവജനകേന്ദ്രങ്ങൾക്കു കഴിയും. അവരിൽ നിക്ഷിപ്തമായിരിക്കുന്ന നൈസർഗ്ഗിക ഗുണങ്ങളെ എടുത്തു പ്രയോജനപ്പെടുത്തുവാൻ ഇതുപോലുള്ള സംരംഭത്തിനു സാധിക്കുമെന്നുള്ളതിനു സംശയമില്ല.

അടുത്തതായി ഈ സംഘടന ചെയ്യുന്നത് യുവജനങ്ങളുടെ ഇടയിലുള്ള പ്രവർത്തനമാണ്. യുവജനങ്ങൾക്കു വേണ്ടി വേനൽക്കാല ക്യാമ്പുകൾ നടത്തുകയും ക്യാമ്പുകളിൽ വച്ച് യുവജനങ്ങൾക്കായി ധ്യാനയോഗ



Join the friendship circle of Georgian Mirror on Facebook

ങ്ങൾ നടത്തുകയും ചെയ്യുന്നു. പ്രസ്തുത സംഘടനയിലെ ഒരു ബഹുമാന്യ പട്ടക്കാരനാണ് ആർച്ചുമാൻഡ്രൈറ്റ് അലക്സിയോസ് (Archimandrite John Alexiose). അദ്ദേഹം എന്നെ ആതൻസ് പട്ടണത്തിൽ നിന്നും ഏകദേശം നൂറിൽ അധികം കിലോമീറ്ററുകൾ ദൂരമുള്ള പർണാസോസ് (Parnasos) എന്ന മലയിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു ബോയ്സ് ക്യാമ്പിൽ സംബന്ധിക്കാൻ കൊണ്ടുപോയി. ആ ക്യാമ്പ് 13 നും 29 നും ഇടയ്ക്കു പ്രായമുള്ള വിദ്യാർത്ഥികൾക്കു വേണ്ടിയുള്ളതായിരുന്നു. ഏകദേശം 4000 അടി ഉയരത്തിലുള്ള മലയിലാണ് ക്യാമ്പ് നടക്കുന്ന സ്ഥലം. മലയിൽനിന്ന് ഒഴുകിവരുന്ന അരുവിയിൽനിന്നു വെള്ളം കിട്ടും. ഭക്ഷണശാലയായിട്ടും മീറ്റിങ് സ്ഥലമായിട്ടും ഉപയോഗിക്കുന്ന ഒരു ഹാളും ഭക്ഷണം പാകം ചെയ്യാനുള്ള ഒരു കുശിനിയും ഉണ്ട്. ക്യാമ്പിൽ സംബന്ധിക്കാൻ വരുന്നവർ താമസിക്കുന്നതു കൂടാരങ്ങളിൽ ആണ്. പല ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും പ്രത്യേകം പ്രത്യേകം ജോലികളും ചെയ്യേണ്ടതായിട്ടുണ്ട്.

ദിവസവും അതിരാവിലെ 6 മണിയോടുകൂടി വെളിമ്പ്രദേശത്തു വെറും കുറ്റിക്കാടുകളുടെ ഇടയിൽ തയ്യാറാക്കിയ ഒരു മേശയിന്മേൽ വി. കുർബാന അർപ്പിക്കും. വെറും കാടിന്റെ നടുക്ക് കാട്ടുമരം മുറിച്ചെടുത്തുണ്ടാക്കിയ ഒരു വലിയ മരക്കുരിശിന്റെ മുമ്പിൽ ഒരു മേശയിട്ടാണ് വി. കുർബാനഅർപ്പിക്കുന്നത്. പച്ചനിറത്തിൽ ഇടതൂർന്നു നിൽക്കുന്ന പൈൻ വൃക്ഷങ്ങളുടെയും നാലുവശത്തും തല ഉയർത്തിനിൽക്കുന്ന വന്മലകളുടെയും നടുക്കു പ്രശാന്തസുന്ദരമായ പ്രകൃതിയുടെ മടിത്തട്ടിൽ, പട്ടണത്തിലെ വഴിപിഴച്ച ആധുനിക പരിഷ്കാരത്തിന്റെ ദുർഗന്ധം വമിക്കുന്ന അന്തരീക്ഷത്തിൽ നിന്നും വളരെ വളരെ മാറിയിരുന്നു ചിന്തിക്കുകയും പഠിക്കുകയും കളിക്കുകയും ചിരിക്കുകയും പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ആരാധനിക്കുകയും സ്തുതിഗാനങ്ങളുതിർക്കുകയും ചെയ്യുന്നവരായ 13 നും 29 നും ഇടയ്ക്കു പ്രായമുള്ള ഒരു സംഘം ചെറുപ്പക്കാർക്കു പരിശീലനം കൊടുക്കുന്ന ശാന്തിനികേതനമായി അത് എനിക്ക് അനുഭവപ്പെട്ടു. ഇങ്ങനെയുള്ള ക്യാമ്പുകളും ഗ്രൂപ്പുകളും സജ്ജീകരിച്ച് അവർക്ക് ആദ്ധ്യാത്മിക നേതൃത്വം കൊടുക്കുകയും അവരെ വിശ്വാസം പഠിപ്പിച്ചു സത്യവിശ്വാസത്തിൽ നിലനിർത്തിക്കൊണ്ടു വരുന്നതിനു വേണ്ടി അക്ഷീണശ്രമം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു സംഘടനയാണ് സോയേ സഹോദര സമൂഹം.

സഭയുടെ അദ്ധ്യാപനവിഷയത്തിൽ സോയേ സമൂഹം പ്രത്യേകം താൽപര്യം പ്രദർശിപ്പിക്കുന്നുണ്ട്. ഈ സംഘടനയിലെ വേദശാസ്ത്ര പണ്ഡിതന്മാരായ ആളുകൾ ഞായറാഴ്ച തോറും ഓരോ പള്ളിയിലും പോയി പ്രസംഗിക്കും. ആരാധനാമദ്ധ്യത്തിൽ ആളുകൾക്ക് ആദ്ധ്യാത്മിക കാര്യങ്ങളെക്കുറിച്ചും സഭയുടെ വിശ്വാസങ്ങളെപ്പറ്റിയും നല്ല ഉദ്ബോധനം കൊടുക്കും. അങ്ങനെ സഭാമക്കളെ വിശ്വാസത്തിലും ആദ്ധ്യാത്മിക ജീവിതത്തിലും പ്രബുദ്ധരാക്കിക്കൊണ്ടിരിക്കുന്നു. വിശ്വാസത്തിൽ ഉറച്ചുനിൽക്കുവാനും ഭക്തിയിൽ വളർന്നുവരുവാനും തക്കവിധത്തിലുള്ള പ്രസംഗങ്ങൾക്കും പഠിപ്പിക്കലിനും പകരം വികാരങ്ങളെ ഇളക്കിമറിക്കുന്നതും ചിരിക്കുവാനും രസിക്കുവാനും വക നൽകുന്ന കുറേ കെട്ടുകഥകളും കടംകഥകളും പറഞ്ഞു കഴിച്ചുകൂട്ടുവാൻ കൺവെൻഷൻ എന്നു വിശേഷിപ്പിക്കുന്നതുമായ സ്റ്റേജ് സുവിശേഷഘോഷണമാണിപ്പോൾ പലയിടങ്ങളിലും കാണപ്പെടുന്നത്! സഭയുടെ വിശ്വാസത്തെയോ കൂദാശാപരമായ ജീവിതത്തെയോ പറ്റി പറയുന്നത് കൺവെൻഷനാകയില്ലത്രേ! വേദപുസ്തകവാക്യങ്ങൾ പ്രസംഗകന്റെ ഇച്ഛയ്ക്കും താൽപര്യത്തിനുമൊത്ത വിധം കെട്ടുകഥകളുടെ പിന്തുണയോടുകൂടി വാചാലമായി പ്രയോഗിക്കപ്പെട്ടെങ്കിലേ സുവിശേഷപ്രസംഗമാകയുള്ളു എന്നാണു ചിലർ ധരിച്ചിരിക്കുന്നതെന്നു തോന്നിപ്പോകുന്നു.

ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ആദ്ധ്യാത്മിക വളർച്ചയെ പ്രതി Zoe Brotherhood ചെയ്യുന്ന മഹത്തായ സേവനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവ മാത്രമേ ഇവിടെ പ്രതിപാദിച്ചിട്ടുള്ളു. Inter-church relations-ൽ മറ്റു സഭകളുമായുള്ള സുഹൃത്ബന്ധത്തിൽ ഏർപ്പെടുന്നതിനും ആ സഭകളിലെ ആളുകളെ സ്വീകരിച്ച് ആതിഥ്യം നൽകി ഗ്രീക്ക് സഭയെ മറ്റുള്ള സഭകൾക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നതിനും ഈ സംഘടന വളരെ സഹായിക്കുന്നുണ്ട്. ഇതുപോലുള്ള ഒരു സംഘടന മലങ്കരസഭയുടെ ബഹുവിധമായ ആദ്ധ്യാത്മിക പുനർജീവനു വേണ്ടി പ്രവർത്തിക്കത്തക്കവണ്ണം രൂപം കൊള്ളുന്നത് നന്നായിരിക്കും. ※

മലങ്കരയുടെ നക്ഷത്രശോഭ



മലങ്കര സഭയുടെ വിഹായസിൽ നക്ഷത്രശോഭയോടെ ഉദിച്ചുയർന്ന പിതാവായിരുന്നു ഭാഗ്യസ്മരണാർഹനായ ഔഗേൻ മാർ ദിവന്നാസിയോസ് മെത്രാപ്പൊലീത്ത. ഇടുക്കി ഭദ്രാസനത്തിന്റെ ഭരണസാരഥ്യം തിരുമേനി ഏറ്റെടുത്തിട്ട് രണ്ടു വർഷം തികയാൻ ഒരു മാസം ബാക്കിനിൽക്കെയാണ് അപ്രതീക്ഷിതമായ വിയോഗം കടന്നുവന്നത്. ചുരുങ്ങിയകാലം കൊണ്ട് എല്ലാ വിഭാഗം ജനങ്ങളുടെയും മനസിൽ ചിരപ്രതിഷ്ഠ നേടാൻ ഔഗേൻ മാർ ദിവന്നാസിയോസിനു സാധിച്ചു.

തിരുമേനി കാലംചെയ്ത ശേഷം രൂപംകൊണ്ട ഔഗേൻ മാർ ദിവന്നാസിയോസ് ട്രസ്റ്റ് അദ്ദേഹത്തിന്റെ മിഷൻ പ്രവർത്തനം തുടരുന്നു. പാവപ്പെട്ട കുട്ടികൾക്കുള്ള യൂണിഫോം, കുട, പുസ്തകവിതരണം എന്നിവയും സാമ്പത്തികശേഷിയില്ലാത്തവർക്ക് വീട് നിർമ്മിച്ചുനൽകുക എന്നീ പ്രവർത്തനങ്ങളും നടത്തുന്നു.

പ്രിയ വായനക്കാരോട്

നിങ്ങളുടെ രചനകൾ, അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, പ്രതികരണങ്ങൾ എന്നിവ പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഇമെയിൽ എന്നിവ സഹിതം അയച്ചുതരേണ്ടതാണ്.

രചനകൾ 400 വാക്കിൽ കവിയാൻ പാടില്ല. മുമ്പ് പ്രസിദ്ധീകരിച്ചവയും മറ്റു പ്രസിദ്ധീകരണങ്ങളുടെ പരിഗണനയിലിരിക്കുന്നവയും സ്വീകാര്യമല്ല. കടലാസിന്റെ ഒരു പുറത്തുമാത്രം എഴുതുക. ക്രിസ്തീയ-വേദപുസ്തകം-ആത്മീയ-സഭാസംബന്ധമായവ ആയിരിക്കണം.

രചനകൾ പ്രസിദ്ധീകരണ യോഗ്യമാണോ എന്നു നിർണ്ണയിക്കുന്നതിനും എഡിറ്റു ചെയ്യുന്നതിനും ഏത് ലക്കത്തിൽ പ്രസിദ്ധീകരിക്കണമെന്ന് തീരുമാനിക്കുന്നതിനുമുള്ള അധികാരം എഡിറ്റോറിയൽ ബോർഡിനുണ്ട്.


How to reach us

രചനകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് :
മാനേജിംഗ് എഡിറ്റർ
Ph.: 94474 56089

രചനകളും ഫോട്ടോകളും അയയ്ക്കേണ്ട വിലാസം :
The Editor, Georgian Mirror
St. George Orthodox Valiyapally,
Palarivattom, Cochin - 682 025
Ph : 0484 - 2346096
email : gmirror2009@yahoo.com

പരസ്യം സംബന്ധിച്ച കാര്യങ്ങൾക്ക്
Marketing Manager: 94461 35081

വരിസംഖ്യ സംബന്ധിച്ച കാര്യങ്ങൾക്ക്
Circulation Manager: 94478 19048



സോയേ നവോത്ഥാനപ്രസ്ഥാനം: ചില ഗുണപാഠങ്ങൾ

■ ഡോ. മാത്യു വൈദ്യൻ കോർ എപ്പിസ്കോപ്പാ

ഗ്രീക്ക് ഓർത്തഡോക്സ് സഭയിൽ 130 വർഷങ്ങൾക്കു മുൻപ് ആരംഭിച്ച നവോത്ഥാനപ്രസ്ഥാനമാണ് സോയേ (Zoe) ബ്രദർഹുഡ്. സഭയുടെ ആദ്ധ്യാത്മിക നവോത്ഥാനവും ശുദ്ധീകരണവും വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിലെ പുരോഗതിയുമായിരുന്നു ലക്ഷ്യം. തങ്ങളുടെ അദ്ധ്വാനഫലം പങ്കിട്ട് സ്വന്തമായി മാനവും മഹത്വവും പ്രസിദ്ധിയും ആഗ്രഹിക്കാതെ ജീവിച്ച സഭാ സ്നേഹിതരായ ഏതാനും വ്യക്തികൾ ചേർന്നാണ് ഇതാരംഭിച്ചത്.

അൽമായക്കാരിൽ ബൈബിൾ പഠനം, വേദശാസ്ത്രപഠനം, ധ്യാനജീവിതം, സഭാനിഷ്ഠകൾ ഇവ പ്രോൽസാഹിപ്പിച്ചു. ഏറ്റവും ശ്രേഷ്ഠവും സത്യവുമായ വിശ്വാസാചാരങ്ങളാണ് ഓർത്തഡോക്സ് സഭയ്ക്കുള്ളതെന്നു സ്വജീവിതത്തിലൂടെ അവർ വെളിപ്പെടുത്തി. പഠനഗ്രൂപ്പുകൾ ആതൻസിലും സമീപസ്ഥലങ്ങളിലും ഉണ്ടായി. ആരാധനാക്രമങ്ങൾ ലളിതവൽക്കരിക്കുകയും തദ്ദേശീകരിക്കുകയും ആരാധന. കർമ്മാനുഷ്ഠാനങ്ങൾ, പ്രതീകങ്ങൾ ഇവയുടെ അർത്ഥം വിശദീകരിക്കുന്ന ഗ്രന്ഥങ്ങൾ പുറത്തിറക്കുകയും ചെയ്തു. വ്യക്തികളുടെ ജീവിത രൂപാന്തരവും ഉയർന്ന ധാർമ്മിക നിലവാരവും ലക്ഷ്യമാക്കി പ്രവർത്തിച്ചു.

വിവിധ കാരണങ്ങളാൽ ഇന്ന് ഈ പ്രസ്ഥാനം ക്ഷയിച്ചുപോയിരിക്കുന്നു. ആദ്യകാലങ്ങളിലുണ്ടായിരുന്ന ഉൽസാഹവും സമർപ്പണബോധവും ത്യാഗമനോഭാവവും വിശുദ്ധജീവിതവും കുറഞ്ഞ് സംഘടനയും ഓഫീസുകളും വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളും വാർഷിക പരിപാടികളും ചുരുങ്ങിയതോതിലുള്ള പ്രസിദ്ധീകരണവുമായി ലഘൂകരിക്കപ്പെട്ടിരിക്കുന്നു.

ഗ്രീസിലെ ആതൻസ് യൂണിവേഴ്സിറ്റി ദൈവശാസ്ത്ര ഫാക്കൽട്ടി പ്രഫസറായിരുന്ന സാവാസ് അഗുരിദസ് (Prof. Savas Agourides) ഈ പ്രസ്ഥാനം പിൽക്കാലത്ത് അധികം ശക്തിപ്പെടാതെ പോയതിന് താഴെപ്പറയുന്ന കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

1. സഭാധികാരികൾ ഈ പ്രസ്ഥാനത്തെ വേണ്ടപോലെ ഉൾക്കൊണ്ടില്ല. പലപ്പോഴും എതിർക്കുകയാണുണ്ടായത്. സഭയിൽ നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത ചൂണ്ടിക്കാട്ടിയത് വിമർശനമായും വെല്ലുവിളിയായും സഭാധികാരികൾ കണ്ടു.
2. ഗ്രീസിലെ ഗവൺമെന്റ് ഈ പ്രസ്ഥാനത്തെ നിരുൽസാഹപ്പെടുത്തി.

പൊങ്ങച്ചവും ആഡംബരജീവിതവും പബ്ലിസിറ്റി മാനിയായുമൊക്കെ നിറഞ്ഞ സമൂഹത്തിൽ ലളിതജീവിതവും ശിക്ഷണത്തോടുകൂടിയ സഭാജീവിതവും ത്യാഗപൂർണ്ണമായ ശുശ്രൂഷകളും സ്വയമേ സ്വീകരിക്കുന്ന സംഘങ്ങൾ ഉണ്ടാകണമെന്നതാണ് സോയേ പ്രസ്ഥാനത്തിന്റെ സന്ദേശം.

3. രാഷ്ട്രീയമായി പരമ്പരാഗതമായ ആശയങ്ങളെയാണ് പിൻപറ്റിയത്. ആഴത്തിലുള്ള സാമൂഹിക പരിവർത്തനം ലഭ്യമാക്കിയില്ല.
4. ആന്തരികമായ ഭിന്നതകളും അഭിപ്രായവ്യത്യാസങ്ങളും ആവിർഭവിച്ചു.
5. ഗ്രീസിലെ നഗരങ്ങളിൽ അൽപമൊക്കെ വേരോടിയെങ്കിലും കാർഷികവൃത്തിയിൽ കഴിഞ്ഞ ഗ്രാമീണ ജനതയെയും പാവപ്പെട്ടവരെയും ആകർഷിക്കുവാൻ കഴിഞ്ഞില്ല.
6. ഈ പ്രസ്ഥാനത്തിലെ അംഗങ്ങൾ നടത്തിയ ആരാധനാ പരിഷ്കരണങ്ങളെ– പദങ്ങളുടെ ലളിതവൽക്കരണം, ഗാനങ്ങളും ഈണങ്ങളും നവീകരിച്ചത്, വിവിധ ധ്യാനരീതികൾ – എതിർക്കുന്ന വിഭാഗത്തിന് ഔദ്യോഗിക തലത്തിൽ മേൽക്കൈ ലഭിച്ചു.
7. ആദ്യകാലത്തെ ഉദ്ദേശ്യലക്ഷ്യങ്ങളും ധാർമ്മികമൂല്യങ്ങളും പിന്തുടരുന്നതിൽ വന്ന വീഴ്ച.

സോയേ പ്രസ്ഥാനത്തിന്റെ ഉയർച്ചയും താഴ്ചയും മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ചില ഗുണപാഠങ്ങൾ നൽകുന്നു.

അൽമായക്കാരിൽ ബൈബിൾ പഠനം, വേദശാസ്ത്രപഠനം, സഭാനിഷ്ഠകൾ ഇവ പ്രോൽസാഹിപ്പിക്കുന്ന ഒരു സംഘം ആളുകൾ ഓരോ ഇടവകയിലുമുണ്ടാകണം.

വിശ്വാസപരമായ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുന്ന ഒരു ഗ്രന്ഥം (A book of Catechism) സഭയുടെ എല്ലാ ഭവനങ്ങളിലുമെത്തിക്കുവാനുള്ള സംവിധാനമുണ്ടാകണം. ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഇത് ലഭ്യമാകണം. ബൈബിൾ, പ്രാർത്ഥനാ പുസ്തകം, പാട്ടുപുസ്തകം, സത്യസന്ധമായ സഭാചരിത്രം, വിശുദ്ധരുടെ ജീവിതം തുടങ്ങിയവയുൾക്കൊള്ളുന്ന Spiritual kit അഥവാ ആത്മീയ ലൈബ്രറി പരമാവധി ഭവനങ്ങളിൽ ഉണ്ടാകുവാൻ യത്നിക്കണം.

സഭാംഗങ്ങൾക്ക് ആരാധനാ സാഫല്യം ലഭിക്കുന്ന, ലളിത സുന്ദരമായ ഈണങ്ങളിലും, ഹൃദയസ്പർശിയായ പദങ്ങളിലും, ഭാരതീയ സാംസ്കാരിക പശ്ചാത്തലത്തിന് ഇണങ്ങുന്ന തരത്തിലും ആരാധനാ പരിഷ്കരണം വേണം. സുറിയാനിയിലെ എട്ടു നിറങ്ങൾ ആവർത്തിക്കുന്നതിനപ്പുറമായ തലങ്ങളിലേക്കു ഭാരതസഭയുടെ ആദ്ധ്യാത്മികത ഉയരണം.


സഭാംഗങ്ങൾക്ക് നീതി നിഷേധിക്കുന്ന അവഗണനയുടെ തലങ്ങൾ സഭയ്ക്കുള്ളിൽ തന്നെ ഉണ്ടോ എന്നു പരിശോധിച്ച് പരിഹരിക്കേണ്ടതാണ്. ഓരോ തലത്തിൽ കഴിവുള്ളവരെ സഭയുടെ കെട്ടുപണിക്കായി ഉപയോഗിക്കണം. വ്യക്തിബന്ധങ്ങളുടെ പവിത്രതയാണ് സഭയുടെ ശക്തി. തത്വശാസ്ത്രങ്ങളെക്കാൾ പ്രധാനം ജീവിതവിശുദ്ധിയും.

ധാർമ്മികമായി ഉയർന്ന നിലയിൽ ജീവിക്കുവാൻ സഭാംഗങ്ങളെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന സംഘങ്ങൾ ഓരോ ഇടവകയിലുമുണ്ടാകണം. യുവജനങ്ങളെയും വിദ്യാർത്ഥികളെയും അന്വേഷിച്ചു ചെന്ന് സഭാജീവിതത്തിലേക്ക് ആനയിക്കുവാൻ കേരളത്തിനകത്തും പുറത്തും നിരന്തര പരിശ്രമം വേണം.

കാർഷിക സ്വയംപര്യാപ്തതയിലേക്കും പരിസ്ഥിതി സംരക്ഷണത്തിലേക്കും ഗ്രാമവും നഗരവും മാലിന്യവിമുക്തമാക്കുന്ന പദ്ധതിയിലേക്കും സഹായത്തിന്റെ കൈ നീട്ടുവാനും ഈ സംഘങ്ങൾക്കു കഴിയണം.

കരിയർ ഗൈഡൻസ്, കൗൺസലിങ്, മൈക്രോഫിനാൻസ് പോലെയുള്ള സ്വയംസഹായ പദ്ധതികൾ, തൊഴിൽ സംരംഭകരുമായി ബന്ധപ്പെട്ട് അവസരമൊരുക്കൽ, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന വിവാഹ ബ്യൂറോകൾ, രക്തദാനഗ്രൂപ്പുകൾ, സാന്ത്വനം പോലെയുള്ള രോഗീപരിചരണ പ്രവർത്തനം, വൃദ്ധജനക്കൂട്ടായ്മകൾ, ആരോഗ്യസംരക്ഷണത്തിനുള്ള ഫ്രീ ക്ലിനിക്കുകൾ എന്നിങ്ങനെ സമൂഹത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്നതിനും മുന്നിട്ടുനിൽക്കുന്ന സംഘങ്ങൾ ഉണ്ടാകണം.

പൊങ്ങച്ചവും ആഡംബരജീവിതവും പബ്ലിസിറ്റി മാനിയായുമൊക്കെ നിറഞ്ഞ സമൂഹത്തിൽ ലളിതജീവിതവും ശിക്ഷണത്തോടുകൂടിയ സഭാജീവിതവും ത്യാഗപൂർണ്ണമായ ശുശ്രൂഷകളും സ്വയമേ സ്വീകരിക്കുന്ന സംഘങ്ങൾ ഉണ്ടാകണമെന്നതാണ് സോയേ പ്രസ്ഥാനത്തിന്റെ സന്ദേശം.



കർമ്മാനുഷ്ഠാനങ്ങളുടെ പ്രസക്തി

■ ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്

ചോദ്യം: *ആത്മീയതയിൽ തൽപരനാണ്, പക്ഷേ കർമ്മാനുഷ്ഠാനങ്ങളിൽ വിശ്വസിക്കുന്നില്ല എന്ന് സ്വയം പ്രഖ്യാപിക്കുന്ന വിശ്വാസികൾ ധാരാളം. ഫെയ്സ്ബുക്കിലും മറ്റും 'spiritual', not ritualistic' എന്ന് എഴുതിയത് കണ്ടിട്ടുണ്ട്.*

മതചിട്ടകൾ പാലിക്കാൻ ആവശ്യമായ പരിശീലനമോ അച്ചടക്കമോ ഇല്ലാത്തവരും കാര്യങ്ങൾ ഗ്രഹിക്കാൻ മനസ്സില്ലാത്തവരും ഇക്കൂട്ടരിൽ ഉണ്ടാവാം. പ്രദക്ഷിണം അല്ലെങ്കിൽ റാസ എന്നിവ വചനാടിസ്ഥാനത്തിൽ എങ്ങനെ അവരോട് വിശദീകരിക്കാനാകും?

ക്രിസ്തീയ ജീവിതത്തിൽ മതനിഷ്ഠകൾക്ക് പ്രാധാന്യം ഉണ്ടോ? ഇത്തരം ആചാരക്രമങ്ങൾ ക്രിസ്തു പാലിച്ചിട്ടുണ്ടോ?

മാത്യു സ്കറിയ
ചെന്നൈ

ഉത്തരം: ക്രിസ്തീയ ജീവിതത്തിൽ മതനിഷ്ഠകൾക്ക് പ്രാധാന്യമുണ്ടോ? ഇല്ലായെന്നാണ് നവീകരണ സഭകളുടെ വിശ്വാസം. സഭ രക്ഷപ്പെട്ടുകഴിഞ്ഞു. അതുകൊണ്ട് ആചാരാനുഷ്ഠാനങ്ങൾ ഇനിയും ആവശ്യമില്ലായെന്നതാണ് ഈ സഭകളുടെ നിലപാട്. എന്നാൽ സഭ രക്ഷിക്കപ്പെടുന്നത് കർത്താവിന്റെ രണ്ടാം വരവിങ്കൽ മാത്രമാകുന്നു എന്നതാണ് വചനസത്യം. ഈ വാക്യങ്ങൾ ശ്രദ്ധിക്കുക. റോമർ 13:11; 2 തിമോ. 2:10; ഫിലി. 3:20; എബ്രാ. 9:28, ഗലാ. 1:15, 2 തെസ്സ. 2:14; 1 തെസ്സ. 5:9, 10 അ.പ്ര. 15:11. രക്ഷിക്കപ്പെട്ടു കഴിഞ്ഞാൽ ആചാരാനുഷ്ഠാനങ്ങൾ ആവശ്യമില്ലായെന്നു പറയാമെങ്കിലും പുനരുത്ഥാനത്തിനു ശേഷം, മഹാ പാപപരിഹാര പെരുനാളും, കൂടാരപ്പെരുനാളും ആഘോഷിക്കുന്നതായിട്ടാണ് വചനം വ്യക്തമാക്കിയിരിക്കുന്നത്. യേശുക്രിസ്തുവും തന്റെ ഇഹലോകജീവിതകാലത്ത് ന്യായപ്രമാണ പ്രകാരമുള്ള അനുഷ്ഠാനങ്ങൾ പാലിച്ചിരുന്നുയെന്നത് സത്യമായ കാര്യം തന്നെയാകുന്നു. (ലൂക്കോസ് 19:28–40). തൈലാഭിഷേകം (മത്തായി. 26:12). ഇപ്രകാരം പലതും നമ്മുടെ കർത്താവും അനുഷ്ഠിച്ചിട്ടുണ്ട്.

റാസ വളരെ പ്രാധാന്യമുള്ള ഒരു അനുഷ്ഠാനം തന്നെയാണ്. സഭയിലെ അനുഷ്ഠാനങ്ങൾ എല്ലാം തന്നെ പഴയനിയമ സഭയുടെ അനുഷ്ഠാനങ്ങളുടെ പൊരുളായിട്ടുള്ളവയാകുന്നു. പൂർവ്വികന്മാരുടെ ദൃഷ്ടാന്തങ്ങൾ ആദിമ സഭ പാലിച്ചിരുന്നു. 2 തിമോ: 1:4; അ.പ്ര. 27:9. റാസ ന്യായപ്രമാണകാലം മുതലുള്ളതാകുന്നു. (നെഹ: 12:31–43). സഭ ഭൂമിയിലായിരിക്കുമ്പോൾ അനുഷ്ഠാനങ്ങളും നിലനിൽക്കുന്നു.

വഴിപാടിൽ പേരെഴുതാമോ?

ചോദ്യം: *ദേവാലയത്തിലേക്ക് നേർച്ചകാഴ്ചകൾ അർപ്പിക്കുമ്പോൾ, സ്ഥിരമായി പ്രദർശിപ്പിക്കുന്നവിധം, അതിൽ സ്വന്തം പേരു കൊത്തിവയ്ക്കുന്നത് ശരിയാണോ?*

രാജൻ ജോൺ
റാന്നി

ഉത്തരം: ഈ കാര്യത്തിൽ തെറ്റും ശരിയും തീരുമാനിക്കുന്നതിന് ഒരു അളവുകോൽ സഭയിൽ കണ്ടെത്തുവാനായിട്ട് സാധിച്ചിട്ടില്ല. എന്നാൽ സ്വന്തം പ്രവൃത്തികൾ മറ്റുള്ളവരുടെ മുമ്പാകെ സ്വയം ഉയർത്തി കാണിക്കുന്നത് ആത്മീയതയല്ല. ആകയാൽ പള്ളിയിൽ വഴിപാടുകൾ സ്വന്തം പേര് എഴുതി പ്രദർശിപ്പിക്കുന്നത് മാതൃകാപരവുമല്ല. പള്ളിക്കു ലഭിക്കുന്ന വഴിപാടുകളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കുകയും അതിൽ സംഭാവനയായോ വഴിപാടായോ ലഭിക്കുന്ന വസ്തുക്കളുടെയും അവ നൽകിയവരുടെയും വിവരങ്ങൾ എഴുതി സൂക്ഷിക്കുകയും ചെയ്യേണ്ടതാകുന്നു.

വായനയിലൂടെ പരിചയപ്പെടേണ്ട അമൂല്യ വ്യക്തിത്വം


ഈ അടുത്ത സമയത്തു പ്രകാശനം ചെയ്ത പുസ്തകങ്ങളിൽ പ്രചുര പ്രചാരം നേടിയ പുസ്തകമാണ് "ഫിലിപ്പോസ് മാർ തെയോഫിലോസ്, ജീവിതം, ദർശനം, അനുഭവം." ഇതിനു രൂപകൽപ്പന നൽകി എഡിറ്റ് ചെയ്തിരിക്കുന്നത് പ്രഭാഷകനും എഴുത്തുകാരനുമായ സർവ്വശ്രീ പോൾ മണലിലാണ്. എം.ജി.ഒ.സി.എസ്.എം. പബ്ലിഷ് ചെയ്ത ഈ പുസ്തകം രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മലങ്കരയിൽ മാത്രമല്ല ലോകമൊക്കെയും അറിയപ്പെടുന്ന പ്രഭാഷകരും എഴുത്തുകാരുമായ മുപ്പത്തിയെട്ടു പേർ തിരുമേനിയുമായിട്ടുള്ള ജീവിതാനുഭവങ്ങൾ രസകരമായി ഒന്നാം ഭാഗത്തു വിവരിക്കുന്നു. പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, കാലം ചെയ്ത പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി, ഡോ. ടി.ജെ. ജോഷ്വാ അച്ചൻ, ഡോ. കെ.എം. ജോർജ് അച്ചൻ, ഡോ. ബാബു പോൾ, വെസ്റ്റ് ജർമൻ ബിഷപ്പ് ഹാൻ തിമെ എന്നിവരുടെ ലേഖനങ്ങൾ ഈടുറ്റവയാണ്. രണ്ടാം ഭാഗത്തു തിരുമേനിയുടെ ലേഖനങ്ങൾ, പ്രഭാഷണങ്ങൾ. കത്തുകൾ ആംഗലേയ ഭാഷയിലും മലയാളത്തിലും ഉള്ളവ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആധുനിക മലങ്കര സഭയുടെ പ്രധാനശിൽപികളിൽ ഒരാളായ തെയോഫിലോസ് തിരുമേനി യഥാർത്ഥത്തിൽ ഓർത്തഡോക്സ് സഭയുടെ വിദേശകാര്യ മന്ത്രി ആയിരുന്നു എന്നത് ആർക്കും വിസ്മരിക്കുവാൻ കഴിയുകയില്ല എന്ന് പുസ്തകം സാക്ഷീകരിക്കുന്നു. സഭാ നേതൃത്വത്തോട് ആദരവും വിധേയത്വവും ആശയങ്ങളിലും വിവരണങ്ങളിലും വ്യക്തമായ കാഴ്ചപ്പാടും സുമുഖതയും, വൃത്തിയും വെടിപ്പും പെരുമാറ്റത്തിൽ ആഢ്യത്വവും ഉണ്ടായിരുന്ന തിരുമേനി, ചൊവ്വാക്കപ്പെട്ട വിശ്വാസത്തിന്റെയും വേദശാസ്ത്രത്തിന്റെയും എക്യുമിനസത്തിന്റെയും വിഷയങ്ങൾ മഹത്വത്തോടെ കൈകാര്യം ചെയ്തിരുന്നത് ഈ പുസ്തക വായനയിൽ കൂടി മനസ്സിലാകും. അനേകർക്ക് അറിവിന്റെ ജാലകം തുറന്നുകൊടുക്കുന്ന ഒരു ഗ്രന്ഥമാണിത്.



മലങ്കര സഭയുടെ യശസ്സ് ആഗോളതലത്തിൽ ഉയർത്തിയ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെക്കുറിച്ചുള്ള അനുസ്മരണങ്ങൾ. മാർ തെയോഫിലോസിന്റെ ദർശനങ്ങൾ വെളിപ്പെടുത്തുന്ന അദ്ദേഹത്തിന്റെ രചനകളും ഇതിൽ ഉൾപ്പെടുന്നു.

ഫിലിപ്പോസ് മാർ തെയോഫിലോസ്:
ജീവിതം, ദർശനം, അനുഭവം
എം.ജി.ഒ.സി.എസ്.എം. ബുക്ക് ഷോപ്പ്
കോളജ് റോഡ്, കോട്ടയം
പേജ് – 264 വില 100 രൂപ

അഡ്വ. വർഗീസ് പി. തോമസ്



ആറു വയസ്സുകാരൻ പതിനാറുകാരനെപ്പോലെ പ്രസംഗിക്കേണമോ?

■ ഫാ. ഡോ. ഒ. തോമസ്

ചോദ്യം: *എൽകെജി അഡ്മിഷനു മുമ്പുതന്നെ ഇന്നത്തെ കുട്ടികളുടെ 'കോമ്പറ്റീഷൻ' ആരംഭിക്കുന്നു. പാഠ്യവിഷയങ്ങളെ പോലെ പാഠ്യേതര വിഷയങ്ങളിലും കടുത്ത മൽസരമാണ്.*

പങ്കെടുക്കുന്ന കുട്ടികളുടെ ബാഹുല്യം നിമിത്തം സ്കൂളുകളിൽ പല റൗണ്ടുകളായിട്ടാണ് ഇപ്പോൾ മൽസരങ്ങൾ. പിന്നെ പ്രോജക്ടുകൾ, സെമിനാറുകൾ തുടങ്ങിയവയിലും മൽസരമുണ്ട്. മാതാപിതാക്കളുടെ സഹായമില്ലാതെ ഇന്നത്തെ വിദ്യാർത്ഥികൾക്ക് പഠിക്കാൻ സാധിക്കാത്ത അവസ്ഥയാണ്. സഹായം ലഭിക്കാത്ത കുട്ടികൾക്ക് മാത്രമല്ല, അവരുടെ ഭവനങ്ങളിലും ഇത് സംഘർഷമുണ്ടാക്കുന്നു.

സൺഡേസ്കൂളിൽ കൊച്ചുകുട്ടികൾക്ക് പോലും രണ്ടു പ്രസംഗവിഷയങ്ങളാണ് പഠിക്കേണ്ടത്. കൂടുതൽ കുട്ടികളുള്ള വീടുകളിൽ ഇത് എഴുതാൻ മാതാപിതാക്കൾ ബുദ്ധിമുട്ടുന്നു. കുട്ടികളുടെ പ്രായത്തിനൊത്തതും സ്വാഭാവികവുമായ ഭാഷ അവഗണിക്കപ്പെടുന്നു എന്ന വിമർശനവുമുണ്ട്. മൽസരം കടുത്തതായതിനാൽ, ആറു വയസ്സുള്ള വായിക്കാനറിയാത്ത കുട്ടി പതിനാറുകാരന്റെ ഭാഷയിലും ശൈലിയിലും പ്രസംഗിക്കേണ്ടിവരുന്നു. ചെറുപ്രായത്തിൽ, എല്ലാ കുട്ടികൾക്കും പൊതു സദസ്സിൽ രണ്ടു വാക്കുപറയാൻ അവസരം നൽകുന്നതല്ലേ മൽസരത്തെക്കാൾ നല്ലത്? മൽസരത്തോടുള്ള ആരോഗ്യകരമായ സമീപനം എന്തായിരിക്കണം?

– ടെസ്സി തോമസ്, കൊച്ചി

ഉത്തരം: വളരെ ആനുകാലികമായ ഒരു വിഷയമാണ് ടെസ്സി ഇവിടെ ഉന്നയിച്ചിരിക്കുന്നത്. അതിലെ നിരീക്ഷണങ്ങളോടു പൂർണ്ണമായും യോജിക്കുകയാണ്. ഒരുകാലത്ത് സെക്കുലർ ലോകം, മതപരമായ പലതിനെയും അനുകരിക്കുകയായിരുന്നു. വിദ്യാഭ്യാസത്തിലും ആ അനുകരണം ഉണ്ടായിരുന്നു. വിശ്വപ്രസിദ്ധങ്ങളായ പാശ്ചാത്യ-പൗരസ്ത്യ സർവ്വകലാശാലകൾ പലതും ശക്തിയേറിയ അരങ്ങേറ്റത്തിനുശേഷം വിദ്യാഭ്യാസത്തിൽ നൂതന സമ്പ്രദായങ്ങൾ തുടങ്ങിവച്ചത് സെക്കുലർ ലോകമാണ്. വിദ്യാഭ്യാസത്തിൽ അവർ വളർത്തിയ മാതൃകകളെ അനുകരിക്കുന്ന രീതിയാണ് ആത്മീയ വിദ്യാഭ്യാസത്തിലും ഇന്നു കണ്ടുവരുന്നത്. ആഗോളവൽക്കരണം, വിദ്യാഭ്യാസ സമ്പ്രദായങ്ങളെ സ്വാധീനിക്കുവാൻ തുടങ്ങിയപ്പോൾ ഈ പ്രക്രിയയ്ക്ക് ആക്കം കൂട്ടുകയുണ്ടായി. "Survival of the Fittest" ശക്തിയുള്ളവന് മാത്രം നിലനിൽപ്പ് എന്ന ഡാർവിന്റെ സിദ്ധാന്തം ഇന്നു കൂടുതൽ ഫലപ്രദമായി വരുന്നത് വിദ്യാഭ്യാസ മേഖലയിലാണ്. കാരണം തൊഴിലും അതുവഴിയുള്ള സാമ്പത്തിക വളർച്ചയും പ്രധാനമായും വിദ്യാഭ്യാസത്തെ ആശ്രയിച്ചാണല്ലോ നിലകൊള്ളുന്നത്. ഒരു സ്ഥാനത്തിന് പല അവകാശികൾ ഉണ്ടാകുമ്പോൾ, അത് ആർക്കു നൽകണമെന്ന് തീരുമാനിക്കാൻ മാനദണ്ഡങ്ങൾ വേണമല്ലോ. ആ പശ്ചാത്തലത്തിലാണ് മൽസരങ്ങൾ അനിവാര്യമായി വരുന്നത്. സമൂഹത്തിന്റെ ഈ പ്രവണതയെ നിയന്ത്രിക്കുവാൻ ഭരണകൂടങ്ങൾക്കുപോലും സാധിക്കുന്നില്ല. നഴ്സറി സ്കൂളുകളിൽ പ്രവേശനപ്പരീക്ഷകൾ പാടില്ല എന്നു കർശനമായി നിയമമുണ്ട്. എന്നാലും ചില നഴ്സറി സ്കൂളുകൾ, കുഞ്ഞുങ്ങൾക്കും, മാതാപിതാക്കൾക്കും പരീക്ഷകൾക്കു പകരം ഇന്റർവ്യൂകൾ നടത്തുന്നു. അവരെ കുറ്റപ്പെടുത്താനാവില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ 50 സീറ്റിന് 500 പേർ തള്ളിക്കയറിയാൽ അവർ എന്തു ചെയ്യും? ഇവിടെ കുറേക്കൂടി വിവേചനപൂർവ്വം പെരുമാറേണ്ടത് മാതാപിതാക്കളാണ്. തങ്ങളുടെ കുഞ്ഞുങ്ങളുടെ ബലവും ബലഹീനതയും തിരിച്ചറിഞ്ഞ് കടുത്ത മാൽസര്യമുള്ള ഒരു മേഖലയിലേക്കും അവരെ തള്ളിവിടാതിരിക്കുക. മൽസരങ്ങൾ താരതമ്യേനകുറവുള്ള സ്കൂളുകൾ ഇന്നും നമ്മുടെ ചുറ്റുപാടുകളിലൊക്കെയുണ്ട്. **നമുക്കുള്ള താലന്തുകൾ കഠിനാധ്വാനം ചെയ്തു വളർത്തുകയും ദൈവാശ്രയത്തിലും, ധാർമ്മിക ബോധത്തിലും കുഞ്ഞുങ്ങൾ വളർത്തപ്പെടുകയും ചെയ്താൽ അവർക്കുള്ള വഴി ദൈവം തുറന്നുകൊടുക്കുമെന്ന ഒരു ബോദ്ധ്യവും വിശ്വാസവും മാതാപിതാക്കൾക്കും വേണം.** അവരുടെ അതിരുകവിഞ്ഞ വെപ്രാളമാണ് കുഞ്ഞുങ്ങളെ അവർക്കു താങ്ങാനാവാത്ത മൽസരത്തിലേക്കു തള്ളിവിടുന്നത്. മാതാപിതാക്കൾ ഈ കാര്യം തിരിച്ചറിയേണ്ടിയിരിക്കുന്നു.

മാതാപിതാക്കളുടെ അതിരുകവിഞ്ഞ വെപ്രാളമാണ് കുഞ്ഞുങ്ങളെ അവർക്കു താങ്ങാനാവാത്ത മൽസരത്തിലേക്കു തള്ളിവിടുന്നത്.

സെക്കുലർ സ്കൂളുകളിലെ മൽസരങ്ങളെ അനുകരിച്ച് സൺഡേസ്കൂളുകളിലും അനാരോഗ്യകരമായ മൽസരം ചിലപ്പോഴൊക്കെ ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കുട്ടികളെ ആകർഷിക്കുവാനും നൈസർഗ്ഗികമായ വാസനകളെ വളർത്തുവാനുമാണ് സൺഡേസ്കൂളുകളിൽ മൽസരങ്ങൾ ആരംഭിച്ചത്. എന്നാൽ ലക്ഷ്യത്തിൽ നിന്ന് അകന്നുപോകുന്നതായിട്ടാണ് അനുഭവങ്ങൾ പഠിപ്പിക്കുന്നത്. കൃത്രിമമായ ഒരുക്കങ്ങൾ കൂടാതെ ഇന്ന് ഒരു മണവാട്ടിക്ക് വിവാഹകൂദാശയിൽ പങ്കെടുക്കാനാകുമോ? അങ്ങനെ വന്നാൽ ആ കുട്ടിക്ക് എന്തോ അപാകതയുള്ളതായി സമൂഹം വിലയിരുത്തും. ആ തരത്തിൽ കൃത്രിമമായതിനെ സ്വാഭാവികമായി സ്വീകരിക്കുന്ന ഒരു മനസ്സ് നമുക്കെല്ലാം വന്നുകഴിഞ്ഞു. അതിനാൽ ആറു വയസ്സുകാരൻ 16 വയസ്സുകാരന്റെ ഭാഷയിൽ പ്രസംഗിച്ചെങ്കിലേ സമ്മാനം കിട്ടുകയുള്ളു എന്ന ദുരവസ്ഥ വന്നുചേർന്നിരിക്കയാണ്. എങ്കിലും ചോദ്യകർത്താവിനെപ്പോലെ ചിന്തിക്കുന്ന കുറേപ്പേർ അവയൊക്കെ പ്രവർത്തിയിലാക്കാൻ ശ്രമിച്ചാൽ കുറേയൊക്കെ മാറ്റങ്ങളുണ്ടാവാം. സൺഡേസ്കൂളുകളിലെങ്കിലും മാൽസര്യസ്വഭാവം കുറയ്ക്കുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്നുണ്ട്. **കുടുംബങ്ങളിൽ പ്രാർത്ഥനയും, പരസ്പര സഹകരണവും ശീലിക്കുകയും വിശാല കുടുംബങ്ങളിൽപെട്ടവർ, അയൽവാസികൾ, സഹപാഠികൾ എന്നിവരൊക്കെ തമ്മിൽ സ്നേഹവും വർദ്ധിക്കുന്ന ആളത്വവളർച്ചയും കുട്ടികൾക്കുണ്ടായാൽ, അനിവാര്യമായ മൽസരങ്ങളിൽ പോലും അസൂയയും വിദ്വേഷവും ഒഴിവാക്കി ഏർപ്പെടുവാൻ സാധിക്കും.** മാതാപിതാക്കൾക്കും, സൺഡേസ്കൂൾ ഭാരവാഹികൾക്കും ഈ വഴിക്കു കുഞ്ഞുങ്ങളെ നയിക്കാൻ പുതിയ പല നടപടികൾ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

വായനക്കാർക്ക് ഒ. തോമസച്ചനോട് നേരിട്ട് ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്. ചൊവ്വ, ബുധൻ എന്നീ ദിവസങ്ങളിൽ രാത്രി 9 മുതൽ 10 വരെ മാത്രം വിളിക്കുക.

ഫോൺ : 9497107740



ദേശിയ ക്രൈസ്തവസഭയുടെ രാഷ്ട്രിയ സാംഗത്യം

▪ ഡോ. റ്റി. എസ്. ഗിരീഷ് കുമാർ

ഏതു രാഷ്ട്രത്തിന്റെയും ശക്തിയുടെ കാതൽ കെട്ടുറപ്പിലാണ് നിലകൊള്ളുന്നത്. കെട്ടുറപ്പെന്നാൽ പൗരന്മാരുടെ ഒരുമ, ഏകത്വം എന്നു കാണണം. ഒരു കെട്ടുറപ്പുള്ള രാഷ്ട്രത്തിന് പുരോഗതിയും അഭിവൃദ്ധിയും തനിയേ കൈവന്നുകൊള്ളും. പോർക്കപ്പലുകളും വിമാനങ്ങളുമൊന്നുമില്ലാതെതന്നെ അവർ കരുത്തരുമായിക്കൊള്ളും. അംഗസംഖ്യ വിസ്തൃതഭൂപ്രദേശം എന്നതിനുമൊക്കെയുപരി, പൗരന്മാരുടെ ഒരുമ എത്രമാത്രം ഒരു രാഷ്ട്രത്തെ കരുത്തരാകുന്നു എന്നതു കാണാമെങ്കിൽ, ഒരുദാഹരണം കൺ മുമ്പിൽ കണ്ടറിയുവാൻ, ഇസ്രായേലിനെ കാണുക: കണ്ടുപഠിക്കുക.

യുറോപ്യൻ നാടുകളിൽ രാഷ്ട്രങ്ങളുടെ സ്വത്വത്തിന്റെ നിദാനം മിക്കവാറും ഭാഷയാണ്. പല രാഷ്ട്രങ്ങളുടെയും രൂപീകരണം തന്നെ ഭാഷയുടെ അടിസ്ഥാനത്തിലാണ് നടന്നിട്ടുള്ളത്. മദ്ധ്യപൂർവദേശങ്ങളിലാകട്ടെ, പലയിടത്തും ഭാഷയ്ക്കുമതീതമായി മതത്തിന്റെയടിസ്ഥാനത്തിലും രാഷ്ട്രങ്ങൾ രൂപം കൊണ്ടു.

ഭാരതത്തിന്റെ ആസേതുഹിമാചലം അഖണ്ഡതയുടെ സ്രോതസ്സ് ഇതു രണ്ടുമല്ല. എന്നാൽ, എല്ലാക്കാലത്തും ഭാരതം അഖണ്ഡമായിരുന്നു താനും. ഭാരതത്തിൽ അനേകം ഭാഷകളുണ്ട്. വൈദികകാലം മുതൽക്കെ നാനാതരത്തിലുള്ള വിശ്വാസപ്രമാണങ്ങളും ആചാരാനുഷ്ഠാനങ്ങളും ഒരുപോലെ നിലനിന്നു പോന്നിട്ടുമുണ്ട്. *മതം* എന്ന ഒരു സങ്കല്പമേ ഇല്ലായിരുന്ന കാലത്ത്, വിശ്വാസങ്ങളിലും പ്രമാണങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും ഉണ്ടായിരുന്ന ഈ വൈവിദ്ധ്യത്തെ *വിവിധ മതങ്ങൾ* എന്ന് ആരും പേരിട്ടില്ല എന്നു മാത്രം. ചുരുക്കത്തിൽ, എക്കാലത്തും ഒന്നായി നിന്നിരുന്ന ഭാരതവർഷത്തിൽ, എക്കാലത്തും വിവിധവിശ്വാസപ്രമാണങ്ങളും, ഭാഷകളും രാജാക്കന്മാരും, രാജ്യങ്ങളുമുണ്ടായിരുന്നു. അതേസമയംതന്നെ, ഇതിനൊക്കെ അതീതമായി, ഒരിക്കലും ഒരൊറ്റ ഭരണത്തിന്റെ കീഴിൽ വരാത്ത ഒരു ഭാരതവും ഉണ്ടായിരുന്നു.

ഈ പ്രതിഭാസം പാശ്ചാത്യർക്ക് അത്രയെളുപ്പത്തിൽ ഉൾക്കൊള്ളുവാൻ കഴിയില്ല. അവർ കണ്ടിട്ടും പഠിച്ചിട്ടുമുള്ള ദർശനങ്ങൾക്കും ജ്ഞാനശാസ്ത്രത്തിനും ഭാരതത്തെ അപഗ്രഥിക്കുവാനുള്ള സങ്കല്പങ്ങൾ, അഥവാ ഉപകരണങ്ങൾ ഇല്ല എന്നതാണതിനു കാരണം. ബ്രിട്ടീഷുകാർ ഭാരതം ഭരിച്ച വേളയിൽ, തങ്ങളാണ് ഭാരതത്തെ ഒന്നിപ്പിച്ചത് എന്ന് അവർ തെറ്റിദ്ധരിച്ചുപോയതും ഇതുകൊണ്ടാണ. ഡബ്ല്യു. എസ്. ബ്ലണ്ടിനെപ്പോലുള്ളവർ ഇതേക്കുറിച്ച് ബ്രിട്ടീഷ് പാർലമെന്റിൽ പ്രസംഗിച്ചിട്ടുണ്ട്. ബ്രിട്ടൻ ഇന്ത്യ വിട്ടുപോകുന്ന മാത്രയിൽ, ഭാരതം ഛിന്നഭിന്നമായിപ്പോകും എന്ന ആശങ്കയും വ്യക്തമാക്കിയിട്ടുണ്ട്.



സ്വന്തം പൈതൃകത്തിന്റെയും സംസ്കാരത്തിന്റെയും വിപുലതയും പ്രാധാന്യവും എത്ര സ്പഷ്ടവും കൃത്യവും സുദൃഢവുമായി മലങ്കരസഭ ഉൾക്കൊണ്ടിരുന്നു എന്നതിന്റെ ശക്തമായ ഉദാഹരണമാണ് 1653-ലെ കൂനൻ കുരിശു സത്യം.

വാസ്തവത്തിൽ, ഭാരതത്തെ എക്കാലവും ഒരുമിച്ചു നിറുത്തിയിരുന്ന ഘടകം എന്താണ്? ഭാഷകൾക്കും വിശ്വാസാചാരങ്ങൾക്കും, രാജ്യങ്ങൾക്കുമതീതമായി ഒരോ ഭാരതിയനെയും കോർത്തിണക്കിയ ദൃഢമായ ആ സ്വർണ്ണച്ചരടത്രേ ഭാരതത്തിന്റെ സംസ്കാരം. ചില *ശാസ്ത്രജ്ഞർ* ബൗദ്ധികതയുടെ പാശ്ചാത്യ ചെങ്കോലുമായി *എവിടെ ഭാരത സംസ്കാരം?* എന്നാരായാറുണ്ട്. *ഒന്നു തൊട്ടു കാണിക്കാമൊ?* എന്നതാണ് വ്യംഗ്യം. അവർക്കുള്ള മറുപടി, *എവിടെ കോട്ടയം, ഒന്നു നിന്നു കാണിക്കാമോ?* എന്ന മറുചോദ്യമാണ്. തിരുനക്കരയും നാഗമ്പടവും അതിരമ്പുഴയും ഒക്കെ ചേരുന്നതാണ് കോട്ടയം. അത് ഇതിനൊക്കെ അതീതവുമാണ്. ഭാരതസംസ്കാരവും ഒരു പക്ഷേ ഭാരതം തന്നെയും ഇല്ല എന്നു പറയുന്നവർ തികഞ്ഞ ഹ്രസ്വദൃഷ്ടികൾ എന്നല്ലാതെന്തു പറയുവാൻ?


ഭാരതത്തിൽ എക്കാലത്തും സംസ്കാരം, ഭാഷ, പ്രാദേശികത, വിശ്വാസാചാരങ്ങൾ എന്നിവകൾക്കതീതമായിരുന്നു. എല്ലാ പ്രാന്തങ്ങളും സംഭാവനകൾ നൽകിയിട്ടുള്ള, നൽകികൊണ്ടിരിക്കുന്ന, എല്ലാ പ്രാന്തങ്ങളും നിരന്തരം സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഒരു മുഖ്യധാരണയാണ് ഭാരത സംസ്കാരം. ഈ മുഖ്യധാരയിൽ ബംഗാളിക്കും പഞ്ചാബിക്കും ഗുജറാത്തിക്കും മലയാളിക്കുമെല്ലാം അസ്ഥിത്വ - സ്വത്വപ്രശ്നങ്ങൾ വരാതെ ഒരേപോലെ നിലനിൽക്കുവാൻ കഴിയും എന്നതാണ് ഭാരത സംസ്കാരത്തിന്റെ സവിശേഷതയും ഓജസ്സും. ഇതുകൊണ്ടു തന്നെയാണ് ഏതുമതങ്ങൾക്കും പൂർണ്ണരൂപത്തിൽ തന്നെ ഭാരതത്തിൽ നിലനിൽക്കുവാൻ സാധിക്കുന്നത്.

ആരും സംരക്ഷിക്കുവാനില്ലെങ്കിലും ഈ സംസ്ക്കാരം നിലനിന്നു കൊള്ളും എന്നത് കേവലം സനാതനതത്വം. ഇത് കാലം തെളിയിച്ചുതന്ന കാര്യവുമാണ്. എന്നു കരുതി, ഈ സംസ്കാരത്തിന്റെ നിലനില്പിനുവേണ്ടി തന്നാലാവുന്നതു ചെയ്യാതിരിക്കുവാൻ ഒരു രാഷ്ട്രസ്നേഹിക്കും കഴിയുകയില്ല. രാഷ്ട്രസ്നേഹികൾ അവരുടെ കർമ്മങ്ങൾ അവരവരുടെ രീതിയിൽ നിറവേറ്റികൊണ്ടേയിരിക്കും.

ഈയൊരു പശ്ചാത്തലത്തിൽ വേണം മലങ്കര സഭയെ കാണുവാനും വിലയിരുത്തുവാനും. വിശ്വാസങ്ങളും, ആചാരനുഷ്ഠാനങ്ങളും, സംസ്കാരവും ഒരേപോലെ ഉയർത്തിപ്പിടിക്കുവാനും നിലനിർത്തുവാനും മലങ്കരസഭയ്ക്കു കഴിഞ്ഞു എന്നത് മഹത്തായ ഒരു കാര്യവും, ഭാരത സംസ്കാരത്തിലേയ്ക്ക് നൽകിയിട്ടുള്ള വിപുലമായ ഒരു സംഭാവനയുമാണ്. സ്വന്തം പൈതൃകത്തിന്റെയും സംസ്കാരത്തിന്റെയും വിപുലതയും പ്രാധാന്യവും എത്ര സ്പഷ്ടവും കൃത്യവും സുദൃഢവുമായി മലങ്കരസഭ ഉൾക്കൊണ്ടിരുന്നു എന്നതിന്റെ ശക്തമായ ഉദാഹരണമാണ് 1653-ലെ കൂനൻ കുരിശു സത്യം. കേവലം അമ്പത്തിനാലു വർഷത്തെ അനുഭവത്തിലൂടെ ഇത്ര കൃത്യമായി


കാര്യങ്ങൾ മനസ്സിലാക്കുകയും, വളരെ ദൃഢമായി കർമ്മമാർഗ്ഗങ്ങളാവിഷ്ക്കരിക്കുകയും ചെയ്ത അന്നത്തെ സന്യാസിവര്യന്മാരുടെ ദീർഘദൃഷ്ടിയുടെയും ധീക്ഷണതയുടെയും മുമ്പിൽ ഒരു ഭാരതിയനും നമിച്ചു പോവാതിരിക്കുവാൻ തരമില്ല.

ഭാരതസംസ്കാരം എന്നത് ബ്രാഹ്മണ ജാതിയുമായി മിശ്രണം ചെയ്ത്, ബ്രാഹ്മണ ജാതി വിരോധത്തെ വളർത്തി, ബ്രാഹ്മണ്യത്തെത്തന്നെ നിഷേധിച്ച്, മലയാളികളെ സ്വന്തം സംസ്കാരത്തിൽ നിന്നും പാരമ്പര്യത്തിൽനിന്നും അന്യവത്കരിക്കുക എന്ന ശക്തമായ പ്രവണതയുള്ള കേരളത്തിൽ, മലങ്കര സഭയുടേതുപോലെ സംസ്കാര പോഷണ സംഭാവനകൾ നൽകിയിട്ടുള്ളവർ വേറെ ആരുണ്ട്? വിപദി സാഹചര്യങ്ങളിൽ ശക്തമായ സാംസ്കാരിക യുദ്ധങ്ങൾ നടത്തേണ്ടിവന്നിട്ടുള്ള മലങ്കരസഭയുടെ പ്രവർത്തനങ്ങളെല്ലാം തന്നെ തികച്ചും ശ്ലാഘനീയങ്ങളാണ്.



വാസ്തവത്തിൽ, ഇന്ന് ഭാരതം നേരിടുന്ന ഒരു പ്രധാന വെല്ലുവിളിക്കുള്ള മറുപടി മലങ്കരസഭ നൽകുന്നു-വാക്കുകളിലും പ്രവൃത്തികളിലും കൂടെ. ഭാരതത്തിന്റെ ഭൂവിസ്തൃതിയും, ബുദ്ധിയും അച്ചടക്കവുമുള്ള ജനങ്ങളും, ജനങ്ങളുടെ ഈ *നാനാത്വത്തിലെ ഏകത്വവുമൊക്കെ* ഭാവിയിൽ ഭീക്ഷണിയായിക്കാണുന്ന പല രാജ്യങ്ങളുമുണ്ട്. ഇവരിൽ പലരും *അന്തഃഛിദ്രവാഹി*കളുമാണ്. ഇത്തരക്കാരുടെ നിരന്തര ശ്രമങ്ങൾ, ഏതുമാർഗ്ഗത്തിലൂടെയും ഭാരതത്തിൽ അന്തഃഛിദ്രമുണ്ടാക്കുക എന്നതാണെന്നും നമുക്കജ്ഞാതമല്ല. പഞ്ചാബിൽ പയറ്റി അവർ പരാജയപ്പെട്ടതിന്റെ ക്രെഡിറ്റ് അവിടുത്തെ ജനങ്ങൾക്കും *ഖൾസ*യ്ക്കും അവകാശപ്പെട്ടിരിക്കുന്നു. പഞ്ചാബിൽ പരാജയപ്പെട്ടങ്കിലും കാശ്മീരിൽ ഇസ്ലാം മതത്തിന്റെ മറവിൽ നിരന്തരമായ വിഘടനശ്രമങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. ഭാരതത്തിലെ മുസ്ലീങ്ങളുടെ തനിസ്വഭാവം ഇത്രയും കാലമായിട്ടും ഇവർ തിരിച്ചറിഞ്ഞിട്ടില്ലാത്തതുപോലെ വിഫലശ്രമങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു.

പാക്കിസ്ഥാനുണ്ടായ വേളയിൽ, അതൊരു ദാരുൾ ഇസ്ലാമായിരിക്കുമെന്ന് നൂറുവർഷത്തിലധികം പ്രസംഗിക്കുകയും, എഴുതുകയും, പത്രങ്ങൾ നടത്തുകയും, പല സംഘടനകളുണ്ടാക്കുകയും ഒക്കെ ചെയ്തിട്ടും, പാക്കിസ്ഥാനിലേയ്ക്ക് പോകാൻ അധികം മുസ്ലീങ്ങൾ ഉണ്ടായിരുന്നില്ല. പാക്കിസ്ഥാന്റെ ആകെ ജനസംഖ്യയേക്കാളധികം മുസ്ലീംങ്ങൾ ഭാരതത്തിൽ തന്നെ നിന്നു. മറ്റേതു മുസ്ലീങ്ങളുടെയും കാര്യത്തിലായരുന്നുവെങ്കിൽ, ഒരു *ദവ്ബന്ദ്* ബുദ്ധിജീവിക്കൂട്ടം മാത്രം മതിയായിരുന്നു ഭൂരിപക്ഷം മുസ്ലീങ്ങളേയും വിഘടനവാദികളാക്കുവാൻ. സർ സയ്യിദ്, അഹമ്മദ് ഖാൻ തുടങ്ങി ജിന്ന വരെയുള്ളവർ എത്രകണ്ടു പരിശ്രമിച്ചിട്ടും ഭൂരിപക്ഷം ഭാരതത്തിലെ മുസ്ലീങ്ങളെയും *വശത്താക്കുവാൻ* ആർക്കും കഴിഞ്ഞിട്ടില്ല. ഇന്നും, ഇസ്ലാമിന്റെ മറവിൽ ചെറുപ്പക്കാരെ രാഷ്ട്രത്തിനു വിരുദ്ധരാക്കുവാനുള്ള ശ്രമങ്ങൾ എത്രയെത്ര ആസൂത്രിതങ്ങളായിട്ട് ആരൊക്കെ നടത്തിയിട്ടും, വളരെ വളരെ കുറച്ചു പേരെ മാത്രമെ അവർക്ക് അവരുടെ കെണികളിൽ കുടുക്കുവാൻ കഴിയുന്നുള്ളു. ഇതൊക്കെ ഭാരതത്തിലെ മുസ്ലീങ്ങളെക്കുറിച്ചു പറയുന്ന കാര്യങ്ങളാണ്. അവർക്ക് ഇത് സ്വന്തം നാടുതന്നെയാണെന്നു വിളിച്ചോതുന്ന കാര്യങ്ങളാണ്.



ഭാരതത്തെ ശിഥിലമാക്കുവാൻ പലരും എല്ലാ തന്ത്രങ്ങളും നിരന്തരം പ്രയോഗിച്ചുകൊണ്ടേയിരിക്കവേ, ഇവിടെയിതാ ഒരു കൂട്ടർ, ഇങ്ങു കേരളത്തിൽ, *ദേശീയ ക്രിസ്തീയ സഭ*യ്ക്കുവേണ്ടി നിലകൊള്ളുകയും പോരാടുകയും ചെയ്തുകൊണ്ടേയിരിക്കുന്നു. ഇക്കൂട്ടരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യാതിരിക്കുവാൻ ഒരു രാജ്യസ്നേഹിക്കും കഴിയുകയില്ല.

ഭാരതത്തെ ശിഥിലമാക്കുവാൻ പലരും എല്ലാ തന്ത്രങ്ങളും നിരന്തരം പ്രയോഗിച്ചുകൊണ്ടേയിരിക്കവേ, ഇവിടെയിതാ ഒരു കൂട്ടർ, ഇങ്ങു കേരളത്തിൽ, *ദേശീയ ക്രിസ്തീയ സഭ*യ്ക്കുവേണ്ടി നിലകൊള്ളുകയും പോരാടുകയും ചെയ്തുകൊണ്ടേയിരിക്കുന്നു. ഇക്കൂട്ടരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യാതിരിക്കുവാൻ ഒരു രാജ്യസ്നേഹിക്കും കഴിയുകയില്ല.

മലങ്കരസഭയ്ക്ക് വളരെയധികം രാഷ്ട്രീയ പ്രാധാന്യമുണ്ട്. ഭാരത സംസ്ക്കാരത്തിലൂടെ ഭാരതത്തിന്റെ അഖണ്ഡതയ്ക്കും ഐക്യത്തിനും വേണ്ടി ശക്തമായി രംഗത്തിറങ്ങി ശിഥില ശക്തികൾക്കെതിരായി പോരാടുവാൻ മലങ്കരസഭയ്ക്കു കഴിയുന്നതുപോലെ മറ്റാർക്കും കഴിഞ്ഞെന്നു വരികയില്ല. ഇന്നത്തെ ഭാരതത്തിന്റെ പ്രശ്നങ്ങളിൽ കൂടുതൽ കൂടുതൽ എല്ലാരംഗങ്ങളിലും സഭയുടെ കർമ്മപദ്ധതികൾ വ്യാപരിക്കണം. രാഷ്ട്ര വിരുദ്ധ ചിന്തകൾക്കെതിരായുള്ള മലങ്കരസഭയുടെ ശക്തമായ ഇടപെടലുകൾ എല്ലാ മേഖലകളിലും ശക്തമാകട്ടെ എന്നാഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

(*ലേഖകൻ മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിന്റെ ഡയറക്ടറും, അഖില ഭാരതീയ രാഷ്ട്രീയ ശിക്ഷക് മഹാസംഘ് (ഹയർ വിംഗ്) ദേശീയ ജോയിന്റ് സെക്രട്ടറിയുമാണ്*)

നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതാം
gmirror2009@yahoo.com



നിയമസഭാ തെരഞ്ഞെടുപ്പ് 2011: വിധിയെഴുത്തിലെ അടിയൊഴുക്കുകൾ

■ ഫാ. ജോൺസൺ പുഞ്ചക്കോണം

12-ാം നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിനുശേഷം ഏറ്റവും അധികം ചർച്ചചെയ്യപ്പെട്ട വിഷയങ്ങളിലൊന്ന് മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങൾ സ്വീകരിച്ച നിലപാടാണ്. ഒരു പക്ഷേ കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ് രാഷ്ട്രീയ പ്രസ്ഥാനങ്ങളും പാർട്ടികളും തെരഞ്ഞെടുപ്പ് നിരീക്ഷകരുമൊക്കെ സഭയുടെ നിലപാടിനെപ്പറ്റി ചർച്ച ചെയ്യുന്നത്. സഭാംഗങ്ങളുടെ നിലപാടിനെപറ്റി വിഭിന്ന അഭിപ്രായങ്ങൾ നിലനിൽക്കുമ്പോഴും അതുയർത്തിയ അലയടികൾ കേരള രാഷ്ട്രീയത്തിൽ ദീർഘകാലം നിലനിൽക്കും എന്നതിൽ യാതൊരു സംശയവുമില്ല.

കഴിഞ്ഞ അനേക വർഷങ്ങൾ തുടർച്ചയായി അവഗണിക്കപ്പെടുന്ന ഒരു സമൂഹമാണ് നമ്മുടേത്. മറ്റു സഭകളും സമുദായങ്ങളും ഒക്കെ അവരുടെ നിലപാടുകൾക്കുവേണ്ടി നിലകൊള്ളുകയും അത് നേടിയെടുക്കുകയും ചെയ്യുമ്പോൾ നമ്മൾ കാഴ്ചക്കാരായി നോക്കി നിൽക്കുന്ന അവസ്ഥയാണ് രണ്ടു പതിറ്റാണ്ടിലേറെ കാലമായി കാണുന്നത്. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടം വരെ ചില പരിഗണനകൾ നമുക്ക് ലഭിച്ചിരുന്നുവെങ്കിലും പിന്നീടുവന്ന സർക്കാരുകളിൽ നിന്നൊക്കെ തുടർച്ചയായ അവഗണനയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

എന്താണ് ഈ അവഗണനയുടെ കാരണം എന്ന കാര്യത്തിൽ കൂടുതൽ അന്വേഷണം ആവശ്യമില്ല. തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് മലങ്കരസഭയിലെ ഒരു വൈദികന്റെ പ്രസിദ്ധീകരണത്തിൽ മറ്റൊരു വൈദികന്റെ പത്രാധിപക്കുറിപ്പ് വായിക്കുവാനിടയായി. മലങ്കരസഭ കേരളത്തിലെ ഒറ്റ മണ്ഡലത്തിൽ പോലും രാഷ്ട്രീയ ശക്തിയല്ല എന്ന് അദ്ദേഹം ലേഖനത്തിൽ കൂടി സമർത്ഥിക്കുന്നു. നമ്മുടെ ഇടയിൽപോലും ഇത്തരം ചിന്തകളും വ്യക്തികളും ഉള്ളപ്പോൾ മറ്റുള്ളവർ നമ്മെ എങ്ങനെ അംഗീകരിക്കും? കേരളത്തിലെ ഏതാണ്ട് നാൽപതോളം മണ്ഡലങ്ങളിൽ നിർണ്ണായക സ്വാധീനമുള്ള പ്രബലമായ ഒരു ക്രൈസ്തവ വിഭാഗം തുടർച്ചയായി അവഗണിക്കപ്പെടുന്നുവെങ്കിൽ അതിന്റെ കുറ്റം നമ്മുടേതു കൂടിയാണ്. മറ്റു സഭകൾക്കും, സമുദായങ്ങൾക്കും വേണ്ടി അർഹമായതും അനർഹമായതും ചോദിച്ചുവാങ്ങുവാൻ അവർക്ക് 'ബ്രാൻഡ് അമ്പാസഡർ'മാർ ഉള്ളപ്പോൾ എന്തുകൊണ്ടോ നമുക്ക് അത് ഇല്ലാതെപോയി. അതാണ് മറ്റൊരു കാരണം.

മലങ്കരസഭാംഗങ്ങൾ പൊതുവേ ജനാധിപത്യ വിശ്വാസികളാണ്. 80% പേരും തുടർച്ചയായി കോൺഗ്രസ് നേതൃത്വം നൽകുന്ന മുന്നണിക്ക് വോട്ടുചെയ്യുന്നവരാണ്. സഭയിലെ ഭൂരിപക്ഷം തിരുമേനിമാരും വൈദികരുമൊക്കെ ഈ ചിന്താഗതി ഉള്ളവരാണ്. ഈ ഒരു അവസ്ഥയെ നമ്മൾ സഹായിച്ച രാഷ്ട്രീയ പാർട്ടികൾ ചൂഷണം ചെയ്തു എന്നത് ഒരു സത്യമാണ്. മറുഭാഗത്ത് കോൺഗ്രസ് മുന്നണിയെ പതിവായി പിന്തുണക്കുന്ന ഒരു വിഭാഗത്തെ എന്തിനു സഹായിക്കണം എന്ന് ഇടതുപക്ഷപാർട്ടികൾ നിലപാടു സ്വീകരിച്ചുവെങ്കിൽ അതിൽ അവരെ കുറ്റം പറയുവാൻ സാധിക്കുകയില്ല.

ഈ തെരഞ്ഞെടുപ്പിൽ സഭയുടെ നിലപാടിലേക്ക് നമുക്ക് മടങ്ങിവരാം. മലങ്കരസഭ ഒരു ഔദ്യോഗിക നിലപാടും എടുത്തിരുന്നില്ല എന്നതാണ് സത്യം. ദൃശ്യമാദ്ധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്കു മറുപടിയായി സഭാനേതൃത്വം നമുക്ക് നേരിട്ടുകൊണ്ടിരിക്കുന്ന കടുത്ത അവഗണന ചൂണ്ടിക്കാണിച്ചുവെന്നു മാത്രം. **തെരഞ്ഞെടുപ്പിൽ സഭ സ്വീകരിക്കേണ്ട രാഷ്ട്രീയ നിലപാടിനെപറ്റി യാതൊരു വിധമായ കൽപനകളോ പ്രഖ്യാപനങ്ങളോ ഒന്നുംതന്നെ പ. ബാവാ തിരുമേനിയോ സഭാനേതൃത്വമോ പുറപ്പെടുവിക്കുകയുണ്ടായില്ല.** എന്നാൽ ഓർത്തഡോക്സ് സഭാംഗങ്ങളായ രാഷ്ട്രീയപ്രവർത്തകർക്ക് സഭയുടെ ശക്തികേന്ദ്രങ്ങളിൽ മത്സരിക്കുന്നതിന് അവസരം നൽകണമെന്ന ന്യായമായ ആവശ്യം മാത്രമാണ് മുന്നോട്ടുവെച്ചത്. അത് പൂർണ്ണമായ അർത്ഥത്തിൽ നിരാകരിക്കപ്പെട്ടു. സഭാംഗങ്ങൾ മത്സരിച്ച രണ്ടു സിറ്റിംഗ് സീറ്റുകൾ പോലും നൽകുന്നതിന് യു.ഡി.എഫ്. വിസമ്മതിച്ചു. കോൺഗ്രസ് ഉമ്മൻചാണ്ടിക്കു മത്സരിക്കുവാൻ സീറ്റു നൽകുന്നത് ഓർത്തഡോക്സ് സഭാംഗം എന്ന പരിഗണനയിലല്ല. മറുവശത്ത് കേരളാ കോൺഗ്രസ് അവരുടെ ഉത്ഭവകാലം മുതൽ നിലനിർത്തിയിരുന്ന ചില പരിഗണനകൾ കാറ്റിൽ പറത്തി സിറ്റിംഗ് എം.എൽ.എ. ജോസ് എം. പുതുശ്ശേരിക്ക് സീറ്റ് നിഷേധിച്ചു. 15 സീറ്റുകൾ മത്സരിക്കുവാൻ ലഭിച്ചിട്ടും മലങ്കരസഭയെ പരിഗണിക്കുവാൻ അവർക്കു സാധിച്ചില്ല. നേരത്തെ രണ്ടുഗ്രൂപ്പുകളായി മത്സരിച്ചിരുന്നപ്പോൾ രണ്ടുപേരെ പരിഗണിച്ചിരുന്ന അവർക്ക് ലയനശേഷം ആ പരിഗണന നൽകുവാൻ കഴിഞ്ഞില്ല. ഒരു ഘട്ടത്തിൽ ജോസഫ് എം. പുതുശ്ശേരിക്കു സീറ്റു നൽകുവാൻ പാർട്ടി നേതൃത്വം തീരുമാനിച്ചിരുന്നുവെങ്കിലും ജോസ് കെ. മാണി സ്വീകരിച്ച കടുത്ത നിലപാടുമൂലമാണ് സീറ്റ് ലഭിക്കാതെ പോയത്. രണ്ടു ലക്ഷത്തോളം ഓർത്തഡോക്സ് സഭാംഗങ്ങളുടെ വോട്ടുനേടി പാർലമെന്റംഗമായ അദ്ദേഹത്തിന്റെ നിലപാട് നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്.

എന്താണ് സഭയ്ക്ക് നേരിട്ട കാതലായ അവഗണന? ഒരു ജനാധിപത്യ സംവിധാനത്തിൽ സമൂഹത്തിനും വ്യക്തികൾക്കും നീതിയും ന്യായവും ഉറപ്പുവരുത്തേണ്ടത് തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റുകളുടെയും രാഷ്ട്രീയപാർട്ടികളുടെയും പ്രഥമകർത്തവ്യമാണ്. മലങ്കരസഭയ്ക്ക് നിഷേധിക്കപ്പെട്ടതും ഇതൊക്കെ തന്നെയാണ്. കോൺഗ്രസ് കെ.പി.സി.സി.യിലും ഡി.സി.സി.യിലുമൊക്കെ സഭാംഗങ്ങളെ പൂർണ്ണമായി അവഗണിച്ചു. പാർലമെന്റ് തെരഞ്ഞെടുപ്പിലും അതേ അവഗണന തുടർന്നു. കേരളത്തിലെ ഒരു ജില്ലയിൽ മാത്രം കേവലം 4-5 മണ്ഡലങ്ങളിൽ സ്വാധീനമുള്ള യാക്കോബായ വിഭാഗത്തിന് അമിത പ്രാധാന്യം നൽകി. സഭാ കേസിൽ ഇന്ത്യയിലെ പരമോന്നത നീതിപീഠത്തിന്റെ അന്തിമ വിധികൾ ഇതുവരെയും നടപ്പിൽ വരുത്താതെ നീതി നിഷേധിക്കുകയും, വൈകിക്കുകയും ചെയ്യുന്ന സമീപനം, മലങ്കര വർഗീസ് വധ കേസിലെ സി.ബി.ഐ. അന്വേഷണത്തിൽ കേന്ദ്ര-സംസ്ഥാനസർക്കാരുകളിലെ ഉന്നതരുടെ അവിഹിതമായ ഇടപെടൽ തുടങ്ങി ഒട്ടേറെ കാരണങ്ങൾ നിരത്തുവാനുണ്ട്.

സഭാംഗങ്ങൾ എങ്ങനെപ്രതികരിച്ചു? സഭയോടുള്ള അവഗണനയിൽ പ്രതിഷേധിച്ച് ഒരുവിഭാഗം സഭാംഗങ്ങൾ സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിൽ നിന്നും വിട്ടുനിൽക്കുകയോ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കു വോട്ടുചെയ്യുകയോ ചെയ്തു. 13 സീറ്റിലെ തെരഞ്ഞെടുപ്പു ഫലം നൽകുന്ന സൂചന അതാണ്. തിരുവല്ല, റാന്നി, അടൂർ, മാവേലിക്കര, കുട്ടനാട്, കായംകുളം, പുനലൂർ, കൊട്ടാരക്കര, കുണ്ടറ, ചാത്തന്നൂർ, കുന്നത്തൂർ, പീരുമേട്, കുന്നംകുളം തുടങ്ങിയ മണ്ഡലങ്ങൾ ഈ ഗണത്തിൽപ്പെടുന്നു. 10000 മുതൽ 60000 വരെ ഓർത്തഡോക്സ് വോട്ടുകൾ ഉള്ള ഈ മണ്ഡലങ്ങളിൽ സഭയോടുള്ള അവഗണനപൂർണ്ണമായി പ്രതിഫലിച്ചു. 13-ാം നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഈ 13 മണ്ഡലങ്ങൾ പ്രത്യേകം ചർച്ച ചെയ്യപ്പെട്ടു കഴിഞ്ഞു. ഒരു ഘട്ടത്തിൽ യു.ഡി.എഫ്. 100 സീറ്റു വരെ നേടുമെന്ന നിലയിലായിരുന്നു വിലയിരുത്തൽ.

മറ്റു സ്ഥലങ്ങളിൽ സ്ഥാനാർത്ഥികൾക്ക് ലഭിച്ച് പ്രത്യേക പരിഗണന, ചില പ്രാദേശിക താൽപര്യങ്ങൾ, ചില

വ്യക്തികളുടെ നിർദ്ദേശങ്ങൾ എന്നിവയൊക്കെ യു.ഡി.എഫ്. സ്ഥാനാർത്ഥികൾക്ക് വോട്ടുചെയ്യുവാൻ സഭാംഗങ്ങളെ പ്രേരിപ്പിച്ചു. പുതുപ്പള്ളി, കോട്ടയം, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, ആറന്മുള, കോന്നി, ചെങ്ങന്നൂർ, ഹരിപ്പാട്, വട്ടിയൂർക്കാവ്, പത്തനാപുരം, ചവറ, മൂവാറ്റുപുഴ, പിറവം, കുന്നത്തുനാട്, തൃക്കാക്കര, നിലമ്പൂർ, സുൽത്താൻ ബത്തേരി തുടങ്ങി 17 സീറ്റുകളിലെങ്കിലും സഭാംഗങ്ങൾ ഇത്തരത്തിൽ നിലപാടെടുത്തു. ഈ സീറ്റുകളിൽ സഭാംഗങ്ങൾ മറിച്ചൊരു തീരുമാനമെടുത്തിരുന്നുവെങ്കിൽ യു.ഡി.എഫ്.ന്റെ നില 55 ലേക്കു താഴുമായിരുന്നു. 10000 മുതൽ 60000 വരെ ഓർത്തഡോക്സ് വോട്ടറന്മാർ ഈ മണ്ഡലങ്ങളിലുമുണ്ട്.

എതിർവിഭാഗത്തിന്റെ നിലപാടുകൾ ഈ തെരഞ്ഞെടുപ്പിൽ പൂർണ്ണമായും പരാജയപ്പെട്ടു. കഴിഞ്ഞ പാർലമെന്റ് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുകളിൽ നേരിട്ട അതെ പരാജയം ഈ തെരഞ്ഞെടുപ്പിലുമുണ്ടായി. "വിശ്വാസ സംരക്ഷകനി"ലൂടെയും നേതൃത്വത്തിന്റെ തീരുമാനത്തിലൂടെയും ഇടതുപക്ഷത്തിന് അനുകൂലമായി എടുത്ത തീരുമാനം എറണാകുളത്തെ വിശ്വാസികൾ പൂർണ്ണമായി നിരാകരിച്ചു. യു.ഡി.എഫ്. സ്ഥാനാർത്ഥികളായ ടി.എം. ജേക്കബ്, ബെന്നി ബഹനാൻ, ടി.യു. കുരുവിള എന്നിവർക്ക് ഓർത്തഡോക്സ് സഭാംഗങ്ങളുടെ ഗണ്യമായ വോട്ടു ലഭിച്ചു വിജയിക്കുവാൻ അതു മൂലം സാധിച്ചു.

ഈ തെരഞ്ഞെടുപ്പ് ഫലം നൽകുന്ന വ്യക്തമായ സൂചനകൾ ഇതാണ്; മലങ്കര ഓർത്തഡോക്സ് സഭ സംഘടനാപരമായി ഒരു ശക്തിയാണ്. ഏറ്റവും കുറഞ്ഞത് 30 മണ്ഡലങ്ങളിലെങ്കിലും രാഷ്ട്രീയ സ്വാധീനമുള്ള ശക്തിയായി തെളിയിക്കപ്പെട്ടിരിക്കുന്നു. യു.ഡി.എഫ്. ഇനിയും അവഗണന തുടർന്നാൽ വരുംകാലങ്ങളിൽ അവർക്ക് വലിയ വില നൽകേണ്ടിവരും. എൽ.ഡി.എഫ്. മുൻകാലത്തേതിൽനിന്നും വ്യത്യസ്തമായി സഭയ്ക്ക് പരിഗണന നൽകിയാൽ സഭാംഗങ്ങൾക്ക് അവരെയും സ്വീകരിക്കുവാൻ സാധിക്കും. വലിയ രാഷ്ട്രീയ സ്വാധീനമുണ്ടെന്ന് അവകാശമുന്നയിച്ചിരുന്ന യാക്കോബായ സഭയുടെ നിലപാടുകളെ അവരുടെ ശക്തികേന്ദ്രങ്ങളിൽ തന്നെ പരാജയപ്പെടുത്തുവാൻ സാധിച്ചു. സഭാഗമായ ഉമ്മൻ ചാണ്ടിക്ക് റിക്കാർഡ് ഭൂരിപക്ഷം നൽകിയ സഭാംഗങ്ങൾ സഭയ്ക്കു സീറ്റു നിഷേധിക്കപ്പെട്ട തിരുവല്ലയിൽ അതേ മുന്നണി സ്ഥാനാർത്ഥിക്കു റിക്കാർഡ് പരാജയം ഉറപ്പാക്കി. അവഗണനയ്ക്കെതിരെ ശക്തമായി പ്രതികരിച്ചുവെങ്കിലും സഭാംഗമായ ഉമ്മൻചാണ്ടിക്ക് മുഖ്യമന്ത്രിയാകുവാനുള്ള അവസരം നഷ്ടപ്പെടുത്താതെ സഭാംഗങ്ങൾ നിലപാടെടുത്തു.

തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനും മുഖ്യമന്ത്രിക്കും, മന്ത്രിസഭയ്ക്കും സഭയുടെ ഉറച്ച പിന്തുണ നൽകണം. മുഖ്യമന്ത്രി ജന്മംകൊണ്ടു സഭാഗമായതിൽ നമുക്കും അഭിമാനിക്കാം. മലങ്കര സഭയ്ക്ക് നേരെ അവഗണന തുടർന്നാൽ സഭാംഗങ്ങൾക്ക് പ്രതികരിക്കുവാനുള്ള അവകാശമുണ്ട് എന്ന വസ്തുത രാഷ്ട്രീയ കേന്ദ്രങ്ങളെ ഒരിക്കൽകൂടി ഓർമ്മപ്പെടുത്തട്ടെ.

മാധ്യമങ്ങളിലൂടെ

തെക്കൻ കേരളത്തിലാണല്ലോ യു.ഡി.എഫ്. ഏറ്റവും വലിയ പരീക്ഷണത്തെ നേരിട്ടത്. അതിശക്തമായ ക്രൈസ്തവ സമുദായ അടിയൊഴുക്കാണ് ഇവിടെ ഉണ്ടായത്. പത്തനംതിട്ടയിൽപോലും മുന്നണിക്ക് കാലിടറിയതിന് കാരണം അന്വേഷിച്ച് ഒരിടത്തും പോകണ്ട. യു.ഡി.എഫിനെ തോൽപിക്കുന്ന ജോലി അന്നും ഇന്നും ഏറ്റെടുത്തിരിക്കുന്നത് യു.ഡി.എഫ്. തന്നെയാണ്. യു.ഡി.എഫ്. നേരിയ മാർജിന് തോറ്റ മണ്ഡലങ്ങളെടുത്തു പരിശോധിച്ചാൽ ഇത് പകൽ പോലെ തെളിഞ്ഞു വരും. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ പതിനായിരത്തിലധികം വോട്ടുകൾക്ക് മുന്നിൽ നിന്ന മണ്ഡലങ്ങളിൽ ഇത്തവണ തോറ്റെന്നു പറഞ്ഞാൽ അതിനർത്ഥം യു.ഡി.എഫിന്റെ വോട്ടുകൾ എതിർപാളയത്തിൽ വീണു എന്നു തന്നെയാണ്.

കോട്ടയത്തിന് തെക്കോട്ട് ഏറ്റവും നിർണ്ണായക സ്വാധീനമുള്ള സഭയാണ് ഓർത്തഡോക്സ് സഭ. ഞാനുമായി വളരെ അടുപ്പമുണ്ട് ഓർത്തഡോക്സ് സഭയ്ക്ക്. എന്നെ അതിലെ ഒരംഗം എന്ന് വിശേഷിപ്പിക്കാറുണ്ട് ഓർത്തഡോക്സ് സഭയിലെ പല പ്രമുഖരും. ഓർത്തഡോക്സ് സഭയ്ക്ക് നിയമസഭാ സ്ഥാനാർത്ഥി പട്ടികയിലുള്ള പ്രാതിനിധ്യം ഉമ്മൻ ചാണ്ടിയിൽ മാത്രമായി കോൺഗ്രസ്സും യു.ഡി.എഫും ഒതുക്കിയപ്പോൾ അത് മുന്നണിക്കെതിരായ ശക്തമായി അടിയൊഴുക്കിന് കാരണമായി. കൊട്ടാരക്കരയിലടക്കം അതിന്റെ പ്രത്യാഘാതം ഉണ്ടായി. പത്തനംതിട്ട ജില്ല യു.ഡി.എഫിനെ ഒരു പരിധിവരെ കൈവിട്ടതും ഇക്കാരണത്താലാണ്. യു.ഡി.എഫിന് കിട്ടേണ്ടിയിരുന്ന 12 സീറ്റുകളെങ്കിലും ഓർത്തഡോക്സ് സഭയ്ക്ക് ഏറ്റ മുറിവുകൊണ്ട് നഷ്ടമായിട്ടുണ്ട്. ലത്തീൻ, മാർത്തോമ്മ, യാക്കോബായ, സീറോ മലബാർ തുടങ്ങിയ സഭകൾക്കെല്ലാം സ്ഥാനാർത്ഥിപ്പട്ടികയിൽ ഇടംകിട്ടിയപ്പോൾ ഓർത്തഡോക്സ് സഭയെ മുന്നണി പാർശ്വവത്കരിച്ചു. അതിന്റെ ഫലം കിട്ടുകയും ചെയ്ത്. തിരുവല്ലയിലെ കാര്യം ഉദാഹരണമായെടുക്കാം. ഞാൻ കണ്ടെത്തി വളർത്തിക്കൊണ്ടുവന്ന മാണി ഗ്രൂപ്പിലെ ജോസഫ് എം. പുതുശ്ശേരി എന്ന ഓർത്തഡോക്സുകാരനെ ഒഴിവാക്കി ആ സീറ്റ് മാണി മാർത്തോമ്മ സഭക്കാരന് നൽകി. ഓർത്തഡോക്സ് സഭയെ കുറച്ചുകൂടി മാന്യമായി പരിഗണിക്കാൻ യു.ഡി.എഫ്. തയ്യാറായിരുന്നെങ്കിൽ നിശ്ചയമായും മുന്നണിയുടെ നില ഇത്രയും പരുങ്ങലിൽ ആകുമായിരുന്നില്ല.

ആർ. ബാലകൃഷ്ണപിള്ള
(മാധ്യമം ആഴ്ചപ്പതിപ്പ്, 2011 ജൂൺ 13)

മധ്യതിരുവിതാംകൂറിൽ കോൺഗ്രസ്സിന്റെ വോട്ടുബാങ്കാണ് സിറിയൻ ഓർത്തഡോക്സ് സഭ. ജോസഫ് എം. പുതുശ്ശേരിക്കും ശോഭനാ ജോർജിനും സീറ്റ് കൊടുക്കാത്തത് സഭാനേതൃത്വത്തെ വേദനിപ്പിച്ചു. ഓർത്തഡോക്സുകാരുടെ ശക്തികേന്ദ്രങ്ങളിൽ മാർത്തോമക്കാരെ സ്ഥാനാർത്ഥിയാക്കിയത് വിശ്വാസികളെ കുപിതരാക്കി.

തിരുവല്ല മുതൽ കൊട്ടാരക്കരവരെയുള്ള പ്രദേശത്തും തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്തും ഓർത്തഡോക്സ് ക്രിസ്ത്യാനികളിൽ ഒരുവിഭാഗം വോട്ട് മരവിപ്പിക്കുകയോ മറിച്ചുകുത്തുകയോ ചെയ്തു. എൻ.എസ്.എസ്സിന്റെ വലിയ പിന്തുണയുണ്ടായിരുന്നതുകൊണ്ട് ഹരിപ്പാട്ട് രമേശ് ചെന്നിത്തല കഷ്ടിച്ച് ജയിച്ചു. ഈഴവ വോട്ടുകൾ സമാഹരിച്ച് കോന്നിയിൽ അടൂർ പ്രകാശും നായർ വോട്ടിന്റെ ബലത്തിൽ പി.സി. വിഷ്ണുനാഥ് (ചെങ്ങന്നൂർ), കെ.ശിവദാസൻ നായർ (ആറന്മുള), കെ.ബി. ഗണേഷ്കുമാർ (പത്തനാപുരം) എന്നിവരും ജയിച്ചുകയറി. മധ്യതിരുവിതാംകൂറിലെ ബാക്കി സീറ്റുകൾ – കായംകുളം, മാവേലിക്കര, തിരുവല്ല, റാന്നി, അടൂർ, കൊട്ടാരക്കര – എൽ.ഡി.എഫ്. കൊണ്ടുപോയി.

യു.ഡി.എഫിനോടുള്ള ഓർത്തഡോക്സ് സഭയുടെ നീരസം തിരുവല്ല, കുട്ടനാട്, ഏറ്റുമാനൂർ സീറ്റുകളിൽ പ്രകടമായിരുന്നു. കേരള കോൺഗ്രസിന് നൽകിയ മൂന്നു പ്രധാനസീറ്റുകളാണ് ഇവ. ഓർത്തഡോക്സ് സഭ ഇവിടങ്ങളിൽ ഒന്നുകിൽ എൽ.ഡി.എഫിന് വോട്ടു ചെയ്തു. അതല്ലെങ്കിൽ വോട്ടുകൾ നിർജ്ജീവമാക്കി. സഭയുടെ പ്രതിഷേധം എൽ.ഡി.എഫിന് വളരെ ഗുണം ചെയ്തു.

മാതൃഭൂമി ആഴ്ചപതിപ്പ്, 2011 ജൂലൈ 3–9

കിട്ടിയത് കൂടുതലായിപ്പോയി



അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒറ്റക്കാരണം – സിംഗിൾ മോസ്റ്റ് ഇമ്പോർട്ടന്റ് കോസ് എന്ന് എംബി.എ. ഭാഷ – കെ. എം. മാണിയുടെ അബദ്ധമാണ്. സാധാരണഗതിയിൽ മാണിയെപ്പോലൊരാൾക്ക് പറ്റാത്ത ഈ അബദ്ധം ഏത് പൊലീസുകാരനും ഒരബദ്ധം പറ്റാം എന്ന പ്രമാണം കൊണ്ടല്ലാതെ വിശദീകരിക്കാവുന്നതല്ല. ബാലകൃഷ്ണപിള്ളയ്ക്കെതിരെ പറഞ്ഞ് പാലായിലും ചങ്ങനാശ്ശേരിയിലും നായന്മാരെ പിണക്കിയതുപോലെ തന്നെ വലുതായി അത് എന്നു മാത്രം. ജോസഫ് പുതുശ്ശേരിക്ക് സീറ്റ് നിഷേധിച്ചതാണ് ആ അബദ്ധം. ഓർത്തഡോക്സ് സഭയിലെ ദേവലോകം വിഭാഗത്തിന്റെ ഏക പ്രതീക്ഷ ആയിരുന്നു പുതുശ്ശേരി. പ്രത്യേകിച്ചും മറുവിഭാഗത്തിൽ നിന്ന് നാലഞ്ച് പേർ മൽസരിക്കവേ, ഉമ്മൻ ചാണ്ടി ഒർത്തഡോക്സല്ലേ എന്ന ചോദ്യത്തിന് ഇയെമ്മെസ് നമ്പൂരി ആയിരുന്നില്ലേ എന്ന മറുചോദ്യം ഉത്തരമായി നേതൃത്വം എറിഞ്ഞത് അവർക്കിടയിൽ തന്നെ വിമർശിക്കപ്പെട്ടെങ്കിലും പുതുശ്ശേരിക്ക് സീറ്റ് നിഷേധിച്ചത് ഒരു തെരഞ്ഞെടുപ്പിലും ഇടയലേഖനം വഴി ഇടപെടാത്ത സഭയിലെ അംഗങ്ങളായ സാധാരണ വിശ്വാസികളെ ക്ഷോഭിപ്പിച്ചു. പുതുശ്ശേരി റിബലായി നിന്നെങ്കിൽ അത് പ്രഷർകുക്കറിന്റെ ചൂളം പോലെ പ്രയോജനപ്പെടുമായിരുന്നു. പുതുശ്ശേരി ആ വഴി പോകാതെ വ്രണിതമനസ്കനായ നിസ്സഹായനെപ്പോലെ നിന്നപ്പോൾ ഓർത്തഡോക്സ് വികാരത്തിന്റെ ഐക്കൺ ആയി മാറിയ പുതുശ്ശേരിയോട് സഹവിശ്വാസികൾക്ക് തോന്നിയ സഹതാപം ആണ് ഹരിപ്പാട്ടും ചെങ്ങന്നൂരും കോട്ടയത്തും ഭൂരിപക്ഷം കുറച്ചതും തിരുവല്ല, കുട്ടനാട്, മാവേലിക്കര, കായംകുളം, റാന്നി, അടൂർ എന്നീ മണ്ഡലങ്ങളിൽ യു.ഡി.എഫ്. പരാജയപ്പെടാൻ ഇടയാക്കിയതും.

മണ്ഡല പുനർവിഭജനത്തിൽ കോൺഗ്രസിന് സഹായകമായി രൂപം പൂണ്ട കോട്ടയത്ത് തിരുവഞ്ചൂർ രക്ഷപ്പെട്ടത് ഭാര്യയുടെ പാതിവ്രത്യവും പുണ്യവും തിരുനക്കര മഹാദേവർ അംഗീകരിച്ചതിനാലുമാണ്. അല്ലെങ്കിൽ ഈ പോക്കിൽ അതും പോയേനെ! പുതുശ്ശേരിയെ തിരുവല്ലയിൽ നിർത്താൻ മാണി മനസ്സായിരുന്നെങ്കിൽ ഈ ആറു നിയോജകമണ്ഡലങ്ങൾ തിരിച്ച് വിധിയെഴുതിയേനെ. അപ്പോൾ 62–78 എന്നായേനെ കക്ഷിനില.

എങ്കിലും പൊതുവേ വീയെസ് ഇല്ലായിരുന്നെങ്കിൽ ഇ.ജ.മു. ഇത്രയും സീറ്റുകൾ നേടുമായിരുന്നില്ല എന്നതും പുതുശ്ശേരി ഉണ്ടായിരുന്നെങ്കിൽ ഐ. ജ.മു. മധ്യതിരുവിതാംകൂറിൽ ഇത്രയും സീറ്റുകൾ നഷ്ടപ്പെടുത്തുമായിരുന്നില്ല എന്നതും പറയാതെ വയ്യാ. വീയെസ് നേടിയതും മാണി കളഞ്ഞുകുളിച്ചതും ചേരുമ്പോഴാണ് ഫലം 68–72 എന്നു തെളിയുന്നത്.

ഡി. ബാബുപോൾ, മധ്യരേഖ മാധ്യമം

കല്ലൂപ്പാറ മണ്ഡലം ഇല്ലാതായതോടെ തിരുവല്ലയിൽ ജോസഫ് എം. പുതുശേരിക്ക് സീറ്റ് നൽകാതിരുന്നതും യു.ഡി.എഫിന് തിരിച്ചടിയായിട്ടുണ്ട്. ഓർത്തഡോക്സ് സഭയ്ക്ക് അർഹമായ പ്രാതിനിധ്യം യു.ഡി.എഫ്. നൽകിയില്ലെന്ന ആക്ഷേപത്തിന് ഇതു വഴിയൊരുക്കി. തിരുവല്ലയിലെയും റാന്നിയിലെയും പരാജയത്തിന് ഇത് പ്രധാനകാരണവുമായി.

കേരള കൗമുദി

പത്തനംതിട്ട: കരിമ്പാറപോലെ യു.ഡി.എഫിനൊപ്പം എന്നു കരുതിയിരുന്ന പത്തനംതിട്ടയും വി.എസ്. തരംഗത്തിൽ ഇടത്തേക്കു മറിഞ്ഞു. സ്ഥാനാർത്ഥി നിർണ്ണയത്തിൽ തുടങ്ങി ഗ്രൂപ്പുകളിലൂടെ വളർന്ന കാലുവാരൽ രാഷ്ട്രീയവും യു.ഡി.എഫിന്റെ വിധിയെഴുതി. ഓർത്തഡോക്സ് സഭയുടെ നിലപാടുകൂടിയായതോടെ ഫലം ആകെയുള്ള അഞ്ചു സീറ്റിൽ എൽ.ഡി.എഫ്–3, യു.ഡി.എഫ്.–2.... ജോസഫ് പുതുശ്ശേരിയെ തഴഞ്ഞത് ഓർത്തഡോക്സ് സഭയുടെ പ്രതിഷേധത്തിനു കാരണമായി. അതിന്റെ അനുരണനം ജില്ല മുഴുവനുണ്ടായി. യു.ഡി.എഫിനെതിരേ ഓർത്തഡോക്സ് സഭയുടേതായി ജില്ല മുഴുവൻ പോസ്റ്ററുകൾ നിരന്നിരുന്നു. യു.ഡി.എഫ്. ജയിച്ചത് ആറന്മുളയിലും കോന്നിയിലുമാണ്. ഡിസ്റ്റിംഗ്ഷൻ കിട്ടേണ്ട വിദ്യാർത്ഥി കഷ്ടിച്ചു കടന്നുകൂടിയതുപോലെയായി ഈ വിജയങ്ങൾ.

സ്വന്തം പഞ്ചായത്തായ ആറന്മുളയിൽ നായർ പിന്നോക്കം പോവുകയും ചെയ്തു. കോന്നിയിൽ അടൂർ പ്രകാശും വിഷമിച്ചാണു വിജയിച്ചത്.

മംഗളം, മെയ് 14, 2011

അഡ്വ. ജയശങ്കർ: മാത്യു ടി. തോമസ്



ഏതാണ്ട് പതിനായിരം വോട്ടിനാണ് ജയിച്ചിരിക്കുന്നത്. അതൊക്കെ വലിയ പരാജയമാണ് മാണിയെ സംബന്ധിച്ചിടത്തോളം. പിന്നെ പത്തനംതിട്ട ജില്ല മൊത്തത്തിൽ നമ്മൾ കഴിഞ്ഞ ദിവസം ഈ പ്രശ്നം വിലയിരുത്തിയതാണ്. ഓർത്തഡോക്സ് സമുദായത്തിന് ഒരു ശക്തമായ സാന്നിദ്ധ്യമുള്ള സ്ഥലമാണ്. ആ വോട്ടുകൾ കിട്ടിയിട്ടില്ല. അതുകൊണ്ടാണ് അടൂർ തോറ്റത്. അതുകൊണ്ടാണ് കൊട്ടാരക്കര തോറ്റത്. അതുകൊണ്ടാണ് തിരുവല്ല തീർച്ചയായിട്ടും തോറ്റത്. മാവേലിക്കര തോറ്റത്. ഇതൊക്കെ അവരുടെ സമുദായത്തിന് വലിയ പ്രാമുഖ്യമുള്ള സ്ഥലമാണ്. പ്രത്യേകിച്ചും കുന്നംകുളം. നമ്മുടെ തൃശ്ശൂർ ജില്ലയിലെ കുന്നംകുളം സീറ്റിൽ. കുന്നംകുളത്ത് നാൽപതിനായിരത്തോളം ഓർത്തഡോക്സുകാരുണ്ട്. അവിടെ 400 പേരുപോലുമില്ലാത്ത മാർത്തോമ്മാ സമുദായത്തിൽപ്പെട്ട ആളിനു സീറ്റുകൊടുത്തു. ഇതു നമ്മളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാര്യമല്ലെങ്കിലും ഓർത്തഡോക്സുകാരെ സംബന്ധിച്ചിടത്തോളം അവരുടെ സഭയെ മൊത്തത്തിൽ അവഗണിച്ചു എന്നൊരു തോന്നലുണ്ടായി. ശോഭന ജോർജിനു സീറ്റ് കൊടുത്തില്ല. ജോസഫ് പുതുശ്ശേരിക്ക് സീറ്റ് കൊടുത്തില്ല. അതു സ്വാഭാവികമായിട്ടും ഉണ്ടാക്കിയ പ്രത്യാഘാതമാണിപ്പോൾ പത്തനംതിട്ട ജില്ലയിലും ഉണ്ടായിട്ടുള്ളത്.


ജമിലഹ ഉശരൌശൈീ ീ ഖലല്മി ഠഢ (ഘശ്ല ഋഹലരശേീ അിമഹ്യശെ ഒമ്യ 13വേ, 2011): ഩ്യ. ഗ.ട. ഞമെറവമസൃശവിമി, അറ്. ഖമ്യമവെമിസമ്യ

പത്തനംതിട്ട ജില്ലയിൽ യു.ഡി.എഫിന് അപ്രതീക്ഷിത പരാജയമുണ്ടായി. അഞ്ചു മണ്ഡലങ്ങളിലും വിജയം പ്രതീക്ഷിച്ചിരുന്ന യു.ഡി.എഫ്. രണ്ടു മണ്ഡലംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. ജില്ലയുടെ ചരിത്രത്തിൽ ആദ്യമായി 3703 വോട്ടുകൾക്ക് എൽ.ഡി.എഫിനേക്കാൾ പിന്നിലായി... തിരുവല്ലയിൽ ജോസഫ് പതുശ്ശേരിയെ തഴഞ്ഞ് വിക്ടർ ടി.തോമസിന് സീറ്റു നൽകിയ കേരള കോൺഗ്രസ്സിന് കനത്ത പരാജയം ഏൽക്കേണ്ടി വന്നു. ഇതാദ്യമായി ജില്ലയിൽനിന്നും കേരള കോൺഗ്രസ്സിന് എം.എൽ.എയും ഇല്ലാതായി. പുതുശ്ശേരിക്ക് സീറ്റുനൽകാതിരുന്നതിന്റെ പ്രതിഷേധം പത്തനംതിട്ട ജില്ലയിലെ എല്ലാ മണ്ഡലങ്ങളിലും പ്രതിഫലിച്ചിട്ടുണ്ടെന്നാണ് രാഷ്ട്രീയ വിലയിരുത്തൽ. വർഷങ്ങൾക്കു ശേഷം ജില്ലയിൽ മത്സരിച്ച സി.പി.ഐ. അടൂർ സീറ്റിൽ വിജയിച്ചു എന്നത് ഇത്തവണത്തെ പ്രത്യേകതയാണ്.

ദീപിക, മെയ് 14, 2011

കൂടുതൽ മാധ്യമ റിപ്പോർട്ട്
സഭാവാർത്ത പേജിൽ (46)


As leader of the Malankara Orthodox Community, we should lead the community to educate the people on this but we cannot toe a political line or political principles.... Let me reiterate that our church will not enter politics. However, our church will communicate the



issues to both the political fronts. Many of our church members are members of different political parties. Church will not direct its members to support a particular political party. Instead, it will encourage its members to support candidates who work for the common good of the society, that is our view.

HH Baselios Marthoma Paulose II


Indian Orthodox Herald
May 23, 2011.



നോഹയുടെ പെട്ടകത്തിൽ

■ **പോൾ മണലിൽ**

വിശുദ്ധ വേദപുസ്തകത്തിൽ പരാമർശിക്കപ്പെടുന്ന ജന്തുജാലങ്ങളെ പ്പറ്റി പ്രൊഫ. ഡി. മാത്യു, ഡോ. മാത്യു ഡാൻ എന്നിവർ ചേർന്നു തയ്യാറാക്കിയ ഗ്രന്ഥമാണ് 'നോഹയുടെ പെട്ടകം' ഈ പ്രപഞ്ചത്തിൽ നിലനിന്നിരുന്ന എല്ലാ ജന്തുജാലങ്ങളും മഹാപ്രളയകാലത്ത് നോഹയുടെ പെട്ടകത്തിൽ സംരക്ഷിക്കപ്പെട്ടിരുന്നു. നോഹയുടെ പെട്ടകത്തിൽ ഉണ്ടായിരുന്ന ഈ ജന്തുജാലങ്ങളെപ്പറ്റി, അവയുടെ എബ്രായ നാമവും ശാസ്ത്രീയ നാമവും ഉൾപ്പെടുത്തി തയ്യാറാക്കിയിരിക്കുന്ന ഈ ഗ്രന്ഥത്തിൽ, ജന്തുജാലങ്ങളുടെ വേദപുസ്തകങ്ങളും അവയിലൂടെ നൽകപ്പെടുന്ന സന്ദേശങ്ങളും ഗ്രന്ഥകാരന്മാർ അവതരിപ്പിക്കുന്നു.



വിശുദ്ധ വേദപുസ്തകം വായിക്കുന്നവർക്കു മാത്രമല്ല ബൈബിൾ കാലത്ത് ഈ പ്രപഞ്ചത്തിൽ ജീവിച്ചിരുന്ന ജന്തുജാലങ്ങളെപ്പറ്റി പഠിക്കുന്നവർക്കും ശാസ്ത്രജ്ഞന്മാർക്കും കൗതുകം പകരുന്ന ഒരു ഗ്രന്ഥമാണ് 'നോഹയുടെ പെട്ടകം'. വേദപുസ്തകത്തിൽ പഴയ നിയമത്തിൽ മാത്രമല്ല പുതിയ നിയമത്തിലും ജന്തുജാലങ്ങളെപ്പറ്റി പരാമർശിക്കുന്നുണ്ട്. ആഴമേറിയ വേദപുസ്തക സത്യങ്ങൾ മനസ്സിലാക്കാനും വിശദീകരിക്കാനും വ്യക്തമാക്കാനും നീതിസാരകഥകളിലും ഉപമകളിലും മറ്റും പരാമർശിക്കുന്ന ജന്തുജാലങ്ങൾ പ്രധാനപങ്ക് വഹിക്കുന്നുണ്ട്. ഈ പുസ്തകത്തിന്റെ പ്രാധാന്യവും അതാണ്.

വേദപുസ്കതത്തെ ആഴത്തിൽ പഠിച്ചിട്ടുള്ള പ്രസിദ്ധ സുവിശേഷ പ്രഭാഷകനായ പ്രോഫ. ഡി. മാത്യുവും പ്രമുഖ ശാസ്ത്രജ്ഞനായ ഡോ. മാത്യു ഡാനും ചേർന്ന് തയ്യാറാക്കിയ ഈ പുസ്തകത്തിൽ നൂറ്റിഇരുപതോളം ജന്തുക്കളെപ്പറ്റി പരാമർശിക്കുന്നുണ്ട്. വേദപുസ്തകത്തിലെ സസ്യജാലങ്ങളെപ്പറ്റി ഇരുവരും ചേർന്ന് മുമ്പ് തയ്യാറാക്കിയ ലെബനോനിലെ ദേവദാരു എന്ന ഗ്രന്ഥം വളരെയേറെ അംഗീകാരം ലഭിച്ച ഒരു രചനയായിരുന്നു. വേദപുസ്തകം ആദ്യന്തം വായിച്ചിട്ടുള്ളവർക്കു മാത്രമല്ല, വേദപുസ്തക രഹസ്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളവർക്കും മാത്രമേ ഇത്തരത്തിൽ ഉള്ള ഗ്രന്ഥങ്ങൾ രചിക്കാൻ കഴിയൂ.

'നോഹയുടെ പെട്ടകം' എന്ന ഗ്രന്ഥത്തിൽ വേദപുസ്തകത്തിൽ പരാമർശിക്കുന്ന ജന്തുജാലങ്ങളുടെ പട്ടിക അവതരിപ്പിക്കുക മാത്രമല്ല ഗ്രന്ഥകർത്താക്കൾ ചെയ്യുന്നത്. വേദപുസ്തകത്തെ മനുഷ്യകേന്ദ്രീകൃതമായി മാത്രം വ്യാഖ്യാനിക്കുന്നതിനു പകരം ജന്തുജാലങ്ങളെയും സസ്യജാലങ്ങളെയും കൂടി കേന്ദ്രീകരിച്ചു വ്യാഖ്യാനിക്കുന്നതിന് ഒരു യത്നമാണ് 'നോഹയുടെ പെട്ടകം' എന്ന പേരിൽ നടത്തുന്നത്.

നോഹയുടെ പെട്ടകത്തിൽ മനുഷ്യനു മാത്രമല്ല എല്ലാ ജന്തുജാലങ്ങൾക്കും ഇടം ലഭിച്ചിരുന്നു. ദൈവത്തിന്റെ കല്പനയാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെയും ജന്തുജാലങ്ങളെയും ബൈബിൾ ഒരേപോലെയാണ് പരിഗണിക്കുന്നത് ഈ പുസ്തകം അവതരിപ്പിക്കുന്ന ദർശനം അതാണ്.

ദൈവത്തിന്റെ സൃഷ്ടികൾ തമ്മിലുള്ള സഹവർത്തിത്വം ഉദ്ഘോഷിക്കുന്ന ഒരു ഗ്രന്ഥമാണിത്. ദൈവവും മനുഷ്യനും തമ്മിൽ മാത്രമല്ല മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും ജന്തുജാലങ്ങൾ തമ്മിലും ഒരു സഹവർത്തിത്വത്തി ന്റെ ആഴങ്ങളിലേക്ക് ഈ ഗ്രന്ഥം വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നു. ആമുഖ പഠനത്തിൽ ഗ്രന്ഥകർത്താക്കൾ സൂചിപ്പിക്കുന്നതുപോലെ, സകല ജീവജാലങ്ങളും മനുഷ്യനാൽ സംരക്ഷിക്കപ്പെടണമെന്ന ദൈവനിശ്ചയം വെളിവാക്കുന്ന ഉദാത്തമായ സന്ദർഭമാണ് നോഹയുടെ കാലത്തെ പ്രളയം. മഹാപ്രളയത്തിൽ നിന്നും രക്ഷപ്പെടുവാൻ നോഹ നിർമ്മിച്ച പെട്ടകത്തിൽ തന്റെ കുടുംബാംഗങ്ങളോടൊപ്പം എല്ലാ ജന്തുജാലങ്ങളും പ്രവേശിച്ചു. നോഹയുടെ പെട്ടകം സഹവർത്തിത്വത്തിന്റെ ഒരു പ്രതീകമായിരുന്നു. ഈ പ്രപഞ്ചത്തിന്റെ ഒരു ചെറുപതിപ്പായിരുന്നു ആ പെട്ടകം.


നോഹയുടെ പെട്ടകം സഹവർത്തിത്വത്തിന്റെ പ്രതീകമായിരുന്നു. സകല ജീവജാലങ്ങളും മനുഷ്യനാൽ സംരക്ഷിക്കപ്പെടണമെന്ന ദൈവനിശ്ചയം വെളിവാക്കുന്ന ഉദാത്തമായ സന്ദർഭമാണ് നോഹയുടെ കാലത്തെ പ്രളയം.

ഈ പുസ്തകം അത്തരത്തിൽ ഒരു പ്രപഞ്ചവീക്ഷണം അവതരിപ്പിക്കുന്നു. മൃഗങ്ങൾ, പക്ഷികൾ, ഉരഗങ്ങൾ, ജലജീവികൾ, കീടങ്ങളും ഇതര ചെറുജീവികളും എന്നിങ്ങനെ വ്യത്യസ്ത ശീർഷകങ്ങളിലായിട്ടാണ് ഗ്രന്ഥസംവിധാനം. മൃഗങ്ങൾ എന്ന ശീർഷകത്തിൽ ആട് മുതൽ പെരിച്ചാഴിവരെ 39 മൃഗങ്ങളെ വിവരിക്കുന്നു. പക്ഷികൾ എന്ന ശീർഷകത്തിൽ പ്രാവ് മുതൽ ഹോൽ പക്ഷി വരെ 24 പക്ഷികളെപ്പറ്റിയും കീടങ്ങളും ഇതര ചെറുജീവികളും എന്ന ശീർഷകത്തിൽ ഒച്ച് മുതൽ സ്പോഞ്ച് വരെ 19 കീടങ്ങളെപ്പറ്റിയും വിവരിക്കുന്നു. ഉരഗങ്ങൾ ആറു തരവും ജലജീവികൾ ആറു തരവും വിവരണത്തിലുണ്ട്.

പ്രപഞ്ചത്തിന്റെ ജൈവസംവിധാനത്തെപ്പറ്റി മനസ്സിലാക്കാൻ ഉപകരിക്കുന്ന ഒരു ഗ്രന്ഥമെന്ന് ഇതിനെ വിശേഷിപ്പിക്കാം. ജൈവവൈവിധ്യത്തെപ്പറ്റി ബൈബിൾ കാലത്ത് ഉണ്ടായിരുന്ന കാഴ്ചപ്പാടും അത് മനുഷ്യന്റെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനവും ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിന്റെ മറ്റൊരു മേന്മയായി കാണാം.



പ്രൊഫ. ഡി. മാത്യു



ഡോ. മാത്യു ഡാൻ

നോഹയുടെ പെട്ടകം
പ്രൊഫ. ഡി. മാത്യു
ഡോ. മാത്യു ഡാൻ
സി.എസ്.എസ്.
കുരിശുകവല, തിരുവല്ല
പേജ് 128, വില 80 രൂപ

ഓർത്തഡോക്സ് സെന്റർ
പരിശുദ്ധ പരുമല തിരുമേനിയുടെ ജന്മനാട്ടിൽ



പരിശുദ്ധ പരുമല തിരുമേനിയുടെ ജന്മംകൊണ്ട് ധന്യമായ മുളന്തുരുത്തിയിൽ, മലങ്കര ഓർത്തഡോക്സ് സഭ കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ സ്മരണയ്ക്കായി, പരിശുദ്ധസഭയുടെ നേതൃത്വത്തിലും കൊച്ചി ഭദ്രാസനത്തിന്റെ ചുമതലയിലും മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയുടെ സഹകരണത്തിലും ഓർത്തഡോക്സ് സെന്റർ (മാർത്തോമ്മൻ പൈതൃക ഓർത്തഡോക്സ് സെന്റർ) നിർമ്മാണത്തിനുള്ള അടിസ്ഥാനശിലാവാഴ്വ് **പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെയും പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് വലിയ ബാവാ**യുടെയും കാർമ്മികത്വത്തിൽ പരുമലപള്ളിയിൽ നടന്നു.

മുളന്തുരുത്തിയിൽ നടന്ന ശിലാസ്ഥാപന ശുശ്രൂഷയ്ക്ക് അഭി. സഖറിയാ മാർ അന്തോനിയോസ് മെത്രാപ്പോലീത്തയും അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തയും കാർമ്മികത്വം വഹിച്ചു.

പരുമല തിരുമേനിയുടെ സ്മൃതി മണ്ഡപം ഉൾപ്പെടെയുള്ള സെന്റർ നിർമ്മാണത്തിനുള്ള സംഭാവന ചെക്കായോ പണമായോ നൽകാവുന്നതാണ്.

Federal Bank A/c - 11410100111689
SBT A/c - 67027238460

ORTHODOX CENTRE MULANTHURUTHY
St. Thomas Catholicate Centre
Mulanthuruthy, Ernakulam Dist., Kerala
E-mail : catholicatecentre@gmail.com
www.mulanthuruthyorthodoxcentre.com
Mob.: +91 9947092294, +91 9846105719,
Ph: +91 484 2740912

രക്ഷാകർത്തൃദൗത്യപദ്ധതി: റിസോഴ്സ് പേഴ്സൺസിനെ തേടുന്നു

www.minstryofhumanempowerment.blogspot.com

ഓർത്തഡോക്സ് സഭാ മാനവശക്തീകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ **"പതിരാകല്ലീ കതിരുകള്"** എന്ന ശീർഷകത്തിൽ ക്രിസ്തീയ രക്ഷാകർത്തൃദൗത്യ പദ്ധതി നടപ്പിലാക്കും. കുടുംബഭദ്രത, ലഹരിവിരുദ്ധ ബോധവൽക്കരണം (യു-ടേൺ) എന്നീ പദ്ധതികളുടെ അടുത്തഘട്ടം എന്ന നിലയിലാണ് 'മക്കൾ മഹാദാനം' എന്ന ആശയത്തിന് അധിഷ്ഠിതമായ ഈ പദ്ധതി ആവിഷ്കരിക്കുന്നത്. ആധുനിക ലോകത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിച്ച് അതിജീവിക്കാൻ തക്ക ധാർമ്മിക-ആത്മീയ പക്വതയുള്ളവരായി മക്കളെ വളർത്തുന്നതിന് മാതാപിതാക്കളെ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സഭാതലത്തിലും ഭദ്രാസന-ഇടവകതലങ്ങളിലും മാതാപിതാക്കൾക്കായി ക്ലാസ്സുകൾ, കൗൺസിലിംഗ്, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കും.

ഈ പദ്ധതിയിൽ റിസോഴ്സ് പേഴ്സൺസ് ആയി നേതൃത്വം നൽകാൻ അറിവും വൈദഗ്ദ്ധ്യവുമുള്ളവർ ബന്ധപ്പെടുക.

Ministry of Human Empowerment,
Malankara Orthodox Church
Catholicate Palace, Devalokam P.O.
Kottayam, Kerala - 686 038
Ph: 0481-2572800, 2578500, 2578499

ഓർത്തഡോക്സ് സഭയുടെ നീരസം യുഡിഎഫിന് വിനയായി

പത്തനംതിട്ട: സ്ഥാനാർത്ഥി നിർണ്ണയത്തിലുണ്ടായ മലങ്കര ഓർത്തഡോക്സ സഭയുടെ നീരസം പത്തനംതിട്ട ജില്ലയിൽ യുഡിഎഫിന് വിനയായി. ജില്ലയിലെ അഞ്ച് നിയമസഭാ നിയോജകമണ്ഡലങ്ങളിൽ മൂന്നിടത്തും യുഡി.എഫ് പരാജയപ്പെട്ടു. ഓർത്തഡോക്സ് സഭയ്ക്ക് നിർണ്ണായക സ്വാധീനമുള്ള തിരുവല്ല, റാന്നി, അടൂർ എന്നീ മണ്ഡലങ്ങളിൽ ഓർത്തഡോക്സ് സഭയുടെ യുഡിഎഫ് നിഷേധ വോട്ടുകൾ എൽഡിഎഫിന് ഗുണകരമായതായാണ് സൂചന. യുഡിഎഫ് സ്ഥാനാർത്ഥിപട്ടികയിൽ ഉമ്മൻചാണ്ടി മാത്രമാണ് ഓർത്തഡോക്സ് സഭാംഗം. ഇതിന് പുറമേ രണ്ട് സീറ്റുകൾ കൂടിയാണ് സഭാ നേതൃത്വം ആവശ്യപ്പെട്ടിരുന്നത്. കൊല്ലം ജില്ലയിൽ ഒരു സീറ്റും പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ ഓർത്തഡോക്സ് സഭാംഗമായ ജോസഫ് എം. പുതുശ്ശേരിയേയും സ്ഥാനാർത്ഥിയാക്കണമെന്നായിരുന്നു സഭയുടെ നിർദ്ദേശം. എന്നാൽ യുഡിഎഫിന് ഇത് പാലിക്കാൻ കഴിയാതെവന്നു. അതേസമയം ഓർത്തഡോക്സ് സഭയുടെ ബദ്ധവൈരികളായ പാത്രിയാർക്കീസ് വിഭാഗത്തിൽപെട്ട നിരവധിയാളുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി യുഡിഎഫ് സ്ഥാനാർത്ഥി പട്ടികയിൽ ഇടം നേടുകയും ചെയ്തു. ഇതും സഭാ നേതൃത്വത്തേയും അംഗങ്ങളേയും ചൊടിപ്പിച്ചു.

മണ്ഡല പുനർനിർണ്ണയത്തിലൂടെ തിരുവല്ല, റാന്നി മണ്ഡലങ്ങൾ യുഡിഎഫ് അനുകൂലമാകുമെന്നായിരുന്നു രാഷ്ട്രീയ നിരീക്ഷകരുടെ കണക്കുകൂട്ടൽ. മണ്ഡലപുനർനിർ ണ്ണയത്തിലൂടെ ഇല്ലാതായ കല്ലൂപ്പാറ മണ്ഡലത്തിലെ സ്ഥലങ്ങൾ തിരുവല്ല, റാന്നി മണ്ഡലങ്ങളിൽ കൂട്ടിച്ചേർക്കുകയായിരുന്നു. യുഡിഎഫ് അനുകൂലമായിരുന്ന ഈ മണ്ഡലത്തിലെ 60 ശതമാനം സ്ഥലങ്ങളും തിരുവല്ലയിലേക്കാണ് കൂട്ടിച്ചേർത്തത്. ഓർത്തഡോക്സ് സഭ നിരണം ഭദ്രാസനത്തിന്റെ അധീനതയിലുള്ള തിരുവല്ല മണ്ഡലത്തിൽ അരലക്ഷത്തിലേറെ ഓർത്തഡോക്സ്സഭാ അംഗങ്ങൾ ഉണ്ടെന്നാണ് സൂചന. ഓർത്തഡോക്സ് സഭ നിർദ്ദേശിച്ചയാളിന് സീറ്റ് നൽകാതായതോടെ സഭാവിശ്വാസികൾ എൽഡിഎഫിന് അനുകൂലമായി വോട്ട് നൽകി എന്നാണ് ഫലങ്ങൾ സൂചിപ്പിക്കുന്നത്. തെരഞ്ഞെടുപ്പിന് ശേഷം തിരുവല്ലയിലെ യുഡിഎഫ് നേതാക്കൾ ജോസഫ് എം. പുതുശ്ശേരി യുഡി.എഫ് സ്ഥാനാർത്ഥിക്കുവേണ്ടി പ്രവർത്തിച്ചില്ലെന്ന ആക്ഷേപവും ഉന്നയിച്ചിരുന്നു.

മണ്ഡല പുനർനിർണ്ണയത്തിലൂടെ റാന്നിയിലും ഓർത്തഡോക്സ് സഭയുടെ സ്വാധീനം വർദ്ധിച്ചിരുന്നു. ഇത് അനുകൂലമാകുമെന്ന് യുഡിഎഫ് കരുതിയെങ്കിലും സഭയോട് കാണിച്ച നിഷേധാത്മക നിലപാട് റാന്നിയിലെ യുഡിഎഫ് സ്ഥാനാർത്ഥിയേയും ബാധിച്ചതായാണ് സൂചന. തെരഞ്ഞെടുപ്പ് പ്രചരണങ്ങൾക്കിടെ റാന്നി നിലയ്ക്കൽ ഭദ്രാസനത്തിന്റെ ഉദ്ഘാടനചടങ്ങിൽ എൽഡിഎഫ് സ്ഥാനാർത്ഥിയെത്തി വള സംഭാവന നൽകിയതും ഓർത്തഡോക്സ് സഭാ വിശ്വാസികൾക്ക് സംതൃപ്തി നൽകിയ കാര്യമായി.

ഇരുപതിനായിരത്തിലേറെ ഓർത്തഡോക്സ് സഭാവിശ്വാസികൾ അടൂർ നിയോജകമണ്ഡലം പരിധിയിലുണ്ടെന്നാണ് ഏകദേശ കണക്ക്. ഇവിടേയും യുഡിഎഫിന് അനുകൂലമായല്ല സഭാംഗങ്ങൾ നിലപാട് സ്വീകരിച്ചതെന്നാണ് വോട്ടിംഗ് ഫലങ്ങൾ നൽകുന്ന സൂചന.

കഴിഞ്ഞ പാർലമെന്റ്, ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പ് ഫലവുമായി ഈ നിയമസഭാ തെരഞ്ഞെടുപ്പ് ഫലം തട്ടിച്ചു നോക്കിയാൽ യുഡിഎഫിനെ പിന്തള്ളി എൽഡിഫ് ജില്ലയിൽ ഏറെ മുന്നിലെത്തിയതായി കാണാം. പാർലമെന്റ് തെരഞ്ഞെടുപ്പിൽ എൽഡിഎഫിനേക്കാൾ 88195 വോട്ടുകൾ യുഡിഎഫ് കൂടുതൽ ജില്ലയിൽ നേടിയിരുന്നു.

ജന്മഭൂമി മെയ് 14, 2011

പരിശുദ്ധ ബാവയ്ക്കു സ്വീകരണം



സ്വീകരണസമ്മേളനം ബെന്നി ബഹനാൻ എം.എൽ.എ. ഉത്ഘാടനം ചെയ്യുന്നു.

മോറാൻ മാർ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവയ്ക്കു പാലാരിവട്ടം സെ. ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ സ്വീകരണം നൽകപ്പെട്ടു. 26.06.2011 ഞായറാഴ്ച വി. കുർബ്ബാനയ്ക്ക് ശേഷം ഫാ. കെ.ടി. ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അനുമോദനസമ്മേളനം ബഹു. ബെന്നി ബഹനാൻ എം.എൽ.എ. ഉത്ഘാടനം ചെയ്തു. കൗൺസിലർ ജോജി കുരിക്കോട്, ഇടവക വികാരി, ട്രസ്റ്റി, അദ്ധ്യാത്മിക സംഘടന പ്രതിനിധികൾ എന്നിവർ 1-4-1991 ൽ നടത്തിയ ഇടവക പ്രഖ്യാപനം 9-3-2008 ലെ വലിയപള്ളി പ്രഖ്യാപനം തുടങ്ങി തിരുമേനി നാളിതുവരെ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെയും അഭിനന്ദിച്ചു സംസാരിക്കുകയുണ്ടായി. കൂടാതെ ഇടവക വികാരി ഫാ. കെ.വൈ. ചാക്കോ മംഗളപത്രവും ട്രസ്റ്റി ശ്രീ. മാത്യു അലക്സാണ്ടർ മെമെന്റോയും ഇവടകാംഗങ്ങൾക്കുവേണ്ടി സമർപ്പിച്ചു.



മഹാഇടയന് സ്വാഗതം


തദവസരത്തിൽ ഇടവകയിൽ നിന്നും സ്ഥലം മാറിപ്പോയ ബിജു എബി മാത്യൂസച്ചനു യാത്രയയപ്പും പുതിയ വികാരി കെ.വൈ. ചാക്കോ അച്ചനു ഇടവകയിലേക്കു സ്വാഗതവും ആശംസിച്ചു.




വികാരി ഫാ. കെ.വൈ. ചാക്കോ മംഗളപത്രം സമർപ്പിക്കുന്നു.



പ. ബാവാ തിരുമേനി ഇടവക മാനേജിംങ്ങ് കമ്മിറ്റിയോടൊപ്പം




ട്രസ്റ്റി ശ്രീ. മാത്യു അലക്സാണ്ടർ മെമെന്റോ സമർപ്പിക്കുന്നു.



പ. ബാവാ തിരുമേനി ജോർജിയൻ മിറർ ബോർഡിനെ അഭിസംബോധന ചെയ്യുന്നു.

ഇടവകയ്ക്കു പുതിയ വികാരി



പാലാരിവട്ടം സെ. ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളിയുടെ വികാരിയായി ഫാ.കെ.വൈ. ചാക്കോ ചാർജ്ജെടുത്തു.മെൽബൺ (ഓസ്ട്രേലിയ) സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രൽ വികാരിയായിരുന്നു. സഹധർമ്മിണി ബിന്ദു സൂസൻ ചാക്കോ കോട്ടയം എം.ഡി. ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപികയാണ്. മക്കൾ: ഗ്രിഗറി ജോൺ ജേക്കബ് (12), ജോർജി വി. ജേക്കബ് (10)

PH:: 94470 85545
Email: frchackoky@gmail.com

2011–2012 ലെ ഇടവക ഭാരവാഹികൾ

Vicar : Fr. K.Y. Chacko.
Trustee : Mathew Alexander
Secretary : George Varghese
Members : Jacob Daniel, O. Gee varghese, Varghese Babu, Prof. Thomas P. Varghese, A.G. Avarachan, Mathews John, Kosygin Andrews, Abraham Thomas, T.V. Mathew, Thomas Varghese, K.J. Sivaji, P.M. Peter, P.C. Chacko
Int. Auditors : Abraham Varghese, C.V. Solomon
Choir Manager : P. Joy

FAMILY UNIT EXECUTIVE COMMITTEE

President : Fr. K.Y. Chacko
Working President : Jacob Daniel
Secretary : G. Babukutty
Vice Presidents : P.A. George (Marriage) George Varghese (Education), Babu T. George (Medical), A.G. Avarachan (Housing), C.V. Benjamin (Employment), Baji K. Varghese (Social Activities), M.I. Manoj (Youth Affairs)

MARTHA MARIYAM VANITHA SAMAJAM

Secretary : S. Leelamma
Joint Secretary : Annie George
Treasurer : Susi Varghese
Internal Auditor : Annie Alex

Area Committee Members:-

Palarivattom	- Rajamma John, Sophia James
Thammanam	- Mariamma Skariah, Mini Sivaji
Kaloor	- Susan John, Soly John
Edappally	- Lizamma George, Annie Alex
Kakkanadu	- Rachel Kurian, Baby Thomas
Ex-Officio Member	- Rachel Laby

ഇടവക പെരുന്നാൾ

പാലാരിവട്ടം : സെ. ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയുടെ കാവൽ പിതാവായ വി. ഗിവറുഗീസ് സഹദായുടെ ഓർമ്മപെരുന്നാളിനു മെയ് 1–ാം തീയതി ഞായറാഴ്ച വി. കുർബ്ബാനയ്ക്കു ശേഷം അങ്കമാലി ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പൊലീത്ത കൊടിയേറ്റി മെയ് 7, 8 (ശനി, ഞായർ) തീയതികളിൽ പെരുന്നാൾ നടത്തപ്പെട്ടു. പെരുന്നാൾ ചടങ്ങുകൾക്കു അടൂർ കടമ്പനാട് ഭദ്രാസനാധിപൻ അഭി. സഖറിയ മാർ അപ്രേം മെത്രപ്പൊലീത്ത മുഖ്യകാർമ്മികത്വം വഹിച്ചു. ഫാ. പ്രിൻസ് മാത്യു സഹകാർമ്മികനായിരുന്നു.

7–ാം തീയതി ശനിയാഴ്ച വൈകീട്ടു കൽകുരിശിങ്കൽ ഇടവകയുടെ ഫാമിലി യൂണിറ്റ് ഭാരവാഹികൾ ദീപം തെളിയിക്കുകയും, സന്ധ്യ നമസ്ക്കാരം പ്രസംഗം, പ്രദക്ഷിണം, ആശിർവ്വാദം എന്നിവ നടത്തപ്പെടുകയും 8–ാം തീയതി ഞായറാഴ്ച പ്രഭാത മനസ്ക്കാരം, വി. കുർബ്ബാന, പ്രസംഗം, ധൂപപ്രാർത്ഥന, പ്രദക്ഷിണം, ആശിർവ്വാദം, നേർച്ചവിളമ്പ് എന്നിവയോടു കൂടി ചടങ്ങുകൾ പര്യവസാനിക്കുകയും ചെയ്തു.

നല്ല ശമര്യക്കാരൻ



മനുഷ്യസ്നേഹത്തിന്റെ ക്രൈസ്തവ സാക്ഷ്യമാണ് തെരുവുനായയിൽ നിന്നും ഒരു ബാലനെയും അമ്മയെയും രക്ഷിച്ച **തമ്പി പി. മാത്യു.** എറണാകുളം ഇരുമ്പനത്തുള്ള അദ്ദേഹത്തിന്റെ ഓഫീസിനു മുമ്പിൽ വച്ചാണ് നീരജിനെ തെരുവുനായ്ക്കൾ ആക്രമിച്ചത്. മകനെ രക്ഷിക്കാൻ നീരജിനു മുകളിൽ കമിഴ്ന്നു കിടന്ന അമ്മ മീരയുടെ നേർക്കും പട്ടി ആക്രമണം തുടർന്നു. അവരുടെ നിലവിളി കേട്ട് ഓടിയെത്തിയ തമ്പി മാത്യു വടിയുമായി നായയെ നേരിട്ടു ബാലനെയും മീരയെയും രക്ഷിച്ചു. മറ്റുള്ളവർ രക്ഷയ്ക്കായി എത്തിയപ്പോഴേക്കും മാത്യു കുഴഞ്ഞുവീണിരുന്നു. ഉടൻ അദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. നീരജിന്റെ മുറിവും വേദനയും അദ്ദേഹത്തിനുണ്ടാക്കിയ മാനസിക ആഘാതം ആകാം മരണത്തിനിടയാക്കിയതെന്നു ഡോക്ടർ പറഞ്ഞു.

ജൂലൈ രണ്ടാം തീയതി കരിങ്ങാച്ചിറ സെന്റ് ജോർജ് പള്ളിയിൽ മൃതദേഹം സംസ്കരിച്ചു. ഒരു പരിചയവുമില്ലാത്ത രണ്ടു പേരുടെ ജീവൻ രക്ഷിക്കാൻ സ്വന്തം ജീവൻ തന്നെ നൽകിയ തമ്പി പി. മാത്യുവിന് ജോർജിയൻ മിററിന്റെ ആദരാഞ്ജലികൾ.

മെറിറ്റ് ഈവനിംഗ് 2011

2010–2011 വർഷം പൊതു പരീക്ഷകളിൽ പ്രശസ്ത വിജയം കൈവരിച്ചവരും, കലാ–കായികരംഗങ്ങളിൽ മികവ് തെളിയിച്ചവരുമായ മലങ്കര ഓർത്തഡോക്സ് സഭാ മക്കളെ അനുമോദിക്കുന്നതിനായി 2011 ഏപ്രിൽ 26–ാം തീയതി ദേവലോകത്തു നടത്തപ്പെട്ട മെറിറ്റ് ഈവനിംഗിൽ പരി: ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷനായിരുന്നു. ധാർമ്മിക മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾ മൂല്യബോധമുള്ള അറിവിന്റെ സൃഷ്ടാക്കളായി മാറുകയും ദൈവം തന്നിട്ടുള്ള താലന്തുകളെ മാനവരാശിയുടെ ഉന്നമനത്തിനുമായി വിനിയോഗിക്കുകയും ചെയ്യണമെന്നു പരിശുദ്ധ ബാവ ഉദ്ബോധിപ്പിച്ചു.

പാലാരിവട്ടം സെന്റ് ജോർജ് വലിയ പള്ളിയിൽ നിന്നു മെറിറ്റ് ഈവനിംഗിന് സംബന്ധിച്ച് സർട്ടിഫിക്കറ്റിനും അനുമോദനത്തിനും അർഹരായവർ:

(1) **ഡോ. ഷൈനി കുറിയാക്കോസ്**
W/o. റെജി ജോസഫ്



സൺഡേ സ്കൂൾ അദ്ധ്യാപിക
കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ (കുസാറ്റ്) നിന്ന് ഹിന്ദിയിൽ ഡോക്ടറേറ്റ്

(2) **അനുപ എലിസ്ബാ അലക്സ്**
D/o. അലക്സ് വറുഗീസ് & ആനി അലക്സ്



സൺഡേസ്കൂൾ 10–ാം ക്ലാസ് വിജയി.
കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ആർക്കിന് ഒന്നാം റാങ്ക്

(3) **നൈനാൻ പി. ജേക്കബ്**
S/o. ജേക്കബ് പാലമൂട്ടിൽ & ഡോ. മഞ്ജു ഏബ്രഹാം



സൺഡേസ്കൂൾ വിദ്യാർത്ഥി
സി.ബി.എസ്.ഇ. 10–ാം ക്ലാസ്പരീക്ഷയിൽ എല്ലാ വിഷയത്തിനും എ1

(4) **ക്രിസ്റ്റൻ കൃപാ ജോൺ**
D/o. ജോൺ വറുഗ്ഗീസ്& ജോളി ജോൺ



സൺഡേസ്കൂൾ വിദ്യാർത്ഥിനി
സി.ബി.എസ്.ഇ. 10–ാം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയത്തിനും എ1

NEW PARISH MEMBERS

1) **Lt. Col. Raju George**
Wife: Rosha Mary Raju
47, Subash Nagar
Edappally, Kochi - 24.
Ph : 2333473

2) **Varghese Mathew K.**
Wife: Reeba Varghese
NPRA - 25 A
Thenam Parambil House
South Kaloor
Mob: 9847814005

3) **Sabu Varghese**
Wife: Jaya Sabu
Anakadu House
Appolo Road, Thamanam
Mob: 9349188899

4) **Moncy Simon**
Wife: Beena Moncy
Mather Project 6B
Marotty Chuvadu, Edappally
Ph: 6560615

5) **George Joseph**
Wife: Annamma Joseph
4B Skyline Solitaire apartment
Edappally, Kochi
Mob: 9633262594

6) **C. George**
Wife: Saramma George
National Excellency
Kadavathu Road
Palarivattom
Mob : 9995747463

✝ നിര്യാതരായി

13-5-2011: കാക്കനാട് തേൻമഠത്തിൽ **ടി.ജെ. ജേക്കബ്** നിര്യാതനായി. സംസ്കാരം പാലാരിവട്ടം സെ. ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളി സെമിത്തേരിയിൽ നടത്തി. (DIR SL 202)

20-6-2011: മഞ്ഞുമ്മൽ ബെഥേലിൽ **എൻ.ടി. വറുഗീസ്** നിര്യാതനായി. സംസ്കാരം പാലാരിവട്ടം സെ. ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളി സെമിത്തേരിയിൽ നടത്തി. (DIR SL 543)

St. George Orthodox Valiyapally Choir

വിവാഹകൂദാശ മുതലായ ചടങ്ങുകൾക്ക് പാലാരിവട്ടം സെ. ജോർജ് ഓർത്തഡോക്സ് വലിയപള്ളി കൊയർ ബുക്കു ചെയ്യുന്നതിന് താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക :

Church Office : 0484 2346096,
Choir Manager : 2330818, 9447128954

വിവാഹിതരായി

1-5-2011: കൊച്ചി കലൂർ ബാങ്ക് റോഡിൽ അരീക്കൽ എ.ജി. അവറാച്ചന്റെയും, സാറയുടെയും മകൻ **സുനിലും** കോതമംഗലം മൊർക്കാലയിൽ എം.എ. പൗലോസിന്റെയും സീനയുടെയും മകൾ **ഷെറിനും** പാലാരിവട്ടം സെ. ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളിയിൽ വിവാഹിതരായി.

15-5-2011: പാലാരിവട്ടം പാലപറമ്പിൽ ഡോ.ജോർജ്ജ് മാത്യുവിന്റെയും സോജിയുടെയും മകൻ **രാഹുലും** സുൽത്താൻ ബത്തേരി മൂലൻകാവ് മാളികയിൽ ബാബു ഫിലിപ്പോസിന്റെയും സിസിലിയുടെയും മകൾ **ആഷ്‌ലിയും** പാലാരിവട്ടം സെ. ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളിയിൽ വിവാഹിതരായി.

29-5-2011: പാലാരിവട്ടം ഹണി വില്ലയിൽ ചാൾസ് ജേക്കബിന്റെയും മോളിയുടെയും മകൻ **ടോണിയും** കുന്ദംകുളം ആർത്താറ്റ് കാക്കശ്ശേരി കെ.സി. ചിന്നന്റെയും ജോയ്സിയുടെയും മകൾ **സ്റ്റെഫിയും** പാലാരിവട്ടം സെ. ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വിവാഹിതരായി.

29-5-2011: ഇടപ്പള്ളി ഉണിച്ചിറ ഗാലക്സി ഗാർഡനിൽ പടനിലത്ത് തോപ്പിൽ വർഗ്ഗീസ് എബ്രഹാമിന്റെയും സാറാമ്മയുടെയും മകൻ **സുനിലും** പെരുമ്പാവൂർ പാണേലി മാറാച്ചേരിയിൽ എം.സി. ജോയിയുടെയും ഏലിയാമ്മയുടെയും മകൾ **അനുവും** പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വിവാഹിതരായി.

12-5-2011: ഇടപ്പള്ളി ചങ്ങമ്പുഴ റോഡിൽ പാലവിളയിൽ തോമസ് പി. ജോർജിന്റെയും ഷെർലിയുടെയും മകൻ **രാഹുലും** തിരുവനന്തപുരം പ്ലാമൂട് കോയിപ്പള്ളിൽ നിര്യാതനായ വറുഗീസ് മാത്യുവിന്റെയും റേച്ചലിന്റെയും മകൾ **സൂസനും** പാലാരിവട്ടം സെ. ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വിവാഹിതരായി.

St. George Orthodox Valiyapally, Palarivattom

ആരാധനാ സമയം

ഞായറാഴ്ച പ്രഭാതനമസ്കാരം - രാവിലെ 6.30ന്
ഞായറാഴ്ച വിശുദ്ധ കുർബ്ബാന- രാവിലെ 7.30ന്
രണ്ടാം ശനിയാഴ്ചയും മാറാനായ പെരുന്നാളുകളിലും വി.കുർബ്ബാന- രാവിലെ 6.45ന്
എല്ലാ ദിവസവും സന്ധ്യാനമസ്കാരം - വൈകിട്ട് 6.30ന്
എല്ലാ ശനിയാഴ്ചകളിലും സന്ധ്യാ നമസ്കാരത്തെ തുടർന്ന് രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും പ. പരുമല തിരുമേനിയുടെ നാമത്തിലുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും

MATRIMONIAL

Ancient Orthodox Parents from Kozhenchery residing at Cochin invite proposals for daughter 22/155/MSc. (Physics) fair from well-placed boys of respectable families.

Ph : 0484-2809250, 9495111597
E-mail: tpthoma@gmail.com

Orthodox parents residing at Ernakulam invite proposals for son 32/172/B.Tech from parents of suitably qualified girls.

E-mail : george_soji@rediffmail.com

God fearing Orthodox parents invite proposal for daughter 26/170/MBA (M & IB) employed from suitable God fearing Orthodox employed boys.

E-mail : evarghesecpt@gmail.com

Orthodox parents residing at Kochi invite proposals for daughter 24/162/M.Com from parents of suitably qualified boys.


E-mail : anutholat@gmai.com

Orthodox parents from Central Travancore settled in Ernakulam invite proposals for daughter 26/158/B.Arch. pursuing M. Arch from professionals.

Ph : 0484-2559086, Mob : 9846610022

ഓർത്തഡോക്സ് വിവാഹ പരസ്യങ്ങൾ സൗജന്യമായി നൽകുന്നതിന്:
പി.ഐ. ബാബു
(മാർക്കറ്റിങ്ങ് മാനേജർ)
Mob : 94461 35081
E-mail : pulikotilib@yahoo.com

സൗജന്യ യൂണിഫോം വിതരണം



വികാരി ഫാ. കെ.വൈ.ചാക്കോ യൂണിഫോം വിതരണം നിർവ്വഹിക്കുന്നു

സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഫാമിലി യൂണിറ്റുകളുടെ (ജോർജിയൻസ്) ആഭിമുഖ്യത്തിൽ ഇടപ്പള്ളി ഗവ. ബി.ടി.എസ്.എൽ.പി. സ്കൂളിലെ 75 വിദ്യാർത്ഥികൾക്കും പാടിവട്ടം ഗവ. എൽ.പി. സ്കൂളിലെ 50 വിദ്യാർത്ഥികൾക്കും സൗജന്യമായി യൂണിഫോം വിതരണം ചെയ്തു.



സഭ വിഭജിക്കുന്നത് ക്രിസ്തുവിരുദ്ധർ

സഭ ഒന്നായിരിക്കണമെന്ന കാഴ്ചപ്പാട് (ജോർജിയൻ മിറർ, 2011 ഏപ്രിൽ) സഭയുടെ മണവാളനായ ക്രിസ്തുവിന്റേതാണ്. അത് വിശുദ്ധ വേദപുസ്തകം നൽകുന്ന വ്യക്തമായ ചിത്രമാണ്. അപ്പോസ്തോലന്മാരുടെ കാലത്തും തർക്കങ്ങളും അധികാരമോഹവും സ്ഥാനമോഹവും ഒക്കെ ഉണ്ടായിട്ടുണ്ട്, ചിലത് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതിനു പരിഹാരമായി 'മുറിക്കൽ' എന്ന് ഒരിക്കലും ആരും ചിന്തിച്ചിട്ടില്ല.

വഴക്കുകൾ സൃഷ്ടിച്ച്, പൊതുസമൂഹത്തിൽ സഭ ഒന്നിച്ചുപോകില്ല എന്നു പ്രചാരണം നടത്തി, മുറിക്കുന്നതിന് മാർഗ്ഗം തേടുകയാണ് ചില നേതാക്കൾ. ഇവർ ക്രിസ്തുവിനുള്ളവർ അല്ല എന്ന് വിശ്വാസികൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

റോഷൻ ഫിലിപ്പ് ചാണ്ടി
തിരുവല്ല

മുറിവുകൾ വീണ്ടും മുറിവുണ്ടാക്കും

വിഭജനം കൂടുതൽ വിഭജനത്തിലേക്ക് നയിക്കുമെന്ന പൊതു തത്വം വിശ്വാസികൾ മനസ്സിലാക്കിയാൽ സഭയിൽ ഐക്യമുണ്ടാകും. ഇന്ത്യയിൽനിന്ന് നിർബന്ധപൂർവ്വം മുറിച്ചുണ്ടാക്കിയ പാക്കിസ്ഥാൻ നമുക്കൊരു ചരിത്രപാഠമാണ്. ഏതു നിമിഷത്തിലും ഛിന്നഭിന്നമായി പോകാൻ സാധ്യതയുള്ള ആ രാജ്യത്തെ പിടിച്ചു നിർത്തിയിരിക്കുന്നത് സൈന്യവും ഇന്ത്യയോടുള്ള വിരോധവുമാണ്. പക്ഷേ എത്ര കാലം കൂടി?

ഓർത്തഡോക്സ് വിശ്വാസം ഭാരതത്തിൽ ഇല്ലാതാകുന്നത് സ്വപ്നം കാണുന്ന ചില സഭകൾ വിഭജനത്തിന് വളം വയ്ക്കുന്നു. അമേരിക്കപോലുള്ള രാജ്യങ്ങൾ മതങ്ങൾ സംഘടിക്കുന്നതും ഐക്യപ്പെട്ടിരിക്കുന്നതും ആഗ്രഹിക്കുന്നില്ല. അതിനാൽ അസംഘടിത ചെറിയ സ്വതന്ത്രപള്ളികളെ അവർ പ്രോൽസാഹിപ്പിക്കുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളാണ് അമേരിക്കയിൽനിന്ന് സാമ്പത്തിക ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന ചില 'ക്രിസ്തീയ' മിഷനറിമാരും ചെയ്യുന്നത്. സഭയുടെ ചിട്ടകൾ വെടിഞ്ഞ് അവിടെയും ഇവിടെയും അലഞ്ഞുനടന്ന് 'ആരാധിക്കുന്ന' ഒരു സമൂഹം സഭയ്ക്കുള്ളിൽ വളരുന്നത് നാം കരുതിയിരിക്കണം. ഇവരുടെ വരുംതലമുറ വിശ്വാസത്തിലും സ്വഭാവത്തിലും സംശയാലുക്കളും സ്ഥിരതയില്ലാത്തവരും ബലഹീനരുമായിരിക്കുമെന്നതിൽ തെല്ലും അതിശയിക്കാനില്ല.

സഭയിൽ മുറിവുകൾ ഉണ്ടാക്കുന്നവർ അവരുടെ വിഭാഗത്തിൽ തന്നെ ഇത്തരം വിഘടിത പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുമെന്നും ഓർക്കുക. കലർപ്പില്ലാത്ത സത്യവിശ്വാസം സംരക്ഷിക്കുന്നതിന് ഒരു ഐക്യസഭയ്ക്കു മാത്രമേ കഴിയൂ. പ്രശ്നങ്ങൾ എന്തെല്ലാമാണെങ്കിലും സത്യസഭയെ 'മുറിക്കുക' എന്നത് ഒരു പരിഹാരമല്ല. 'വാളെടുക്കുന്നവൻ വാളാൽ' എന്ന് കർത്താവ് കൽപ്പിച്ചിട്ടുണ്ടല്ലോ.

ബാബു ജോൺ
അങ്കമാലി

സഭാഐക്യത്തിന് ബൗദ്ധിക മുന്നേറ്റം ആവശ്യം

നാട്ടിലെത്തിയപ്പോൾ 'ജോർജിയൻ മിറർ' കാണാനിടയായി. സഭാഐക്യത്തെപ്പറ്റിയുള്ള ലേഖനങ്ങൾ മലങ്കരസഭയ്ക്ക് ഒരു വലിയ അനുഗ്രഹം തന്നെയാണ്. ഛിദ്രശക്തികൾ സഭയെ വിഭാഗിക്കാൻ ശ്രമിക്കുമ്പോൾ അതിനെ നേരിടുന്നതിന് നമ്മുടെ ബൗദ്ധിക അടിത്തറ ശക്തമായിരിക്കണം. അതിനാൽ ഈ പഠനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുന്നതിനു സഭാനേതൃത്വം മാർഗ്ഗങ്ങൾ ആരായ ണം.

സഭയുടെ മതിലുകളെ പണിയുന്ന ഇതുപോലുള്ള പ്രസിദ്ധീകരണങ്ങൾക്ക് താങ്ങും തണലും നൽകാൻ സഭയും ഇടവകകളും മുന്നോട്ടു വരണം. നമ്മുടെ പല ഇടവകകളിലും ചാരിറ്റി പ്രവർത്തനങ്ങൾ ധാരാളം നടത്തുന്നുണ്ട്. എന്നാൽ വ്യത്യസ്തമായ ഒരു ചാരിറ്റി പ്രവർത്തനമായി നല്ല പ്രസിദ്ധീകരണങ്ങൾക്ക് കൈത്താങ്ങ് നൽകുന്നതിനെ കാണണം.

എല്ലാ ഇടവകകളിലും സഭാഐക്യം ലക്കത്തിന്റെ ഒരു കോപ്പിയെങ്കിലും എത്തിച്ചെങ്കിൽ നന്നായിരുന്നു. പുതിയ കാഴ്ചപ്പാടുകളും മാർഗ്ഗനിർദ്ദേശങ്ങളും സഭയ്ക്ക് നൽകുന്ന ജോർജിയൻ മിററിന് അഭിനന്ദനങ്ങൾ!

എം.വി. ഐസക്
ന്യൂഡൽഹി

എല്ലാ ഇടവകകളിലും ജോർജിയൻ മിറർ എത്തിക്കുന്നതിന് ആഗ്രഹമുണ്ടെങ്കിലും സാമ്പത്തിക പരിമിതി മൂലം അതിനു സാധിക്കുന്നില്ല. ഇതിനു വേണ്ടിയുള്ള സഹായസഹകരണങ്ങൾ സ്വാഗതം ചെയ്യുന്നു. ഇടവക വികാരിമാർക്കും സഭയിലെ പ്രസ്ഥാനങ്ങൾക്കും വേണ്ടി വരിസംഖ്യ അടയ്ക്കുന്നവർ ജോർജിയൻ മിററിനുണ്ട് എന്നത് സന്തോഷകരമാണ്. ഈ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന എല്ലാവർക്കും നന്ദി.

എഡിറ്റർ, ജോർജിയൻ മിറർ

സഹോദരർക്കായി ഒരു ഞായറാഴ്ച

സഹോദരബന്ധത്തിന്റെ പവിത്രതയെ പറ്റിയുള്ള ബഹു. തോമസച്ചന്റെ (ഇരുളും വെളിച്ചവും, ഏപ്രിൽ–ജൂൺ 2011 ജോർജിയൻ മിറർ) ചിന്തകൾ വിലപ്പെട്ടതാണ്. അമ്മമാർക്കും അപ്പന്മാർക്കും അപ്പച്ചനും അമ്മച്ചിക്കും വൃക്ഷങ്ങൾക്കും എല്ലാം ഇന്ന് പ്രത്യേകം ദിനങ്ങളുണ്ട്.

National Siblings Day ആയി ഏപ്രിൽ 10 അമേരിക്കയിൽ ആഘോഷിക്കുന്നു. തന്റെ സഹോദരിയെയും സഹോദരനെയും നഷ്ടപ്പെട്ട വേദനയിൽ ന്യൂയോർക്കിലെ ക്ലോഡിയ എ. ഇവാർട്ട് എന്ന വനിതയാണ് ഇതിന് തുടക്കം കുറിച്ചത്. അമേരിക്കൻ പ്രസിഡന്റുമാരായ ബിൽ ക്ലിന്റൺ 2000 ലും ജോർജ് ബുഷ് 2008 ലും ഇതിന് അംഗീകാരം നൽകി ഉത്തരവുകൾ പുറപ്പെടുവിച്ചു.

സഹോദരസ്നേഹത്തിന്റെ മൂല്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നതിന് നമ്മുടെ സഭ ഒരു ഞായറാഴ്ച വേർതിരിക്കണം. ഇന്നു താറുമാറായ അനേകം കുടുംബബന്ധങ്ങൾ പുനർജീവിപ്പിക്കേണ്ടത് സഭയുടെ കെട്ടുറപ്പിന് ആവശ്യമാണ്. നാം പലതും തുടങ്ങേണ്ടത് കുടുംബത്തിൽ നിന്നാണല്ലോ.

സൗമ്യ ജോൺസൺ
ബാംഗ്ലൂർ

സൗജന്യ വിവാഹപരസ്യം

ജോർജിയൻ മിററിൽ വിവാഹ പരസ്യം സൗജന്യമായി കൊടുത്തു തുടങ്ങിയത് ശ്രദ്ധിച്ചു. എന്തിന് ഇത് സൗജന്യമാക്കണം? വിവാഹപരസ്യം നൽകുന്നവരിൽ നിന്ന് ഒരു തുക ഈടാക്കുന്നത് പ്രസിദ്ധീകരണത്തിന് ഒരു ചെറിയ വരുമാനമല്ലേ?

പി.ടി. ജോർജ്, മല്ലപ്പള്ളി

ജോർജിയൻ മിററിന്റെ സാമ്പത്തിക വശത്തെപ്പറ്റി ചിന്തിച്ചതിന് നന്ദി. വിവാഹപരസ്യങ്ങൾ വർദ്ധിച്ചുവരുന്ന ചിലവുകൾക്ക് ഒരു സഹായമാണെന്ന താങ്കളുടെ നിലപാടിനോട് യോജിക്കുന്നു. എന്നാൽ അനേകം ഓർത്തഡോക്സ് കുടുംബങ്ങൾക്ക് പ്രയോജനപ്രദമാണെന്ന ചിന്തയിലാണ് ഒരു നിശ്ചിത കാലത്തേക്ക് വിവാഹ പരസ്യങ്ങൾ സൗജന്യമാക്കിയത്. ഒരു പേജിൽ പരമാവധി എണ്ണം ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യത്തിൽ അത്യാവശ്യ വിവരങ്ങൾ മാത്രമാണ് നൽകുക. ഇതോടൊപ്പം തന്നെ മുഴുവൻ വിവരങ്ങളും ബോക്സിൽ നൽകാൻ താൽപര്യമുള്ളവർക്ക് ജമശറ അറ്്്വലൃശേലോലിേ ആയും നൽകാവുന്നതാണ്. സൗജന്യ വിവാഹ പരസ്യം വഴി പ്രയോജനം ലഭിക്കുന്നവർ വിവാഹ മംഗളാശംസകൾ മൾട്ടികളർ പരസ്യം നൽകുന്നത് ഈ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനു സഹായമാണ്.

മാർക്കറ്റിങ്ങ് മാനേജർ,
ജോർജിയൻ മിറർ